കേരളസ്വരാസ്വർവ്വ



ഡോ. എം.കുഞ്ഞുകുട്ടൻ
ഡോ. കെ.തോമസ് പെരുമ്പിലാംതടം

കേരളസഭാ 'സർവേ'

DHARMARAM COLLEGE
LIBRARY
BANGALORE-29

കേരളസഭാ 'സർവേ'

ഡോ. ജേക്കബ് കട്ടയ്ക്കൽ
ഡോ. തോമസ് വെള്ളിലാംതടം

George Karalkara

പ്രസാധകർ
ദീപനാളം പബ്ളിക്കേഷൻസ്
പാലാ

(Malayalam)

KERALA SABHA SURVEY

(A Statistical Socio-cultural, Religious Study on the Church of Kerala)

By
REV. JACOB KATTACKAL, S. T. D , M. A., Ph D.
REV. THOMAS VELLILAMTHADAM, Ph D.

First Published February, 1978
Printed at Deepanalam Printings Palai
Cover design Sasikumar
Price Rs. 6.00
Copies 2000

Copyright to the authors

Publishers:
DEEPANALAM PUBLICATIONS, PALAI, KERALA.

Copies available at:

The Book Stall,
Oriental Institute of Religious Studies,
St. Thomas Ap. Seminary Kottayam-10.
St. Thomas Press Book Centre, Palai.
Deepika Book House, Kottayam.
Janatha Book Stall, Thevara, Cochin.
Carmel Book Stall, Trivandrum.
Azad Book Stall, Thodupuzha.
San Jo Book Stall Mannanam.
San Jo Book Stall Kattappana.

വിഷയവിവരം

		പേജ്
	ഉപോദ്ഘാതം	
1.	'സർവേ' എന്തിനു്? എങ്ങനെ?	1
2.	ക്രിസ്ത്യസഭ	13
3.	സഭാധികാരികളും	25
4.	അൽമായർ	36
5.	കുടുംബജീവിതവും അർപ്പിതജീവിതവും	52
6.	ലൈംഗികവിദ്യാഭ്യാസവും കുടുംബക്ഷേമവും	61
7	സമൂഹസേവനം	79
8.	വിദ്യാഭ്യാസം	85
9.	യുവജനപ്രശ്നങ്ങൾ	94
10.	സമ്പർക്കമാധ്യമങ്ങൾ	104
11.	ഭാരതസഭയും റീത്തുകളും	112
12.	ലിറർജി	123
	അനുബന്ധം	137

ഡോ. തോമസ് വെള്ളിലാംതടത്തിന്റെ ഇതരകൃതികൾ

Man and Social Problems
Tomorrow's Society-Marcuse and Freud on Civilization

ഡോ. ജേക്കബ് കട്ടയ്ക്കലിന്റെ ഇതരകൃതികൾ

ക്രൈസ്തവദർശനം
ത്യാഗദീപം
മതവും സൗഭാഗ്യവും
ദൈവശാസ്ത്രകിരണങ്ങൾ
ക്രിസ്തുദർശനം [കോ-എഡിറ്റർ]
ജീവിതം രസകരം
Religion and Ethics in Advaita

കൂടുതൽ വിവരങ്ങൾക്ക്

ബുക്ക് സ്റ്റാൾ,
ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസ്
സെന്റ് തോമസ് അപ്പ. സെമിനാരി
വടവാതൂർ, കോട്ടയം 686010

ഉപോദ്ഘാതം

'രോഗം നിണ്ണയിച്ചുകഴിഞ്ഞാൽ പിന്നീടു് ചികിത്സ എളുപ്പമായി' എന്ന ആപ്തവാക്യം, സമുദായഗാത്രത്തെ സംബന്ധിച്ചും അനവദ്യമാണു്. ഒരു സമുദായഗാത്രത്തിന്റെ അനാരോഗ്യപ്രവണതകളും പുഴക്കുത്തുകളും യഥാസമയം കണ്ടുപിടിച്ചു് പരിഹാരം തേടിയാൽ മാത്രമേ ആ സമുദായം സംപുഷ്ടമാകൂ. കേരളം ഒരു തീരെ ചെറിയ രാജ്യമാണു്; കേരളകത്തോലിക്കാസഭയ്ക്കു് ആഗോളകത്തോലിക്കാസഭയിൽ അതുല്യമായ ഒരു സ്ഥാനമുണ്ടു്. എന്നിട്ടും നമ്മുടെ സഭയുടെ ആധുനിക സ്ഥിതിഗതികളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങളൊന്നുംതന്നെ കാര്യമായി നടന്നിട്ടില്ല. പാശ്ചാത്യസഭകളിൽ ഇത്തരം പഠനങ്ങളും വളരെ വ്യാപകമായി നടന്നുവരുന്നു. അമേരിക്കയിൽ ഷിക്കാഗോ യൂണിവേഴ്സിറ്റിയിലെ ഫാദർ ആൻഡ്രൂ ഗ്രീലി ഇക്കഴിഞ്ഞവർഷം, അമേരിക്കൻ കത്തോലിക്കാസഭയുടെ ആധുനികസ്ഥിതിവിശേഷത്തെക്കുറിച്ചു നടത്തിയ 'സർവേ' പലരേയും ചിന്തിപ്പിച്ചു: ഒരു പത്തുവർഷം മുമ്പു് തങ്ങളുടെ ഒരു മകനെങ്കിലും വൈദികനായി കാണുന്നതിനു് അമേരിക്കൻ കത്തോലിക്കാ മാതാപിതാക്കന്മാരിൽ തൊണ്ണൂറു് ശതമാനവും ആഗ്രഹിച്ചിരുന്നു. എന്നാൽ, കഴിഞ്ഞവർഷമായപ്പോഴേക്കു് അത്തരം കത്തോലിക്കാ മാതാപിതാക്കന്മാരുടെ ശതമാനം വെറും മുപ്പത്തിയഞ്ചായി കുറഞ്ഞു. * അതുപോലെ പോപ്പ് മാർപ്പാപ്പായുടെ "മനുഷ്യജീവൻ" എന്ന ചാക്രികലേഖനത്തോടു് അമേരിക്കൻകത്തോലിക്കരുടെ പൊതുവായ പ്രതികരണം നിഷേധാത്മകമാണെന്നും ആൻഡ്രൂ ഗ്രീലിയുടെ സർവേ വ്യക്തമാക്കി. ഇതിന്റെയെല്ലാം വെളിച്ചത്തിൽ അമേരിക്കൻ കത്തോലിക്കാസഭയുടെ ഇന്നത്തെ സ്ഥിതിവിശേഷത്തെപ്പറ്റി സൂക്ഷ്മമായ പഠനം നടത്തുന്നതിനു് അമേരിക്കൻ ബിഷപ്സ് കോൺഫറൻസ് ഏർപ്പാടുകളും ചെയ്കയും ചെയ്തു.

കേരളകത്തോലിക്കാസഭയുടെ ഇന്നത്തെ സ്ഥിതിവിശേഷമെന്തു്? നമ്മുടെ കത്തോലിക്കരുടെ ചിന്താഗതിയും അഭിപ്രായങ്ങളുമെന്തു്?— എന്നെല്ലാം പഠിച്ചു്, സഭയുടെ ഭാവിശ്രേയസ്സിനുതകുന്ന

---

*എങ്കിലും കഴിഞ്ഞവർഷം മുതൽ അമേരിക്കയിൽ ദൈവവിളികളും വർദ്ധിച്ചുവരികയാണെന്നു് കണക്കുകളും കാണിക്കുന്നു.

നിർദ്ദേശങ്ങൾ നൽകണമെന്ന ഉദ്ദേശ്യത്തോടെ 1977 മാർച്ച്–ഏപ്രിൽ മെയ് മാസങ്ങളിൽ, ഈ സെമിനാരിയിലെ വൈദികവിദ്യാർത്ഥികളുടെ സഹായത്തോടെ ഞങ്ങൾ ഒരു 'സർവേ' നടത്തി. നമ്മുടെ സഭാംഗങ്ങളുടെ അഭിപ്രായമെന്തു്, എന്നറിയാനുള്ള ഒരു 'മനോഭാവ സർവേ' (attitude survey)യാണു് ഞങ്ങൾ നടത്തിയതു്. ഈ 'സർവേ'(പ്രശ്നാവലി)യ്ക്കു് ലഭിച്ച ഉത്തരങ്ങളുടെ അടിസ്ഥാനത്തിൽ 12 ഭാഗങ്ങളായി ഞങ്ങൾ രചിച്ച ഒരു ചെറുഗ്രന്ഥമാണിതു്. ഒരു പ്രാരംഭസംരംഭമെന്ന നിലയ്ക്കു് ഇതിൽ കുറെയെല്ലാം ന്യൂനതകൾ വന്നുഭവിച്ചിരിക്കാം. എങ്കിലും ഈ വഴിക്കു് കൂടുതൽ ഗവേഷണഗ്രന്ഥങ്ങൾ ഭാവിയിൽ വെളിച്ചത്തു വരുന്നതിനു് ഇതു് സഹായകമാകും.

സർവേ വിതരണം ചെയ്യുന്നതിനും അതിന്റെ ഉത്തരങ്ങൾ ശേഖരിക്കുന്നതിനും മറ്റു പലതിനും, ഈ സെമിനാരിയിലെ അദ്ധ്യാപകാധ്യേതാക്കളുടെ നിസ്വാർത്ഥമായ സഹായസഹകരണങ്ങൾ ഞങ്ങൾക്കു ലഭിച്ചിട്ടുണ്ടു്. അവക്കെല്ലാം ഞങ്ങളുടെ നന്ദിപൂർവകമായ കൃപ്പുകൈ. പന്ത്രണ്ടു ഭാഗങ്ങളുള്ള ഈ ഗ്രന്ഥത്തിന്റെ രചനയ്ക്കു് പന്ത്രണ്ടു വൈദികവിദ്യാർത്ഥികൾ പ്രധാനമായി പ്രവർത്തിച്ചിട്ടുണ്ടു്. അവരുടെ പേരുവിവരങ്ങൾ താഴെച്ചേർക്കുന്നു:

ദൈവവിശ്വാസം (കോശി ചിറയത്തു്, അതിരുങ്കൽ, കൊല്ലം)
ക്രിസ്തുസഭ (കുര്യാക്കോസു് മറ്റം, നെടുങ്കണ്ടം, ഇടുക്കി)
സഭാധികാരികൾ (ജോസു് പാലാട്ടി, പുത്തൻവേലി)
അൽമായർ (വർഗീസു് കാട്ടുപറമ്പിൽ, കടവന്ത്ര, കൊച്ചി)
കുടുംബജീവിതവും അർപ്പിതജീവിതവും
(ജോസഫു് വഴുതനപ്പള്ളി, കുറുപ്പന്തറ)
ലൈംഗിക വിദ്യാഭ്യാസം (ജോസു് പൂതുക്കയിൽ, പെരുവ)
സമൂഹസേവനം (ജോസു് ചിറമ്മേൽ, മഞ്ഞപ്ര)
വിദ്യാഭ്യാസം (ജയിംസു് മുളയ്ക്കൽ, ചങ്ങനാശ്ശേരി)
യുവജനപ്രശ്നങ്ങൾ (ജേക്കബു് മുള്ളൂർ, കൈതപുരം, കണ്ണൂർ)
സമ്പർക്കമാധ്യമങ്ങൾ (ജോസഫു് പാനമ്പുഴ, ഇടയാർ)
ദീർഘകാലം (ജോസു് മഞ്ഞളി, പുത്തൻചിറ, തൃശ്ശൂർ)
ലിറർജി (ജോസു് എടാട്ടുകാരൻ, മഞ്ഞപ്ര)

കൂടാതെ, കോട്ടയത്തെ ബി. സി. എം. കോളജിലെ സോഷ്യോളജി പ്രൊഫസർ ഡോ. കുരോട്ടുകുന്നേലിനോടും കളമശ്ശേരിയിലെ ഫാദർ ജോർജ്ജു് ഈരത്തറ (M. A: ലുവയിൻ യൂണിവേഴ്സിറ്റി) യോടും പാലാ അസംപ്ഷൻ ഇൻസ്റ്റിറ്റ്യൂട്ടിലെ

സിസ്റ്റർ തെരേസ് കൂട്ടിയാനി (R. A; B. A; B. S. E; M. S, Counselling, Central Philippine University)യോടും ഞങ്ങൾക്കുള്ള പ്രത്യേക കടപ്പാട് ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ജോർജ്ജ് നെല്ലിശ്ശേരി (എലവൂർ, അങ്കമാലി), ജോർജ്ജ് താണത്തുപറമ്പിൽ (തൊടുപുഴ), ജോസ് മാരാംകുഴ (മണിപ്പാറ, തലശ്ശേരി)മാത്യു വള്ളോലള്ളിൽ (കീഴൂർ), സഖറിയാസ് തടത്തിൽ (അന്ത്യാളം, പാലാ), ചാക്കോ തടത്തിൽ (അതിരുങ്കൽ, കൊല്ലം), സണ്ണി കാരിത്തുരുത്തേൽ (പെരുവന്താനത്തു്, കല്ലറ), പയസ് ചെറപ്പണത്തു് (തൃശ്ശൂർ), ഫിലിപ്പ് പിണക്കാട്ട് (ഭരണങ്ങാനം), ജോസ് അഞ്ചേരിൽ (കിഴതടിയൂർ, പാലാ), സെബാസ്റ്റ്യൻ ചെറുകരക്കുന്നേൽ (കല്ലൂർക്കുളം), ജോസ് തോട്ടകര M. C. B. S (ചേരാനല്ലൂർ, പെരുമ്പാവൂർ), ജോസഫ് ചക്കാലയിൽ (ചെറിയനാട്, ചെങ്ങന്നൂർ), സെബാസ്റ്റ്യൻ ചാണ്ടി (തൃശ്ശൂർ), സിറിയക്ക് മണ്ണനാൽ (പാലാ), പോൾ മുങ്ങാത്തോട്ടം (പുത്തൻപുഴ), തരിയൻ മുണ്ടാടൻ (വപ്പലശ്ശേരി, അങ്കമാലി), എൽദോ പുത്തൻകണ്ടത്തിൽ (മീനാമുട്ടി, കോഴിക്കോട്), അലക്സാണ്ടർ താരാമംഗലം നെല്ലിക്കുന്നു്, (കണ്ണൂർ,) തോമസ് വട്ടപ്പറമ്പിൽ (നണ്ണവക്കാട്), ജോർജ്ജ് പറങ്കിമാലിൽ C. M. F (കുറവിലങ്ങാട്), മാത്യു കുഴിഞ്ഞാലിൽ (പ്രവിത്താനം), എബ്രാഹം വഞ്ചിയിൽ C. M. F (കുറവിലങ്ങാട്), സൈമൺ അയത്തുപടം (നെയ്യശ്ശേരി), ജോസ് പുതിയേടത്തു് (തൈക്കാട്ടുശ്ശേരി, ചേർത്തല), വർഗീസ് പൊടിമറ്റത്തിൽ (S. N. പുരം, പാമ്പാടി), സെബാസ്റ്റ്യൻ പാട്ടത്തിൽ (കുയ്യൂർ), സക്കറിയാ അട്ടപ്പാട്ട് (മേരിലാണ്ട്), മിസ് എത്സി എബ്രാഹം (ബോംബെ), മിസ് വിർജീനിയ (ന്യൂഡൽഹി) എന്നിവരും ഞങ്ങളെ സഹായിച്ചിട്ടുണ്ട്.

വടവാതൂർ സെമിനാരിയിലെ പ്രൊഫസർമാരായ ഡോ. സേവ്യർ കുടപ്പുഴ, ഡോ. ആൻറണി മണ്ണാർകുളം. ഡോ. തോമസ് ശ്രാമ്പിക്കൽ എന്നിവരോടും ഞങ്ങൾക്കുള്ള നന്ദി പ്രകടിപ്പിക്കുന്നു.

പ്രശ്നാവലി പൂരിപ്പിക്കുവാൻ സഹായിച്ച കേരളത്തിലും കേരളത്തിനു പുറത്തുമുള്ള എല്ലാവർക്കും ഞങ്ങളുടെ അകൈതവമായ കൃതജ്ഞത.

ഡോ. ജേക്കബ് കട്ടയ്ക്കൽ
ഡോ. തോമസ് വെള്ളിലാംതടം

സെൻറ് തോമസ് അപ്പ. സെമിനാരി
വടവാതൂർ, കോട്ടയം – 10

'സർവ്വേ' എന്തിനു്? എങ്ങനെ?

രണ്ടാം ശത്തിക്കാൻ കൗൺസിൽ സമാപിച്ചിട്ടു് ഒരു വ്യാഴവട്ടക്കാലം കഴിഞ്ഞു. അതിനുശേഷം കേരളകത്തോലിക്കാസഭയിൽ എന്തെല്ലാം പരിവർത്തനങ്ങളും നവീകരണങ്ങളും നടന്നു? കൗൺസിലിന്റെ പ്രമാണരേഖകളും കേരളസഭ എത്രമാത്രം പ്രാവർത്തികമാക്കി? സഭാംഗങ്ങളുടെ വീക്ഷണത്തിലും ജീവിതത്തിലും എന്തെല്ലാം വ്യത്യാസങ്ങളും വന്നു? ഈ ചോദ്യങ്ങളും മുന്നിൽ കണ്ടുകൊണ്ടാണു് ഈ സർവ്വേ ഞങ്ങളും നടത്തിയതു്.

എന്തുകൊണ്ടു് കേരളത്തിൽ?

കേരള ക്രിസ്തുസഭയുടെ ഉദ്ഭവം ക്രിസ്തുശിഷ്യനായ സെന്റു് തോമസ്സിന്റെ സുവിശേഷപ്രഘോഷണത്തോടു കൂടിയാണു്. ഭാരതക്രൈസ്തവരിൽ 40 ശതമാനവും നമ്മുടെ കൊച്ചുകേരളത്തിലാണു്. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്ന മിഷനറിമാരിൽ ഭൂരിഭാഗവും കേരളസഭാസന്താനങ്ങളാണു്. അപ്പസ്തോലികസഭയായ കേരള കത്തോലിക്കാസഭ അതിൽ അഭിമാനം കൊള്ളുന്നു. ധന്യമായ കേരളസഭയിലെ മതജീവിതത്തെപ്പറ്റിയുള്ള വസ്തുനിഷ്ഠമായ അറിവു് പലക്കും പരിമിതമാണു്. വിശദമായൊരു സർവ്വേ (survey) ഇതുവരെയും കേരളത്തിൽ ആരും നടത്തിയിട്ടില്ല. അപൂർണ്ണങ്ങളായ ഗ്രന്ഥാരിപ്പോർട്ടുകളും ലഘുലേഖകളും പ്രാദേശികപഠനങ്ങളും കുറെയെല്ലാം നടന്നിട്ടുണ്ടായിരിക്കാം. കേരളകത്തോലിക്കാസഭയെ സംബന്ധിച്ചു് വിശദമായ ഒരു പഠനം ഇതുവരെയും നടക്കാതിരുന്നതിന്റെ മുഖ്യകാരണം, സാമ്പത്തിക ബുദ്ധിമുട്ടുകളോ വിദ്യാഭ്യാസക്കുറവോ ആണെന്നു് തോന്നുന്നില്ല. ശാസ്ത്രീയവും ദൈവശാസ്ത്രപരവുമായ അവബോധത്തിന്റെ കുറവായിരിക്കാം അതിനുകാരണം. ഒരളവുവരെയെങ്കിലും ആ കുറവു് പരിഹരിക്കാനാണു് ഈ 'സർവ്വേ' യിലൂടെ ഞങ്ങളും ശ്രമിക്കുന്നതു്. ഈ

സർവ്വേ പൂർണ്ണത അവകാശപ്പെടുന്നില്ല. എങ്കിലും ഭാവിഗവേഷണങ്ങൾക്കിതു് പ്രചോദനം നല്കുമെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

സർവ്വേനടത്തിയ വിധം

'പ്രശ്നാവലി' യുടെ മൂവായിരത്തിലധികം പ്രതികൾ, വടവാതൂർ സെമിനാരി വിദ്യാർത്ഥികൾവഴി കേരളത്തിനകത്തും പുറത്തുമുള്ള കേരളീയ കത്തോലിക്കരുടെയിടയിൽ 1977 മാർച്ചു് മാസത്തിൽ ഞങ്ങൾ വിതരണം ചെയ്തു. അവയിൽ 1205 എണ്ണം ജൂൺ മാസം 30–ാം തീയതിക്കകം പൂരിപ്പിച്ചു തിരിച്ചു കിട്ടി. അങ്ങനെ പൂരിപ്പിച്ചു കിട്ടിയ 1205 'പ്രശ്നാവലി' ഞങ്ങൾ വിശകലനം ചെയ്തു.

ആകെ 1205 പേർ 'പ്രശ്നാവലി' പൂരിപ്പിച്ചു തന്നതിൽ, 1062 പേർ അൽമായരും, ബാക്കി 143 പേർ വൈദികരും കന്യാസ്ത്രീകളുമാണു്.

പ്രായം	എണ്ണം	ശതമാനം
18–25	310	25. 730
26–35	231	19. 170
36–45	201	16. 680
46–60	187	15. 518
60 നു മുകളിൽ	133	11. 037
വൈദികർ	71	5. 892
കന്യാസ്ത്രീകൾ	72	5. 975
ആകെ	1205	100. 000

അത്മായരുടേയും വൈദികരുടേയും കന്യാസ്ത്രീകളുടേയും അനുപാതം

അത്മായർ	88. 133 %
വൈദികരും കന്യാസ്ത്രീകളും	11. 867 %

മൊത്തം വിശകലനം ചെയ്യപ്പെട്ട 1205 പേരിൽ പുരുഷന്മാർ എത്ര? സ്ത്രീകൾ എത്ര? അവരുടെ നിശ്ചിതപ്രായപരിധിക്കുള്ളിലെ അനുപാതമെത്ര? എന്നിവയാണു് താഴെക്കൊടുത്തിരിക്കുന്നതു്.

പ്രയസ്സു്	പുരുഷന്മാർ	സ്ത്രീകൾ
18–25	200	110
26–35	171	60

36_45	152	49	
46_60	144	43	
60 ന മുകളിൽ	112	21	
വൈദികർ	71	—	
കന്യാസ്ത്രീകൾ	—	72	
ആകെ	850	355	1205

ആകെ സർവ്വേ നടത്തിയതിൽ 850_പേരും പുരുഷന്മാരായിരുന്നു. പുരുഷന്മാരിൽത്തന്നെ 502 പേർ വിവാഹിതരും 348 പേർ അവിവാഹിതരുമായിരുന്നു. ഈ രണ്ടുകൂട്ടരുടെയും പ്രായപരിധിയനുസരിച്ചുള്ള അനുപാതം താഴെ കൊടുത്തിരിക്കുന്നു.

പ്രായം	18_25	26_36	36_45	46_60
വിവാഹിതർ	16	99	142	140
അവിവാഹിതർ	184	72	10	4

പ്രായം	60_ന മുകളിൽ	വൈദികർ	ആകെ
വിവാഹതിർ	105	—	502
അവിവാഹിതർ	7	71	348
			850

355 സ്ത്രീകളിൽ പ്രായപരിധിയനുസരിച്ചുള്ള അനുപാതമാണ് താഴെകൊടുത്തിരിക്കുന്നത്.

പ്രായം	18_252	26_35	36_45	46_60
വിവാഹിതർ	29	38	40	38
അവിവാഹിതർ	81	22	9	5

പ്രായം	60 ന_മുകളിൽ	കന്യാസ്ത്രീകൾ	ആകെ
വിവാഹിതർ	19	—	164
അവിവാഹിതർ	2	72	191
			355

കേരളത്തിലെ എല്ലാരൂപതകളും സർവ്വേയുടെ പരിധിയിൽ പ്പെട്ടിട്ടുണ്ട്. അവയുടെ അനുപാതമാണ് താഴെ കാണുന്നത്.

1.	പാലാ	24.896 ശതമാനം
2.	തൃശ്ശൂർ	16.597 ,,
3.	എറണാകുളം	13.692 ,,
4.	തലശ്ശേരി	8.713 ,,
5.	കോതമംഗലം	8.298 ,,
6.	കോട്ടയം	6.639 ,,
7.	ചങ്ങനാശ്ശേരി	5.807 ,,
8.	മാനന്തവാടി	3.485 ,,
9.	കാഞ്ഞിരപ്പള്ളി	2.821 ,,
10.	തിരുവല്ലാ	2.489 ,,
11.	തിരുവനന്തപുരം (A· D)	2.323 ,,
12.	കൊല്ലം	0.829 ,,
13.	പാലക്കാട്	0.829 ,,
14.	വരാപ്പുഴ	0.510 ,,
15.	തിരുവനന്തപുര (l)	0.414 ,,
16.	ആലപ്പുഴ	0.414 ,,
17.	വിജയപുരം	0.414 ,,
18.	കൊച്ചിൻ	0.414 ,,
19.	കോഴിക്കോട്	0.414 ,,

കേരളത്തിലെ എല്ലാ ഡിസ്ട്രിക്ട്കളും അവയുടെ അനുപാതവും താഴെ കൊടുത്തിരിക്കുന്നു.

1.	കോട്ടയം	35.174 ശതമാനം
2.	തൃശ്ശൂർ	17.114 ,,
3.	എറണാകുളം	13.278 ,,
4.	കണ്ണൂർ	8.298 ,,
5.	ഇടുക്കി	7.053 ,,
6.	കോഴിക്കോട്	4.979 ,,
7.	ആലപ്പുഴ	4.149 ,,
8,	കൊല്ലം	2.489 ,.
9.	തിരുവനന്തപുരം	2.074 ,,
10.	മലപ്പുറം	1.244 ,.
11.	പാലക്കാട്	0.829 ,,

കേരളത്തിനു പുറത്തുനിന്നുള്ള മലയാളികളും 3.319 ,,

സർവ്വേയിൽ വിവിധ വിദ്യാഭ്യാസയോഗ്യതകളുള്ളവരും ഉൾപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസയോഗ്യതയനുസരിച്ചുള്ള അനുപാതമാണ് താഴെകൊടുത്തിരിക്കുന്നത്

വിദ്യാഭ്യാസ യോഗ്യത	എണ്ണം
Ph. D., S. T. D	3
M. A., M. Sc	42
M. A., B. Ed	5
M. A., B. T	2
M. Com	1
M. Th.	1
M. B. B. S	10
B. A., B. Sc	123
B. A., B. Ed	29
B. Sc., B. Ed	8
B. A., B. T	8
B. A., L. L. B	2
B. A. (Hons)	1
B. A., B. L (Hons)	2
B. Sc., B. Ed., H. D. C	1
B. S. C. H. D. C	1
B. Sc., D. S. T	1
B. Com	15
B. Th.	2
M. S. W	1
Engineering	4
Intermediate	15
Vidvan	3
P. U. C	8
P. D. C	138
Nursing	13
M. T. C. H	1
S. S. L. C	357
E. S. L. C	11
V. S. L. C	7
T. T. C	55
Typewriting	1
High School Education	156
Primary School Education	110
No indications	68
Total	1205

ജീവിതത്തിന്റെ വിവിധരംഗങ്ങളിൽ ജോലി ചെയ്യുന്നവർ പ്രശ്നാവലി പൂരിപ്പിച്ചിട്ടുണ്ട്. അവരുടെ അനുപാതമാണ് താഴെ കൊടുത്തിരിക്കുന്നത്.

തൊഴിൽ	എണ്ണം	തൊഴിൽ	എണ്ണം
കൃഷി	374	ഫാർമസിസ്റ്റ്	1
അദ്ധ്യാപനം	171	തുന്നൽ	1
ഗൃഹജോലി	96	ബാങ്ക്മാനേജർ	1
കച്ചവടം	77	ഹെൽത്ത് അസി.	1
പഠനം	76	ബീഡിതെറുപ്പ്	1
ക്ലർക്ക്	25	മെക്കാനിക്ക്	1
ഇടവകഭരണം	22	സാഹിത്യരചന	1
നേഴ്സ്	22	കല്പോര	1
ലക്ചറർ	18	പ്രസ്സ്ജോലി	1
ഡോക്ടർ	13	മതാദ്ധ്യാപനം	1
എൻജിനിയറിംഗ്	10	ഡ്രൈവർ	1
റബ്ബർവെട്ട്	9	അലക്കുജോലി	1
ഗവ. സേർവീസ്	8	ഓഡിറ്റർ	1
പൊതുപ്രവത്തനം	8	പൊലീസ്	1
ബാങ്കുകാഷിയർ	8	ഫോർമാൻ	1
തയ്യൽ	8	സെയിൽസ് രജിസ്ട്രാർ	1
ടെക്നീഷ്യൻ	8	അക്കൗണ്ടൻറ്	1
പ്രൊഫസർ	8	കസ്റ്റംസ് ഓഫീസർ	1
പ്യൂൺ	5	ജഡ്ജ്	1
പനമ്പുനെയ്ത്ത്	5	മജിസ്ട്രേട്ട്	1
ഫാക്ടറിജോലി	5	ഗ്ലാസ്റ്റർ	1
ബസ്കണ്ടക്ടർ	5	കമ്പനിമാനേജർ	1
രാഷ്ട്രീയപ്രവത്തനം	5	പഞ്ച. ഓഫീസർ	1
കശിനിപ്പണി	4	അഗ്രി. ഓഫീസർ	1
കൂലിവേല	5	കോളജ് പ്രിൻസിപ്പൽ	1
പോസ്റ്റുമാസ്റ്റർ	4	ടെലിഫോൺ സൂപ്പർവൈസർ	1
ചുമട്ടുതൊഴിലാളി	4	ഹെഡ്മാസ്റ്റർ	1
ടൈപ്പിസ്റ്റ്	3	ഓഫീസ്മാനേജർ	1
അഡ്വക്കറ്റ്	3	കൈത്തൊഴിൽ	1
ഗ്രമസ്തൻ	3	ചാപ്ളിൻ	1
പത്രഏജൻറ്	3	സന്യാസജീവിതം	1
മിലട്ടറിസേർവീസ്	3	നോവിസ്മിസ്ട്രസ്	1
ഡിഫൻസ്	3	നടൻ	1
സബ് ഇൻസ്പെക്ടർ	1	No indication	144
കാർപൻറർ	1	അറൻറർ	1
		ആകെ	2051

ദൈവവിശ്വാസം

സർവചരാചരങ്ങളുടെയും സ്രഷ്ടാവും അധിനാഥനും പരമാന്ത്യവുമായ ദൈവത്തിലുള്ള വിശ്വാസം ക്രിസ്തുമതം പ്രഘോഷിക്കുന്നു. സർവചരാചരസ്രഷ്ടാവായ ദൈവം നമ്മുടെ സ്നേഹപിതാവും പരിപാലകനും രക്ഷകനും കൂടിയാണ്. ദൈവത്തിനു നമ്മോടുള്ള സ്നേഹത്തിന്റെ അടയാളമായി, നമ്മുടെ രക്ഷയ്ക്കായി, ദൈവം അവിടുത്തെ ഏകജാതനെ ലോകത്തിലേയ്ക്ക് അയച്ചു. അങ്ങനെ യേശുക്രിസ്തു ലോകത്തിൽ അവതാരമെടുത്തു.

''യേശു'' എന്ന വാക്കിന്റെ അർത്ഥം തന്നെ ''രക്ഷകൻ'' എന്നാണ്. നമ്മുടെ രക്ഷയും പരിത്രാണവുമാണ്, അവിടുത്തെ അവതാരോദ്ദേശ്യം. ലോകർക്ക് യഥാർത്ഥവും ശാശ്വതവുമായ ആനന്ദം നല്കാനാണ് യേശു ലോകത്തിലാഗതനായതു്. പിതാവായ ദൈവത്തെയും പുത്രനായ യേശുക്രിസ്തുവിനെയും ആശ്വാസദായകനായ പരിശുദ്ധാത്മാവിനെയും അംഗീകരിച്ചു സ്വീകരിക്കുന്നവർക്കാണ്, ശാശ്വതമായ ആനന്ദം ലഭിക്കുന്നതു്. കേരളകത്തോലിക്കരുടെ ദൈവവിശ്വാസത്തെയും ക്രൈസ്തവജീവിതത്തെയുംപറ്റി പഠിക്കാനായി നടത്തിയ സർവേ നല്കുന്ന വിവരങ്ങൾ പഠനാർഹങ്ങളാണ്:

ആയിരത്തി ഇരുന്നൂറ്റി അഞ്ചുപേരുടെ, 'ദൈവമുണ്ടോ?' എന്ന സ്വതന്ത്ര അഭിപ്രായമാരാഞ്ഞതിൽ, ആയിരം പേരും ദൈവം ഉണ്ടെന്നു് വിശ്വസിക്കുകയു ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നവരാണ്. ദൈവാസ്തിത്വത്തെ നിഷേധിക്കുന്നവരോ സംശയിക്കുന്നവരോ ആണ് ഇരുന്നൂറ്റിഅഞ്ചുപേർ.

ദൈവം ഉണ്ടെന്നു വിശ്വസിക്കുന്നവർ	96 . 016%
ദൈവം ഇല്ലെന്നു വിശ്വസിക്കുന്നവർ	0 . 497%
സംശയിക്കുന്നവർ	2 . 821%

ദൈവത്തെപ്പറ്റിയുള്ള ഇവരുടെ ധാരണയും വിഭിന്നമാണ്. ചിലർ ദൈവത്തെ സ്നേഹപിതാവായി കാണുന്നു; മറ്റുള്ളവർ ഒരു ശക്തിയായി. പ്രപഞ്ചകർത്താവായും വിധികർത്താവായും കാണുന്നവരുമുണ്ട്.

ദൈവം സ്നേഹപിതാവെന്നു വിശ്വസിക്കുന്നവർ	71 . 867%
ഒരു ശക്തി	15 . 186%
പ്രപഞ്ചകർത്താവ്	13 . 112%
വിധികർത്താവ്	4 . 813%
വ്യക്തധാരണയില്ലാത്തവർ	2 . 489%

ഈശ്വരസായുജ്യത്തിനു് മതജീവിതം ആവശ്യമാണോ എന്നുള്ള അന്വേഷണത്തിനു ലഭിച്ച മറുപടികളും വ്യത്യസ്തങ്ങളാണ്. ഭൂരിപക്ഷമാളുകളും ആവശ്യമെന്നു വിശ്വസിക്കുമ്പോഴും, ചുരുക്കം ചിലർ മറിച്ചും ചിന്തിക്കുന്നു.

ഈശ്വരപ്രാപ്തിക്കു മതജീവിതം	
ആവശ്യമെന്നുകരുതുന്നവർ	61 . 327%
ഇല്ലെന്നുകരുതുന്നവർ	8 . 132%
പ്രയോജനകരമെന്നുകരുതുന്നവർ	24 . 481%
അറിഞ്ഞുകൂടാത്തവർ	3 . 485%

ശ്രദ്ധിക്കപ്പെടേണ്ട അവസ്ഥയാണ് കേരളത്തിലെ കത്തോലിക്കരുടെ ഇടയിൽ വർദ്ധമാനമായി വരുന്ന വിശ്വാസ ശൈഥില്യം. പ്രത്യേകിച്ചും യുവതലമുറയുടെ ഇടയിൽ പതിനെട്ടിനും ഇരുപത്തിയഞ്ചിനും ഇടയ്ക്കുള്ള യുവാക്കളിലാണ് വിശ്വാസരാഹിത്യം അധികവും കണ്ടതു്. ഇന്നത്തെ സാമൂഹ്യിക സാങ്കേതിക പ്രശ്നങ്ങളാവാണം അവരെ ഈ നിഗമനത്തിലേക്കെത്തിച്ചതു്. എന്നാൽ യുവതലമുറ ഇത്തരത്തിലുള്ള നിഗമനങ്ങളുമായി വത്തിച്ചാൽ അതിന്റെ പ്രത്യാഘാതങ്ങളും മാരകമായിരിക്കും. ദൈവത്തിന്റെ സ്നേഹം നമ്മെ നയിക്കുകയും പരിരക്ഷിക്കുകയും ചെയ്തില്ലായിരുന്നുവെങ്കിൽ നാമിവിടെ കാണുകയില്ലായിരുന്നു എന്ന തത്ത്വം അവർ വിസ്മരിച്ചുകളയുന്നു. ദൈവത്തെ മനഃപൂർവ്വം നിഷേധിക്കുന്നതും മതപരമായ പ്രവർത്തനങ്ങളിൽ വിമുഖത കാട്ടുന്നതും അവനവന്റെ അസ്തിത്വത്തോടു നടത്തുന്ന വെല്ലുവിളിയത്രേ.

ദൈവത്തെ ഒരു സ്നേഹപിതാവ് എന്നതിനുപകരം ഒരു ശക്തിയായും പ്രപഞ്ചകർത്താവായും പലരും കരുതുന്നു.

അമാനുഷികപ്രവർത്തനംവഴി സൃഷ്ടത്തെ നയിക്കുന്ന ഒരു ശക്തിയായി ദൈവത്തെ കാണുക— അതപൂർണ്ണമാണെന്നു പറയേണ്ടിയിരിക്കുന്നു. തന്റെ ഏകജാതനെ നല്കുവാൻ തക്കവണ്ണം നമ്മെ സ്നേഹിച്ച ദൈവത്തെ നമ്മുടെ സ്നേഹപിതാവായി ആരാധിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതാണു് കൂടുതൽ ഉദാത്തം.

മതം സാമൂഹ്യിക ജീവിതത്തിനത്യാവശ്യമില്ല എന്ന ധാരണ പലരിലും പ്രബലപ്പെട്ടു വരുന്നതായി ഈ സർവ്വെ വെളിപ്പെടുത്തുന്നു.

ഭൗതികജ്ഞാനം മാത്രം മതി, ആദ്ധ്യാത്മികത ഒന്നിനും ഉപകരിക്കുന്നില്ല എന്നതാണവരുടെ മനോഗതം. എന്നാൽ നാം ഒന്നോക്കണം ഭൗതികവിജ്ഞാനം മാത്രം നാം പ്രദാനം ചെയ്യുകയാണെങ്കിൽ വരും തലമുറ ''അസുരന്മാരുടേയും കാട്ടാളന്മാരുടേയും, കൗശലമുള്ള ചെകുത്താന്മാരുടേയും'' തലമുറയായിത്തീരും.

ഈ അന്വേഷണം വെളിച്ചത്തു കൊണ്ടുവരുന്ന മറെറാരു സംഗതി പ്രായം കൂടുംതോറും ദൈവവിശ്വാസവും വർദ്ധിക്കുന്നു എന്നതാണു്. അറുപതു വയസ്സിനു മുകളിലുള്ള എല്ലാവരും ദൈവത്തിൽ വിശ്വസിക്കുന്നവരാണു്.മതാനുഷ്ഠാനങ്ങളിൽശ്രദ്ധാലുക്കളുമാണു്.യുവതലമുറയിലാണു് വിശ്വാസപഠനം പരിതപ്പെടുത്തേണ്ടതു് എന്നതാണു് ഈ പഠനം തെളിയിക്കുന്നതു്. അർപ്പിതജീവിതത്തിലും ഇത്തരത്തിലുള്ള പാളിച്ചകൾ കാണാം.

ഒരു പക്ഷേ ഈ സ്ഥിതി തുടർന്നാൽ വരുംതലമുറ വിശ്വാസം ക്ഷയിച്ചു്, സദാചാരം നഷ്ടപ്പെട്ടു് ജീവനും ഓജസ്സുമില്ലാത്ത അസന്മാർഗ്ഗികതയുടെ പര്യായമായി ഭവിച്ചേക്കാം. ലോകത്തിന്റെ വിജ്ഞാനം യുക്തിയിലും തെളിവുകളിലും അധിഷ്ഠിതമാണു്. യുക്തിയിലൊതുങ്ങാത്തതും തെളിവുകൾക്കു വഴങ്ങാത്തതുമായ സംഗതികൾ ഭോഷത്വമായി ലോകം കരുതുന്നു. എന്നാൽ,ദൈവത്തിന്റെ പ്രവർത്തനം ചിലപ്പോൾ യുക്തിക്കതീതമാണു്.

ക്രിസ്തുസ്ഥാപിതമായ കത്തോലിക്കാസഭ അതിന്റെ ആദർശങ്ങളെ പലപ്പോഴും ബലികഴിക്കുന്നില്ലേ? അഭൗമിക ലോകത്തിൽ സമ്പാദ്യമുണ്ടാക്കുവാനും സഹജീവികളെ സഹായിക്കുവാനും ആവശ്യപ്പെട്ട ദിവ്യനാഥന്റെ വാക്കുകൾ വനരോദനമാകുന്നതു് ആശങ്കാജനകമാണു്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവു് വൻഗർത്ത

മായിത്തീർന്നിരിക്കുന്നു. ഇതിന്റെ ഫലമോ? ക്രൈസ്തവതത്വങ്ങൾ ബലികഴിക്കപ്പെടുകയും യഥാർത്ഥമതജീവിതം മരീചികയായി പരിണമിക്കുകയും ചെയ്യുന്നു. സ്ഥലകാലപരിമിതിക്കതീതമായി ക്രൈസ്തവതത്വങ്ങളുടെ മാറ്റുരച്ചു് വിശ്വാസം സജീവമാക്കേണ്ടതു് നമ്മുടെ കടമയല്ലേ?

നാശത്തിലേക്കുള്ള മനുഷ്യരുടെ പ്രയാണത്തിൽ നിഷ്ക്രിയരാകുക ഭീരുത്വമാണു്. ഒരു പക്ഷേ ഇതു സങ്കീർണ്ണമായ പരിതസ്ഥിതിയിലേക്കായിരിക്കാം ക്രിസ്തുനാഥൻ ഇറങ്ങി പ്രവർത്തിച്ചതു്. മനുഷ്യനെ നിത്യമലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണുക ഈശ്വരാനുഭവത്തിലൂടെ മാത്രമാണു്. അതിനായി കുറെ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയാണിവിടെ.

ശാസ്ത്രീയമായ അവഗാഹം ഇന്നത്തെ തലമുറയ്ക്കു് വേണ്ടുവോളമുണ്ടു്. പ്രപഞ്ചശക്തികളെ യഥോചിതം നയിക്കുവാനും ഇന്നവനു പ്രയാസമില്ല. ശാസ്ത്രീയമായതേ അവൻ വിശ്വസിക്കുകയുള്ളുപോലും! മനുഷ്യബുദ്ധിയേക്കാൾ ഉന്നതമായ വിശ്വാസത്തെ അവൻ തള്ളിക്കളയുന്നു. വിശ്വാസവിഷയങ്ങളിൽ ചിലവ യുക്തിക്കതീതമാകാം.

സാന്മാർഗ്ഗിക ജീവിതം നയിക്കുന്നതിനു് മതപ്രബോധനങ്ങൾ അത്യന്താപേക്ഷിതമാണു്. മതത്തെ കൂടാതെ സാന്മാർഗ്ഗിക ജീവിതം നയിക്കുവാൻ സാധിക്കുമെന്ന അഭിപ്രായം വച്ചുപുലർത്തുന്നതു് വളരെ സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു. സാംസ്കാരികമായ വിദ്യാഭ്യാസം ചില പ്രത്യേക വ്യക്തികളുടെ മനസ്സിൽ അതിന്റെ പ്രേരണാശക്തി പ്രയോഗിക്കുമെന്നു സമ്മതിച്ചാൽ തന്നെയും മത നിയമങ്ങൾ കൂടാതെ സാന്മാർഗ്ഗിക നിയമങ്ങൾ പരിപാലിക്കുക യാതൊരു സമൂഹത്തിനും സാധ്യമല്ലെന്ന സുബുദ്ധിയും അനുഭവവും നമ്മെ പഠിപ്പിക്കുന്നു. ആകയാൽ മതവിശ്വാസം ഒരുവനെ അബദ്ധത്തിൽ നിപതിക്കാതെ സംരക്ഷിക്കുക മാത്രമല്ല മനഃസാക്ഷിയുടെ പ്രചോദനത്തിനെതിരായി ഏതെങ്കിലും സാന്മാർഗ്ഗിക നിയമങ്ങൾ ലംഘിക്കുന്നുവെങ്കിൽ അതിൽ നിന്നും പുനരുദ്ധരിക്കുന്നതിനു് അവനെ സഹായിക്കുകയും ചെയ്യുന്നു.

എന്നാൽ ഇന്നത്തെ മതപഠനം ഈ സത്യത്തിലേക്കു വേണ്ടത്ര ഉൾക്കാഴ്ച നല്കുന്നില്ല. സ്ഥലകാല പുരോഗതിക്കനുസൃതമായി മതപഠനം നടത്തുന്നുവെങ്കിൽ മാത്രമേ അതു സഫലമാകുകയുള്ളു.

മതാദ്ധ്യാപകർക്കു് അതിൽ വേണ്ടത്ര അറിവും അവഗാഹവും വേണം താനും. ബാല്യം മുതൽ ശിശുക്കളെ സന്മാർഗ്ഗികമായി വളത്തേണ്ടതു് മാതാപിതാക്കളുടെ കടമയാണു്. കുടുംബം സമൂഹത്തിലെ പ്രഥമസ്ഥാനം അലങ്കരിക്കുന്നു. ഈ സത്യം മനസ്സിലാക്കി പ്രയത്നിക്കുക എത്രയോ അനിവാര്യമാണു്.

സന്മാതൃകാപരമായ ജീവിതം വഴിപിഴച്ച,ജീവിതചര്യക്കു് മാർഗ്ഗദർശകമാണു്. എവിടെയും അസ്വസ്ഥതയും അസന്തുഷ്ടിയും അരങ്ങേറിയാൽ ലോകം നരകതുല്യമാകും. സ്നേഹിക്കുവാനും അംഗീകരിക്കപ്പെടുവാനുമുള്ള മനുഷ്യന്റെ അന്തർദാഹം ശമിപ്പിക്കേണ്ടതും അത്യന്താപേക്ഷിതമാണു്. ഇതു പ്രാവർത്തികമാക്കുക സന്മാതൃകാപരമായ ജീവിതത്തിലൂടെയാണു്; കുരുടനു് കുരുടനെ നയിക്കുക ശ്രമകരമാണല്ലോ! അന്ധമായ ഈ ലോകത്തിൽ വേണ്ടത്ര ഉത്സാഹത്തോടും സേവനതത്പരതയോടും, സൗമ്യതയോടും കൂടെ പെരുമാറുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുക അഭികാമ്യമാണു്. അങ്ങനെ നാം ചെയ്താൽ ഇന്നത്തെ സ്ഥിതിക്കു വലിയ മാറ്റം വരുമെന്നുള്ളതു് നിസ്സംശയമത്രേ.

പ്രാർത്ഥനയിലൂടെ ദൈവവുമായുള്ള സജീവബന്ധം സ്ഥാപിക്കുകയാണു് മറ്റൊരു മാർഗ്ഗം. പ്രാർത്ഥന നവജീവന്റെ സ്രോതസ്സാണു്. ഈശ്വര പ്രചോദിതമായ പ്രാർത്ഥന ദൈവഹിതത്തോടുള്ള പരിപൂർണ്ണ സമർപ്പണമാണു്. പ്രാർത്ഥന വഴി നാം ദൈവവുമായി നിർണ്ണായകവും സ്നേഹപൂർണ്ണവുമായ ഐക്യം പ്രാപിക്കുന്നു; ഒപ്പം സർവ്വജീവജാലങ്ങളോടും രമ്യപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ വൈയക്തികമായ ബന്ധം പ്രാർത്ഥനയിലൂടെ, ഈശ്വരാനുഭവത്തിലൂടെ നാം പ്രാപിച്ചെങ്കിൽ മാത്രമേ ഇന്നത്തെ പ്രശ്നത്തിനു് സമൂല പരിഹാരം കാണുവാൻ സാധിക്കുകയുള്ളൂ. പ്രാർത്ഥനാനുഭവം ജീവിതഭാഗമായി മാറേണ്ടതും അത്യാവശ്യമാണു്. ദൈവതിരുമനസ്സിനോടുള്ള പരിപൂർണ്ണമായ ഒരു സമർപ്പണത്തോടുകൂടി മാത്രമേ നമുക്കിതു സാദ്ധ്യമാക്കുകയുള്ളൂ.

ദൈവൈക്യത്തിനായി ദൈവം മനുഷ്യനു് നല്കുന്ന ആഹ്വാനമാണു് മനുഷ്യന്റെ മഹനീയതയുടെ അടിസ്ഥാനം. മനുഷ്യവ്യക്തിത്വത്തിന്റെ വിലയിടിയൽമൂലം അവന്റെ ആദ്ധ്യാത്മികത്വം അവമതിക്കപ്പെടുന്നു. എന്നാൽ, മനുഷ്യന്റെ അന്തഃസത്തയിലേയ്ക്കു് ശരിയായ ദർശനം നല്കേണ്ടതു് നമ്മുടെ കടമയത്രേ. അവനിൽ അടങ്ങിയിരിക്കുന്ന ക്രൈസ്തവവിശ്വാസസത്യങ്ങളെ

പ്രോജ്ജ്വലിപ്പിക്കുകയാണു് ഏറ്റവും ഉത്തമമായതു്. ഇപ്രകാരം ക്രൈസ്തവവിശ്വാസം പ്രവർത്തനമേഖലയിൽ എത്തുന്നതോടൊപ്പം വിശ്വാസം ജീവിതാനുഭവമായി മാറുന്നു. അവിടെ ആശയപ്പൊരുത്തക്കേടോ സംഘർഷമോ അനുഭവപ്പെടുന്നില്ല. യഥാർത്ഥ സമാധാനവും ശാന്തിയും അനുഭവവേദ്യമാകും. സ്നേഹജന്യവും ആത്മാപ്പണപരവുമായ ഇത്തരം വിശ്വാസത്തിനുമാത്രമേ സഭയിലെ ഇന്നത്തെ പല പ്രതിസന്ധികളും പരിഹരിക്കാനാവൂ.

2 ക്രിസ്തുസഭ

ദൈവത്തിന്റെ പരിത്രാണപദ്ധതിയുടെ തുടർച്ചയാണ് സഭ; മനുഷ്യരുടെയിടയിലുള്ള ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമാണതു്. തിരുസഭ ഒരു ലക്ഷ്യമല്ല; മാർഗ്ഗമാണു്. മനുഷ്യനു് ക്രിസ്തുവിൽ വിലയം പ്രാപിക്കുവാനുള്ള മാർഗ്ഗം. അക്കാരണത്താൽ സഭയുടെ വളർച്ച സഭാംഗങ്ങളുടെ എണ്ണത്തിലും സുഗമമായ നടത്തിപ്പിലുമല്ല അടങ്ങിയിരിക്കുന്നതു്. മനുഷ്യന്റെ സമഗ്രവളർച്ചയ്ക്കു് അവ ആവശ്യമാണെന്നുമാത്രം. വ്യക്തികളാണു് കൂടുതൽ പ്രധാനം. വ്യക്തികളം എങ്ങനെ ജീവിക്കുന്നു എന്നതാണു് സഭയുടെ വളർച്ചയുടെ മാനദണ്ഡം. ക്രിസ്തുവിന്റെ ചൈതന്യമനുസരിച്ചാണു് സഭാംഗങ്ങളം ജീവിക്കുന്നതെങ്കിൽ സഭ ഐശ്വര്യപൂർണ്ണയാണു്; അല്ലെങ്കിൽ ദരിദ്രയും. അതുപോലെ തന്നെ സാർവ്വത്രിക സഭ പ്രാദേശിക സഭകളുടെ കൂട്ടായ്മയാണു്. ഈ കൂട്ടായ്മയിലുള്ള ഓരോസഭയും പൂർണ്ണമാണു് സ്വന്തമായ വ്യക്തിത്വവും സ്വതന്ത്രമായ നിലനില്പും ഓരോ സഭയ്ക്കുമുണ്ടു്. അപ്പസ്തോലിക പാരമ്പര്യമുള്ള ഒരു സഭയാണു് കേരളസഭ.

ക്രിസ്തുമതം കത്തോലിക്കരുടെ ദൃഷ്ടിയിൽ

സർവ്വേനടത്തിയ 1205 പേരിൽ 84. 90% ആളുകളും ക്രിസ്തുസഭ ശ്രേഷ്ഠമാണെന്ന ധാരണയാണുള്ളതു്. 3. 73% വ്യക്തികളം ക്രിസ്തുസഭ ശ്രേഷ്ഠമല്ലെന്നു പറയുമ്പോൾ, നമ്മുടെ കത്തോലിക്കരിൽ 10. 37% ഇക്കാര്യത്തിൽ അജ്ഞരാണു്. 26 വയസ്സിനും 35 വയസ്സിനും ഇടയ്ക്കുള്ളവരാണു് ക്രിസ്തുമതം മറ്റുമതങ്ങളേക്കാളും ശ്രേഷ്ഠമല്ലെന്നു വാദിക്കുന്നവരിൽ മുൻപന്തിയിൽ നില്ക്കുന്നതു്. 36 വയസ്സിനുമുകളിലുള്ളവർ ക്രമാനുഗതമായി തങ്ങളുടെ വിശ്വാസം ശ്രേഷ്ഠമാണെന്നു കരുതുന്നവരാണു്.

ക്രിസ്തുമതം മറ്റെല്ലാ മതങ്ങളെക്കാളും ശ്രേഷ്ഠമാണു്

ശ്രേഷ്ഠമാണു്	84. 896%
ശ്രേഷ്ഠമല്ല	3. 734%
അറിഞ്ഞുകൂടാ	10. 373%

വയസ്സ്	ശ്രേഷ്ഠമാണ്	ശ്രേഷ്ഠമല്ല	അറിഞ്ഞുകൂടാ
18-25	75.161%	5.486%	17.741%
26-35	82.683%	5.627%	10.822%
36-45	83.084%	4.477%	11.442%
46-60	89.839%	2.139%	6.951%
60-നുമുകളിൽ	94.746%	1.503%	3.759%

85% കത്തോലിക്കർ ക്രിസ്തുമതം മറ്റുമതങ്ങളേക്കാളും ശ്രേഷ്ഠമാണെന്നു പറയുമ്പോൾ 83% വ്യക്തികളുമാത്രമേ കത്തോലിക്കരായിരിക്കുന്നതിൽ അഭിമാനം കൊള്ളുന്നുള്ളൂ. 2% വ്യക്തികളെങ്കിലും സഭ ശ്രേഷ്ഠമാണെന്നറിഞ്ഞിട്ടും അതിൽ അംഗങ്ങളായിരിക്കുന്നതിൽ അഭിമാനിക്കുന്നില്ല. വ്യക്തമായ ഒരഭിപ്രായമില്ലാത്ത 13.28% ആളുകളാണ് ഇവിടെ ശ്രദ്ധിക്കപ്പെടേണ്ടതു്. 18-നും 25നും മദ്ധ്യേപ്രായമുള്ളവരാണ് ഇവരിലധികവും. 26നും 35നും ഇടയ്ക്കു് പ്രായമുള്ളവരാണ് കത്തോലിക്കരായിരിക്കുന്നതിൽ പ്രത്യേകിച്ചഭിമാനാർഹമായിട്ടൊന്നുമില്ലെന്നു കരുതുന്നവരിൽ മുൻപിൽ നില്ക്കുന്നതു്. 3% വൈദികർ നിഷ്പക്ഷരായി നില്ക്കുമ്പോൾ 100% കന്യാസ്ത്രീകളും കണക്കുകൊണ്ടെങ്കിലും കത്തോലിക്കരായിരിക്കുന്നതിൽ അഭിമാനം കൊള്ളുന്നവരാണ്.

കത്തോലിക്കനായിരിക്കുന്നതിൽ അഭിമാനം കൊള്ളുന്നുണ്ടോ?

അഭിമാനം കൊള്ളുന്നുണ്ട്	82.738%
അഭിമാനം കൊള്ളുന്നില്ല	3.402%
നിഷ്പക്ഷം	13.278%

വയസ്സ്	അഭിമാനം കൊള്ളുന്നുണ്ട്	അഭിമാനം കൊള്ളുന്നില്ല	നിഷ്പക്ഷം
18-25	74.838%	3.548%	20.322%
26-35	77.489 ,,	5.194 ,,	16.883 ,,
36-45	76.616 ,,	3.482 ,,	18.407 ,,
46-60	88.235 ,,	3.743 ,,	6.951 ,,
60-നു മുകളിൽ	94.746 ,,	3.007 ,,	2.519 ,,
വൈദികർ	97.183 ,,	—	2.816 ,,
കന്യാസ്ത്രീകളും	100.000 ,,	—	—

കത്തോലിക്കരാണെന്നു് അന്യർ അറിയുന്നതിനോടുള്ള മനഃസ്ഥിതി

ക്രിസ്തുവിനെ പരസ്യമായി പ്രഖ്യാപിക്കുവാൻ കടപ്പെട്ടവരാണു് ക്രിസ്ത്യാനികളും (മത്തായി 16 . 15). തന്നെയുമല്ല പങ്കുവയ്ക്കലാണല്ലൊ ക്രൈസ്തവജീവന്റെ മുഖമുദ്ര. സർവ്വേയുടെ വെളിച്ചത്തിൽ നോക്കുമ്പോഴും, ഈ ചുമതല വഹിക്കുവാൻ കത്തോലിക്കരിൽ ഏറിയ പങ്കും (81 . 41%) തയ്യാറാണെന്നതു് ആശാവഹമാണു്. കത്തോലിക്കരാണെന്നറിയുവാൻ ഇഷ്ടപ്പെടാത്തവരേക്കാളും (3 . 4%) അറിയുകയോ അറിയാതിരിക്കുകയോ ചെയ്യട്ടെ എന്നു് കരുതുന്നവരാണധികവും (14%). കത്തോലിക്കരാണെന്നറിയപ്പെടുവാൻ ഇഷ്ടപ്പെടാത്ത വൈദികരില്ലെങ്കിലും നിർവ്വികാരമായ നിഷ്പക്ഷത പുലർത്തുന്ന ഒരു ന്യൂനപക്ഷം (1 . 41%) അവരുടെ കൂട്ടത്തിലുണ്ടു്.

കത്തോലിക്കനാണെന്നു് അന്യർ അറിയുന്നതു്

ഇഷ്ടപ്പെടുന്നു	81.410%
ഇഷ്ടപ്പെടുന്നില്ല	3.402%
നിഷ്പക്ഷം	13.775%

വയസ്സു്	ഇഷ്ടപ്പെടുന്നു	ഇഷ്ടപ്പെടുന്നില്ല	നിഷ്പക്ഷം
18_25	74.193%	4.193%	19.354%
26_35	76.190 ,,	6.926 ,,	15.151 ,,
36_45	76.119 ,,	1. 990,,	20.398 ,,
46_60	83.957 ,,	3.743 ,,	11.229 ,,
60 നു മുകളിൽ	92.481 ,,	0.751 ,,	6.015 ,,
വൈദികർ	98.591 ,,	—	1.406 ,,
കന്യാസ്ത്രീകളും	100.000 ,,	—	—

കത്തോലിക്കാസഭ ഇതരസഭകളുടെയിടയിൽ

കത്തോലിക്കരിൽ 82 . 57 ശതമാനം കരുതുന്നു, കത്തോലിക്കാസഭയാണു് ഇതരസഭകളേക്കാളും ശ്രേഷ്ഠമെന്നു്. വെറും 4 .40 ശതമാനം സഭാംഗങ്ങളും മാത്രമാണു് കത്തോലിക്കാസഭയ്ക്കു് ശ്രേഷ്ഠത കല്പിക്കേണ്ടതില്ലെന്നു കരുതുന്നവർ. മറ്റു സഭകളേക്കുറിച്ചുള്ള അജ്ഞത കൊണ്ടാവാം കുറച്ചുപേർ (10 . 62 ശതമാനം) സംശയമനഃസ്ഥിതി വച്ചു പുലർത്തുന്നതു്. എപ്പോഴും സഭൈക്യനയങ്ങൾക്കനുകൂലമായി

ചിന്തിക്കുന്നവരിൽ മുമ്പിൽ നില്ക്കുന്നവർ, 60 വയസ്സിനു മുകളിലേയുള്ളവരാണു്. അവരിൽ പോലും 7 . 05 ശതമാനം പേർ കത്തോലിക്കാസഭ മറ്റു സഭകളേക്കാൾ ശ്രേഷ്ഠമാണെന്നു കരുതുന്നില്ല.

കത്തോലിക്കാസഭ ഇതരസഭകളേക്കാൾ

ശ്രേഷ്ഠമാണു്	82.572%
ശ്രേഷ്ഠമല്ല	4.398%
സംശയമാണു്	10.622%

വയസ്	ശ്രേഷ്ഠമാണു്	ശ്രേഷ്ഠമല്ല	സംശയമാണു്
18_25	74.516%	6.129%	16.451%
26_35	77.922 ,,	6.493 ,,	12.987 ,,
36_45	78.109 ,,	5.472 ,,	15.422 ,,
46_60	88.770 ,,	2.139 ,,	4.278 ,,
60-നു മുകളിൽ	92.481 ,,	3.007 ,,	3.759 ,,
വൈദികർ	92.957 ,,	—	4.225 ,,
കന്യാസ്ത്രീകൾ	100.000 ,,	—	—

സഭയിലെ അംഗത്വത്തിന്റെ ആവശ്യകത

ഉത്തമക്രിസ്ത്യാനി കത്തോലിക്കാസഭയുടെ അംഗമായിരിക്കണമെന്നു് 20.14 ശതമാനം വ്യക്തികളും കരുതുന്നില്ല. അംഗമായിരിക്കണമെന്നു പറയുന്നവർ ആകെയുള്ളതിന്റെ 75 ശതമാനം പോലുമില്ലെന്ന വസ്തുത പ്രത്യേകം പഠിക്കേണ്ടിയിരിക്കുന്നു. വൈദികരിൽ 80 ശതമാനവും കന്യാസ്ത്രീകളിൽ 91 ശതമാനവും യുവതീയുവാക്കളിൽ 65 ശതമാനവും മാത്രമേ, കത്തോലിക്കാസഭയുടെ അംഗമായിരിക്കേണ്ടതിന്റെ ആവശ്യം അംഗീകരിക്കുന്നുള്ളു.

ഉത്തമക്രിസ്ത്യാനി കത്തോലിക്കാസഭയുടെ

അംഗമായിരിക്കണം	74.771 ശതമാനം
നിർബന്ധമില്ല	20.146 ,,
അറിഞ്ഞുകൂടാ	4.398 ,,

വയസ്	അംഗമായിരിക്കണം	നിർബന്ധമില്ല	അറിഞ്ഞുകൂടാ
18_25	65.483%	22.580%	5.322%
26_35	65.800 ,,	29.431 ,,	3.463 ,,
36_45	70.646 ,,	24.875 .,	4.447 ,,
46_60	79.144 ,,	12.875 ,,	5.347 ,,
60-ന മുകളിൽ	90.225 ,,	6.015 ,,	3.759 ,,
വൈദികർ	80.813 ,,	12.126 ,,	2.816 ,,
കന്യാസ്ത്രീകൾ	91.222 ,,	—	2.111,,

സഭയും അനുരൂപണവും

നാം ജീവിക്കുന്ന ചുറ്റുപാടുകളുമായി സഭ ആവുന്നത്ര അനുരൂപപ്പെടണമെന്നു് ആഗ്രഹിക്കുന്നവരാണു് സഭാംഗങ്ങളിലധികവുമെന്നു്സർവ്വേ വ്യക്തമാക്കുന്നു. ഭാരതസംസ്കാരത്തിന്റെ ചൈതന്യം സഭ സ്വാംശീകരിക്കണമെന്നു് 80 ശതമാനം അംഗങ്ങളും അഭിപ്രായപ്പെടുന്നു. ഒരു ചെറിയ ന്യൂനപക്ഷം മാത്രമേ സഭ ഭാരതീയസംസ്കാരത്തിലെ ഉത്തമാംശങ്ങളും ഉൾക്കൊള്ളുന്നതിനോടു് വിയോജിക്കുന്നുള്ളു. 18 നും 25 നും ഇടയ്ക്കു് പ്രായമുള്ള 8 ശതമാനം യുവതീയുവാക്കളും ഈ അഭിപ്രായക്കാരാണു്. ഭാരതീയ ദർശനങ്ങളെക്കുറിച്ചും സാംസ്കാരികമൂല്യങ്ങളെക്കുറിച്ചും കുറെയെങ്കിലും പരിജ്ഞാനമുള്ളവരാണു് ഈ അനുരൂപണം ആവശ്യപ്പെടുന്നവരിൽ അധികപങ്കും.

കേരളസഭ ഭാരതീയ സംസ്കാരത്തിലെ ഉത്തമാംശങ്ങളും ഉൾക്കൊള്ളണമോ?

ഉൾക്കൊള്ളണം	80.663 ശതമാനം
ഉൾക്കൊള്ളണ്ട	9.377 ,,
അറിഞ്ഞുകൂടാ	12.614 ,,

വയസ്	ഉൾക്കൊള്ളണം	ഉൾക്കൊള്ളണ്ട	അറിഞ്ഞുകൂടാ
18_25	74.516%	7.960%	15.483%
26_35	78.787 ,,	5.194 ,,	12.554 ,,
36_45	6	6.965 ,,	11.940 ,,
46_60	68.983 ,,	19.903 ,,	13.963 ,,
60ന-മുകളിൽ	38.983 ,,	15.036 ,,	16.541 ,,
വൈദികർ	81.690 ,,	8.350 ,,	7.042 ,,
കന്യാസ്ത്രീകൾ	75.000 ,,	16.668 ,,	—

ഈ സ്ഥിതി തുടർന്നാൽ

ഭൂരിഭാഗം കത്തോലിക്കരും ക്രിസ്തുമതം ഇതരമതങ്ങളേക്കാൾ ശ്രേഷ്ഠമാണെന്നു വിശ്വസിക്കുന്നവരും ക്രിസ്തുമതത്തിൽ അംഗങ്ങളായിരിക്കുന്നതിൽ അഭിമാനം കൊള്ളുന്നവരുമാണെന്നു വസ്തുത ശ്രദ്ധേയർക്കുമാണ്. എന്നാൽ, ശക്തമായ ഒരു ന്യൂനപക്ഷം ക്രിസ്തുമതം ഇതരമതങ്ങളേക്കാൾ ശ്രേഷ്ഠമല്ലെന്നും അതിൽ അംഗമായിരിക്കുന്നതിൽ അഭിമാനാർഹമായി ഒന്നും ഇല്ലെന്നും കരുതുന്നതു്, വരാനിരിക്കുന്ന ഒരു പ്രതിസന്ധിയുടെ തുടക്കമായിട്ടു വേണ്വേ കാണുവാൻ. യുവജനങ്ങളാണു് ഈ അഭിപ്രായം വച്ചുപുലർത്തുന്നതെന്നു വസ്തുത കാര്യത്തിന്റെ ഗൗരവം ഒന്നുകൂടി വർദ്ധിപ്പിക്കുന്നു. ആകെയുള്ള കത്തോലിക്കാ യുവജനസംഖ്യയിൽ 6 ശതമാനം യുവാക്കൾ ഈ അഭിപ്രായക്കാരാണു്. മറെറാരു 18 ശതമാനം പേർകൂടി അവരുമായി സഹയാത്ര ചെയ്യുന്നവരാണു്. അവർ ശ്രേഷ്ഠമെന്നോ അല്ലെന്നോ പറയുവാൻ കൂട്ടാക്കുന്നില്ലെന്നുമാത്രം. ഇവരും, ശ്രേഷ്ഠമല്ലെന്നു പറയുന്നവരോടു് ചേരുവാനാണു് കൂടുതൽ സാദ്ധ്യത. അപ്പോൾ മൊത്തമുള്ള യുവജനങ്ങളിൽ 25 ശതമാനം സമീപഭാവിയിൽ കത്തോലിക്കാസഭ ശ്രേഷ്ഠമല്ലെന്നു കരുതുന്നവരായി മാറും. ഇളം തലമുറയോടു് അടുത്തുനില്ക്കുന്നവരാണല്ലൊ യുവാക്കൾ. യുവാക്കളുടെ ഈ ചിന്താഗതി കുട്ടികളിലേക്കും വ്യാപിക്കുവാൻ വളരെ എളുപ്പമാണു്. അതു ക്രിസ്തുമതത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. 46 വയസ്സിനു മുകളിലുള്ളവരിൽ 2 ശതമാനം ശ്രേഷ്ഠമല്ലെന്നു കരുതുന്നവരിൽ നിന്നാണു്, ഈ 6 ശതമാനം വളർച്ചയുണ്ടായതെന്നു കാര്യം വിസ്മരിക്കരുതു്. അതുപോലെതന്നെ 6 ശതമാനം ''അറിഞ്ഞുകൂടാത്ത'' വരാണു് 18 ശതമാനമായി വളർന്നതു്. മൂന്നിരട്ടി വളർച്ചയാണിവരിടെ ഉണ്ടായിരിക്കുന്നതു്. ഈ സ്ഥിതി തുടർന്നാൽ 54 ശതമാനം അറിഞ്ഞുകൂടാത്തവരും 18 ശതമാനം ശ്രേഷ്ഠമല്ലെന്നു കരുതുന്നവരും അടുത്തതലമുറയിലെ ക്രൈസ്തവജനസംഖ്യയിൽ ഉണ്ടായെന്നു വന്നേക്കാം.

ഈ പ്രതിഭാസത്തിനു കാരണം എന്തായിരിക്കാം? വത്തിക്കാൻ കൗൺസിലിനുശേഷം കത്തോലിക്കാസഭയ്ക്കു് ഇതരമതങ്ങളോടുണ്ടായ മനംമാറ്റത്തിന്റെ പ്രത്യാഘാതമാണോ ഈ പ്രതിഭാസം? എങ്കിൽ കൗൺസിൽ നിർദ്ദേശിച്ചതു് ക്രിസ്തുവിനെ മറന്നു് അവതാരപുരുഷന്മാരോടു് തുല്യനാക്കുവാനല്ലെന്നു് മനസ്സിലാക്കുവാൻ യുവാക്കൾ പരാജയപ്പെട്ടെന്നു കരുതുന്നതിൽ അപാകതയുണ്ടോ? മറു മതങ്ങളിലും സത്യമുണ്ടെന്നംഗീകരിക്കുവാൻ സ്വയം വിലയിടിച്ചു

കാണിക്കുന്നതു് ഒരിക്കലും സത്യസന്ധമായിരിക്കുകയില്ലല്ലൊ. ഇങ്ങനെയുള്ള ആശയക്കുഴപ്പങ്ങൾ പരിഹരിക്കുവാൻ സഭാംഗങ്ങളെല്ലാവരുംകൂടി പരിശ്രമിക്കാത്തപക്ഷം കേരളത്തിൽ ക്രിസ്തു സഭയുടെ ഭാവി ശോഭനമായിരിക്കുകയില്ല.

നാളത്തെയ്ക്കൊരു മാർഗ്ഗരേഖ

സഭയെ സ്നേഹിക്കുകയും സഭയിലൂടെ ഈശ്വരാനുഭവത്തിനായി മോഹിക്കുകയും ചെയ്യുന്ന വിവിധ നിലകളിലുള്ള കത്തോലിക്കരുടെ വിചാര വികാര പ്രകടനമാണു് നാം കണ്ടുകഴിഞ്ഞതു്. തങ്ങൾക്കു് ലഭിച്ചിരിക്കുന്ന താലന്തുകൾ വർദ്ധിപ്പിക്കുവാൻ ആഗ്രഹിക്കുന്ന സഭാംഗങ്ങളെ സഭാധികാരികൾ സഹായിക്കണം. അവരുടെ ആശയാഭിലാഷങ്ങൾക്കൊത്തുണരുവാൻ സഭാനേതൃത്വത്തിനു കഴിയുന്നില്ലെങ്കിൽ അവർ സഭയിൽ നിന്നു് അകലുവാൻ സാധ്യതയുണ്ടെന്ന സൂചനയാണു് സർവ്വേ തരുന്നതു്.

പരിവർത്തനത്തോടും അനുരൂപണത്തോടും പാശ്ചാത്യസഭ പരാങ്മുഖത കാണിച്ചപ്പോൾ ആ സഭയ്ക്കു് തക്കതായ വില കൊടുക്കേണ്ടിവന്നു എന്നാണു് ഹാൻസ് കുങ്ങിന്റെ വാദം. ''യന്ത്രവത്ക്കരണത്തിന്റേയും വ്യവസായ വിപ്ലവത്തിന്റേയും ഫലമായി പരിവർത്തനവിധേയമായ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സാമ്പത്തിക മണ്ഡലങ്ങളോടൊപ്പം കുതിച്ചുയരുവാൻ കഴിയാതെപോയ സഭയ്ക്കു് ആഡംബരപ്രിയം, അധികാരതൃഷ്ണ, ദൈവശാസ്ത്രപാപ്പരത്വം, അനധികൃതമായ പരിഗണനകൾ തുടങ്ങിയ ആന്തരിക തിന്മകളും കൂടിയായപ്പോൾ പാശ്ചാത്യസഭയ്ക്കു് നേരിടേണ്ടി വന്നതു് ഒരു വൻ പിളർപ്പിനെയാണു്' (Hans Kung: The Church P. 280). പൂർവ്വകാല ചരിത്രം നമുക്കു് ഭാവിയിലേക്കു് മാർഗ്ഗദർശനം നല്കണം.

ഇവിടുത്തെ സഭ ഏതു വിധത്തിൽ വളരണം

ക്രിസ്തുസംഭവത്തിന്റെ ആരംഭകാലത്തു തന്നെ ക്രിസ്തു ശിഷ്യനായ തോമ്മാശ്ലീഹായിൽ നിന്നു ക്രിസ്തുമാർഗ്ഗം സ്വീകരിക്കുവാൻ ഭാഗ്യം ലഭിച്ചവരുടെ സന്താനപരമ്പരയിൽപ്പെട്ടവരാണു് കേരളസഭാംഗങ്ങൾ. ഇവിടെ രൂപംകൊണ്ട പ്രാദേശികസഭ ഈ നാടിനു ചേർന്ന വിധമാണു് വളർന്നു വന്നതു്. എങ്കിലും, ആദ്യ നൂറ്റാണ്ടുകളിൽ അറബി മെത്രാന്മാർ കേരള സഭയുടെമേൽ നടത്തിയ ആധിപത്യവും, പില്ക്കാലത്തു് യൂറോപ്യൻ മിഷനറിമാർ അതിതീ

ക്ഷ്ണത നിമിത്തം ഇവിടെ പ്രവത്തിച്ച അവിവേകവും കേരള സഭ യുടെ വളർച്ചയെ തടസ്സപ്പെടുത്തി.

എന്നാൽ, ഭാരതപശ്ചാത്തലത്തിനു യോജിച്ച അനുരൂപണം സഭോത്പത്തിൽ ഉണ്ടാകണമെന്നാണ് സഭാംഗങ്ങളിൽ എൺപതു ശതമാനവും ആവശ്യപ്പെടുന്നതു്. കേരളസഭ പുറത്തുനിന്നുള്ള ഇറക്കു മതിയല്ലേയെന്ന സംശയം ഒരുപക്ഷേ ചിലർ ചോദിച്ചേക്കാം. പക്ഷേ, അതു ശരിയല്ല. സീറോ മലബാർ റീത്തു് എന്നു പറഞ്ഞാൽ അതു മുഴുവനും 'കൽദായ'യാണെന്നും മലങ്കര റീത്തു് എന്നു പറഞ്ഞാൽ അതു മുഴുവനും 'അന്ത്യോക്യൻ' ആണെന്നുമുള്ള ധാരണയ കററി, അവയിൽ കൽദായയും അന്ത്യോക്യനും മാത്രമായുള്ളവയ ണെങ്കിൽ അവ മാത്രം മാററി ഭാരതീയമാക്കുകയാണു വേണ്ടതു്'' (ഡോ. കൂടപ്പുഴ, പൗരസ്ത്യസഭകൾ, പേജ് 127). ക്രൈസ്തവവും ഭാരതീയവുമല്ലാത്തതു വല്ലതും കേരളസഭയിലുണ്ടെങ്കിൽ അവ മാററി സഭ പരിഷ്ക്കരിക്കുകയാണു് വേണ്ടതു്. നിയമാനുസൃതമായ ആരാധനാക്രമങ്ങളും ശിക്ഷണങ്ങളും സംരക്ഷിക്കപ്പെടണമെന്നു് വത്തിക്കാൻ കൗൺസിൽ ആവശ്യപ്പെടുന്നു. ഇന്നു കേരളസഭ അഭി മുഖീകരിക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കാണണമെങ്കിൽ സഭയുടെ ഭൂതകാലവളർച്ചയുടെ അടിസ്ഥാനത്തിൽ സ്ഥലകാലാനു സൃതമായ പരിഷ്ക്കാരങ്ങൾ വരുത്തുകയാണു വേണ്ടതു്.

സഭാവബോധം

സഭയെ സംബന്ധിച്ചും സഭയുടെ പ്രബോധനങ്ങളെക്കുറിച്ചും സഭാംഗങ്ങൾ വളരെയധികം അജ്ഞരാണെന്നു് സർവ്വേ വ്യക്തമാ ക്കുന്നു. കുട്ടിക്കാലത്തു് അല്പമായി ലഭിച്ച മതബോധനം സാരമായ ഉൾക്കാഴ്ച പ്രദാനം ചെയ്തതായി അവർക്കു് ബോധ്യവുമില്ല. ഇന്നു് മുതിർന്ന തലമുറയുടെ പ്രധാന മതബോധന ഉപാധി ഞായറാഴ്ചക ളിലെ സുവിശേഷ പ്രഘോഷണങ്ങളാണു്. വേണ്ടത്ര ഒരുക്കം കൂടാ തെയും വായിക്കുന്ന സുവിശേഷ വാക്യങ്ങളിൽനിന്നു വ്യതിചലി ച്ചുകൊണ്ടുമുള്ള പ്രസംഗങ്ങൾ വേണ്ടത്ര ഫലപ്രദമാകുന്നില്ലെന്നു് സർവ്വേ വ്യക്തമാക്കുന്നു. മുതിർന്നവരുടെ മതബോധനരംഗം പ്രത്യേകം പരിഗണനാർഹമാണു്.

കത്തോലിക്കരുടെ ബൈബിൾജ്ഞാനം ഇനിയും വർദ്ധി ക്കേണ്ടിയിരിക്കുന്നു. ബൈബിൾ ക്ലാസ്സുകളും സെമിനാറുകളും മറ്റും വഴി ഈ കുറവു് പരിഹരിക്കുവാൻ കഴിയും. എങ്കിലും ബൈബി

ളിന്റെ നിർമ്മിതിയേയും ഘടനയേയും കുറിച്ചൊക്കെ ശ്രേഷ്ഠമായ അറിവ് ലഭിച്ചതുകൊണ്ട് മാത്രമായില്ല. ബൈബിൾ അനുസരിച്ച് ജീവിക്കാനുള്ള പ്രചോദനവും ജനങ്ങൾക്ക് കിട്ടണം.

സഭാംഗങ്ങൾക്കു് സഭാ പ്രവർത്തനങ്ങളിൽ സജീവമായ ഭാഗഭാഗിത്വം ഉണ്ടാവണം

സഭയെ വളർത്തുവാനുള്ള കടമ മെത്രാന്മാർക്കും വൈദികർക്കും മറ്റ് അർപ്പിത വ്യക്തികൾക്കും മാത്രമാണെന്ന തെറ്റിദ്ധാരണയാണ് ജനങ്ങൾക്കുള്ളതെന്ന് സർവ്വേ സൂചിപ്പിക്കുന്നു. ഈ തെറ്റിദ്ധാരണയുടെ ഭാഗികമായ ഉത്തരവാദിത്വമെങ്കിലും ആദ്ധ്യാത്മിക നേതൃത്വം കൊടുക്കുവാൻ കടപ്പെട്ടിരിക്കുന്ന മതാധികാരികൾക്കുണ്ട്. എല്ലാം സ്വയം ചെയ്താലേ ഭംഗിയാകൂ എന്ന മനഃസ്ഥിതിയാണ് പല വൈദികർക്കുമുള്ളതെന്ന് പല അത്മായരും പരാതിപ്പെടുന്നു. അത്മായർക്ക് സഭയിലുള്ള സ്ഥാനവും ഉത്തരവാദിത്വവും അംഗീകരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും, അവരുടെ സേവനങ്ങളെ സഭയുടെ ശ്രേയസ്സിനുവേണ്ടി പ്രയോജനപ്പെടുത്തുവാനും വൈദികർ കൂടുതൽ താത്പര്യം കാണിക്കണമെന്ന് അത്മായർ ആഗ്രഹിക്കുന്നു.

കഴിഞ്ഞ കാലങ്ങളിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പള്ളിയോഗങ്ങളും കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നുവെന്നു പറയപ്പെടുന്നു. ''ഇടവകയോഗം പള്ളിയുടെ ഭൗതികസ്വത്തുക്കളുടേയും ഇടവകയിലെ ക്രിസ്തീയ ജീവിതം മുഴുവൻറേയും മേലന്വേഷണം വഹിച്ചിരുന്നു... പരസ്യപാപം സംബന്ധിച്ച കേസ്സുകളും തീരുമാനിച്ചിരുന്നതും ഈ യോഗമാണ്'' (ഫാ. പൊടിപാറ, കേരളക്രിസ്ത്യാനികൾ–പേജ് 107). വൈദികരും അല്മായരും പരസ്പരം ആശ്രയിച്ചും സഹകരിച്ചും മെച്ചപ്പെട്ട സഹവർത്തിത്വ വഴി ക്രിസ്തുനാഥന്റെ ജീവിതത്തിനും ഉയർപ്പിനും സാക്ഷികളാകുവാനും ദൈവത്തിന്റെ സജീവമായ അസ്തിത്വത്തിന്റെ അടയാളമാകുവാനും ഉപകാരപ്രദമായവിധം പള്ളിയോഗങ്ങളുടേയും പാസ്റ്ററൽ കൗൺസിലുകളുടേയും പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

കൗദാശിക ജീവിതത്തിൽ സജീവ ഭാഗഭാഗിത്വം

രക്ഷാകര സംഭവങ്ങളായ കൂദാശകൾവഴി വേണം ക്രിസ്തുവുമായി ക്രിസ്ത്യാനികൾ ഐക്യം പുലർത്തുവാൻ. ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനങ്ങളുടെ തുടർച്ചയാണ് കൂദാശകൾ. ക്രൈസ്തവ

വർ ക്രിസ്തുവിന്റെ മരണവും ഉത്ഥാനവുമായി സംയോജിക്കപ്പെടുന്നതും ക്രമാശ സ്വീകരണത്തിൽ കൂടിയാണ്.

എന്നാൽ, ക്രമാശാപരികർമ്മരീതികളോട് അൽമായർക്ക് വലിയ താത്പര്യമില്ലെന്നാണ് സർവ്വേ സൂചിപ്പിക്കുന്നത്. ക്രമാശകളുടെ പരികർമ്മ രീതി ഇന്നു വേണ്ടത്ര ആകർഷകമല്ലെന്ന് അവർ പറയുന്നു. അതിനാൽ സ്ഥലകാലാനുസൃതമായി നമ്മുടെ ദൈവാരാധനയിൽ പരിഷ്ക്കാരങ്ങൾ വരുത്തണം. വത്തിക്കാൻ കൗൺസിൽ ഇതിനു നമ്മെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. ആവശ്യമായ വ്യതിയാനങ്ങളും അനുരൂപണങ്ങളും പ്രാവർത്തികമാക്കാൻ അധികം കാലതാമസം വരുത്തരുതു്. മതകർമ്മങ്ങളിൽ അൽമായർക്ക് സജീവഭാഗഭാഗിത്വത്തിനുതകുന്ന വിധം ലിറ്റർജി പരിഷ്ക്കരിക്കുവാൻ ബോധമുള്ളവരെ ചേർത്തു് കമ്മറ്റി പുനഃസംഘടിപ്പിക്കണം.

അനുരഞ്ജന ക്രമാശയാണ് എറ്റവുമധികം പരിചിന്തനവിഷയമാകേണ്ടതെന്ന് സർവ്വേ വ്യക്തമാക്കുന്നു. ഇന്നു നിലവിലുള്ള കുമ്പസാരരീതിയോട് പൊരുത്തപ്പെടുവാൻ പലരും വൈമുഖ്യം പ്രദർശിപ്പിക്കുന്നു. കണ്ണാകർണ്ണ കുമ്പസാരം പാശ്ചാത്യ സഭകളിലേപ്പോലെ നമ്മുടെ സഭയിൽ പ്രചരിച്ചിരുന്നില്ല എന്ന വസ്തുത കൂടി പരിഗണിച്ചുകൊണ്ട് അനുരഞ്ജന ക്രമാശ സ്വീകരണരീതിയിൽ പരിഷ്ക്കാരങ്ങൾ വരുത്തുവാൻ ചിന്തിക്കേണ്ടതാണ്. സഭാംഗങ്ങൾ ലിറ്റർജിയിൽ ബോധപൂർവ്വവും സജീവവും ഫലപ്രദവുമായി പങ്കെടുക്കുന്നതിന് പര്യാപ്തമായ മാറ്റങ്ങൾ സ്വീകരിക്കുവാൻ സഭാധികാരികൾ ശ്രദ്ധിക്കേണ്ടതാണെന്ന കൗൺസിൽ പ്രബോധനം സ്മരണീയമാണ് (ലിറ്റർജി. 4).

സഭയും അധികാരവും

മെത്രാന്മാരും വൈദികരും ചേർന്നുള്ള ശുശ്രൂഷകരെപ്പറ്റി ചില അല്പമായക്കെങ്കിലും പല ആക്ഷേപങ്ങളും തെറ്റിദ്ധാരണകളുമുണ്ടെന്നു സർവ്വേ വ്യക്തമാക്കുന്നു. ഉന്നതജീവിത നിലവാരം പുലർത്തുന്ന സഭാധികാരികൾ സാധാരണക്കാർക്ക് അപ്രാപ്യരായിട്ടാണ് അനുഭവപ്പെടുന്നതെന്നു ചിലർ പറയുന്നു. സ്വാർത്ഥതയും മുഖസ്തുതിയും അധികാരതൃഷ്ണയും അവരിൽ കാണപ്പെടുന്നു എന്നാണ് പ്രധാന പരാതി. ''സേവിക്കപ്പെടാതെ സേവിക്കുവാനായി വന്ന ക്രിസ്തുവിന്റെ അനുയായികളായി അവരെ കാണുവാനും സഭാംഗങ്ങൾക്ക് കഴിയുന്നില്ല. മെത്രാന്മാരുടെ സേവനകാലത്തിനു പരിധി

നിശ്ചയിക്കുന്നതും അവക്കു് ചിലപ്പോഴും രൂപമാറ്റം കൊടുക്കുന്നതും നന്നായിരിക്കുമെന്നു് അൽമായർ വിശ്വസിക്കുന്നു. ഒരാൾ തന്നെ ദീർഘകാലം ഒരേ സ്ഥാനത്തിരിക്കുന്നതു് പുരോഗതിക്കു് തടസ്സമായിട്ടാണു് അവർ കാണുന്നതു്.

സഭയെ നിശിതമായി വിമർശിക്കുമ്പോഴും തങ്ങൾകൂടി ഉൾപ്പെട്ടതാണു് സഭയെന്ന വസ്തുത പലരും വിസ്മരിക്കുന്നു. സഭയുടെ പോരായ്മകൾക്കു് തങ്ങളും ഉത്തരവാദികളാണെന്ന കാര്യം അവർ വിസ്മരിക്കുന്നു. കാരണം, സഭയുടെ ഐശ്വര്യം സഭാംഗങ്ങളുടെ ജീവിതത്തെ ആശ്രയിച്ചാണിരിക്കുന്നതു്. കുറ്റപ്പെടുത്തുന്നതിനു വേണ്ടി കഴമ്പില്ലാത്ത ആരോപണങ്ങളും ഒറ്റപ്പെട്ട സംഭവങ്ങളും അവർ എടുത്തുകാണിക്കുന്നു. സ്ഥാത്മക പ്രതിഭയുള്ള അത്മായരിൽ നിന്നു പോലും ക്രിയാത്മകമായ നിർദ്ദേശങ്ങൾ ചുരുക്കമായേ ലഭിക്കുന്നുള്ളൂ. നിഷേധാത്മകമായ അലസമനോഭാവം വെടിഞ്ഞു് ത്യാഗബുദ്ധിയോടെ ക്രൈസ്തവാനുഭവം പങ്കുവയ്ക്കുവാനായി അൽമായർ കർമ്മവേദിയിലേക്കിറങ്ങിയാലേ സഭയുടെ മുഖഭാവം ശോഭനമാവുകയുള്ളൂ.

മറ്റുള്ളവരിലുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുകയാവണം സേവനലക്ഷ്യം. ഉന്നതമായ ജീവിത വിശുദ്ധിയും സൗമ്യമായ പെരുമാറ്റവും വീരോചിതമായ ആദർശനിഷ്ഠയും പുലർത്തിക്കൊണ്ടു് താല്പര്യപൂർവ്വം ജനപ്രശ്നങ്ങളിൽ ഇടപെടുന്ന ശ്രുശ്രൂഷകർക്കു മാത്രമേ ജനഹൃദയങ്ങളിൽ പരിവർത്തനം വരുത്തുവാൻ സാധിക്കുകയുള്ളൂ എന്നു് പാഠം തെളിയിക്കുന്നു. അങ്ങനെയുള്ളവരുടെ നേതൃത്വം ജനങ്ങളഭിലഷിക്കുന്നുവെന്നു് സർവ്വേയിൽ നിന്നു വ്യക്തമാണുതാനും. സഭയുടെ വളർച്ചയ്ക്കു് വിലങ്ങുതടിയായി ഒരു നേതൃത്വപ്രതിസന്ധി ഇവിടെ നിലനിൽക്കുന്നതായി പലരും ചൂണ്ടിക്കാണിക്കുന്നു. കേരളസഭയ്ക്കു് ഇന്നു് ഒരു കൂട്ടായനേതൃത്വമുണ്ടോ എന്നു് പലരും സംശയിക്കുന്നു.

അല്മായരുടെ അലസത

സ്വന്തം കുറ്റങ്ങളേയും ബുദ്ധിമുട്ടുകളേയും പേരിൽ സഭയെ കുറ്റപ്പെടുത്തുന്ന പ്രവണത നമ്മുടെ കത്തോലിക്കരിലുണ്ടെന്ന വസ്തുത അത്മായർ സമ്മതിക്കുന്നു. ഈ ദൃഷ്യവശം ഇല്ലെന്നു പറയുന്നവരേക്കാൾ കുറച്ചൊക്കെയേയുള്ളൂ എന്നു പറയുന്നവരാണു് കൂടുതൽ. സഭയ്ക്കു് സേവനം ചെയ്യുകൊടുക്കുക എന്നതിനേക്കാൾ സഭയിൽനിന്നു് ആനുകൂല്യങ്ങൾ പ്രതീക്ഷിക്കുന്ന ചില അല്മായരുണ്ടു്. സഭയുടെ സാമ്പ

ത്തികഭരണകാര്യങ്ങളിൽ ഏർപ്പെട്ടാൽകൊള്ളാമെന്ന ആഗ്രഹ മാണ് പലക്കും ഉള്ളതു്. അതേസമയം കൗദാശിക കാര്യങ്ങളിൽ അത്രമാത്രം താല്പര്യം അവർ കാണിക്കുന്നില്ല.

സമ്പൂർണ്ണവിപ്ലവവും സമഗ്രവിമോചനവും

വ്യക്തികളോടൊന്നതിനേക്കാളും സ്ഥാപനങ്ങളോടാണ് സഭാനേതൃത്വത്തിനു് താല്പര്യമെന്ന ചിന്താഗതിയാണ് പല അല്മായർക്കുമുള്ളതു്. സ്ഥാപനങ്ങളോടുള്ള ഈ അമിത താല്പര്യം, വ്യക്തികളുടെ മേൽ സമൂഹവും ഇതരവ്യക്തികളും അടിച്ചേല്പിക്കുന്ന അനീതിക്കെതിരായി പോരാടുന്നതിൽ നിന്നു് കേരളസഭയെ പിന്തിരിപ്പിക്കുന്നില്ലേ എന്നു് ചിലർ സംശയിക്കുന്നു.

മനുഷ്യനാണ് ഭൂമിയിലുള്ളതിന്റെയെല്ലാം കേന്ദ്രവും മകുടവും. 'ഭൂമിയിലുള്ളതെല്ലാം മനുഷ്യോന്മുഖമായിരിക്കണം' എന്ന കൗൺസിൽ പ്രബോധനം നാമെല്ലാവരും മനസ്സിലാക്കണം (സഭ ആധുനിക ലോകത്തിൽ_12). മനുഷ്യന്റെ അന്തസ്സും ലക്ഷ്യവും ന്യായമായി അംഗീകരിക്കുകയും അംഗീകരിപ്പിക്കുകയും ചെയ്യുവാൻ സഭ സന്നദ്ധയാകണം. മനുഷ്യവ്യക്തികളുടെമേൽ സമുദായവും ഇതരവ്യക്തികളും അടിച്ചേല്പിക്കുന്ന മേൽക്കോയ്മ അവസാനിപ്പിക്കുവാൻ സഭാംഗങ്ങളും ഒറ്റക്കെട്ടായിനിന്നു സമരം ചെയ്യണം. എങ്കിൽ മാത്രമേ മനുഷ്യവത്ക്കരണ പ്രക്രിയയിൽ സഭയുടെ ദൗത്യം പൂർണ്ണമാവുകയുള്ളൂ.

സഭയോടൊത്തുനിലയ്ക്കുവാൻ ആഗ്രഹിക്കുന്ന കേരളകത്തോലിക്കരുടെ വിചാരവികാരപ്രകടനമാണ് ഇവിടെ ചൂണ്ടിക്കാണിച്ചതു്. തങ്ങളും ഉൾപ്പെട്ട സഭ മെച്ചപ്പെട്ട നിലവാരം പുലർത്തണമെന്നു് ആഗ്രഹിക്കുന്നവരുടെ ആത്മാർത്ഥമായ നിർദ്ദേശങ്ങളായി വേണം അവയെ കാണുവാൻ. ആദ്യശതകത്തിൽ വിനീതമായാരംഭിച്ച സഭ, ഏതാനും ദശാബ്ദങ്ങൾകൊണ്ടു് അഭിമാനാർഹമായ വളർച്ചകൈവരിച്ചതു് സഭാംഗങ്ങളുടെ നിർലോഭമായ സഹകരണവും ആത്മാർത്ഥമായ അർപ്പണമനഃസ്ഥിതിയുംകൊണ്ടാണ്. ആദിമ സഭയുടെ ആ ചൈതന്യം ആധുനികസഭയ്ക്കുമുണ്ടാകട്ടെ.

3 സഭാധികാരികൾ

നൂറ്റാണ്ടുകളായി സഭാമണ്ഡലത്തിൽ കോളിളക്കം സൃഷ്ടിച്ചു കൊണ്ടിരുന്ന ഒരു വിവാദവിഷയമായിരുന്നു 'സഭയിലെ അധികാരം'. 1520-ൽ മാർട്ടിൻ ലൂതർ പ്രോട്ടസ്റ്റൻറ് വിപ്ലവത്തിൻറെ വിത്തുവിതച്ചതോടെ ക്രിസ്തുസഭയുടെ അധികാരം ഒരു ചോദ്യചിഹ്നമായി. സഭാനവീകരണത്തെപ്പറ്റി നൂതനാദ്ധ്യായങ്ങൾ എഴുതിച്ചേർത്ത രണ്ടാംവത്തിക്കാൻ കൗൺസിലിലും സഭാധികാരം പ്രത്യേകം ചർച്ചാവിഷയമായി. അധികാരനിഷേധമല്ല ഇതിനു പ്രേരണ നല്കിയതു്, പ്രത്യുത, സഭാധികാരത്തെ വിലയിരുത്തുവാനുള്ള സഭാസന്താനങ്ങളുടെ ആത്മാർത്ഥമായ ആഗ്രഹമാണു് കൗൺസിൽ പിതാക്കന്മാരെ ഇതിനു പ്രേരിപ്പിച്ചതു്. അങ്ങനെ മുൻകാലങ്ങളിൽ പരസ്യമായ ചർച്ചകൾക്കു് വിഷയമാകാതിരുന്ന സഭാധികാരം, ചർച്ചയ്ക്കും വിലയിരുത്തലിനും വിമർശനത്തിനും വിധേയമായി.

രണ്ടു ലക്ഷ്യങ്ങളാണു് ഈ ചെറുലേഖനത്തിനുള്ളതു്. ഒന്നാമതായി, കത്തോലിക്കാസഭയിലെ, പ്രത്യേകിച്ചു്, ഭാരതകത്തോലിക്കാസഭയിലെ, അധികാരത്തിൻറെ സ്വഭാവം പ്രയോഗത്തിൽ എപ്രകാരമുള്ളതാണെന്നു് കണ്ടുപിടിക്കുക. രണ്ടാമതായി, സഭാധികാരികളുടെ പ്രവർത്തനങ്ങൾക്കു് പ്രചോദനം നല്കുന്ന ചൈതന്യമെന്തെന്നു് വിലയിരുത്തുക; അവയുടെ അടിസ്ഥാനത്തിൽ ഭാവിയിലേക്കുവേണ്ട ചില മാർഗ്ഗനിർദ്ദേശങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയും ചെയ്യുക.

യേശുവിൻറെ അധികാരം– ഉറവിടം

ഗ്രീക്കുപുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന 'എക്സൂസിയ' (Exousia) എന്ന ഗ്രീക്കുപദത്തിനു് അധികാരം, അവകാശം, സ്വാതന്ത്ര്യം, കഴിവു്, അർഹത എന്നൊക്കെ അർത്ഥമുണ്ടു്; ഇതു ദൈവികദൗത്യത്തേയും അധികാരപ്പെടുത്തലിനേയും സൂചിപ്പിക്കുന്നു. യേശുക്രിസ്തുവിൻറെ അധികാരത്തെപ്പറ്റി പരാമർശിക്കുന്ന സുവിശേഷഭാഗങ്ങളിലെല്ലാം ഈ ദൈവിക സ്വഭാവം വ്യക്തമാണു്.

അവിടത്തെ അധികാരത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്ന നിരവധി വാക്യങ്ങൾ വിശുദ്ധഗ്രന്ഥത്തിലുടനീളം കാണാം.

പിതൃദത്തമാണ് യേശുവിന്റെ അധികാരം. ''സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സർവ്വ അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു'' (മത്തായി 28: 18). ''ആരും എന്റെ ജീവൻ എന്നിൽ നിന്ന് എടുക്കുകയല്ല, ഞാനതു സ്വമനസ്സാലെ അർപ്പിക്കുകയാണ്. അതർപ്പിക്കുന്നതിന് എനിക്കധികാരമുണ്ട്. ഇതു എനിക്കു പിതാവിൽ നിന്നും കിട്ടിയിട്ടുള്ള കല്പനയാകുന്നു'' (യോഹ. 10:8). എല്ലാ അധികാരത്തിന്റേയും ഉറവിടം പിതാവായ ദൈവമാണെന്നു വ്യക്തമാക്കുന്ന ഒരു സംഭവമാണ് പീലാത്തോസിന്റെ മുമ്പിൽ വച്ചു നടക്കുന്നതു. പീലാത്തോസ് ഈശോയോടു ചോദിച്ചു' ''...താങ്കളെ ക്രൂശിക്കാനും വിട്ടയക്കാനുമുള്ള അധികാരം എനിക്കുണ്ടെന്നു അറിഞ്ഞുകൂടേ?'' ഉടനെ ഈശോ മറുപടി പറഞ്ഞു: ''ഉന്നതത്തിൽനിന്നു നല്കപ്പെട്ടില്ലായിരുന്നെങ്കിൽ താങ്കൾക്കു എന്റെമേൽ യാതൊരധികാരവും ഉണ്ടാകുകയില്ലായിരുന്നു...'' (യോഹ. 18: 10_11). യേശുവിന്റെ അധികാരത്തിനു സാധുത നല്കുന്നതു, പിതാവിന്റെ ഇഷ്ടത്തിനുള്ള യേശുവിന്റെ പരിപൂർണ്ണസ്വയസമർപ്പണമാണ്. ''എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമാണ് ഞാൻ അന്വേഷിക്കുന്നതു'' (യോഹ. 5: 30).

സഭയിലെ അധികാരം

ക്രിസ്തുവിൽ നിന്നും സഭയ്ക്കു ലഭിച്ചിരിക്കുന്ന അധികാരത്തിന്റെ സ്രോതസ്സും പിതാവായ ദൈവമാണ്. ''പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു'' (യോഹ. 20: 21). പിതാവിൽനിന്നും തനിക്കു ലഭിച്ച അതേ അധികാരം തന്നെയാണ് അവിടന്ന് സഭയെ ഏല്പിച്ചിരിക്കുന്നതു. അധികാരം അതിന്റെ പൂർണ്ണതയിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതു ക്രിസ്തുവിൽ മാത്രമാണ്. പ്രസ്തുത അധികാരം ഇന്നു സഭയിലൂടെ തുടരുകയാണ്. അതിനാൽ സഭയിലെ അധികാരം യേശുവിന്റെ മാതൃകയുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു.

യേശുവിന്റെ മാതൃക

യേശുവിന്റെ അധികാരത്തിന്റെ സ്വഭാവം വ്യക്തമാക്കുന്ന ഒരു സംഭവം സമാനസ്വഭാവവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ. 20: 20_28; മർക്കോ. 10: 35_45; ലൂക്ക 22: 24_27).

സ്വന്തം മക്കൾ അധികാരസ്ഥാനങ്ങളിൽ എത്തിച്ചേരണമെന്നതു് എല്ലാ അമ്മമാരുടേയും സ്വാഭാവികമായ ആഗ്രഹമാണു്. സെബദീ പുത്രന്മാരുടെ അമ്മയ്ക്കു് അതു തോന്നി. ക്രിസ്തുനാഥനെ സമീപിച്ചു് പ്രണമിച്ചുകൊണ്ടു് അവൾ അഭ്യർത്ഥിച്ചു: ''അങ്ങയുടെ രാജ്യത്തു് എന്റെ ഈ രണ്ടു പുത്രന്മാരിൽ ഒരാൾ അങ്ങയുടെ വലത്തു വശത്തും അപരൻ അങ്ങയുടെ ഇടത്തു വശത്തും ഉപവിഷ്ടരാകുവാൻ കല്പിക്കണമേ''. ഈ സംഭവം മറ്റു പത്തു ശിഷ്യന്മാരുടെയിടയിൽ അമർഷമുളവാക്കി. അവസരം പാഴാക്കാതെ യേശു അവർക്കു് താക്കീതു് നല്കി: ''വിജാതീയരുടെ ഭരണാധികാരികൾ അവരുടെമേൽ സ്വേച്ഛാപ്രഭുത്വം നടത്തുന്നെന്നും, അവരുടെ പ്രമാണിമാർ താണവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ നിങ്ങളുടെയിടയിൽ അങ്ങനെയാവരുതു്. നിങ്ങളിൽ പ്രമുഖനാകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷിയാകണം. നിങ്ങളിൽ ഒന്നാമനാകുവാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ദാസനായിരിക്കണം. മനുഷ്യപുത്രൻ സേവിക്കപ്പെടുവാനല്ല പ്രത്യുത, സേവനമനുഷ്ഠിക്കാനും, അനേകർക്കുവേണ്ടി സ്വജീവൻ അർപ്പിക്കുവാനുമാണു് വന്നിരിക്കുന്നതു്''.

രാഷ്ട്രീയാധികാരികളുടെ സ്വേച്ഛാപ്രഭുത്വമല്ല ക്രിസ്തു വിവക്ഷിക്കുന്ന അധികാരം. മനുഷ്യസ്വാതന്ത്ര്യത്തെ അടിച്ചമർത്തി സ്വന്തം സുഖത്തിനും സ്വാർത്ഥലാഭത്തിനുംവേണ്ടി അധികാരവിനിയോഗം നടത്തുന്നവർക്കു് യേശുവിന്റെ പ്രസ്താവന വലിയൊരു തിരിച്ചടിയാണു്. 'നിങ്ങൾ അങ്ങനെയാവരുതു്' എന്നു് അവിടുന്നു് മുന്നറിയിപ്പു് നല്കുന്നു. വി. പത്രോസ് ഇക്കാര്യം അനുസ്മരിപ്പിച്ചുകൊണ്ടു് ആദിമക്രൈസ്തവനേതാക്കന്മാരെ ഉപദേശിക്കുന്നതിപ്രകാരമാണു്: ''നിങ്ങൾക്കു് ഏല്പിക്കപ്പെട്ടിരിക്കുന്നതും ദൈവത്തിന്റേതുമായ അജഗണത്തെ മേയിക്കുവിൻ. അതു്, ബലപ്രയോഗംകൊണ്ടായിരിക്കരുതു്; പൂർണ്ണസമ്മതത്തോടെ ആയിരിക്കണം; നീചലാഭം ഉദ്ദേശിക്കാതെ, ദൈവഹിതത്തിനൊത്തവിധവും ഉത്സാഹത്തോടും, അജഗണത്തിന്റെമേൽ അധികാരം ചെലുത്തുന്നവരെപ്പോലെയല്ല, മറിച്ചു്, അവർക്കു് സന്മാതൃകയായാകത്തക്കവിധവും, ഇടയന്മാരുടെ ശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ കിരീടം പ്രാപിക്കത്തക്കവിധവും ആയിരിക്കണം'' (I പത്രോ. 5: 1–4).

ഒന്നാമനാകുവാൻ ആഗ്രഹിക്കുന്നവനു് സേവകന്റേയും ദാസന്റേയും സ്ഥാനമാണു് യേശുനല്കുന്നതു്. നിസ്വാർത്ഥമായ സേവനമാണു് അധികാരിയുടെ മുഖമുദ്ര. സ്വന്തകാര്യമല്ല, സമൂഹ

ത്തിന്റെ കാര്യമാണു് പ്രശ്നം. ദൈവത്തിനും ദൈവജനത്തിനും വേണ്ടി സ്വയം സമർപ്പിച്ചുകൊണ്ടുള്ള ജീവിതം– അതാണു് സഭയിലെ അധികാരത്തിന്റെ പ്രത്യേകത.

സ്വന്തം ജീവിതത്തിലേക്കു തന്നെ യേശു നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയാണു്: ''മനുഷ്യപുത്രൻ സേവിക്കപ്പെടുവാനല്ല, സേവനം ചെയ്വാനും അന്യർക്കുവേണ്ടി ജീവൻ അർപ്പിക്കുവാനുമാണു് വന്നതു്''. ഈദൗത്യം അതിന്റെ പൂർണ്ണതയിൽ അനാവർത്തമാക്കുകയാണവിടുന്നു്– കുരിശിൽ സ്വയം ഹോമിക്കുന്നതിനു മുമ്പു് തന്റെ അനുയായികളുടെ കാലുകളും കഴുകിക്കൊണ്ടു്, അധികാരവും സേവനവും തമ്മിലുള്ള അവിഭക്തബന്ധത്തിന്റെ അന്തരാർത്ഥം വ്യക്തമാക്കുന്നു. ''നിങ്ങളുടെ ഗുരുവും കർത്താവുമായ ഞാൻ നിങ്ങളുടെ പാദങ്ങളും കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങളും കഴുകേണ്ടതാണു്. ഞാൻ നിങ്ങൾക്കു് ഒരു മാതൃക നല്കിയിരിക്കുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതു പോലെ നിങ്ങളും പരസ്പരം ചെയ്യണം'' (യോഹ. 13: 14– 15). കുരിശുമരണത്തിന്റെ പശ്ചാത്തലത്തിൽ പാദക്ഷാളനത്തിനു് പ്രതീകാത്മകമായ അർത്ഥമാണുള്ളതു്. യേശുവിന്റെ രക്ഷാകരമായ മരണത്തിന്റെ പ്രതീകമാണതു്. ഈ സംഭവം പൂർത്തിയാക്കപ്പെടുന്നതും കുരിശുമരണത്തിലാണു്.

സ്നേഹപൂർവകമായ സേവനം

എല്ലാ അധികാരത്തിനേറെയും പൂർണ്ണതയായ യേശു നമ്മുടെ ഗുരുവും കർത്താവുമാണു്. എല്ലാവരുടേയും ദാസനും സേവകനുമാണവിടുന്നു്; എല്ലാവർക്കും എല്ലാമാണു്. ഈ ദൗത്യം തന്നെയാണു് അവിടുന്നു് തന്റെ അനുയായികൾക്കും നല്കിയതു്. ലൗകികമായ പ്രതാപവും പ്രൗഢിയുമല്ല ക്രിസ്തുവിന്റെ പ്രതിനിധികൾക്കു വേണ്ടതു്. ക്രിസ്തുവിന്റെ സ്നേഹം സ്വായത്തമാക്കി ക്രൈസ്തവമായൊരു വ്യക്തിത്വത്തിൽ നിന്നും ഉരുത്തിരിയുന്ന സ്നേഹപൂർവ്വകമായ സേവനമാണു് അവരിൽ നിന്നു് ലോകർ പ്രതീക്ഷിക്കുന്നതു്. സ്നേഹമെന്ന നിയമം വഴി മനുഷ്യരെല്ലാവരും ഒന്നായിത്തീരുന്നു. ഈ ബന്ധം പരിപോഷിപ്പിക്കുകയാണു് സഭാധികാരത്തിന്റെ ചുമതല. മാനവകുലത്തെ സേവിക്കുന്നവരെന്ന നിലയിൽ സഭാനേതാക്കന്മാർ സ്നേഹവും ഐക്യവും ശക്തിപ്പെടുത്തണം. സ്നേഹമാണു് സഭയുടെ അടിസ്ഥാനം. സ്നേഹം പരാജയപ്പെടുന്നിടത്തു് നിയമത്തെ പ്രതിഷ്ഠിക്കുവാൻ സാധിക്കുകയില്ല (John L.

McKenzie· S· J, Authority in the Church, 1966· P. 116). നിയമങ്ങളുടെ സമാഹാരമല്ല സുവിശേഷം, സ്നേഹത്തിന്റെ സദ്വാർത്തയാണത്.

''ഒരു പുതിയ നിയമം നിങ്ങൾക്കു ഞാൻ തരുന്നു; നിങ്ങൾ പരസ്പരം സ്നേഹിക്കുക. നിങ്ങളുടെ സ്നേഹംമൂലം നിങ്ങൾ എന്റെ ശിഷ്യരാണെന്നു എല്ലാവരും അറിയും'' (യോഹ. 13:34–35). പ്രസ്തുതസ്നേഹത്തിന്റെ ശുശ്രൂഷകരാണു, സഭാധികാരികൾ. ''ദൈവികസത്യങ്ങളുടെ പ്രബോധകരും ദൈവാരാധനയിലെ പുരോഹിതരും ഭരണാധികാരികളുമെന്ന നിലയിൽ, തങ്ങൾ (മെത്രാന്മാർ) ഇടയന്മാരായിരിക്കുന്ന അജഗണത്തിന്റെ മേൽ ദൈവത്തിന്റെ സ്ഥാനത്തു, അദ്ധ്യക്ഷം വഹിച്ചുകൊണ്ടു, വൈദികരും ഡീക്കന്മാരുമായ സഹപ്രവർത്തകരോടുകൂടി, സമൂഹത്തെ സേവിക്കുന്ന ജോലി മെത്രാന്മാർ ഏറ്റെടുത്തിരിക്കുന്നു'' (രണ്ടാം വത്തിക്കാൻ കൗൺസിൽ, ''തിരുസഭ'' 20). സഭാധികാരികളുടെ ദൗത്യമെന്തെന്നു കൗൺസിൽ പിതാക്കന്മാർ നിർവ്വചിക്കുന്നുണ്ടു: ''ക്രിസ്തുവിന്റെ വികാരിമാരും സ്ഥാനപതികളുമെന്ന നിലയിൽ ഉപദേശം ഉദ്ബോധനം, മാതൃക എന്നിവയ്ക്കു പുറമേ, തങ്ങളുടെ അധികാരവും ദിവ്യവരങ്ങളും വഴി, തങ്ങളെ ഏല്പിച്ചിരിക്കുന്ന പ്രാദേശിക സഭയെഭരിക്കുന്ന മെത്രാന്മാർ വലിയവൻ ചെറിയവനെപ്പോലെയും ഉടയവൻ ദാസനെപ്പോലെയുമായിത്തീരുന്നമെന്നുള്ള(ലൂക്കാ. 22: 26–27) ദിവ്യോപദേശങ്ങളും സ്മൃതിപഥത്തിൽ വച്ചുകൊണ്ടു പരിശുദ്ധാധികാരം പ്രയോഗിക്കുന്നതു തങ്ങളുടെ അജഗണത്തെ സത്യത്തിലും വിശുദ്ധിയിലും ഉത്തേജിപ്പിക്കാൻ മാത്രമായിരിക്കണം... സ്വകുടുംബം ഭരിക്കാൻവേണ്ടി കുടുംബപിതാവു മെത്രാനെ അയച്ചിരിക്കുകയാൽ ശുശ്രൂഷിക്കപ്പെടുന്നതിനു പകരം ശുശ്രൂഷിക്കാനും (മത്താ.20: 28; മാക്കോ. 10:45) സ്വന്തം ആടുകൾക്കു വേണ്ടി ജീവൻഹോമിക്കാനും വന്ന (യോഹ. 10:11) നല്ല ഇടയന്റെ മാതൃക മായാതെ അവരുടെ കൺമുമ്പിലുണ്ടായിരിക്കണം'' (തിരുസഭ no.27). മെത്രാന്മാരുടെ ദൗത്യത്തെക്കുറിച്ചുള്ള കൗൺസിലിന്റെ തത്ത്വങ്ങൾ തികച്ചും ബൈബിളധിഷ്ഠിതമാണു. പ്രബോധനധർമ്മം, അജപാലനധർമ്മം, പവിത്രീകരണധർമ്മം എന്നിവ വഴി അജഗണത്തിന്റെ അഭ്യുന്നതിക്കു വേണ്ടി അവിരാമം അവർ സ്വയം ഹോമിക്കുകയാണു വേണ്ടതു.

മെത്രാൻ ഭരമേല്ക്കുന്ന ദൗത്യം ഓരോ പ്രാദേശികസമൂഹത്തിലും പ്രകടമാകേണ്ടതു പുരോഹിതരിലൂടെയാണു. ''... മെത്രാന്റെ പൗരോഹിത്യത്തിലും ദൗത്യത്തിലും പങ്കുകാരെന്ന നിലയിൽ

സ്വന്തം പിതാവിനെപ്പോലെ വൈദികർ ആത്മാർത്ഥമായി മെത്രാന്മാരെ പരിഗണിക്കുകയും ബഹുമാനപുരസ്സരം അനുസരിക്കുകയും വേണം. അതേസമയം മെത്രാന്മാർ തങ്ങളുടെ സഹപ്രവർത്തകരായ വൈദികരെ മക്കളും സ്നേഹിതരുമായി പരിഗണിച്ചേ മതിയാകൂ. ഇതു് ക്രിസ്തുവിന്റെ മാതൃകയുമാണു്. അവിടുന്നു് സ്വശിഷ്യന്മാരെ വേലക്കാരെന്നല്ല സ്നേഹിതന്മാരെന്നാണു് സംബോധന ചെയ്യുന്നതു് (യോഹ.15: 15)'' (തിരുസഭ.28). 'പുരോഹിതൻ' എന്ന വാക്കിന്റെ വാച്യാർത്ഥം 'പുരോഭാഗത്തു്', അതായതു്, മുമ്പിൽ നിറുത്തപ്പെട്ടവൻ,എന്നാണു്. പ്രൗഢിയിലും പ്രതാപത്തിലുമല്ല, ധനത്തിലും സമ്പത്തിലുമല്ല, പിന്നെയോ സ്നേഹ–സേവന–വചന– കൃദാശാശ്രൂഷകളിലൂടെ ക്രൈസ്തവസമൂഹത്തെ ഒന്നിച്ചു ചേർത്തു് സമ്പൂർണ്ണവിമോചനത്തിലേയ്ക്കു് നയിക്കുകയാണു് പൗരോഹിത്യദൗത്യം. ശൂന്യവത്കരണത്തിലൂടെ സേവനമനുഷ്ഠിച്ചുകൊണ്ടാണു് ഈ ദൗത്യം നിർവ്വഹിക്കേണ്ടതു്.

സഭാധികാരം ഇന്നു്

നൂറ്റാണ്ടുകളിലൂടെ സഭയിലെ അധികാരം വിവിധവികാസപരിണാമദശകളെ പിന്നിട്ടു. അവയെ ചരിത്രത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യാൻ ലേഖനപരിമിതി അനുവദിക്കുന്നില്ല. കേരളത്തിലെ കത്തോലിക്കാ സഭാധികാരികളുടെ പ്രവർത്തനങ്ങളെക്കുറിച്ചു് ജനങ്ങൾക്കുള്ള അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ചില യാഥാർത്ഥ്യങ്ങളിലേക്കു് വെളിച്ചം വീശുവാൻ മാത്രമേ ഇവിടെ ഉദ്ദേശിക്കുന്നുള്ളൂ.

ഹെൻറി ബെർഗ്സൺ Two Sources of Morality എന്ന പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ടു്: ''Democracy is evangelical in essence and its motive power is love''. (ജനാധിപത്യം യഥാർത്ഥത്തിൽ സുവിശേഷപരമാണു്. അതിന്റെ ചലനാത്മകശക്തി സ്നേഹവും). ദൈവത്തിന്റെ പിതൃത്വത്തിലും സഭാംഗങ്ങളുടെ സാഹോദര്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ദൈവാധിപത്യപ്രത്യയ ശാസ്ത്രമാണു് യേശു വിഭാവനം ചെയ്യുന്നതു്. വിശ്വാസികളുടെ സമൂഹമായ സഭയിൽ മനുഷ്യരെന്നനിലയിൽ എല്ലാവരും തുല്യരാണു്.

ഞങ്ങൾ നടത്തിയ സർവ്വേയിലെ ഒരു ചോദ്യം ഇവിടെ വളരെ പ്രസക്തമാണു്. ''കേരളത്തിലെ കത്തോലിക്കാമെത്രാന്മാർ നിങ്ങൾക്കു് അഭിഗമ്യർ ആണോ?''

അഭിഗമ്യർ ആണു് — 48.630 %
അഭിഗമ്യർ അല്ല — 13.609 ,,
കുറെയൊക്കെ — 35.933 ,,

മെത്രാന്മാരെക്കുറിച്ചു് ജനങ്ങൾക്കുള്ള ഈ അഭിപ്രായം ആശാവഹം തന്നെ. പക്ഷേ, ജനങ്ങളുമായി എത്രമാത്രം വ്യക്തിപരമായി ബന്ധം പുലർത്തുവാൻ മെത്രാന്മാർക്കു സാധിക്കുന്നുവെന്നതു് ചിന്താർഹമാണു്. സാധാരണ ജനങ്ങളിൽ നിന്നും വിദൂരസ്ഥനും വ്യതിരിക്തനുമായ ഒരു വലിയ മനുഷ്യനായിട്ടാണോ ജനങ്ങൾ ഇന്നും മെത്രാനെ വീക്ഷിക്കുന്നതു്? ഇടവകയിൽ ഔദ്യോഗികസന്ദർശനത്തിനോ അല്ലാതെയോ വരുന്ന മെത്രാനു് തന്റെ ജനങ്ങളുമായി വ്യക്തിപരമായി ഇടപെടാനും അവരുടെ പ്രശ്നങ്ങൾ ശ്രവിക്കാനും സൗകര്യം കിട്ടുന്നുണ്ടോ? ആഡംബരമായ ഔദ്യോഗിക ഇടവകസന്ദർശനങ്ങൾക്കു പുറമേ അനൗദ്യോഗികമായി ഇടയ്ക്കിടക്കു് മെത്രാൻ ഇടവകകൾ സന്ദർശിക്കുന്നതു നന്നായിരിക്കും. ആദ്ധ്യാത്മികപിതാവെന്ന നിലയിൽ ജനങ്ങളെ അറിയണമെങ്കിൽ വ്യക്തിപരമായ ബന്ധം ആവശ്യമാണു്. അതിനാൽ ഇടവക സന്ദർശനവേളയിൽ മെത്രാന്മാരെക്കണ്ടു് സംസാരിക്കാൻ ഇടവക ജനങ്ങൾക്കു കൂടുതൽ സമയം ലഭിക്കുന്നതു നന്നായിരിക്കും.

സർവ്വേയുടെ അടിസ്ഥാനത്തിൽ:

49.588 ശതമാനം ആളുകളുടെ അഭിപ്രായത്തിൽ മെത്രാന്മാർ ആദ്ധ്യാത്മിക പിതാക്കന്മാരാണു്.

37.759 ശതമാനം— സഭാധികാരികളും
11.789 ,, രാജകീയ പ്രൗഢിയുള്ളവരാണു്
9.377 ,, വലിയവരുടെ പക്ഷപാതികളും
8.215 ,, സാമൂഹ്യപ്രവർത്തകർ

ഭൂരിപക്ഷം ആളുകളും മെത്രാന്മാരിൽ ആദ്ധ്യാത്മിക പിതാവിനെയല്ല ദർശിക്കുന്നതു്. വികലവീക്ഷണമാകാം ഇതിനു കാരണം. ഏതായാലും, ചില പ്രശ്നങ്ങൾ സർവ്വേയിൽ നിന്നു വ്യക്തമാണു്. 65.869 ശതമാനം ആളുകളുടെ അഭിപ്രായത്തിൽ സഭാധികാരികൾക്കു് സമുദായത്തിലെ ഉയർന്നവരോടാണു് കൂടുതൽ പ്രതിപത്തി. എന്നാൽ, 23.360 ശതമാനം പേർ ഈ അഭിപ്രായത്തോടു് യോജിക്കുന്നില്ല. പ്രതിപത്തികൊണ്ടു് മാത്രം പരാതി അവസാനിക്കുന്നില്ല. 51.038 ശതമാനം ആളുകൾ പറയുന്നു, മെത്രാന്മാരുടേയും വൈദിക

രുടേയും ജീവിതനിലവാരം 'സാധാരക്കാരുടേതിൽനിന്നും ഉയർന്നതാണു്;' 'സാധാരണക്കാരുടേതു തന്നെ' എന്നഭിപ്രായപ്പെട്ടവർ 29. 378 ശതമാനം മാത്രം; സാധാരണക്കാരുടേതിൽ നിന്നും താഴെയാണെന്ന അഭിപ്രായക്കാർ 7. 388 ശതമാനം. ജനങ്ങളുടെ ഈ അഭിപ്രായപ്രകടനങ്ങളും നമ്മെ ചിന്തിപ്പിക്കണം.

ജനങ്ങളുടെ പ്രതീക്ഷ

കത്തോലിക്കാവൈദികരെക്കുറിച്ചു് ജനങ്ങൾക്കുള്ള പ്രതീക്ഷ വളരെ ശ്രദ്ധേയമാണു്. ''കത്തോലിക്കാ വൈദികൻ നിങ്ങൾക്കു് ആരായിരിക്കണം?'' എന്ന ചോദ്യത്തിനു് 71.243 ശതമാനം ആളുകളും ''ആദ്ധ്യാത്മിക പിതാവു്'' എന്നെഴുതി.

13 . 199 %	പേർ–	നേതാവു്
13 . 779 ,,	–	സുഹൃത്തു്
19 . 838 ,,	–	സഹോദരൻ

മറെറാരു ചോദ്യത്തിൻെറ ഉത്തരവും ഇവിടെ പരിഗണനീയമാണു്. വൈദികൻെറ പ്രവർത്തനമണ്ഡലത്തെപ്പറ്റിയാണു ചോദ്യം. 32 . 288 ശതമാനം പേർ ''ആദ്ധ്യാത്മിക കാര്യങ്ങളിൽമാത്രം വൈദികർ ഇടപെട്ടാൽ മതി'' എന്നു് എഴുതി. 67 . 889 ശതമാനം പേർ ''ജനങ്ങളുടെ ഭൗതിക പ്രശ്നങ്ങളിലും ഇടപെടണം''. എന്നും. ഈ അഭിപ്രായങ്ങളിൽ നിന്നും മനസ്സിലാക്കാവുന്ന ഒരു കാര്യമുണ്ടു്. അതായതു്, വൈദികൻ ജനങ്ങളുടെ ഭൗതികപ്രശ്നങ്ങളിലും താല്പര്യമുള്ള ഒരു ആദ്ധ്യാത്മിക പിതാവായിരിക്കണം. മനുഷ്യൻെറ സമഗ്രമായ വിമോചനം ലക്ഷ്യമാക്കി വൈദികർ പ്രവർത്തിക്കണമെന്നാണു് ജനങ്ങൾ ആഗ്രഹിക്കുന്നതു്. ആദ്ധ്യാത്മികം, ഭൗതികം എന്നിങ്ങനെ മനുഷ്യൻെറ പ്രശ്നങ്ങളെ വേർതിരിച്ചു മാറിനിറുത്താതെ, അവനെ സ്പർശിക്കുന്ന എല്ലാക്കാര്യങ്ങളിലും വൈദികൻ പ്രവർത്തിക്കുവാൻ തത്പരനാകുന്നതു് അഭികാമ്യമാണു്.

സഭാസ്ഥാപനങ്ങൾ

സഭാസ്ഥാപനങ്ങളുടെയെല്ലാം മേൽനോട്ടം മുഖ്യമായും നടത്തുന്നതു് വൈദികരും കന്യാസ്ത്രീകളുമാണു്. സഭയുടെ സ്ഥാപനങ്ങളുടെ കാര്യങ്ങളിൽ അത്മായർ പൊതുവേ നിഷ്ക്രിയരാണു്. അതിനാൽ, സഭാസ്ഥാപനങ്ങളുടെ നടത്തിപ്പിൽ അത്മായർക്കു് കൂടുതൽ

പ്രാതിനിധ്യം കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതു നന്നായിരിക്കും. നമ്മുടെ സ്കൂളുകളും, കോളെജുകളും, ആശുപത്രികളും, അനാഥശാലകളും, പ്രസ്സുകളും തുടങ്ങിയവയുടെ വരവുചിലവു കണക്കുകളും പൊതുജനങ്ങളെ അറിയിക്കുന്നതും അഭികാമ്യമാണെന്നു തോന്നുന്നു. സഭാസ്ഥാപനങ്ങളുടെ നിയന്ത്രണത്തെക്കുറിച്ചു പൊതുജനങ്ങൾക്കു എന്തെങ്കിലും തെറ്റിദ്ധാരണകളുണ്ടെങ്കിൽ അവ നീക്കം ചെയ്യുന്നതിനു ഇതു സഹായിക്കും. സ്ഥാപനങ്ങളുടെ നടത്തിപ്പിൽ പാകപ്പിഴകളുണ്ടെങ്കിൽ അവ കണ്ടുപിടിച്ചു തിരുത്തുന്നതിനു 'ഓഡിറ്റിങ്ങും' പരിശോധനകളും സഹായകരമാകും.

തൊഴിലില്ലായ്മ രൂക്ഷമായിരിക്കുകയാണിന്നു. തൊഴിലില്ലായ്മയുടെ ഗൗരവം മനസ്സിലാക്കി നമ്മുടെ സ്ഥാപനങ്ങളിലും മറ്റുരംഗങ്ങളിലും അത്മായക്കു കൂടുതൽ തൊഴിൽ സാധ്യതകളും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വൈദികർക്കും കന്യാസ്ത്രീകൾക്കും വേറെ പ്രവർത്തനമണ്ഡലങ്ങളും ഉണ്ടെന്നും അതിനാൽ സഭാസ്ഥാപനങ്ങളിൽ അൽമായർക്കു കൂടുതൽ ജോലി കിട്ടണമെന്നുമാണു ചില അൽമായരുടെ വാദം.

വസ്ത്രധാരണം

സഭയിൽ കന്യാസ്ത്രീകളുടേയും വൈദികരുടേയും പ്രത്യേക സ്ഥാനത്തിനു സഹായകമായ ചില ഘടകങ്ങളിലൊന്നാണു അവരുടെ വേഷവും വസ്ത്രധാരണരീതിയും. വൈദികരെ സംബന്ധിച്ചിടത്തോളം 'ളോഹ' തന്നെ വേണമെന്നാണു 54.778 ശതമാനം ആളുകളും അഭിപ്രായപ്പെട്ടതു. 38.178 ശതമാനം ആളുകളുടെ അഭിപ്രായത്തിൽ വൈദികരെ തിരിച്ചറിയുവാനുള്ള മറ്റേതെങ്കിലും വേഷമായാലും മതി. അത്മായവേഷംതന്നെ മതിയെന്നു പറയുന്നവർ 6.889% ആണു. 60 വയസ്സിനു മുകളിലുള്ളവരിൽ 73.688%പേരും, വൈദികർ ളോഹ തന്നെ ധരിക്കണമെന്ന അഭിപ്രായക്കാരാണു. എന്നാൽ വൈദികരും യുവജനങ്ങളും ഇക്കാര്യത്തെക്കുറിച്ചു പറയുന്നതു ശ്രദ്ധേയമാണു. 52.112% വൈദികരുടേയും 53.245 ശതമാനം യുവജനങ്ങളുടേയും അഭിപ്രായത്തിൽ ളോഹ വേണമെന്നില്ല, വൈദികരെ തിരിച്ചറിയുവാൻ സഹായിക്കുന്ന മറ്റേതെങ്കിലും വേഷമായാലും മതി. ഇന്നു വൈദികർ വസ്ത്രധാരണത്തിനു വേണ്ടി ചെലവാക്കുന്ന പണം എത്രയോ ഭീമമായ തുകയാണു; പ്രായോഗികമായ ബുദ്ധിമുട്ടുകളും നിരവധിയാണു. വൈദികരെ മറ്റുള്ളവരിൽ

നിന്നും തിരിച്ചറിയാൻ സഹായിക്കുന്നതും സ്ഥലകാലസംസ്ക്കാരങ്ങൾക്കു് അനുസൃതവുമായ ഒരു ഭാരതീയ വൈദികവേഷം തിരഞ്ഞെടുക്കുന്നതു് അഭികാമ്യമാണു്.

ജീവിത നിലവാരം

വൈദികരുടേയും കന്യാസ്ത്രീകളുടേയും ജീവിതനിലവാരത്തെക്കുറിച്ചുള്ള സർവ്വേയിലെ ചോദ്യം ഇവിടെ പ്രസക്തമാണു്:
1. ''സന്യാസികളുടെ (വൈദികരും ബ്രദേഴ്സും) ജീവിതം പൊതുവേ അവരുടെ ദാരിദ്ര്യവ്രതത്തിനു് അനുസൃതമാണോ?''

i)	ആണു്	22.078%
ii)	അല്ല	27.638%
iii)	കുറെയൊക്കെ	39.918%
iv)	അറിഞ്ഞുകൂടാ	9.798%

2. ''കന്യാസ്ത്രീകളുടെ ജീവിതം പൊതുവേ അവരുടെ ദാരിദ്ര്യവ്രതത്തിനു് അനുസൃതമാണോ?''

i)	അതേ	18.348%
ii)	അല്ല	28.718%
iii)	കുറെയൊക്കെ	41.218%
iv)	അറിഞ്ഞുകൂടാ	10.708%

കന്യാസ്ത്രീകൾതന്നെ അവരുടെ ജീവിതത്തെക്കുറിച്ചു് സാക്ഷ്യപ്പെടുത്തുന്നതിപ്രകാരമാണു്. 18.053% കന്യാസ്ത്രീകൾ അവരുടെ ജീവിതം ദാരിദ്ര്യവ്രതത്തിനു് അനുസൃതമാണെന്നു് പറയുമ്പോൾ അല്ല എന്നു പറയുന്നവർ 31.948 ശതമാനമാണു്.

ദാരിദ്ര്യം ഒരു നാമമാത്രവ്രതമല്ല. സ്വജീവിതത്തിൽ യേശുക്രിസ്തുവിന്റെ നിഷ്കിഞ്ചനത്വത്തേയും നിസ്സഹായതയേയും അനുകരിച്ചു ജീവിക്കാൻവേണ്ടി ദൈവത്തിനു സ്വയം സമർപ്പിക്കുന്നവരാണു് സന്യാസിനീ സന്യാസികൾ. അതിനാൽ അവരുടെ ജീവിതത്തിൽ അവർ യേശുക്രിസ്തുവിനെ പ്രതിഫലിപ്പിക്കണം.

സർവ്വേയുടെ വെളിച്ചത്തിൽ മെത്രാന്മാരുടെ അരമനയിലെ ഉദ്യോഗസ്ഥവൈദികരുടെ സ്ഥലംമാറ്റത്തെക്കുറിച്ചു് ജനങ്ങളുടെ അഭിപ്രായം താഴെവരും വിധമാണു്. ''മെത്രാനരമനയിലെ ഉദ്യോഗസ്ഥ വൈദികർക്കു് ഇടയ്ക്കിടയ്ക്കു് മാറ്റം'':

a) കൊടുക്കണം 83 . 658%
b) വേണ്ട 11 . 398%

ജനങ്ങളുടെ ഈ ഭൂരിപക്ഷാഭിപ്രായം പരിഗണനാർഹമാണു്. സഭയിൽ അധികാരസ്ഥാനങ്ങളും വഹിക്കുന്നവരെ നിയമിക്കുന്നതു് മിക്കവാറും ഏകാധിപത്യ രീതിയിലാണെന്നു് ആരോപണമുണ്ടു്. ഭാരതകത്തോലിക്കരെ നയിക്കേണ്ട മെത്രാന്മാരെ തെരഞ്ഞെടുക്കുന്നതിൽ ഭാരതത്തിലെ കത്തോലിക്കർക്കു കുറെയെല്ലാം പ്രാതിനിധ്യം കൊടുക്കുന്നതു് നന്നായിരിക്കുമെന്നാണു് സർവ്വേ പൂരിപ്പിച്ചവരുടെ അഭിപ്രായം. 'ഞങ്ങളുടെ മെത്രാൻ' എന്ന ബോധം ജനങ്ങളിൽ അങ്കുരിപ്പിക്കുവാൻ അതു് സഹായിച്ചേക്കും.

നമ്മുടെ അത്മായരുടെ സ്ഥിശക്തിയെ അംഗീകരിച്ചു്, അവരുടെ കഴിവുകളും സഭയുടേയും സമൂഹത്തിന്റേയും പുരോഗതിക്കു വേണ്ടി വിനിയോഗിക്കുന്നതിനു വേണ്ട മാർഗ്ഗങ്ങളും കണ്ടുപിടിക്കുവാൻ സഭാംഗങ്ങളും മുമ്പോട്ടു വരേണ്ടതാണു്. സഭാഭരണകാര്യങ്ങളിൽ അത്മായർക്കു് വേണ്ടത്ര പ്രാതിനിധ്യമില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ പല രൂപതകളിലും രൂപമെടുത്തിരിക്കുന്ന 'പാസ്റ്ററൽ കൗൺസിലു'കളും ശ്ലൂഹോദർക്കുമാണു്. ആരോഗ്യപരമായ പല പരിവർത്തനങ്ങളും നമ്മുടെ കേരള സഭയിൽ ഉണ്ടായിക്കാണുവാൻ സഭാംഗങ്ങളും ആഗ്രഹിക്കുന്നുവെന്നാണു് 'സർവ്വേ'യിൽ നിന്നു തെളിയുന്നതു്. ക്രിസ്തുസ്നേഹത്താൽ പ്രചോദിതരായി സഭാംഗങ്ങളെല്ലാം—സഭാധികാരികളോടൊത്തു് അൽമായരും— ഒരുമയോടെ പ്രവർത്തിക്കുന്ന പക്ഷം നമ്മുടെ കേരള സഭയുടെ ഭാവി ഭാസുരമായിരിക്കും, സംശയമില്ല.

4. അൽമായർ

സമയത്തിന്റെ പൂർണ്ണതയിൽ ദൈവപുത്രൻ മനുഷ്യനായി അവതരിച്ചു. പെസഹാരഹസ്യത്തിലൂടെ മനുഷ്യവംശത്തിന്റെ രക്ഷ സാധിച്ചുകൊണ്ട് ആ ദിവ്യരക്ഷകൻ കടന്നുപോയി. തന്റെ രക്ഷാകരസാന്നിദ്ധ്യം തുടർന്നുകൊണ്ടുപോകുന്നതിനു് അനുയോജ്യമായ ഒരു മാർഗ്ഗവും സ്വീകരിച്ചു; അതിനായി സഭ സ്ഥാപിക്കുകയും ചെയ്തു. അങ്ങനെ ആദിയിൽ ഉണ്ടായിരുന്നതും കണ്ണുകൊണ്ടു് സൂക്ഷിച്ചു വീക്ഷിച്ചിട്ടുള്ളതും അനുഭവിച്ചറിഞ്ഞിട്ടുള്ളതുമായ ജീവന്റെ വചനമായ (1യോഹ. 1:1) ക്രിസ്തുവിന്റെ തുടർച്ചയാണു് സഭ. ദൃശ്യാദൃശ്യഘടകങ്ങളുള്ള സഭയുടെ നേതാവും ശിരസ്സും ക്രിസ്തുനാഥൻ തന്നെ.

പുതിയനിയമത്തിലെ ദൈവജനമാണു് ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾ. മാർപ്പാപ്പായും മെത്രാന്മാരും വൈദികരും അൽമായരും എല്ലാം അതിലുൾപ്പെടുന്നു. ഓരോരുത്തർക്കും തങ്ങളുടേതായ പ്രത്യേക ദൗത്യമുണ്ടു് സഭയിൽ. വളരെ ചെറിയൊരു സമൂഹമായി ആരംഭിച്ച സഭ, കാലക്രമേണ വളർന്നു പന്തലിച്ചു് ഒരു വൻ പ്രസ്ഥാനമായിത്തീർന്നു. സ്വാഭാവികമായും ചില പുഴുക്കുത്തുകളും പ്രകടമായി. തൽഫലമായി, ഒറക്കെട്ടായിരുന്ന ആദിമസഭയിൽ ചേരിതിരിവുകളുണ്ടായി.

വിപ്ലവകരമായ വീക്ഷണങ്ങളും വരുത്തിക്കൊണ്ടു്, സഭാചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം കൂട്ടിച്ചേർക്കുകയായിരുന്നു 1962-ൽ സമ്മേളിച്ച രണ്ടാം വത്തിക്കാൻ കൗൺസിൽ. സഭയെക്കുറിച്ചും സഭാതനയരെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടുകളും കൗൺസിൽ നമ്മുടെ മുന്നിലവതരിപ്പിക്കുന്നുണ്ടു്, 'ക്രിസ്തുസഭ' എന്ന പ്രമാണരേഖയിലൂടെ. കൗൺസിലിനു് ഏതാനും വർഷങ്ങൾക്കു മുമ്പു തന്നെ അൽമായർക്കു് സഭയിലുള്ള സ്ഥാനത്തെക്കുറിച്ചു് പലർക്കും അവബോധമുണ്ടായിരുന്നു. അവരതു് ചൂണ്ടിക്കാണിക്കുകയും ചെയ്തു. ഉദാഹരണമായി, 'അൽമായരാണു സഭ, ഇതവരുടെ മണിക്കുറാണു്' എന്നു് 12-ാം പീയൂസു് മാർപ്പാപ്പ പറഞ്ഞിട്ടുണ്ടു്. എങ്കിലും ഈ തത്ത്വത്തിനു് കൂടുതൽ പരിഗണന നൽകിയതു് രണ്ടാം വത്തി

ക്കാൻ കൗൺസിലുകളിലാണു്. ഇത്രയും ആമുഖമായി കണ്ടശേഷം, ആരാണു് അൽമായർ എന്നു് നമുക്കു പരിശോധിക്കാം.

ആരാണു് അൽമായർ?

സഭയിൽ സഭയ്ക്കുവേണ്ടി സഭാധികാരികളോടൊത്തു സഹകരിച്ചു പ്രവർത്തിക്കേണ്ടവരാണു് അൽമായർ. 'ലെയിറ്റി' എന്ന ഇംഗ്ലീഷു് പദത്തിന്റെ പരിഭാഷയാണു് അൽമായർ എന്നതു്. 'ലെയിറ്റി' എന്ന പദമാകട്ടെ 'ലാവോസ്' എന്ന ഗ്രീക്കുപദത്തിൽ നിന്നുമാണു്. മാമ്മോദീസാ വഴി സഭാംഗങ്ങളായിത്തീരുന്ന അല്പമായർ. പിന്നീടു് സഭയുടെ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ദൈവജനത്തിന്റെ 99 ശതമാനവും അല്പമായരാണു്. ഭൂമിയുടെ ഉപ്പും, ലോകത്തിന്റെ പ്രകാശവുമായി വർത്തിക്കേണ്ടവരാണു് അൽമായർ. ഹയരാർക്കിയുടെ പ്രഥമവും പ്രധാനവുമായ ദൗത്യം സഭയിൽ ശുശ്രൂഷ ചെയ്യുക എന്നതാണു്. ഈ ശുശ്രൂഷ ദൈവജനത്തിനു വേണ്ടിയുള്ളതാണു്. അതിനാൽ, ദൈവജനത്തിന്റെ ജീവിതം തന്നെയാണു് സഭയുടെ ജീവിതം; ദൈവജനത്തിന്റെ ദൈവശാസ്ത്രം തന്നെ സഭയുടേതും.

ബൈബിളിൽ

അൽമായർ ആരാണെന്നുള്ളതിനെക്കുറിച്ചു് കൃത്യമായ നിർവ്വചനമൊന്നും ബൈബിളിൽ കാണുവാൻ കഴിയുകയില്ല. എങ്കിലും, അൽമായന്റെ സ്വഭാവത്തെക്കുറിച്ചു് ചില സൂചനകളും നമുക്കു കാണുവാൻ കഴിയും. ക്രൈസ്തവൻ ആരുടേയും അടിമയായിരിക്കേണ്ട ആവശ്യമില്ല (Iകൊറി. 6: 12). കാരണം, സഭയിൽ എല്ലാവരും തുല്യരാണു്; എല്ലാവരും സേവനത്തിനുള്ളവരാണു്. വ്യക്തിസ്വാതന്ത്ര്യത്തെ നിഹനിക്കാത്ത സേവനമാണു് (I കൊറി. 9:19) ഓരോരുത്തരിൽ നിന്നും ആവശ്യപ്പെടുന്നതു്

കൗൺസിൽ ഡിക്രിയിൽ

ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ, സഭയുടെ ഇത്രവരെയുള്ള ചരിത്രത്തിലാദ്യമായിട്ടാണു് അൽമായരെക്കുറിച്ചു് ഒരു കൗൺസിൽ ചർച്ച ചെയ്യുന്നതു്. അൽമായന്റെ സ്ഥാനത്തെ എടുത്തുകാണിക്കുവാൻ തന്നെയാണു് 'അൽമായപ്രേഷിതത്വം' എന്ന പേരിൽ ഒരു പ്രമാണരേഖ പുറത്തിറക്കിയതും. പക്ഷേ, അതിൽ മാത്രം ഒതുക്കിനിർത്തുവാൻ സാധിച്ചില്ല. സഭ, സഭ ആധുനികലോകത്തിൽ,

ലിറർജി എന്നീ പ്രമാണരേഖകളിലും അൽമായരെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അങ്ങനെ ദീർഘകാലപ്രതീക്ഷകൾക്കു ശേഷം 'അൽമായ ദൈവശാസ്ത്രം' രൂപംകൊണ്ടു.

കൗൺസിൽ പ്രധാനമായും രണ്ടാശയങ്ങളാണ് നമ്മുടെ മുന്നിൽ വരച്ചുകാട്ടുന്നത്. ആദ്യമായിത്തന്നെ, മാമ്മോദീസാ വഴി അവർ ക്രിസ്തുവിനോട് ചേർന്ന് ഒരു ശരീരമായിത്തീരുന്നു; ദൈവത്തിന്റെ ജനമായി രൂപം കൊള്ളുന്നു; ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും സ്വകീയമായ രീതിയിൽ അവർ പങ്കുകാരാകുന്നു (L G 31).

വൈദികരിൽനിന്നും സന്യാസിനീസന്യാസികളിൽനിന്നും തികച്ചും വ്യത്യസ്തമായ ദൗത്യമുള്ളവരാണ് അൽമായർ എന്നു കാണിക്കുകയാണ് രണ്ടാംഭാഗത്തിൽ. ലോകത്തോട് ബന്ധപ്പെട്ടു ജീവിക്കുന്നു എന്നതാണ് അൽമായരുടെ പ്രത്യേകത. ഭൗതികകാര്യങ്ങളെ നിയന്ത്രിച്ചും, ദൈവഹിതാനുസാരം അവ ക്രമീകരിച്ചും, സ്വന്തം ദൈവവിളിക്കനുസൃതമായി ദൈവരാജ്യം അന്വേഷിച്ചും ലോകത്തിൽ ജീവിക്കുക എന്നതാണ് അവരുടെ കടമ. അൽമായന്റെ അന്തസ്സാര അവന്റെ കുടുംബവേദിയാണ്.

'ഹയരാർക്കി'യും അൽമായനും

ദൈവജനം ഏകമാണ്, അവരുടെ ലക്ഷ്യവും ഒന്നുതന്നെ. എങ്കിലും, വ്യത്യസ്തങ്ങളായ രണ്ടു മണ്ഡലങ്ങളുണ്ടതിന്: ഹയരാർക്കിയും അൽമായനും. ഓരോരുത്തരും തങ്ങളുടേതായ പ്രത്യേക ദൗത്യം നിർവ്വഹിക്കുന്നു. പൗരോഹിത്യമെന്ന കൂദാശാസ്വീകരണത്തിലൂടെ, മതകർമ്മങ്ങൾ ഔദ്യോഗികമായി അനുഷ്ഠിക്കുവാൻ കടപ്പെട്ടവരുടെ സമൂഹമാണ് ഹയരാർക്കി. 'സേവിക്കപ്പെടുവാനല്ല, പ്രത്യുത, സേവിക്കുവാനാണ് വന്നിരിക്കുന്നത്' (മത്തായി 20: 28) എന്നരുളിയ ക്രിസ്തുനാഥന്റെ അധികാരമാണവർക്ക് കൈമാറിയിരിക്കുന്നത്. ആദ്ധ്യാത്മിക ദാനങ്ങൾക്കായി ദൈവജനം ദാഹിക്കുമ്പോൾ ക്രിസ്തുവാകുന്ന പാറയിലടിച്ചു പ്രസാദവരത്തിന്റെ നീർച്ചാലുകൾ പ്രവഹിപ്പിക്കുവാൻ അവർക്കു മാത്രമേ സാധിക്കുകയുള്ളൂ. അങ്ങനെ ദൈവജനത്തെ മുഴുവൻ ഐക്യത്തിൽ സംരക്ഷിച്ച് അവരെ ശുശ്രൂഷിക്കുകയാണ് ഹയരാർക്കിയുടെ പ്രധാന ധർമ്മം.

വൈദികർക്കു കടന്നു ചെല്ലാൻ സാധിക്കാത്തിടത്തു കടന്ന് ചെന്ന് ക്രിസ്തുവിന്റെ പ്രകാശം വിതറുവാൻ, അവിടത്തെ സന്ദേ

ശം അറിയിക്കുവാൻ കടപ്പെട്ടവരാണ്. അൽമായർ. ക്രിസ്തുവിന്റെ പൗരോഹിത്യ പ്രവാചകരാജകീയ ധർമ്മങ്ങളിൽ അൽമായരും പങ്കു പറ്റുന്നു. ഇപ്രകാരം ഒരേ കർത്തവ്യനിർവഹണത്തിൽ പങ്കുചേരുവാനാണ് ഹയരാർക്കിയും അൽമായരും വിളിക്കപ്പെട്ടിരിക്കുന്നത്. ഈ ദൗത്യനിർവ്വഹണത്തിൽ ഹയരാർക്കിയും അൽമായരും സഹകരിച്ചു പ്രവർത്തിക്കണം. പ്രസിദ്ധ ദൈവശാസ്ത്രപണ്ഡിതനായ ഈവ്സ് കോങ്കാർ, ഹയരാർക്കിയും അൽമായനും തമ്മിലുള്ള ഈ ബന്ധത്തെ ഭാര്യാഭർത്തൃബന്ധത്തോടാണുപമിച്ചിരിക്കുന്നത്.

രൂപതയുടെ നടത്തിപ്പിൽ

സാർവ്വത്രികസഭയുടെ ഒരു ലഘുരൂപമാണ് രൂപത. രൂപതാധിപതിയായ മെത്രാന്റെ നേതൃത്വത്തിലാണ് രൂപത പ്രവർത്തിക്കുന്നത്. സംഘടനാസ്വഭാവംപൂണ്ട സഭയ്ക്ക് സ്വാഭാവികമായും ഒരു ഭരണസമിതി ആവശ്യമാണ്. അൽമായർക്കും അതിൽ ഭാഗഭാഗിത്വമുണ്ട്. സഭയിൽ പരിഷ്ക്കാരങ്ങളും നടപ്പിലാക്കുന്നതിലും പ്രശ്നങ്ങളും കൈകാര്യം ചെയ്യുന്നതിലും മെത്രാനെ തെരഞ്ഞെടുക്കുന്നതിലുമൊക്കെ മുൻകാലങ്ങളിൽ അൽമായർക്കും സ്ഥാനമുണ്ടായിരുന്നു.

പാസ്റ്ററൽ കൗൺസിൽ

എല്ലാരൂപതകളിലും പാസ്റ്ററൽ കൗൺസിലുകളും രൂപവൽക്കരിക്കണമെന്നു വത്തിക്കാൻ കൗൺസിൽ ശക്തിയായി നിർദ്ദേശിക്കുന്നുണ്ട് (പ്രേഷിതപ്രവർത്തനം, 30; മെത്രാന്മാർ, 27). കൗൺസിലിന്റെ നോട്ടത്തിൽ, അൽമായർക്ക് സഭയുടെ അജപാലനപ്രവർത്തനങ്ങളിൽ സഹകരിക്കുവാനുള്ള ഏറ്റവും നല്ല മാർഗ്ഗമാണിതു്. പ്രശ്നകലുഷമായ ആധുനികലോകത്തിനു് സ്വീകാര്യരായിരിക്കണം, രൂപതാധ്യക്ഷന്മാർ. നൂതനചിന്താധാരകളും ഉൾക്കാഴ്ചകളുമുള്ള അല്മായരുടെ സഹകരണം ഇക്കാര്യത്തിൽ രൂപതാദ്ധ്യക്ഷനു തീർച്ചയായും സഹായകമാകും. വിവേകപൂർവ്വവും ഉചിതവുമായ തീരുമാനങ്ങളെടുക്കുവാൻ അവരുടെ ഉപദേശം വളരെയധികം ഉപകരിക്കും. 1971-ലെ മെത്രാന്മാരുടെ സിനഡ് ഈ ആശയം അംഗീകരിച്ചിട്ടുണ്ട്. മെത്രാനായിരിക്കും ഈ കൗൺസിലിന്റെ അദ്ധ്യക്ഷൻ. പ്രത്യേകം തെരഞ്ഞെടുക്കപ്പെടുന്ന വൈദികരും സന്യാസിനീസന്യാസികളും അൽമായരും ഇതിലെ അംഗങ്ങളായിരിക്കും. അങ്ങനെ രൂപതയിലെ അജപാലനപരിപാടികൾ ഫലപ്രദമായി നടപ്പാക്കുന്നതിനു് സാധിക്കും (Ministerial Priesthood 8, 9).

ഇടവകയുടെ നടത്തിപ്പിൽ

ശുശ്രൂഷയുടെ ഒരു ഘടകമാണല്ലൊ ഇടവക. സംഘടിതമായ പ്രേഷിത പ്രവർത്തനം ഇടവക തലത്തിൽ നടക്കുന്നു. ഇടവക വികാരിയുടെ നേതൃത്വത്തിൽ എല്ലാ നല്ല സംരംഭങ്ങളിലും സഹകരിച്ചു പ്രവർത്തിക്കുവാൻ വിശ്വാസികൾക്കു കടമതലയുണ്ട്. വിശുദ്ധ ഗ്രന്ഥത്തിൽത്തന്നെ ഇതിനുദാഹരണങ്ങളുണ്ട് (നടപടി 18: 18, 26; റോമ. 16: 3). ഇടവക പ്രശ്നങ്ങൾ ചർച്ച ചെയ്യുക, ആദ്ധ്യാത്മിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ വൈദികനെ സഹായിക്കുക എന്നിവയിലെല്ലാം സ്തുത്യർഹമായ പങ്കാണ് അവർക്ക് നിർവ്വഹിക്കുവാനുള്ളത്. അൽമായരുടെ മഹത്വവും സഭാദൗത്യത്തിൽ അവർക്കുള്ള സ്ഥാനവും വൈദികൻ അംഗീകരിക്കുകയും തദനുസാരം അവരോടു വർത്തിക്കുകയും ചെയ്യണം. ഇതു പ്രായോഗികമാക്കാൻ സഹായകമാണ് പാരിഷ് കൗൺസിലുകൾ. അപ്രകാരം വർത്തിക്കുമ്പോൾ ഇടവക വൈദികന്റേതു മാത്രമെന്ന തെറ്റായ ചിന്താഗതി മാറി, തങ്ങളുടേയും കൂടിയാണെന്ന അവബോധം ജനങ്ങളിൽ ഉളവാകും. വൈദികനെ അല്മായരുടെ ഇടയിൽ നിയോഗിച്ചിരിക്കുന്നതു തന്നെ എല്ലാവരേയും സ്നേഹത്തിന്റെ ഐക്യത്തിലേക്കാനയിക്കുവാനാണ്. ഈ യാഥാർത്ഥ്യം വൈദികരും അല്മായരും ശരിയാംവിധം മനസ്സിലാക്കണം.

സ്ത്രീകളുടെ സ്ഥാനം

സ്ത്രീപുരുഷസമത്വത്തിന്റെ മാറ്റൊലികൾ ഇന്നും അലയടിച്ചുകൊണ്ടിരിക്കയാണ്. അതിനു തിലകം ചാർത്തിക്കൊവിധം 1975 വനിതാ വർഷമായി ആചരിച്ചു കഴിഞ്ഞു. പുരുഷന്മാരോടൊപ്പം സ്ത്രീകളും ജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രവേശിക്കാനും പ്രശോഭിക്കുവാനും തുടങ്ങിയിട്ടുണ്ട്. സ്ത്രീ അർഹിക്കുന്ന ഈ പദവി സഭ അവളുടെ ആരംഭദശയിൽത്തന്നെ അംഗീകരിച്ചതാണ് (നടപടി 18: 18, 26; റോമ 16: 3). സ്ത്രീ പുരുഷന്റെ അടിമയല്ലെന്നും, പ്രത്യുത, പുരുഷനോടൊപ്പം അവകാശമുണ്ടെന്നും സഭ ഉച്ചൈസ്വരം പ്രഘോഷിച്ചു. പക്ഷേ, പിന്നീടുണ്ടായ രാഷ്ട്രീയ സാംസ്കാരിക ധാർമ്മിക ചുറ്റുപാടുകളിൽ സ്ത്രീയുടെ സ്ഥാനത്തിനും മാനത്തിനും കോട്ടം സംഭവിച്ചു. 'മാറുവിൻ ചട്ടങ്ങളെ' എന്നാക്രോശിച്ചുകൊണ്ട്, നൂറ്റാണ്ടുകൾക്കു ശേഷമെങ്കിലും വീണ്ടുമൊരു ഉണർവ് ഉണ്ടായിരിക്കയാണ്.

സഭ ഇതേക്കുറിച്ച് ഇന്നും ബോധവതിയാണ്. അതുകൊണ്ടാണ്, സ്ത്രീ പുരുഷസമത്വം കൗൺസിൽ ആവത്തിച്ചാവത്തിച്ചു പ്രഖ്യാപിക്കുന്നതു് (സഭ ആധുനിക ലോകത്തിൽ 9, 49). അല്മായരെക്കുറിച്ചു പറയുമ്പോഴെല്ലാം അതു് സ്ത്രീകളുടെ കാര്യത്തിലും ബാധകമാണു്. കാരണം, അവരും ദൈവജനത്തിലെ അംഗങ്ങളാണു്; ക്രിസ്തുവിന്റെ പൗരോഹിത്യ പ്രവാചക രാജകീയ ധർമ്മങ്ങളിൽ പങ്കു പറ്റുന്നവരാണു്. സഭയുടെ ഇന്നത്തെ ജീവിതം ഇക്കാര്യം കൂടുതൽ വ്യക്തമാക്കുകയും ചെയ്യുന്നുണ്ടു്.

സർവ്വേയുടെ വെളിച്ചത്തിൽ

'സഭയും സഭാകാര്യങ്ങളും ഹയരാർക്കിയുടേതാണു്; അൽമായർക്കു അർഹമായ സ്ഥാനം ലഭിക്കുന്നില്ല'. സർവ്വേ വഴി വെളിപ്പെടുത്തപ്പെട്ട അഭിപ്രായമാണിതു്. ഹയരാർക്കിയും അൽമായരും ചേരിതിരിഞ്ഞുള്ള നില്പിനു് ഒട്ടൊക്കെ വ്യത്യാസം സംഭവിച്ചിട്ടുണ്ടെങ്കിലും, അവർ തമ്മിലുള്ള വിടവു് ഇനിയും കുറയേണ്ടിയിരിക്കുന്നു. കൗൺസിലിന്റെ വെളിച്ചത്തിൽ ഉണ്ടായിരിക്കുന്ന ഉണർവു് ചുരുക്കം ചിലയിടങ്ങളിലെങ്കിലും പ്രാവർത്തികമായി വരുന്നതു് ശുഭോദർക്കമാണു്. എങ്കിലും സഭയിൽ തങ്ങൾക്കുള്ള ഭാഗഭാഗിത്വത്തെക്കുറിച്ചു് വളരെയേറെ അൽമായർക്കു് ഇപ്പോഴും വേണ്ട അറിവു കിട്ടിയിട്ടില്ല. സഭാകാര്യങ്ങളിൽ പങ്കുകൊള്ളുവാൻ അൽമായർക്കു് അതിയായ ആഗ്രഹമുണ്ടു്. സഭാ പ്രവർത്തനങ്ങളിൽ അർഹമായ സ്ഥാനം ലഭിക്കുവാൻ അവരഭിലഷിക്കുകയും ചെയ്യുന്നു.

രൂപതയുടെ നടത്തിപ്പിൽ അൽമായർക്കു് കൂടുതൽ പ്രാതിനിധ്യം വേണമോ വേണ്ടയോ എന്നുള്ളതായിരുന്നു ഒരു ചോദ്യം. കേരളത്തിലെ രൂപതകളുടെ ഭരണം മിക്കവാറും ഹയരാർക്കി തന്നെയാണു് നടത്തുന്നതു് എന്നൊരു പ്രതികരണമാണു് പലരിൽ നിന്നും ലഭിക്കുന്നതു്. അതുകൊണ്ടുതന്നെയാണു് 87.388 ശതമാനം ആളുകളും രൂപതയുടെ നടത്തിപ്പിൽ അൽമായർക്കു കൂടുതൽ സ്ഥാനം കിട്ടണമെന്നു് വീറോടെ വാദിക്കുന്നതു്. 35 വയസ്സിനു താഴെയുള്ള ചെറുപ്പക്കാരിൽ പലരും ഇക്കാര്യത്തിൽ കൂടുതൽ ആവേശം കാണിക്കുകയുണ്ടായി. 84.548 ശതമാനം വൈദികർ അൽമായർക്കുവേണ്ടി ശബ്ദമുയർത്തിയപ്പോഴും, എല്ലാവരുടേയും കണക്കു കൂട്ടലുകളും തട്ടിനിരത്തിക്കൊണ്ടു് 94.444 ശതമാനം കന്യാസ്ത്രീകളും അൽമായരുടെ പ്രാതിനിധ്യത്തിനു് ശക്തമായ പിന്തുണ നല്കി. 10 ശതമാനം ആളുകളും മാത്രമാണു് പൊതുവിൽ വേണ്ടാ എന്നു് അഭിപ്രായപ്പെട്ടുകയുണ്ടായതു്.

രൂപതാഭരണത്തിൽ മൊത്തം

(a)

അത്മായക്കു പ്രാതിനിധ്യം വേണം	87.388%
അത്മായക്കു പ്രാതിനിധ്യം വേണ്ടാ	10.128%

(b)

വയസ്സു്	അൽമായക്കു പ്രാതിനിധ്യം വേണം	അൽമായക്കു പ്രാതിനിധ്യം വേണ്ടാ
18-25	88.708%	7.100%
26-35	81.618 ,,	8.997 ,,
36-45	84.088 ,,	11.442 ,,
46-60	87.168 ,,	11.229 ,,
60നു മുകളിൽ	82.708 ,,	15.788 ,,
വൈദികർ	84.548 ,,	11.267 ,,
കന്യാസ്ത്രീകൾ	94.444 ,,	5.558 ,,

ഇടവകയുടെ നടത്തിപ്പിൽ അൽമായക്കു കൂടുതൽ ഭാഗഭാഗിത്വം നൽകണമോ വേണ്ടയോ എന്നതായിരുന്നു രണ്ടാമത്തെ പ്രശ്നം. രൂപതയുടെ നടത്തിപ്പിൽ കൊടുക്കുന്നതിൽ കൂടുതൽ ഭാഗഭാഗിത്വം. ഇടവകയുടെ നടത്തിപ്പിൽ കൊടുക്കണമെന്നു് കൂടുതലാളുകളും ശക്തിയോടെ വാദിക്കുകയുണ്ടായി. ഇടവകയിൽ വൈദികനുണ്ടായിരിക്കേണ്ട നേതൃത്വത്തെക്കുറിച്ചും അധികാരത്തെക്കുറിച്ചും എല്ലാവരും ബോധവാന്മാരാണു്. പക്ഷേ, പല വൈദികരും തങ്ങളുടെ ആദ്ധ്യാത്മിക കാര്യങ്ങളും മറന്നു് ഇടവകയുടെ ഭൗതിക കാര്യങ്ങളിൽ മാത്രം വ്യാപൃതരാകുന്നുവെന്നു് ചില അൽമായ പ്രമുഖർ അഭിപ്രായപ്പെടുകയുണ്ടായി. ഇടവകയിൽ, അതിന്റെ നടത്തിപ്പിനായി തങ്ങളെക്കൂടി പങ്കെടുപ്പിക്കണമെന്നാഗ്രഹമുണ്ടു് അവർക്കു്. ബഹുഭൂരിപക്ഷവും(93.028 ശതമാനം) ഈ അഭിപ്രായത്തിനു് പിന്തുണ നൽകിയപ്പോൾ, വെറും 4.813 ശതമാനം മാത്രമേ ഈ അഭിപ്രായത്തോടു് വിയോജിക്കുന്നുള്ളൂ. കന്യാസ്ത്രീകളും നൂറു ശതമാനവും ഈ അഭിപ്രായത്തെ അനുകൂലിക്കുന്നവരാണു്. സ്വാഭാവികമായും കൂടുതൽ എതിരഭിപ്രായം ഉണ്ടായതു് വൈദികരിൽ നിന്നു തന്നെ.

ഇടവക നടത്തിപ്പിൽ

(a)

അത്മായക്കു ഭാഗഭാഗിത്വം കൊടുക്കണം	93.028%
അത്മായക്കു ഭാഗഭാഗിത്വം വേണ്ടാ	4.813%

(b)

വയസ്സു്	അത്മായക്കു ഭാഗഭാഗിത്വം കൊടുക്കണം	അത്മായക്കു ഭാഗഭാഗിത്വം കൊടുക്കേണ്ടാ
18-25	93.289%	4.816%
26-35	96.103 ,,	3.663 ,,
36-45	91.542 ,,	6.965 ,,
46-60	91.443 ,,	5.347 ,,
60നു മുകളിൽ	90.977 ,,	3.759 ,,
വൈദികർ	87.379 ,,	7.042 ,.
കന്യാസ്ത്രീകളും	100 ,,	—

പാസ്റ്ററൽ കൗൺസിലുകളിലും പാരിഷ്‌ കൗൺസിലുകളിലും അത്മായർക്കു് കൂടുതൽ ഭാഗഭാഗിത്വം വേണമോ വേണ്ടയോ എന്നതായിരുന്നു അടുത്ത ചോദ്യം. ഇന്നത്തെ സ്ഥിതിവിശേഷം തൃപ്തികരമല്ലെന്നാണു് പൊതുവേ അഭിപ്രായം. വത്തിക്കാൻ കൗൺസിൽ ഇതുപോലുള്ള ക്രമീകരണങ്ങളും ആവശ്യപ്പെട്ടിട്ടും പ്രാദേശിക സഭാധികാരികളും എന്തിനു വിസമ്മതിക്കുന്നു എന്നതായിരുന്നു പല അൽമായ പ്രമുഖരുടേയും സംശയം. സഭാഭരണത്തിൽ തങ്ങളെക്കൂടി സഹകരിപ്പിക്കണമെന്നു് അൽമായർ ആഗ്രഹിക്കുന്നുണ്ടു്. അതുകൊണ്ടുതന്നെയാണു് പാസ്റ്ററൽ കൗൺസിലും, പാരിഷ്‌ കൗൺസിലും അൽമായർക്കു് കൂടുതൽ ഭാഗഭാഗിത്വം നൽകണമെന്നു് 90.458% ആളുകളും ആഗ്രഹം പ്രകടിപ്പിച്ചതും. വളരെ കുറച്ചാളുകളും മാത്രമേ (6.889 ശതമാനം) വിപരീതാഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ളു. 45 വയസ്സിനു താഴെയുള്ള അൽമായർ തങ്ങളുടെ സ്ഥാനത്തിനുവേണ്ടി വീറോടെ വാദിച്ചെങ്കിൽ,അതിനു മുകളിലുള്ളവരിൽ അത്രയുള്ള തീക്ഷ്ണത കാണുവാൻ കഴിഞ്ഞില്ല.

a

അത്മായക്കു ഭാഗഭാഗിത്വം നൽകണം	90.458%
അത്മായക്കു ഭാഗഭാഗിത്വം നൽകേണ്ടാ	6.889%

b

വയസ്സ്	അത്മായക്കു ഭാഗഭാഗിത്വം നൽകണം	അത്മായക്കു ഭാഗഭാഗിത്വം നൽകേണ്ടാ
18_25	90.328%	6.520%
26_35	91.778 ,,	6.981 ,,
36_45	90.548 ,,	5.650 ,,
46_60	89.838 ,,	9.028 ,,
60നുമുകളിൽ	86.468 ,,	9.774 ,,
വൈദികർ	85.918 ,,	11.267 ,,
കന്യാസ്ത്രീകൾ	100. ,,	—

ഇടവകഭരണകാര്യങ്ങളിൽ സ്ത്രീകൾക്കു കൂടുതൽ ഭാഗഭാഗിത്വം വേണമോ എന്നതായിരുന്നു അടുത്ത ചോദ്യം. സ്വാഭാവികമായും വളരെ രസകരവും വിചിത്രവുമായിരുന്ന പലരുടേയും അഭിപ്രായ പ്രകടനം. പ്രശ്നാവലി പൂരിപ്പിച്ചവരിൽ മൂന്നിൽ രണ്ടുഭാഗവും, സ്ത്രീകൾക്കു് പാസ്റ്ററൽ കൗൺസിലിലും പാരിഷ് കൗൺസിലിലും കൂടുതൽ ഭാഗഭാഗിത്വം വേണം എന്ന ചിന്താഗതിക്കാരാണു്. എന്നിരുന്നാലും, മൂന്നിലൊരു വിഭാഗം ജനങ്ങൾ ഈ അഭിപ്രായത്തോടു് വിയോജിപ്പു പ്രകടിപ്പിക്കുകയുണ്ടായി. അവരുടെ നോട്ടത്തിൽ, ഇന്നത്തെ പ്രത്യേക ചുറ്റുപാടുകളിൽ, സ്ത്രീകളേക്കാളധികമായി പുരുഷന്മാരാണു് പലരംഗങ്ങളിലും മുൻകൈയെടുത്തു പ്രവർത്തിക്കുന്നതും പ്രവർത്തിക്കേണ്ടതും. അതുകൊണ്ടു് സ്ത്രീ_ പുരുഷസമത്വത്തിനു് യാതൊരു കുറവും വരുന്നില്ലെന്നു് അവർ തറപ്പിച്ചു പറയുകയും ചെയ്തു.

ഇതേക്കുറിച്ചുള്ള സർവ്വേ വളരെ രസപ്രദമായിരുന്നുവെന്നു പറഞ്ഞതു് മനഃപൂർവ്വമാണു്. കാരണം, സ്ത്രീകൾക്കു് കൂടുതൽ ഭാഗഭാഗിത്വം നൽകണമെന്നു് 59.647% പുരുഷന്മാർ അഭിപ്രായപ്പെട്ടപ്പോൾ, 51.549% സ്ത്രീകളേ തങ്ങളുടെ സ്ഥാനത്തിനു വേണ്ടി ശബ്ദമുയർത്തിയുള്ളൂ. അതിലും വിചിത്രമായതു്, സ്ത്രീകളേക്കാളധികമായി പുരുഷന്മാർ തന്നെയാണു് കൂടുതൽ ഭാഗഭാഗിത്വം സ്ത്രീകൾക്കു നൽകണം എന്നു പറഞ്ഞതു് എന്നതാണു്. വൈദികരും കന്യാസ്ത്രീകളും സ്ത്രീകളുടെ സ്ഥാനത്തിനു വേണ്ടി കൂടുതൽ തത്പരരായപ്പോൾ മറ്റുള്ളവർ അതുസ്സു താത്പര്യം കാണിച്ചില്ല.

ഇടവകഭരണത്തിൽ:

a

സ്ത്രീകൾക്ക് ഭാഗഭാഗിത്വം നൽകണം	66.148%
സ്ത്രീകൾക്ക് ഭാഗഭാഗിത്വം നൽകേണ്ടാ	31.288%

b

	പുരുഷന്മാർ	സ്ത്രീകൾ
സ്ത്രീകൾക്ക് ഭാഗഭാഗിത്വം നൽകണം	59.647%	51.549%
സ്ത്രീകൾക്ക് ഭാഗഭാഗിത്വം നൽകേണ്ടാ	30.588 ,,	22.535 ,,

c

വയസ്സ്	സ്ത്രീകൾക്ക് ഭാഗഭാഗിത്വം നൽകണം	സ്ത്രീകൾക്ക് ഭാഗഭാഗിത്വം നൽകേണ്ടാ
18_25	67.478%	31.000%
26_35	70.568 ,,	29.438 ,,
36_45	65.678 ,,	32.388 ,,
46_60	57.758 ,,	35.878 ,,
60നുമുകളിൽ	60.158 ,,	33.838 ,,
വൈദികർ	69.018 ,,	25.358 ,,
കന്യാസ്ത്രീകൾ	76.388 ,,	23.611 ,,

ചില നിർദ്ദേശങ്ങൾ

രൂപതാ നടത്തിപ്പിൽ

അൽമായരെ കൂടുതൽ സജീവമായി പങ്കെടുപ്പിക്കണം, രൂപതകളുടെ നടത്തിപ്പിൽ. സഭയുടെ ഭൗതിക കാര്യങ്ങൾ മുഴുവൻ അൽമായരെ ഏല്പിക്കണമെന്ന ഇതുകൊണ്ടു വിവക്ഷിക്കുന്നില്ല. ഹയരാർക്കി നേതൃത്വം വഹിച്ചുകൊണ്ട് അൽമായരെക്കൂടെ ഉൾപ്പെടുത്തണം. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് തീക്ഷ്ണതയുള്ള അത്മായരെ തെരഞ്ഞെടുത്ത് ഒരു കമ്മിറ്റി രൂപീകരിക്കുക. അവരുടെ നിർദ്ദേശങ്ങൾ മാനിക്കപ്പെടണം. അങ്ങനെ വരുമ്പോൾ ഇന്നു കേൾക്കാറുള്ള പരാതികളെല്ലാം ഇല്ലാതാകും. ഉള്ളവനുതന്നെ വീണ്ടും വീണ്ടും നല്കാതെ ഇല്ലാത്തവനെ

ഉദ്ധരിക്കുവാൻ കഴിയും. ഓരോ രൂപതയിലെയും വരവു ചിലവുക ളുടെ കണക്കുകൾ യഥായോഗ്യം രൂപതാംഗങ്ങളെ അറിയിക്കുന്നതും യുക്തമാണു്.

പാസ്റ്ററൽ കൗൺസിലുകൾ

കേരളത്തിലെ ഭൂരിഭാഗം രൂപതകളിലും കൗൺസിലുകൾ രൂപം കൊണ്ടു കഴിഞ്ഞുവെന്നതു് ചാരിതാർത്ഥ്യജനകമാണു്. അവ ഇല്ലാത്ത രൂപതകൾ അധികം വൈകാതെ മുന്നോട്ടു വരുന്നതു നന്നാ യിരിക്കും. വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശ പ്രകാരം അൽമായരാണു് ഈ കൗൺസിലിലെ ഭൂരിഭാഗം അംഗങ്ങൾ. അജ പാലന ധർമ്മത്തിൽ മെത്രാനെ സഹായിക്കുവാൻ കടപ്പെട്ടവരാണു് ദൈവജനം മുഴുവനും. അജപാലന പ്രവർത്തനങ്ങളെ സ്പർശിക്കുന്ന കാര്യങ്ങൾ പഠിക്കുകയും വിലയിരുത്തുകയും, അവയെപ്പറ്റി പ്രായോഗിക നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുകയെന്നതാ ണല്ലോ ഈ സമിതിയുടെ കടമ തന്നെ.

ദൈവശാസ്ത്രത്തിനുള്ള സ്ഥാനം

സഭയെക്കുറിച്ചു പഠിച്ചിട്ടുള്ളവരും, ദൈവശാസ്ത്രത്തിൽ ബിരുദം നേടിയിട്ടുള്ളവരുമായ അൽമായർ കേരളത്തിൽ വിരള മാണു്. മറ്റു ക്രൈസ്തവസഭകളിൽ ദൈവശാസ്ത്ര ജ്ഞാനം സമ്പാദിച്ചിട്ടുള്ള അൽമായ പ്രമുഖരെ ധാരാളമായി കാണാം. അതുകൊണ്ടു്, ദൈവശാസ്ത്രപഠനം വൈദി കർക്കും സിസ്റ്റേഴ്സിനുമായി മാത്രം മാറിവയ്ക്കാതെ, താല്പ ര്യമുള്ള അൽമായരെക്കൂടി അതിനു പ്രോത്സാഹിപ്പിക്കണം. അവ രുടെ പഠനത്തിനായി ചെറിയ ചെറിയ സ്ഥാപനങ്ങൾ ആരംഭി ക്കുക, ദൈവശാസ്ത്ര പണ്ഡിതന്മാരെക്കൊണ്ടു് ക്ലാസ് കൊടുപ്പിക്കുക മുതലായവ ചെയ്യേണ്ടതാണു്. അങ്ങിനെ, അവരെയും നമുക്കു് പ്രബുദ്ധരാക്കുവാൻ കഴിയും.

ഇടവകയുടെ നടത്തിപ്പിൽ

ബഹുഭൂരിപക്ഷം ഇടവകകളുടേയും നടത്തിപ്പു് ബഹുമാന പ്പെട്ട വികാരിമാർ തന്നെയാണു് ഇന്നു നടത്തുന്നതു്. കൈക്കാരന്മാർ എന്നൊരു വിഭാഗവും ഇല്ലാതില്ല. ഇവിടെ ഒരു സംഗതി പ്രത്യേകം സ്മരിക്കേണ്ടതുണ്ടു്. ഇടവകക്കാർ അവിടെ സ്ഥിരതാമസക്കാരാണു്; വികാരിമാരാകട്ടെ അടുക്കലിടുക്കൽ സ്ഥലംമാറ്റമുള്ളവരും.

അങ്ങനെ വരുമ്പോൾ ഇടവകയുടെ സുസ്ഥിരമായ നടത്തിപ്പിനു് ഇടവക ജനങ്ങളുടെ ഒരു കമ്മിറ്റി ഉണ്ടായിരിക്കുന്നതു് അഭികാമ്യമായിരിക്കും. ഇടവകയെ വിവിധ യൂണിറ്റുകളായി തിരിച്ചു് ഓരോ യൂണിറ്റിൽനിന്നും തങ്ങളുടെ പ്രതിനിധികളെ ജനങ്ങൾതന്നെ തെരഞ്ഞെടുക്കട്ടെ. വികാരിയുടെ നേതൃത്വത്തിൽ ഇടവകയുടെ സാമ്പത്തിക പ്രശ്നങ്ങൾ ആ കമ്മിറ്റിക്കു കൈകാര്യം ചെയ്യാമല്ലോ. അതാതു വർഷത്തെ വരവു ചിലവു കണക്കുകൾ ഇടവകജനങ്ങളെ അറിയിക്കുന്നതും നല്ലതാണു്.

അതുപോലെതന്നെ, ഏതെങ്കിലും പിരിവിന്റെയൊക്കെ കാര്യം വരുമ്പോൾ ഓരോ യൂണിറ്റിലേയും പ്രതിനിധികൾക്കു് വികാരിയെ സഹായിക്കുവാൻ സാധിക്കും. അപ്പോൾ വികാരിയുടെ ക്ലേശങ്ങൾ ഒരു പരിധിവരെയെങ്കിലും ലഘൂകരിക്കപ്പെടും. ഇടവകയെ സംബന്ധിക്കുന്ന പ്രധാന സാമ്പത്തിക പ്രശ്നങ്ങൾ കമ്മിറ്റിയംഗങ്ങളുമായി ചർച്ചചെയ്തു പരിഹരിക്കേണ്ടതാണു്. ഇങ്ങനെ വരുമ്പോൾ 'നമ്മുടെ' ഇടവക എന്ന ധാരണ ജനങ്ങളിൽ അങ്കുരിക്കും. ചുരുക്കം ചിലയിടവകകളിൽ ഈ പദ്ധതി പരീക്ഷിച്ചുനോക്കുന്നുണ്ടു്. അതിന്റെ ഫലവും കാണുവാനുണ്ടു്. എല്ലാ ഇടവകകളിലും ഈ സംരംഭം തുടങ്ങട്ടെ എന്നു് പ്രത്യാശിക്കുകയാണു്.

പാരിഷ് കൗൺസിലുകൾ

രൂപതയിൽ പാസ്റ്ററൽ കൗൺസിലുകളും ഉള്ളതുപോലെ, ഇടവകകളിൽ പാരിഷ് കൗൺസിലുകളും രൂപീകരിക്കുന്നതു വളരെ നന്നായിരിക്കും. ഇടവകയുടെ ആദ്ധ്യാത്മികോന്നമനത്തിനു് ഇതു് സഹായകമാകുമെന്നതിനു് തെല്ലും സംശയമില്ല. ഇടവകയുടെ അംഗസംഖ്യയനുസരിച്ചു് കൗൺസിൽ അംഗങ്ങളുടെ എണ്ണം നിശ്ചയിക്കാം. നമ്മുടെ മിക്ക ഇടവകകളിലുംതന്നെ വിൻസെൻറ് ഡി പോൾ, ലീജിയൻ ഓഫ് മേരി, മിഷൻ ലീഗ് തുടങ്ങിയ നിരവധി ഭക്തസംഘടനകളും സജീവമായി പ്രവർത്തിക്കുന്നുണ്ടു്. അവയുടെ പ്രസിഡൻറുമാർ, സെക്രട്ടറിമാർ എന്നിവർ ഈ കൗൺസിലിൽ അംഗങ്ങളായിരിക്കുന്നതു യുക്തമാണു്. ഇവക്കു പുറമെ സാമൂഹ്യപ്രവർത്തനത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകാൻ സന്നദ്ധതയും സമയവുമുള്ള സ്ത്രീ പുരുഷന്മാരെയും വികാരിക്കു് ഇടവകയുടെ വിവിധ ഭാഗങ്ങളിൽ നിന്നു് തെരഞ്ഞെടുക്കാവുന്നതാണു്. ഏകദിന ധ്യാനങ്ങൾ സംഘടിപ്പിക്കുവാനും, ബൈബിൾ മതപഠന സെമിനാറുകളും നടത്തുവാനും, മറ്റു സാമൂഹ്യ പ്രവർത്ത

നങ്ങൾ നിർവഹിക്കാനും ഇവർക്ക് വികാരിയെ കൂടുതൽ സഹായിക്കുവാൻ വഴിയും. അതുപോലെതന്നെ, ഇടവകയുടെ വിവിധ ഭാഗങ്ങളിൽ വച്ച് കുടുംബയോഗങ്ങൾ നടത്തുന്നതിലും ഇവർക്ക് വളരെയധികം സഹായം ചെയ്യാവുന്നതാണ്. കുടുംബബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ, വികാരിയുടെ നേതൃത്വത്തിൽ നടത്തുന്ന ഇത്തരം കുടുംബ സമ്മേളനങ്ങൾ വളരെ ഫലം നൽകാനിടയുണ്ട്.

ഇത്തരത്തിലുള്ള പാരിഷ് കൗൺസിലുകൾ ഇന്നുണ്ടോ എന്ന കാര്യം സംശയമാണ്. ഇത്തരം കൗൺസിലുകൾ ഇന്നിന്റെ ഒരാവശ്യമാണ്. തങ്ങളുംകൂടി വൈദികന്റെ ആദ്ധ്യാത്മിക ദൗത്യനിർവ്വഹണത്തിൽ ഭാഗഭാക്കുകളാകുന്നു എന്ന വിചാരം ഇടവകജനങ്ങളിൽ ഉളവാകും. ഇവർക്കർഹമായ പ്രോത്സാഹനം ഇടവക വികാരി നൽകുകയും ചെയ്യണം. അതുപോലെ, കാലാവധി കഴിയുമ്പോൾ പുതിയ കൗൺസിൽ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതുമാണ്.

അഭിപ്രായ സ്വാതന്ത്ര്യം

ഇടവകയുടെ നടത്തിപ്പിനുവേണ്ടിയുള്ള കമ്മിറ്റിയിലും, പാരിഷ് കൗൺസിലിലും, പാസ്റ്ററൽ കൗൺസിലിലും അംഗങ്ങൾക്ക് തങ്ങളുടേതായ അഭിപ്രായം പ്രകടിപ്പിക്കാനുള്ള കടമയും അവകാശവുമുണ്ട് (തിരുസ്സഭ 37). അൽമായ സഹോദരങ്ങളും ഒരു കാര്യം ഇവിടെ പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. എന്തു ചെയ്താലും വിമർശിക്കുവാൻ മാത്രമുള്ള ഒരു വേദിയായി ഈ കൗൺസിലുകളെ തരംതാഴ്ത്തരുത്. സഭയുടെ നന്മയായിരിക്കണം അവരുടേയും ലക്ഷ്യം. തെറ്റ് തെറ്റാണെന്നു തീർച്ചയായും ചൂണ്ടിക്കാണിക്കണം. പക്ഷേ, വിമർശനം സ്നേഹത്തിന്റെ ബാഹ്യപ്രകടനമായിരിക്കണം. നല്ലവശങ്ങൾ ചൂണ്ടിക്കാണിക്കുവാനും അവർക്ക് കടമയുണ്ട്. ഇവിടെ പ്രതിപക്ഷവും ഭരണകക്ഷിയുമെന്നൊരു വകഭേദമില്ല. എല്ലാവരും ഒരേ കക്ഷിയാണ്. അതുകൊണ്ട് ഒത്തൊരുമിച്ചു പ്രവർത്തിക്കണം.

സ്ത്രീകളുടെ സ്ഥാനം

അൽമായരെക്കുറിച്ച് സൂചിപ്പിച്ചതെല്ലാം സ്ത്രീകളെയും ബാധിക്കുന്നതാണ്. എങ്കിലും, ഭാരതത്തിലെ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ അവരെക്കുറിച്ചു രണ്ടുവാക്ക് പറയുക അസ്ഥാനത്തല്ല. സ്ത്രീകളുടെ സ്ഥാനവും അവകാശവും ഉയർത്തിപ്പിടിക്കുന്നതിൽ സഭ എക്കാലത്തും മുൻപന്തിയിൽ നിന്നിട്ടുണ്ട്. അവർ അർഹിക്കുന്ന

അംഗീകാരം നല്കിപ്പോരുന്നുമുണ്ട്. ചുരുക്കംചിലയിടങ്ങളിലെങ്കിലും പാസ്റ്ററൽ കൗൺസിലിൽ അവരർഹിക്കുന്ന പ്രാതിനിധ്യം നൽകിക്കഴിഞ്ഞു. അതു് എല്ലായിടത്തും പ്രാവർത്തികമാക്കേണ്ടതുണ്ട്. പിന്നെ, സർവ്വേയിൽ നിന്നു് വ്യക്തമായതുപോലെ സ്ത്രീകൾക്കു കൂടുതൽ പ്രാതിനിധ്യം നല്കുന്നതിൽ അവർക്കുതന്നെ വലിയ അഭിപ്രായമില്ല. ഇപ്പോഴുള്ള പ്രാതിനിധ്യംകൊണ്ടു് പലരും തൃപ്തരാണു്. അതുകൊണ്ടു്, പ്രാതിനിധ്യം കൊടുക്കേണ്ടയിടങ്ങളിൽ അതിനു വേണ്ട നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ടു്. പ്രാതിനിധ്യത്തിനു് ഒരു ആനുപാതികക്രമമുണ്ടായിരിക്കുന്നതും നല്ലതാണു്. ഉദാഹരണമായി, 10 അൽമായരാണുള്ളതെങ്കിൽ അതിൽ 6 പുരുഷന്മാരും 4 സ്ത്രീകളുമായിക്കൊള്ളട്ടെ.

പാരിഷ്കൗൺസിലുകളിൽ സ്ത്രീകൾക്കു് ഇന്നും ശരിയായ ഭാഗഭാഗിത്വമില്ല. പാസ്റ്ററൽ കൗൺസിലിനെ അപേക്ഷിച്ചു് പാരിഷ്കൗൺസിലുകളിൽ സ്ത്രീകൾക്കു് കൂടുതൽ പ്രാതിനിധ്യം നൽകേണ്ടതാണു്. ഇടവകയുടെ ജീവൻ അതിലെ കുടുംബങ്ങളിലാണു സ്ഥിതിചെയ്യുന്നതു്. കവികളും കലാകാരന്മാരും ചിത്രീകരിക്കാറുള്ളതുപോലെ കുടുംബത്തിന്റെ മണിവിളക്കാണു് കുടുംബനായിക. അങ്ങനെ വരുമ്പോൾ സ്ത്രീകളുടെ സേവനം എന്തുകൊണ്ടും പ്രാധാന്യമർഹിക്കുന്നതാണു്. പാരിഷ്കൗൺസിലിൽ വച്ചു രൂപം കൊടുക്കുന്ന പദ്ധതികളും പ്രാവർത്തികമാക്കാൻ ഇവർക്കായിരിക്കും കൂടുതൽ സഹായിക്കാൻ കഴിയുക.

വനിതാപൗരോഹിത്യം

എല്ലാതുറകളിലും പുരുഷന്മാരോടു കിടപിടിക്കുന്ന പ്രതിഭാസമ്പന്നകളായ സ്ത്രീകൾക്കു് എന്തുകൊണ്ടു പൗരോഹിത്യം നൽകിക്കൂടാ എന്നചോദ്യം പലരും ഉന്നയിക്കാറുണ്ടു്. യൂറോപ്യൻ രാജ്യങ്ങളിൽ ചില അകത്തോലിക്കാ വിഭാഗങ്ങളും സ്ത്രീകൾക്കു പൗരോഹിത്യം നൽകിക്കഴിഞ്ഞു. ഇതേക്കുറിച്ചു് ഇന്നും അവരുടെ ഇടയിൽത്തന്നെ അഭിപ്രായവ്യത്യാസവുമുണ്ടു്. കത്തോലിക്കാസഭ അവളുടെ നിലപാടു് വ്യക്തമാക്കിക്കഴിഞ്ഞു. സഭയുടെ ഇതുവരെയുള്ള പാരമ്പര്യം കാത്തുസൂക്ഷിക്കുവാൻ അവളും ആഗ്രഹിക്കുന്നു. നമ്മുടെ ജനങ്ങളും അതേക്കുറിച്ചു് ബോധവാന്മാരുമാണു്. എങ്കിലും ഈ പ്രശ്നം കൂടുതൽ പഠനാർഹമാണു്.

ഒരു സംഗതി വ്യക്തമാണിവിടെ. ആദ്ധ്യാത്മികകാര്യങ്ങളുടെ നടത്തിപ്പിൽ സ്ത്രീകൾക്കു് ഇന്നത്തെക്കാളും കൂടുതലായി പ്രവ

ത്തിക്കുവാൻ കഴിയണം. അതിനുള്ളവഴി വികാരിമാർ ശരിയാക്കി ക്കൊടുക്കേണ്ടതുണ്ട്. വേദപാഠം പഠിപ്പിക്കുക, സാമൂഹ്യപ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുക, അക്ഷരജ്ഞാനമില്ലാത്തവരെ പഠിപ്പിക്കുക എന്നീ കാര്യങ്ങൾ കന്യാസ്ത്രീകൾക്കു മാത്രമായി മാറ്റിവയ്ക്കാതെ, തീക്ഷ്ണതയുള്ള അൽമായ സ്ത്രീകൾക്കുകൂടി അവയിൽ ഭാഗഭാഗിത്വം നല്കുന്നതു് ഉചിതമാണു്. കുർബാന സമയത്തു് ലേഖനം വായിപ്പിക്കുക, കാരോസൂസകൾ ചൊല്ലിക്കുക, പ്രദക്ഷിണസമയത്തു് പ്രാർത്ഥനയ്ക്കു നേതൃത്വം കൊടുക്കുക തുടങ്ങിയവയും ചിന്താർഹമാണു്.

അൽമായ ഡീക്കന്മാർ

സഭ വളർന്നു വന്നപ്പോൾ വിശ്വാസികളുടെ ആവശ്യങ്ങൾ നിറവേറ്റണം ഡീക്കന്മാരെ തെരഞ്ഞെടുത്തു നിയോഗിച്ചതായി നടപടി പുസ്തകത്തിൽ കാണാം (നടപടി 6:5). കാലക്രമത്തിൽ അങ്ങനെയൊരു സ്ഥാനം മൺമറഞ്ഞു പോയി. ഇന്നു് പലയിടങ്ങളിലും വൈദികരുടെ അഭാവം രൂക്ഷമായി അനുഭവപ്പെടാറുണ്ടു്. വൈദികർക്കു് എല്ലാക്കാര്യങ്ങളിലും ശ്രദ്ധചെലുത്തുവാൻ സാധിക്കുന്നില്ല. തന്മൂലം വിശ്വാസികളുടെ പല ആദ്ധ്യാത്മികാവശ്യങ്ങളും മുടങ്ങിപ്പോകാറുണ്ടു്. ഇതു് പരിഹരിക്കുന്നതിനു് കേരളത്തിലെ സഭയ്ക്കു് സാധിക്കണം. അതിനൊരു മാർഗ്ഗമായി, വിശ്വാസികൾ കൂട്ടത്തലുള്ള സ്ഥലങ്ങളിൽ വികാരിയെ സഹായിക്കുന്നതിനായി ഒന്നോ രണ്ടോ അൽമായ ഡീക്കന്മാരെ തെരഞ്ഞെടുക്കുന്നതിനെക്കുറിച്ചു് ചിന്തിക്കാവുന്നതാണു്. സമൂഹത്തിൽ മാതൃകാപരമായ ജീവിതം നയിക്കുന്നവരും സേവനതല്പരരുമായ സമയവുമുള്ളവരായിരിക്കണം ഇവർ. ഇവർക്കു് വികാരിയെ പല കാര്യങ്ങളിലും സഹായിക്കുവാൻ സാധിക്കും. ഉദാഹരണമായി, മാമ്മോദീസാ നല്കുക, രോഗീലേപനം നടത്തുക, രോഗികൾക്കു കുർബാന കൊണ്ടുപോയി കൊടുക്കുക, വിശേഷദിനങ്ങളിൽ കുർബാന കൊടുക്കുന്നതിനു് വൈദികനെ സഹായിക്കുക എന്നീ കാര്യങ്ങളെല്ലാം ഇവർക്കു ചെയ്യുവാൻ സാധിക്കും.

ഉപസംഹാരം

സഭയിൽ അൽമായർക്കുണ്ടായിരുന്ന സ്ഥാനം വീണ്ടെടുക്കണം. ഹയരാർക്കിയെപ്പോലെ തങ്ങളും ക്രിസ്തുവിന്റെ മൗതിക ശരീരത്തിലെ അംഗങ്ങളാണെന്ന ബോദ്ധ്യം അത്മായർക്കു് ഉണ്ടാകണം.

മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള നിർദ്ദേശങ്ങളും ഇതിനു് സഹായകമാകാം. അൽമായരും ഹയരാക്കിയും തമ്മിൽ കൂടുതൽ ഒരുമയോടെ പ്രവർത്തിക്കണം. ഒന്നിച്ചുള്ള പ്രവർത്തനം വഴി ഇന്നത്തെ ലോകത്തിന്റെ നീറുന്ന പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുവാൻ സാധിക്കും. അപ്പോഴും പ്രേഷിത പ്രവർത്തന സംരംഭങ്ങളും കൂടുതൽ വിജയിക്കും; സുവിശേഷ പ്രഘോഷണം സുസാദ്ധ്യമാകും. അങ്ങനെ ആദിമസഭയുടെ ചൈതന്യത്തോടുകൂടെ ജീവിക്കുവാനും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനും നമുക്കു സാധിക്കും. പ്രസിദ്ധ ദൈവശാസ്ത്ര പണ്ഡിതനായ ഈവ്സ് കോങ്കാറിന്റെ വാക്കുകളും ഉദ്ധരിച്ചുകൊണ്ടു് ഈ ഭാഗം അവസാനിപ്പിക്കുകയാണു്: ''ഹയരാക്കിയും അൽമായരും രമ്യതയോടെ ഒന്നിച്ചു പ്രവർത്തിക്കണം. ഒന്നു കൂടാതെ മറേറതു് ഉയർത്തിപ്പിടിച്ചിട്ടു കാര്യമില്ല. സാഹോദര്യമില്ലാത്ത ഹയരാക്കി 'പറേറർണലിസ'മാണു്; ഹയരാക്കിയില്ലാത്ത സാഹോദര്യം അരാജകത്വവും'' (Yves Congar: Laity, Church, and World; Geoffrey Chapmann,1960 P. 72.)

5. കുടുംബജീവിതവും അർപ്പിതജീവിതവും

ഒരു ജീവിതാവസ്ഥ (കുടുംബജീവിതമോ, സന്യാസജീവിതമോ) തെരഞ്ഞെടുക്കുവാൻ ദൈവം തരുന്ന ഒരാഹ്വാനമാണ് ദൈവവിളി. പരിശുദ്ധ പിതാവ് പന്ത്രണ്ടാം പീയൂസ് പാപ്പാ ദൈവവിളി എന്താണെന്നു വിശദീകരിക്കുന്നുണ്ട്. ''ദൈവവിളി ആഭ്യന്തരമായ തോന്നലിലോ, ഭക്തിപരമായ ആകർഷണത്തിലോ അല്ല അടങ്ങിയിരിക്കുന്നത്. ഇവയിൽ ഇല്ലെന്നോ, സ്വല്പമായി മാത്രം ദർശിച്ചെന്നോ വന്നേക്കാം. എന്നാൽ, ദൈവവിളി ഒരു വ്യക്തിയുടെ ഉദ്ദേശ്യത്തിലും അവനെ ഒരു ജീവിതാവസ്ഥയ്ക്ക് പ്രാപ്തനാക്കുന്ന കായികവും ബൗദ്ധികവും ധാർമ്മികവുമായ ഗുണങ്ങളിലുമാണ് കൂടി കൊള്ളുന്നത്''.

ജീവിതാവസ്ഥകൾ * 1. വിവാഹജീവിതം
2. സന്യാസജീവിതം

ഏതു ജീവിതാവസ്ഥയിലേക്കാണ് ഒരാളെ ദൈവം വിളിക്കുന്നതെന്ന് ആ ആളിന്റെ ജന്മസിദ്ധമായ കഴിവും സ്വാഭാവികമായ പ്രവണതയും നോക്കി നിശ്ചയിക്കാവുന്നതാണ്. മനുഷ്യർ പൊതുവെ, വിവാഹത്തിനും സന്യാസത്തിനുമാണ തെരഞ്ഞെടുപ്പ് നടത്താറുള്ളത്.

വിവാഹജീവിതം

രണ്ടു വ്യക്തികൾ തമ്മിലുള്ള വിവാഹ ബന്ധത്തോടെ ഒരു കുടുംബം സംജാതമാകുന്നു. ഈ കുടുംബത്തിലെ സ്ത്രീപുരുഷ ബന്ധം യേശുവും തിരുസഭയും തമ്മിലുള്ള ബന്ധത്തെയാണ് സൂചിപ്പിക്കു

---

* സ്വയം ത്യജിക്കുക, സ്വയം സമർപ്പിക്കുക എന്നർത്ഥം വരുന്ന 'സന്യാസ' ശബ്ദം പരിഗണിച്ചാലും, ഭാരതീയ ചിന്താഗതി പരിഗണിച്ചാലും, ബ്രഹ്മചാരികളെല്ലാം 'സന്യാസി'കളാണ്.

ന്നതു്. ദമ്പതികളുടെ സ്വാഭാവികമായ ഉടമ്പടിയെത്തന്നെയാണു് യേശു കൂദാശയായി ഉയർത്തിയതു്.

വിവാഹ ജീവിതത്തിൽ തന്നെയാണെങ്കിലും എല്ലാ വിവാഹിതരും ഒരേ തരത്തിലുള്ള ജീവിതമല്ല നയിക്കുന്നതു്. ചിലർ കർഷകരായും മറ്റു ചിലർ കച്ചവടക്കാരായും വേറെ ചിലർ തൊഴിലാളികളായും മറെറാരു കൂട്ടർ ഉദ്യോഗസ്ഥന്മാരായും ജീവിക്കുന്നു.

ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകാനും മാനവ വംശത്തിന്റെ നിലനില്പിനു് സഹായികളാകാനും അങ്ങനെ ദൈവത്തെ മഹത്വപ്പെടുത്താനും സ്വയം വിശുദ്ധീകരിക്കുവാനുംവേണ്ടിയാണു് സ്ത്രീപുരുഷന്മാർ വിവാഹിതരാകുന്നതു്. തങ്ങൾക്കു ജനിക്കുന്ന കുട്ടികളെ നന്നായി വളർത്തി വേണ്ട വിദ്യാഭ്യാസം നൽകി ഭാവി ഭാസുരമാക്കേണ്ടതു് അവരുടെ കടമയാണു്. പരസ്പര വിശ്വാസവും നിസ്വാർത്ഥമായ സേവനവും സ്നേഹവും വഴി വിട്ടുവീഴ്ചാമനോഭാവത്തോടെ ഐക്യത്തിൽ ജീവിക്കുവാനും അവർ കടപ്പെട്ടിരിക്കുന്നു.

ഇന്നു കുടുംബത്തിന്റെ സ്ഥിതി എന്താണു്? എന്തെല്ലാം കുറവുകളാണു് ഉള്ളതു്? അവയ്ക്കുള്ള പരിഹാര മാർഗ്ഗങ്ങൾ ഏവ?

കുടുംബജീവിതത്തിൽ ഇന്നു കാണാവുന്ന കുറവുകൾ

1. ദമ്പതികളും ഉത്തരവാദിത്വവും കടമയും നിർവഹിക്കുന്നതിൽ കാണിക്കുന്ന അനാസ്ഥ.
2. ശരിയായ ഭവനപരിശീലനത്തിന്റെ അഭാവം.
3. സകല മനുഷ്യർക്കും ഒരുപോലെ പറഞ്ഞിരിയ ജീവിതമാണു് വിവാഹമെന്ന ധാരണ.
4. യോഗ്യതയോ ദൈവവിളിയോ ഇല്ലാത്തവരുടെ വിവാഹപ്രവേശനം. ''പ്രായമായോ, എങ്കിൽ കെട്ടിച്ചുവിടുക'' എന്ന മനോഭാവം.
5. വൈയക്തിക ബന്ധത്തിന്റെ അഭാവം.
6. ഉദ്ദേശ്യശുദ്ധിയുടെ കുറവു്.
7. വിവാഹജീവിതത്തെപ്പറ്റിയുള്ള തെറ്റായ ധാരണകളും.
8. ലൈംഗികരാജകത്വം.
9. ലൗകായതികത്വത്തിന്റേയും സുഖലോലുപതയുടേയും അതിപ്രസരം.

10. ദമ്പതികളുടെ ദുർമ്മാതൃക.
11. കുടുംബസംവിധാനത്തിന്റെ അഭാവം.
12. മതാജ്ഞതയിൽ നിന്നുള്ള വിശ്വാസമാന്ദ്യം.
13. കുടുംബത്തിൽ പ്രശ്നാ ജീവിതത്തിന്റെ കുറവു്.
14. കുടുംബരഹസ്യങ്ങളും പാലിക്കുന്നതിൽ അനാസ്ഥ.
15. വിട്ടുവീഴ്ചാമനഃസ്ഥിതിയില്ലായ്മ.
16. സഹകരിച്ചുള്ള പ്രവർത്തനത്തിന്റെ അഭാവം.
17. കുട്ടികൾക്കു നല്കുന്ന ശിക്ഷണത്തിന്റെ അപര്യാപ്തതയും സ്നേഹത്തിന്റെ കുറവും.
18. ദമ്പതികളുടെ ആത്മാർത്ഥതക്കുറവു്.

കെട്ടുറപ്പുള്ള കുടുംബങ്ങളാണു് ഇന്നിന്റെ ആവശ്യം. കുടുംബജീവിതത്തിൽ വന്നുഭവിച്ചിരിക്കുന്ന കുറവുകളും നികത്തിയാൽ മറ്റനേകം പ്രശ്നങ്ങളുടെ പരിഹാരം തന്നെയായിരിക്കും അതു്.

നിർദ്ദേശങ്ങൾ

1. വിവാഹിതരാകുവാൻ പോകുന്നവരെ വിവാഹജീവിതത്തെക്കുറിച്ചു് ബോധവാന്മാരാക്കുക.
2. സെമിനാർ, സ്റ്റഡീക്ലാസ്സു്, ചർച്ചാക്ലാസ്സു് മുതലായവ പ്രായപരിധിയനുസരിച്ചു് തിരിച്ചു തിരിച്ചു നടത്തുക.
3. നന്നായി ജീവിക്കുവാനും, കാര്യങ്ങളും ചുമതലാബോധത്തോടെ നടത്തുവാനുമുള്ള പ്രാപ്തിയുണ്ടോ എന്നന്വേഷിക്കണം. പ്രായമോ, ശരീരശേഷിയോ ആയിരിക്കരുതു് വിവാഹജീവിതത്തിനുള്ള മാനദണ്ഡം.
4. ശരിയായ ലൈംഗികവിദ്യാഭ്യാസവും സംതൃപ്തമായ കുടുംബജീവിതത്തിനു് ആവശ്യമായ കാര്യങ്ങളും പറഞ്ഞു കൊടുക്കുക
5. കുടുംബരഹസ്യങ്ങളും സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത, പരസ്പരം കുറ്റം പറച്ചിലിന്റെ ദുഷ്യങ്ങളും, സഹകരിച്ചു് ആലോചിച്ചു് കാര്യങ്ങളും ചെയ്യേണ്ടതിന്റെ ആവശ്യകത മുതലായവ പഠിപ്പിക്കുക.
6. ഭാര്യാഭർത്താക്കന്മാരുടെ പ്രശ്നങ്ങളും പരസ്പര പ്രശ്നങ്ങളായി കരുതുവാനുള്ള മനഃസ്ഥിതി സൃഷ്ടിക്കുക.
7. പരസ്പരം സ്നേഹവും അംഗീകാരവും മനസ്സിലാക്കലും വഴി വ്യക്തിബന്ധങ്ങളും കരുപ്പിടിപ്പിക്കുവാൻ പഠിപ്പിക്കുക.
8. ഒരുമിച്ചു പ്രാർത്ഥിക്കുന്നതിനും ഭക്ഷിക്കുന്നതിനും പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനുമുള്ള അവസരങ്ങളും സൃഷ്ടിക്കുക.

9. ഓരോ ഇടവകയിലെ ക്ഷേത്രസംഘടനകളും, യോഗക്കാരും, കൈക്കാരന്മാരും മുമ്പോട്ടുവന്നു് വൈദികന്റെ നേതൃത്വത്തിൽ വേണ്ടതു ചെയ്യുക.
10. കുടുംബദിനം ആചരിക്കുകയും കുടുംബപ്രതിഷ്ഠ പുതുക്കുകയും ചെയ്യുക.
11. കുടുംബയോഗങ്ങളും പ്രാർത്ഥനായോഗങ്ങളും സംഘടിപ്പിക്കുക.
12. വിവാഹിതരായ ശേഷവും മൻസംഘടനകളിലെ അംഗത്വം തുടരുക.
13. കുടുംബകലഹമോ മറ്റെന്തെങ്കിലുമോ ഉണ്ടായാൽ മാറുന്നതിനു് വിവാഹിതർക്കുവേണ്ടി മാത്രം ഒരു സംഘടന ഇടവകപ്പള്ളിതോറും തുടങ്ങുക.
14. വാർഷികധ്യാനം പ്രായപരിധി അനുസരിച്ചു് തിരിച്ചു തിരിച്ചു നടത്തുക.
15. ''പാരിഷ് സെമിനാരി'' * (വിവാഹിതർക്കു വേണ്ടിയുള്ള സെമിനാരി) ആരംഭിക്കുന്നതു നന്നായിരിക്കും.
ശിശുപരിപാലനം, സന്താനനിയന്ത്രണം, മിതവ്യയം, കുടുംബഭദ്രത, മതജീവിതം മുതലായവ പഠിപ്പിക്കുക.
പരിശീലനം നൽകുന്നവർ ദമ്പതികൾ ആയിരിക്കണം.
വൈദികമേലദ്ധ്യക്ഷന്മാർ മേൽനോട്ടം വഹിക്കണം.
16. ഇന്നത്തെ മതോപദേശക്ലാസ്സു് കുട്ടികൾക്കു്, യുവാക്കന്മാർക്കു്, യുവതികൾക്കു്, കുടുംബജീവിതക്കാർക്കു് എന്നിങ്ങനെ തിരിച്ചു നടത്തണം.
17. ചുരുക്കത്തിൽ, വിദ്യാഭ്യാസം നൽകിയും മറ്റുസഹായങ്ങൾ ചെയ്തും മാത്രമേ കുടുംബജീവിതത്തെ ഉദ്ധരിക്കാൻ സാധിക്കൂ. അതിനു് ഇടവകവികാരിമാർ കുറെക്കൂടി ഉണർവ്വോടെ പ്രവർത്തിക്കുന്നതു നന്നായിരിക്കും.

സന്യാസജീവിതം

1 ഇടവകസന്യാസം
2 സമൂഹസന്യാസം
3 സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടു്

---

* ഈ വിഷയത്തെ സംബന്ധിക്കുന്ന ഒരു പുസ്തകമാണു്— ''മനുഷ്യനെ മെരുക്കാം''— കെ. വി. ദേവസ്സി മാസ്റ്റർ. ബ്രദേഴ്സ്, പ്രസ്സ് പല്ലൂർ. 1977.

ഇടവക സന്യാസം

പൗരോഹിത്യംവഴി യേശു പഠിപ്പിക്കുക, വിശുദ്ധീകരിക്കുക, ഭരിക്കുക എന്നീ ത്രിവിധ ധർമ്മങ്ങളാണ് നിറവേറ്റിയത്. ഇതു തുടർന്നുകൊണ്ടു പോകുവാൻ അപ്പസ്തോലഗണത്തെ വിളിച്ച് യേശുതന്നെ പരിശീലനം നൽകി. ഇവർ സഭയിൽ ഈ ദൗത്യം നിക്ഷേപിച്ചിരിക്കുകയാണ്. സഭാംഗങ്ങളും ഇവർവഴി യേശുവിന്റെ ദൗത്യത്തെ ഇന്ന് പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നു.

പ്രസാദവരവും ദൈവിക പ്രചോദനവുംവഴി ദൈവം ആന്തരികമായി നൽകുന്ന ഒരാഹ്വാനമാണ് സന്യാസം. ഇതു വ്യക്തിപരമായ ആഹ്വാനമാണ്. വ്യക്തിയുടെ താത്പര്യവും അഭിരുചിയും അനുസരിച്ച് ഇടവകസന്യാസമോ, സമൂഹസന്യാസമോ തെരഞ്ഞെടുക്കുന്നു.

കത്തോലിക്കാ കുടുംബാംഗങ്ങളിൽ ആരെങ്കിലും ഇടവകസന്യാസം സ്വീകരിക്കുന്നതിനെ പ്രശ്നാവലിപൂരിപ്പിച്ചവരിൽ 62% അനുകൂലിക്കുന്നു എന്ന് സർവ്വേ കാണിക്കുന്നുണ്ട്. എങ്കിലും നല്ലൊരു ശതമാനം ആളുകളും അകൽച്ചയുടെ മനഃസ്ഥിതിയാണ് സന്യാസികളോടും സന്യാസത്തോടും പുലർത്തുന്നതു എന്ന് മനസ്സിലാക്കാം. സന്യാസികളുടെ വ്യക്തിപരമായ ജീവിതത്തിലെ വൈകല്യമായിരിക്കാം ഇതിനു കാരണം. അവ ഏവയെന്നു കണ്ടുപിടിച്ച് പരിഹാരം നിർദ്ദേശിക്കുകയാണ് നമ്മുടേയും ലക്ഷ്യം.

സമൂഹ-സന്യാസം

മനുഷ്യന്റെ ആഴമേറിയ ആദ്ധ്യാത്മികവീക്ഷണത്തിൽ നിന്നും ഉടലെടുത്ത ജീവിതത്തുറയാണിതു. ഈശ്വരഭജനം, ഐഹിക സുഖപരിത്യാഗം, ഏകാന്തത, പ്രാർത്ഥന, തപസ്സ് ഇവയെല്ലാം ലക്ഷ്യമാക്കിയാണ് ഈ ജീവിതം സ്വീകരിക്കുന്ന സമൂഹസന്യാസികൾ ജീവിക്കുന്നതു.

ത്യാഗജീവിതത്തിന്റെ വഴികാട്ടികളാണ് സമൂഹസന്യാസികൾ. കത്തോലിക്കാസഭയിലെ സമൂഹസന്യാസിനീസന്യാസികളും ത്യാഗജീവിതക്കാരായിരിക്കണം. ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണംഎന്നീ വ്രതങ്ങളുടെ സ്വീകരണം വഴിയാണ് ഇവർ ത്യാഗജീവിതത്തിൽ പ്രവേശിക്കുന്നതു. പ്രാർത്ഥന, സ്ഥിരത, ജോലി, ആദ്ധ്യാത്മികഗ്രന്ഥപാരായണം, കൂട്ടജീവിതം മുതലായവ ഇവരുടെ പ്രത്യേകതകളാണ്.

കുടുംബാംഗങ്ങളിൽ ഒരാൾ സമൂഹസന്യാസിയോ, സന്യാസിനിയോ ആകുന്നതിനെ 58 ശതമാനം അനുകൂലിക്കുമെന്നു് സർവ്വേ തെളിയിക്കുന്നു. എങ്കിലും സമൂഹസന്യാസത്തിലേക്കുള്ള ആകർഷണം കുറഞ്ഞു വരുകയാണു്. ഇതിനുള്ള കാരണങ്ങൾ ഭൗതികതയുടെ അതിപ്രസരവും ആദ്ധ്യാത്മികതയുടെ താഴ്ന്ന നിലവാരവുമാണു്.

സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട്

പൊതുജീവിതമോ, പരസ്യവ്രതമോ ഇല്ലാതെ ദാരിദ്ര്യവും അനുസരണവും ബ്രഹ്മചര്യവും അനുഷ്ഠിച്ചു ജീവിക്കുന്ന ദൈവമനുഷ്യരാണിവർ. പതിനാറാം നൂറ്റാണ്ടിലാണു് ഈ പ്രസ്ഥാനത്തിന്റെ ആരംഭം. വി. വിൻസെന്റു് ഡി പോളാണു് ''ഉപവി സഹോദരികളുടെ സമൂഹം'' സ്ഥാപിച്ചതു്. ഇതായിരുന്നു ആദ്യത്തെ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടു്.

പന്ത്രണ്ടാം പീയൂസു് പാപ്പാ 1947 ഫെബ്രു. 2 നു് ഔദ്യോഗികമായി ഇതു് അംഗീകരിച്ചു. നൂറിൽപരം സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകൾ ഇന്നു് ലോകത്തിലുണ്ടു്.

ഇതിലെ അംഗങ്ങൾക്കു് തനിയേ ജീവിക്കുവാനുള്ള തന്റേടവും ഒരു സമൂഹത്തിന്റെ തണലിലല്ലാതെ കഴിയുവാനുള്ള കഴിവും നല്ലൊരു വ്യക്തിത്വവും മാന്യതയും സേവനചൈതന്യവും ആവശ്യമാണു്.

സന്യാസജീവിതത്തിൽ വ്യക്തികൾക്കു വരാവുന്ന കുറവുകൾ

1. ഉദ്ദേശ്യശുദ്ധിയും ലക്ഷ്യബോധവുമില്ലാത്തവർ സന്യാസം വരിച്ചേക്കാം.
2. മറ്റു ജീവിതതുറകളിൽ ഉയരാൻ സാധിക്കാത്തവർ സന്യാസാശ്രമങ്ങളിൽ പ്രവേശിച്ചേക്കാം.
3. പ്രാർത്ഥനാ ജീവിതത്തിൽ മാന്ദ്യവും ആദ്ധ്യാത്മികാനുഷ്ഠാനങ്ങളിൽ അലസതയും കടന്നുകൂടി ലൗകായതികതലത്തിലേയ്ക്കു സന്യാസിമാർ വഴുതിവീഴാം.
4. പ്രശംസയ്ക്കും ലൗകികോത്കർഷത്തിനുംവേണ്ടി മാത്രം പ്രവർത്തിക്കാനുള്ള പ്രലോഭനം സന്യാസികൾക്കുണ്ടാകാം.

5. വിധേയത്വമനഃസ്ഥിതിയില്ലായ്മമൂലം അധികാരദുർമോഹം, കിടമത്സരം ഇവ സന്യാസസഭാംഗങ്ങൾക്കുണ്ടാകാം.

നിർദ്ദേശങ്ങൾ

1. സദ്ഗുണസമ്പന്നരല്ലാത്തവരെ സന്യാസജീവിതത്തിനു പ്രേരിപ്പിക്കാതിരിക്കുക.
2. പരിശീലന ഘട്ടത്തിൽ എല്ലാവ്യക്തികൾക്കും ഉത്തമ പരിശീലനം കൊടുക്കുക.
3. ഉപകാരപ്രദമായ 'റീജൻസി'യും കോളജ് വിദ്യാഭ്യാസവും നൽകുന്നതു നന്നായിരിക്കും.
4. കൃത്യനിഷ്ഠ, സത്യസന്ധത, സേവനതത്പരത മുതലായ സദ്ഗുണങ്ങൾ സന്യാസാർത്ഥികളെ അഭ്യസിപ്പിക്കുക.
5. ധാരാളം വൈദികരെയല്ല വേണ്ടതു്. പ്രത്യുത, ദൈവസ്നേഹമുള്ളവരും മനുഷ്യസ്നേഹമുള്ളവരുമാണു നമുക്കു വേണ്ടതു്. അതിനു് സ്ഥലകാലാനുസൃതമായി നല്ല പരിശീലനം വൈദികാർത്ഥികൾക്കു് കിട്ടണം.

സന്യാസജീവിതത്തിലേയ്ക്കുള്ള വിളി സ്വീകരിക്കുന്നവരുടെ എണ്ണം കുറയാനുള്ള കാരണങ്ങൾ:–

1. ബ്രഹ്മചര്യ ജീവിതം നയിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ
2. ശാസ്ത്രത്തിന്റെ അതിപ്രസരവും ലൈംഗികാരാജകത്വവും
3. അധികാരികളുമായുള്ള ആശയസംഘട്ടനം
4. നല്ല ക്രിസ്തീയ കുടുംബങ്ങളുടെ അഭാവം
5. മാതാപിതാക്കളുടെ അജ്ഞതയും ദുർമ്മാതൃകയും. കുട്ടികൾക്കു് സന്യാസജീവിതത്തിലേക്കു് പ്രോത്സാഹനമോ താല്പര്യമോ ലഭിക്കുന്നില്ല എന്നു് മാത്രമല്ല, മാതാപിതാക്കൾ അവരുടെ കുറങ്ങൾ മറച്ചുപിടിച്ചു്,വൈദികരേയും സന്യാസിനീസന്യാസികളേയും പരസ്യമായി വിമർശിക്കുകയും,കുറം പറയുകയും ചെയ്യുന്നതു മൂലമുള്ള ദോഷം.
6. ബോധ്യത്തിന്റേയും ദർശനത്തിന്റേയും അഭാവം
7. ഇന്നത്തെ ലോകത്തിലെ ജീവിതസൗകര്യങ്ങളുടെ കൂടുതൽ, സ്വയംപര്യാപ്തത, ലൗകായതികത്വം, ലൈംഗികതയുടെ തേർവാഴ്ച, ഇന്നത്തെ പ്രസിദ്ധീകരണങ്ങൾ, സിനിമ, കലാപരിപാടികൾ മുതലായവ.

പരിഹാരമാർഗ്ഗങ്ങൾ

1. നല്ല ക്രിസ്ത്യീയകുടുംബം കെട്ടിപ്പടുക്കുക.
2. വൈദികരും സമൂഹസന്യാസികളും അവരവരുടെ കർത്തവ്യങ്ങൾ യഥായോഗ്യം നിർവഹിക്കുക.
3. ക്രൈസ്തവസമൂഹം സന്യാസിനീസന്യാസികളോട് ആദരവും സ്നേഹവും പ്രദർശിപ്പിക്കുക.

ദൈവവുമായി സായുജ്യം പ്രാപിക്കാനുള്ള മനുഷ്യന്റെ അടങ്ങാത്ത ദാഹം, എല്ലാ നൂറ്റാണ്ടുകളേക്കാളും ശക്തിമത്താണ് ഇന്ന്. പ്രാർത്ഥനയിൽ, ജീവിതാവസ്ഥയിൽ ദൈവാനുഭവം കണ്ടെത്താൻ അവൻ പല മാർഗ്ഗങ്ങൾ പരീക്ഷിക്കുകയാണ്. ഇതിന് ഒരു ഉദാഹരണമാണ് ''കരിസ്മാറ്റിക്'' പ്രസ്ഥാനം. ഇതുവഴിയോ മറ്റുദിവ്യപ്രേരണകൾ കൊണ്ടോ സന്യാസിനീസന്യാസികളുടേയും കുടുംബജീവിതക്കാരുടേയും ആദ്ധ്യാത്മിക നിലവാരം ഉയരേണ്ടിയിരിക്കുന്നു. പ്രതികൂലസാഹചര്യങ്ങളെ അവഗണിച്ചുകൊണ്ട് ധാരാളം യുവതീയുവാക്കന്മാർ തങ്ങളുടെ ജീവിതം ദൈവത്തിനർപ്പിക്കുന്നുണ്ട്. ഭരണങ്ങാനത്തെ വൊക്കേഷൻ സർവീസ് സെൻറർ പ്രസിദ്ധീകരിച്ച ദൈവവിളിയുടെ പട്ടികയിൽ നിന്നും ഇടവക-സമൂഹ-സന്യാസത്തിലേയ്ക്ക് ദൈവവിളി വർദ്ധിച്ചുവരുന്നതായി കാണാം.

1975 ലേയും 1976 ലേയും കണക്കുകൾ താഴെ ചേർക്കുന്നു:-

1975

രൂപത	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
1. ആലപ്പുഴ	7	7	14
2. കോഴിക്കോട്	3	8	11
3. ചങ്ങനാശ്ശേരി	115	164	279
4. കൊച്ചി	12	24	36
5. എറണാകുളം	101	167	268
6. കാഞ്ഞിരപ്പള്ളി	0	0	0
7. കോതമംഗലം	122	145	267
8. കോട്ടയം	76	80	156
9. മാനന്തവാടി	19	26	45
10. പാലാ	146	253	399

11. പാലക്കാട്	5	8	13
12. കൊല്ലം	19	17	36
13. തലശ്ശേരി	132	148	280
14. തിരുവല്ല	18	6	24
15. തൃശ്ശൂർ	135	176	311
16. തിരുവനന്തപുരം	19	8	27
17. തിരുവനന്തപുരം	6	6	12
18. വരാപ്പുഴ	39	42	81
19. വിജയപുരം	1	3	4
ആകെ –	375	1288	2263

1976

രൂപത	ആൺകുട്ടികളും	പെൺകുട്ടികളും	ആകെ
1. ആലപ്പുഴ	13	20	33
2. കോഴിക്കോട്	1	2	3
3. ചങ്ങനാശ്ശേരി	82	89	171
4. കൊച്ചി	13	24	37
5. എറണാകുളം	134	156	290
6. കാഞ്ഞിരപ്പള്ളി	58	68	126
7. കോതമംഗലം	123	131	254
8. കോട്ടയം	74	94	168
9. മാനന്തവാടി	28	37	65
10. പാലാ	159	229	388
11. പാലക്കാട്	6	1	7
12. കൊല്ലം	7	20	27
13. തലശ്ശേരി	126	148	274
14. തിരുവല്ല	15	10	25
15. തൃശ്ശൂർ	95	221	316
16. തിരുവനന്തപുരം	13	9	22
17. തിരുവനന്തപുരം	6	10	16
18. വരാപ്പുഴ	22	48	70
19. വിജയപുരം	5	3	8
ആകെ	980	1320	2300

6. ലൈംഗികവിദ്യാഭ്യാസവും കുടുംബക്ഷേമവും

മനുഷ്യവ്യക്തിയുടെ ഒരു ജീവഘടകമാണ് സെക്സ് അഥവാ ലൈംഗികത. ലൈംഗികതയെ സംബന്ധിച്ച് പല കാലഘട്ടങ്ങളിലും പല വീക്ഷണങ്ങളാണ് നിലവിലിരുന്നത്. ആത്മാവിനെയും ശരീരത്തെയും വ്യത്യസ്തചേരികളിൽ ദർശിച്ചിരുന്ന ഒരു കാലഘട്ടം, ശരീരത്തെ ആത്മാവിന്റെ ശത്രുവായും ലൈംഗിക വികാരങ്ങളെ പൈശാചികവാസനകളായും ചിത്രീകരിച്ചിരുന്നു.

ലൈംഗിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത

ലൈംഗികകാര്യങ്ങളെപ്പറ്റി ശരിയായ അറിവ് കൂട്ടികൾക്കും യുവതീയുവാക്കന്മാർക്കും ഇന്നു ലഭിക്കുന്നില്ല എന്നു സർവ്വേ വ്യക്തമാക്കുന്നു. പ്രശ്നാവലി പൂരിപ്പിച്ചവരിൽ ഒമ്പതു ശതമാനം ആളുകൾ മാത്രമേ ലൈംഗികകാര്യങ്ങളെപ്പറ്റി വേണ്ടത്ര അറിവ് ലഭിക്കുന്നതായി രേഖപ്പെടുത്തിയുള്ളൂ. അമ്പത്തഞ്ചു ശതമാനം ആളുകളുടെയും അഭിപ്രായം ശരിയായ ലൈംഗികവിദ്യാഭ്യാസം വിവാഹത്തിനു മുമ്പു യുവജനങ്ങൾക്ക് ലഭിക്കുന്നില്ല എന്നാണ്.

ലൈംഗികകാര്യങ്ങളെക്കുറിച്ച വേണ്ടത്ര അറിവ് വിവാഹത്തിനു മുൻപു നമ്മുടെ യുവതീയുവാക്കന്മാർക്ക് ലഭിക്കുന്നുണ്ടോ?

(a)

മൊത്തം	ലഭിക്കുന്നുണ്ട്	9.128%
	ലഭിക്കുന്നില്ല	55.518%
	കുറെക്കൂടി കിട്ടണം	35.344%

(b)

വയസ്സതിരിച്ച്

വയസ്സ്	ലഭിക്കുന്നുണ്ട്	ലഭിക്കുന്നില്ല	കുറെക്കൂടി കിട്ടണം
18-25	7.741%	59.032%	34.516%
26-35	9.190 ,,	58.441 ,,	34.632 ,,

36-45	14.925 ,,	52.736 ,,	33.333 ,,
46-60	6.951 ,,	55.080 ,,	34.759 ,,
60നു മുകളിൽ	9.774 ,,	45.112 ,,	44.360 ,,
വൈദികർ	7.042 ,,	60.563 ,,	32.593 ,,
കന്യാസ്ത്രീകൾ	8.333 ,,	54.166 ,,	37.501 ,,

മുപ്പത്തഞ്ചു ശതമാനം ആളുകൾ കുറെക്കൂടി അറിവു് ലഭിക്കണമെന്നുള്ളവരാണു്. ഇതിൽനിന്നു് ഒരു കാര്യം വ്യക്തമാണു്. ലൈംഗിക വിദ്യാഭ്യാസമേഖലയിൽ നാം വളരെയധികം വളരേണ്ടിയിരിക്കുന്നു. തങ്ങളുടെ ഉത്പാദനശക്തിയെ മനസ്സിലാക്കാനുള്ള ആകാംക്ഷയോടെ കൂടികൂടി പലപ്പോഴും അല്പം മുതിർന്ന കൂട്ടുകാരെയോ വിലകുറഞ്ഞ സാഹിത്യങ്ങളെയോ ആണു് അഭയം പ്രാപിക്കുക. അപ്രകാരം ലഭിക്കുന്ന അശാസ്ത്രീയവും വികലവുമായ ലൈംഗികവിജ്ഞാനം കുരുന്നുമനസ്സുകളുടെ സമനില തെറ്റിക്കുവാനും നിരാശാജനകമായ ആകാംക്ഷ വച്ചുപുലർത്തുവാനും മാത്രമെ ഉപകരിക്കുകയുള്ളൂ. അങ്ങനെ അവരുടെ സ്വഭാവരൂപവത്ക്കരണത്തെയും വ്യക്തിത്വത്തെയും അതു് സാരമായി ബാധിക്കും. അതിനാൽ സെക്സിന്റെ ശരിയായ ഉപയോഗത്തെപ്പറ്റി ബാലികാബാലന്മാരെ ബോധ്യമുള്ളവരാക്കണം.

ലൈംഗികപ്രശ്നങ്ങൾ പല ദാമ്പത്യജീവിതങ്ങളെയും തകർക്കാറുണ്ടു്. സെക്സിനെപ്പറ്റിയുള്ള അബദ്ധധാരണകളും അന്ധവിശ്വാസങ്ങളുമാണു് ലൈംഗികപ്രശ്നങ്ങളുടെ പ്രധാന കാരണം. പുരുഷത്വം നശിച്ച പുരുഷന്മാരിൽ 99.5% പേരും നിദ്രാസ്ഖലനത്തെപ്പറ്റിയും ലൈംഗിക വികാരങ്ങളെപ്പറ്റിയും പല അബദ്ധധാരണകൾ വച്ചുപുലർത്തിയിരുന്നു എന്നു് ഗവേഷകർ പറയുന്നു. ലൈംഗികപ്രശ്നങ്ങൾ ഉളവാക്കുന്ന മാനസികാസ്വസ്ഥതകളിൽ നിന്നു് വിമുക്തിനേടി ദാമ്പത്യജീവിതം സൗഭാഗ്യപൂർണ്ണമാക്കണമെങ്കിൽ ലൈംഗികതയെപ്പറ്റിയുള്ള ശരിയായ അറിവു് ലഭിക്കണം.

കൗമാരപ്രായത്തിലേക്കു് പ്രവേശിക്കുന്നതോടുകൂടി കുമാരീകുമാരന്മാരിലുണ്ടാകുന്ന ശാരീരികമായ വ്യതിയാനങ്ങൾ പലരെയും പേടിപ്പെടുത്തുന്നു; പ്രത്യേകിച്ചും പെൺകുട്ടികളെ. ആർത്തവത്തെയും അതോടനുബന്ധിച്ചുണ്ടാകുന്ന മറ്റു വ്യത്യാസങ്ങളെയും അത്ഭുതത്തോടും ഭയത്തോടുംകൂടി ചിലർ വീക്ഷിക്കും. അതിനാൽ നേരത്തെതന്നെ ഈ വ്യതിയാനങ്ങളെപ്പറ്റി അവർക്കു് അറിവു് നൽകണം

ഈ വിഷയത്തിൽ ശരിയായ ജ്ഞാനം സുരക്ഷിതത്വബോധവും ആന്തരികസംതൃപ്തിയും പ്രദാനം ചെയ്യുന്നു.

ജീവിതത്തിന്റെ സിംഹഭാഗവും സ്ത്രീപുരുഷബന്ധങ്ങളിലൂടെയും കുടുംബജീവിതത്തിലൂടെയും മുമ്പോട്ട് കൊണ്ടുപോകുവാനുള്ളതാണു്. അതിനാൽ കുടുംബജീവിതത്തിലേക്കു പ്രവേശിക്കുന്നവർക്കു് കുടുംബജീവിതത്തെക്കുറിച്ചും ലൈംഗികതയെക്കുറിച്ചും യഥാസമയം ശരിയായ ജ്ഞാനം നൽകുക ആവശ്യമാണു്.

സാമൂഹികമായും സാംസ്കാരികമായും നമ്മുടെ നാടു് ഇന്നു വളരെയധികം വളർന്നിട്ടുണ്ടു്. ലൈംഗിക പ്രലോഭനങ്ങൾക്കു കൂടുതൽ സാദ്ധ്യതകളുണ്ടിന്നു്. യാതൊരു കലാമൂല്യവുമില്ലാതെ ലൈംഗികവികാരങ്ങളുടെ സംതൃപ്തിമാത്രം പ്രദാനംചെയ്യുന്ന സിനിമകളും, അശ്ലീലസാഹിത്യഗ്രന്ഥങ്ങളും, ചാരിത്ര്യശുദ്ധിയെ കാലഹരണപ്പെട്ട ആശയമായി ചിത്രീകരിക്കുന്ന ചിന്താഗതികളും യുവതീയുവാക്കന്മാരിൽ ചിലരെ ഇന്നു വഴിതെറ്റിക്കുന്നുണ്ടു്. പാരതന്ത്ര്യത്തിന്റെയും കൃത്യനിഷ്ഠയുടെയും മേഖലകളിൽ കഴിഞ്ഞുകൂടിയിരുന്നവർ അമിതമായ സ്വാതന്ത്ര്യത്തിന്റെ മേച്ചിൽപുറങ്ങളിലേക്കു് പൊട്ടന്നനെ കടന്നു് ചെല്ലുമ്പോഴും ശരിയായ ജ്ഞാനമില്ലെങ്കിൽ ജീവിതം പരാജയമടഞ്ഞെന്നു വരാം.

പഴയകാലങ്ങളിൽ ലൈംഗികവിദ്യാഭ്യാസം ആവശ്യത്തിനു് നൽകിയിരുന്നില്ല. അന്നു് യാതൊരു കുഴപ്പവും ഉണ്ടായിരുന്നില്ല എന്നു ചിന്തിക്കുന്നവർ ഇന്നു് ധാരാളമുണ്ടു്. ഈ ചിന്താഗതി ശരിയല്ല. കാരണം, പഴയകാലങ്ങളിൽ അനുകൂലമായ സാഹചര്യങ്ങളും ധാരാളമുണ്ടായിരുന്നു. ചെറുപ്പത്തിൽത്തന്നെ വിവാഹാന്തസ്സിൽ പ്രവേശിച്ചിരുന്നതുകൊണ്ടു് ലൈംഗികസമ്മർദ്ദങ്ങളും ഉപശാന്തി ലഭിച്ചിരുന്നു. മാത്രമല്ല, വിവാഹത്തിനു് ശേഷവും പ്രായവും പക്വതയും ചെന്നവരോടൊത്താണവർ ജീവിതം നയിച്ചിരുന്നതു്. മാതാപിതാക്കളുടെ സംരക്ഷണവും അവർക്കുണ്ടായിരുന്നു. അന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ അപഭ്രംശത്തിനുള്ള സാദ്ധ്യതകളും വളരെ കുറവുമായിരുന്നു. അജ്ഞതയെ ഒരിക്കലും ഒരു നിഷ്കളങ്കതയായി ചിത്രീകരിക്കരുതു്. ശരിയായ ജ്ഞാനം ലഭിച്ചതിനു ശേഷമുള്ള നിയന്ത്രണമാണു് പ്രധാനം.

ലൈംഗികവിദ്യാഭ്യാസം എന്തു്?

നിഷ്കൃഷ്ടമായ അർത്ഥത്തിൽ ലൈംഗികവിദ്യാഭ്യാസം എന്നതു് സ്ത്രീപുരുഷന്മാരുടെ ലൈംഗിക അവയവങ്ങളെയും അവ

യുടെ പ്രവർത്തനരീതിയെയും വിശദീകരിച്ച് കൊടുക്കുക എന്നതാണ്. എന്നാൽ, ജീവിതയാഥാർത്ഥ്യങ്ങളെപ്പറ്റിയുള്ള ഈ അവബോധം മാത്രമല്ല ലൈംഗികവിദ്യാഭ്യാസം. ലൈംഗികവാസനകളുമായി ബന്ധപ്പെട്ട നിൽക്കുന്ന പ്രശ്നങ്ങളെ മനസ്സിലാക്കുവാനും നേരിടുവാനും അവയുടെ പ്രതിവിധികളും കാണുവാനും ബാലികാബാലന്മാരെയും യുവജനങ്ങളെയും ശക്തരാക്കുന്ന ഒരു പരിശീലനപരിപാടിയായിരിക്കണം ലൈംഗികവിദ്യാഭ്യാസം. എല്ലാറ്റിനുമുപരി ഒരു ജീവിത പരിശീലനം കൂടിയായിരിക്കണം ലൈംഗികവിദ്യാഭ്യാസം ക്രിസ്തീയകാഴ്ചപ്പാടിൽ ധാർമ്മികവും ആദ്ധ്യാത്മികവുമായ മൂല്യങ്ങളിലധിഷ്ഠിതമായ ഒരു പരിശീലനമായിരിക്കണമത്. തനിക്ക് ലഭിക്കുന്ന വിദ്യാഭ്യാസത്തിനനുസൃതമായി തന്റെ ജീവിതത്തെ കരുപ്പിടിപ്പിക്കാനുള്ള കഴിവും ശക്തിയും ഓരോ വിദ്യാർത്ഥിക്കും ലഭിക്കണം. അതിന് ഉചിതമായ ബോധനമാണാവശ്യം. ഉപരിപ്ലവമായ ജ്ഞാനം പോരാ. അതിനാൽ ലൈംഗിക വാസനകളെപ്പറ്റി പഠിപ്പിക്കുന്നതോടൊപ്പം ദൈവത്തിന്റെ പ്ലാൻ അനുസരിച്ച് അതിനെ ഉപയോഗിക്കാനും കുട്ടികൾക്ക് പ്രചോദനം കൊടുക്കണം.

ആരു് നല്കണം?

കുട്ടികൾക്ക് ലൈംഗികവിദ്യാഭ്യാസം നൽകുന്നതിനു് ഏറ്റം കൂടുതൽ ഉത്തരവാദിത്വമുള്ളതു് മാതാപിതാക്കൾക്കാണു്; അവരാണു് അതിനു് ഏറ്റം അനുയോജ്യരും. സ്വന്തം കുട്ടികളുടെ പ്രത്യേകതകളും പ്രശ്നങ്ങളും വളർച്ചയുടെ കാലഘട്ടങ്ങളും അവർക്കാണല്ലോ ഏറ്റം നന്നായി അറിയാവുന്നതു്. കുടുംബത്തിൽ സംജാതമാകുന്ന സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും അന്തരീക്ഷമാണു് ഏറ്റവും നല്ല ലൈംഗികവിദ്യാഭ്യാസം. എന്നാൽ, നമ്മുടെ നാട്ടിലെ പ്രത്യേക പരിതസ്ഥിതികളും പരിശോധിക്കുമ്പോൾ ഇവിടെയുള്ള ഭൂരിഭാഗം മാതാപിതാക്കളും ലൈംഗികതയോടു് ശരിയായ ആരോഗ്യം പുലർത്തുവാൻ കഴിവുള്ളവരാണോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു.

സ്കൂളിലെ അദ്ധ്യാപകർക്കു് കുട്ടികളെ സഹായിക്കാൻ കഴിയും. ചെടികളുടെ ബീജസങ്കലനവും മൃഗങ്ങളുടെ ഗർഭധാരണവുമെല്ലാം പഠിപ്പിക്കുന്ന ക്ലാസ്സിൽ മനുഷ്യന്റെ ഉത്പാദനേന്ദ്രിയങ്ങളുടെ പ്രവർത്തനത്തെയും കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കാം. മുതിർന്ന ക്ലാസ്സുകളിൽ പഠിക്കുന്നവർക്കുവേണ്ടി ഒരു ഡോക്ടറെയോ വിദഗ്ധനെയോ വിളിച്ച് പ്രത്യേക ക്ലാസ്സുകളെടുപ്പിക്കുന്നതും വളരെ നന്നാ

യിരിക്കും. എല്ലാറ്റിനുമുപരി ദൈവാലയാന്തരീക്ഷത്തിൽ കുട്ടികളുടെ ലൈംഗികജീവിതത്തെ ശരിയായും ക്രമപ്പെടുത്താൻ സാധിക്കണം. വൈദികർക്കും കന്യാസ്ത്രീകൾക്കും മതബോധനാദ്ധ്യാപകർക്കും ഈ കാര്യത്തിൽ കുട്ടികളെ സഹായിക്കാൻ സാധിക്കും. മതബോധനക്ലാസ്സുകൾ ലൈംഗികബോധത്തിനുള്ള ഒരുത്തമവേദിയാണ്. വിഷയം കൈകാര്യം ചെയ്യുവാൻ കഴിവുള്ളവരും ധാർമ്മികബോധമുള്ളവരുമായ അദ്ധ്യാപകരാണാവശ്യം. അദ്ധ്യാപകരിൽ കുട്ടികൾക്ക് വിശ്വാസവും ഉണ്ടായിരിക്കണം. പ്രായത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ തിരിച്ച് ഈ വിഷയത്തെ സംബന്ധിച്ച സ്റ്റഡീക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കാൻ അവധിക്കാലങ്ങൾ പ്രയോജനപ്പെടുത്തണം. ഇക്കാര്യത്തിൽ വൈദികവിദ്യാർത്ഥികൾക്ക് മുൻകൈയെടുത്ത് പ്രവർത്തിക്കുവാൻ സാധിക്കും.

എപ്പോൾ, എങ്ങനെ?

ലൈംഗികവിദ്യാഭ്യാസം ഒരു പ്രത്യേക കാലഘട്ടത്തിൽ മാത്രം നൽകുവാനുള്ളതല്ല. ശിശുപ്രായംമുതൽ ക്രമാനുഗതമായ ഒരു പരിശീലനമായിരിക്കണമത്. പ്രായവും പക്വതയും അനുസരിച്ചുവേണം ബോധനം നൽകുവാൻ. എല്ലാംകൂടി ഒന്നിച്ച് വിശദീകരിച്ചാൽ സംശയങ്ങളും തെറ്റിദ്ധാരണകളും വർദ്ധിക്കും. രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു: ''അവർ വളരുന്നതോടൊപ്പം വിവേകപൂർണ്ണവും വ്യക്തവുമായ ലൈംഗികവിദ്യാഭ്യാസം അവർക്ക് നൽകേണ്ടതാണ്'' (വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള ഡിക്രി, ഖണ്ഡിക1). ഇക്കാര്യത്തിൽ താഴെപ്പറയുന്ന പ്രകാരമുള്ള ഒരു ബോധനരീതി സ്വീകരിക്കുക ഉചിതമായിരിക്കും.

ജനനം മുതൽ 5 വയസ്സുവരെയുള്ള കാലഘട്ടമാണ് പ്രഥമഘട്ടം. ഈ ഘട്ടത്തിൽ മാതാപിതാക്കൾ കുട്ടികളുടെ ലൈംഗികാവയവങ്ങളെ വൃത്തിയായി സൂക്ഷിക്കാൻ ശ്രദ്ധിക്കണം. കളിയും ഉറക്കവുമെല്ലാം ആവശ്യത്തിന് ലഭിക്കണം. ചിലപ്പോൾ തങ്ങളുടെ ലൈംഗിക അവയവങ്ങളെ സ്പർശിക്കുകയോ അവയെ സശ്രദ്ധം വീക്ഷിക്കുകയോ ചെയ്യുന്നവരും. ഇതുകണ്ട് കുട്ടികളെ ശിക്ഷിക്കയോ ശകാരിക്കയോ ചെയ്യരുത്. 5 മുതൽ 8 വയസ്സുവരെയുള്ള കാലഘട്ടമാണ് രണ്ടാമത്തേത്. ലൈംഗികകാര്യങ്ങളെപ്പറ്റി ജിജ്ഞാസയുണ്ടാകുന്ന കാലമിതാണ്. വീട്ടിലെ വളർത്തുമൃഗങ്ങളുടെ പ്രവർത്തനങ്ങൾ അവർ വീക്ഷിക്കും. സ്വന്തം ഉദ്ഭവത്തെപ്പറ്റിയും അവർ ചിന്തിക്കും. ഇപ്രകാരമുണ്ടാകുന്ന സംശയങ്ങൾക്ക് കൃത്യ

കാര്യങ്ങൾ മനസ്സിലാകുന്ന ഭാഷയിൽ ഉത്തരം നൽകണം. യാതൊരു വികാരവും കൂടാതെ കേവലം ജിജ്ഞാസകൊണ്ടു മാത്രം ചോദിക്കുന്ന പ്രസ്തുത ചോദ്യങ്ങൾക്കു് നിർവ്വികാരരായിത്തന്നെ ഉത്തരം നൽകണം. ആവശ്യമില്ലാത്ത കാര്യങ്ങൾ പറഞ്ഞു് കുട്ടികളെ തെറ്റിദ്ധരിപ്പിക്കയുമരുതു്.

8 മുതൽ 11 വയസ്സുവരെയുള്ള കാലഘട്ടത്തിൽ മാതാപിതാക്കൾക്കു പുറമെ അദ്ധ്യാപകരും കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധിക്കണം. നല്ല തഴക്കങ്ങൾ രൂപപ്പെടുത്തുന്നതിനും സന്മാർഗ്ഗബോധമുള്ള കുട്ടികാരോടൊത്തു് ഇടപെടുന്നതിനും നല്ല പുസ്തകങ്ങൾ വായിക്കുന്നതിനും അവരെ സഹായിക്കണം. രക്തചംക്രമണംപോലെ അഥവാ ദഹനപ്രക്രിയ പോലെ സ്വാഭാവികമായ ഒന്നാണു് ഉത്പാദനപ്രക്രിയ എന്നു് വിശദീകരിച്ചു കൊടുക്കണം. 11 മുതൽ 16 വയസ്സുവരെയുള്ള കാലഘട്ടം വളരെ പ്രധാനപ്പെട്ടതാണു്. കുമാരീകുമാരന്മാരിലുണ്ടാകുന്ന ശാരീരികവും മാനസികവുമായ വ്യതിചലനങ്ങൾ ശരിക്കും വിശദീകരിച്ചു കൊടുക്കണം. സ്വഭാവരൂപവത്കരണത്തെപ്പറ്റിയും തങ്ങളിലുണ്ടാകുന്ന മാറ്റങ്ങളോടു് ആരോഗ്യപരമായ നിലപാടു് സ്വീകരിക്കേണ്ട ആവശ്യകതയെപ്പറ്റിയും പറഞ്ഞുകൊടുക്കണം. 16 മുതൽ 24 വയസ്സുവരെയുള്ള കാലഘട്ടത്തിൽ സന്താനോത്പാദനത്തെപ്പറ്റി അവർക്കു് പൂർണ്ണമായ ജ്ഞാനം നൽകണം. മറുവർഗ്ഗത്തിലുള്ളവരോടു് ബഹുമാനം പുലർത്തുവാൻ അവരെ പരിശീലിപ്പിക്കണം. സ്വയംഭോഗം, വ്യഭിചാരം, സ്വവർഗ്ഗസംഭോഗം മുതലായ ലൈംഗിക വൈകൃതങ്ങളുടെ ദുഷ്യവശങ്ങളെപ്പറ്റിയും അവയുടെ സദാചാരപരവും സാമൂഹികവുമായ പരിണിതഫലങ്ങളെപ്പറ്റിയും ഗുഹ്യരോഗങ്ങളെപ്പറ്റിയും അവർക്കു പറഞ്ഞു കൊടുക്കണം. ശരിയായ ജീവിതാന്തസ്സു തിരഞ്ഞെടുക്കുന്നതിനു് അവരെ സഹായിക്കേണ്ടതും ഈയവസരത്തിലാണു്.

ഇക്കാര്യങ്ങളെപ്പറ്റി പറഞ്ഞുകൊടുക്കുന്നതു കൂടാതെ നല്ല പുസ്തകങ്ങൾ വായിക്കുവാൻ കൊടുക്കുന്നതും ഉചിതമായിരിക്കും. പ്രാരംഭദശയിൽ വായിക്കാൻപറ്റിയ ഏതാനും പുസ്തകങ്ങൾ ഇവിടെ നിർദ്ദേശിക്കുകയാണു്. 1) അവൻ വളരുന്നു—ഡോ. ളൂയീസ് പോന്തുക്കര 2) അവൾ വളരുന്നു— ഡോ. ളൂയീസ് പോന്തുക്കര 3) വളർച്ചയുടെ പ്രശ്നങ്ങൾ— സി. എച്ചു്. ജോസഫ്.

ലൈംഗികബോധനം നൽകുമ്പോഴെല്ലാം ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ടു്. ലൈംഗികകാര്യങ്ങൾ ഒരു രഹസ്യമോ പേടിപ്പെടു

ത്തുന്ന സ്വപ്നമേ ആയി കുട്ടികൾക്ക് അനുഭവപ്പെടരുത്. കാര്യങ്ങളെല്ലാം സ്വാഭാവികമായിത്തന്നെ അവതരിപ്പിക്കണം. നൈസർഗ്ഗികമായ ലൈംഗികവികാരങ്ങളും അവയിൽത്തന്നെ പാപകരങ്ങളാണെന്ന ചിന്താഗതി തിരുത്തണം. സ്ത്രീയേയും പുരുഷനേയും സൃഷ്ടിച്ചതു ദൈവമാണ്; ആദം ഏകനായിരിക്കുന്നതു കണ്ട് ദൈവം അവനൊരു സഖിയായി ഹവ്വായെ സൃഷ്ടിച്ചു. അതിനാൽ സെക്സ് ദൈവദത്തമാണ്. സൃഷ്ടാവിന്റെ ഹിതത്തിനു വിരോധമായി സെക്സ് ആസ്വദിക്കുമ്പോഴാണ് പാപകരമാകുന്നതു. ഇതരവർഗ്ഗത്തിലുള്ളവരെ സ്നേഹിക്കുവാനും അവരാൽ സ്നേഹിക്കപ്പെടുവാനുമുള്ള അടിസ്ഥാനപരമായ വികാരം എല്ലാ മനുഷ്യരിലും ഉണ്ടെന്നും അതു തികച്ചും സ്വാഭാവികമാണെന്നും കുട്ടികൾക്കു പറഞ്ഞുകൊടുക്കണം. ഇവിടെയെല്ലാം ആത്യന്തികമായി നിലകൊള്ളേണ്ടതു സ്നേഹമാണെന്ന് കുട്ടികളെ പഠിപ്പിക്കണം.

ലൈംഗികവിദ്യാഭ്യാസം വ്യക്തികളുടെ വളർച്ചയ്ക്കെന്നപോലെ സമൂഹത്തിന്റെ വളർച്ചയ്ക്കും ആവശ്യമാണ്. ധാർമ്മികാവബോധമുള്ള പക്വമതികളായ വ്യക്തികളാണല്ലോ ശരിയായൊരു സമൂഹത്തിനു രൂപംകൊടുക്കുന്നതു. ഇക്കാരണത്താൽ ലൈംഗികവിദ്യാഭ്യാസം ജനനനിയന്ത്രണത്തോടും കുടുംബക്ഷേമത്തോടും ബന്ധപ്പെട്ടിരിക്കുന്നു.

ജനനനിയന്ത്രണം

വളരെയധികം ചർച്ചകൾക്കു വിധേയമായിരിക്കുന്ന ഒരു വിഷയമാണ് കുടുംബാസൂത്രണം അഥവാ ജനനനിയന്ത്രണം. കുടുംബക്ഷേമമെന്നും ഇന്നു പറയാറുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തോമസ് മാൽത്തൂസ് എന്ന ധനതത്വശാസ്ത്രജ്ഞനാണ് ഈ ആശയത്തിനു പ്രചാരം കൊടുത്തതു. അദ്ദേഹമെഴുതിയ 'The Principle of Population'' എന്ന പുസ്തകം വർഷിച്ചുവരുന്ന ജനസംഖ്യാസ്ഫോടനത്തെ എടുത്തുകാട്ടി. മരണനിരക്കു കുറഞ്ഞുവരുന്നെന്നും ജനസംഖ്യാവർദ്ധനവിനനുസരിച്ച് വിഭവവർദ്ധനം നടക്കുന്നില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അങ്ങനെ ജനനനിയന്ത്രണത്തിന്റെ ആവശ്യകത എല്ലാവർക്കും ബോദ്ധ്യമായി.

ഭാരതത്തിന്റെ ഇന്നത്തെ പ്രത്യേക പശ്ചാത്തലത്തിൽ ജനനനിയന്ത്രണത്തിന്റെആവശ്യകത വളരെ വ്യക്തമാണ്.പ്രതിശീർഷകവരുമാനത്തിൽ ഇൻഡ്യ വളരെ പിന്നോക്കമാണ്. അമ്പതുകളിൽ 22.8% ആയിരുന്ന മരണനിരക്ക് അറുപതുകളിൽ 18% ആയി

കുറഞ്ഞു. ജനനനിരക്കും ഒട്ടും കുറവല്ല. ഓരോ ഒന്നരസെക്കൻഡിലും ഇവിടെ ഒരു കുട്ടിവീതം പിറക്കുന്നു. ഓരോ പത്തുവർഷം കൂടുമ്പോഴും ജനസംഖ്യ 10 കോടി കണ്ട് വർദ്ധിക്കുന്നു. 1976 ജനുവരി 1-ന് അതു് 60 കോടിയിൽ കൂടുതലായിരുന്നു. ഈ കണക്കനുസരിച്ച് രണ്ടായിരാമാണ്ടാകുമ്പോഴേക്കും ജനസംഖ്യ 100 കോടിയാകും. നമ്മെ ചിന്തിപ്പിക്കുന്ന മറെറാരു വസ്തുത കൂടിയുണ്ട്. പൊതുവിൽ മരണനിരക്ക് ശിശുക്കളുടെയും വൃദ്ധന്മാരുടെയും ഇടയ്ക്കാണ് കൂടുതൽ. മരണനിരക്കു കുറയുമ്പോഴും ഈ രണ്ടു വിഭാഗത്തിൽപ്പെട്ടവരുടെയും സംഖ്യവർദ്ധിക്കുന്നു. ഇവരാകട്ടെ പരാശ്രിതരും ധനോൽപാദനശേഷി ഇല്ലാത്തവരുമാണ്. ഉപയോഗിക്കുന്നിടത്തോളം വസ്തുവകകൾ ഉല്പാദിപ്പിക്കാൻ അവക്കു് സാധിക്കുന്നില്ല. ഈ സ്ഥിതിവിശേഷം നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയെ സാരമായി ബാധിക്കും. അതിനാൽ ജനസംഖ്യാനിയന്ത്രണം നമ്മുടെ നാടിന്റെ വളർച്ചയ്ക്കു സഹായകമാണെന്നു പറയുന്നു. ജനനനിയന്ത്രണത്തിന്റെ ആവശ്യത്തെപ്പററി പൊതുവിൽ അഭിപ്രായ ഐക്യമുണ്ടെങ്കിലും അതിനുള്ള മാർഗ്ഗങ്ങളെപ്പററി അഭിപ്രായ ഐക്യം ഇല്ലെന്നുവേണം പറയാൻ.

ജനനനിയന്ത്രണ മാർഗ്ഗങ്ങൾ

പൊതുവെപറഞ്ഞാൽ ജനനനിയന്ത്രണമാർഗ്ഗങ്ങൾ രണ്ടു തരമുണ്ട്; സ്വാഭാവികവും കൃത്രിമവും. കൃത്രിമജനനനിയന്ത്രണമാർഗ്ഗങ്ങൾ വിവിധ തരത്തിലുണ്ട്. പുരുഷന്മാർ സാധാരണയായി വന്ധ്യംകരണശസ്ത്രക്രിയ (vasectomy), നിരോധ്, ഭാഗികസംയോഗം (interupted intercourse) എന്നീ മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതു്. സ്ത്രീകൾക്കു് വിവിധതരത്തിലുള്ള ശസ്ത്രക്രിയകൾ ഉണ്ട്. ഇവ കൂടാതെ ഗർഭനിരോധനഗുളികകൾ, ഗർഭാശയാന്തരവലയം (loop), ഡയഫ്രം (diaphram), ബീജനാശിനികൾ (spermicides) എന്നിവയും പ്രയോഗിക്കുന്നുണ്ട്.

ഇവയുടെ ന്യൂനതകൾ

ഈ മാർഗ്ഗങ്ങൾക്കെല്ലാം ശാസ്ത്രീയമായി വളരെയധികം ന്യൂനതകൾ ഉണ്ട്. ഏറ്റം വലിയ ന്യൂനത ഇവയൊന്നും സുരക്ഷിതത്വം നൽകുന്നില്ലെന്നുള്ളതാണ്. ശസ്ത്രക്രിയകളൊ മറു മാർഗ്ഗങ്ങളൊ സ്വീകരിച്ചശേഷം സംയോഗത്തിലേർപ്പെട്ട് വീണ്ടും കുട്ടികളുണ്ടായാൽ അതു് കുടുംബത്തകർച്ചയ്ക്കുതന്നെ കാരണമാകുമല്ലൊ.

ശസ്ത്രക്രിയയൊഴിച്ചുള്ള മാർഗ്ഗങ്ങളൊന്നും പരിപൂർണ്ണ വിജയം നൽകുന്നില്ലെന്നു പറയുന്നു.

സഭയുടെ പ്രബോധനം

കുടുംബാസൂത്രണത്തെ സംബന്ധിച്ചുള്ള സഭയുടെ ആദ്യത്തെ ഔദ്യോഗികപ്രബോധനം ഗ്രിഗറി 9–ാമൻ പാപ്പാ പുറപ്പെടുവിച്ച Si Aliquis എന്നു തുടങ്ങുന്ന വിജ്ഞാപനത്തിൽ നമുക്കു കാണുവാൻ സാധിക്കും. 11–ാം പീയൂസു് പാപ്പാ 1930 ഡിസംബർ 3–ാം തിയതി പ്രസിദ്ധീകരിച്ച Casti connubii എന്ന വിശ്വലേഖനം കൃത്രിമജനനനിയന്ത്രണമാർഗ്ഗങ്ങളെ വ്യക്തമായ ഭാഷയിൽ തള്ളിക്കളയുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ ''സഭ ആധുനിക യുഗത്തിൽ'' എന്ന ഡിക്രിയിൽ സന്താനോൽപാദനത്തെയും ഉത്തരവാദിത്വമുള്ള പിതൃത്വത്തെയുമെല്ലാം വിശദീകരിക്കുന്നുണ്ടു്. വ്യക്തിയുടെ സ്വഭാവത്തേയും അവന്റെ പ്രവൃത്തികളെയും മാനദണ്ഡമായി കൗൺസിൽ സൂചിപ്പിച്ചിരിക്കുന്നു. ഏതായാലും സന്താനനിയന്ത്രണത്തിനുള്ള അനാശാസ്യമാർഗ്ഗങ്ങളെയെല്ലാം കൗൺസിൽ തിരസ്കരിക്കുന്നു.

1968 ജൂലായു് 25–ാം തിയതി പ്രസിദ്ധീകൃതമായ ''മനുഷ്യ ജീവൻ'' (Humanae vitae) എന്ന പോപ്പ് മാർപ്പാപ്പായുടെ ചാക്രികലേഖനം സഭയുടെ വീക്ഷണത്തിൽ ഒരു നൂതനസരണിതന്നെ വെട്ടിത്തുറക്കുകയുണ്ടായി. വൈവാഹിക ജീവിതത്തിന്റെ മഹത്വത്തെയും കൃത്രിമജനനനിരോധനമാർഗ്ഗങ്ങളുടെ ഭയാനകങ്ങളായ ദുഷ്ഫലങ്ങളെയും നിരൂൽപാദനഘട്ടങ്ങളുടെ വിശ്വാസ്യതയെയുമെല്ലാം ചാക്രികലേഖനം വ്യക്തമാക്കുന്നുണ്ടു്. 'മനുഷ്യ ജീവൻ' എന്ന ചാക്രിക ലേഖനത്തിൽ കൃത്രിമജനനനിയന്ത്രണത്തിനു് എതിരായി മാപ്പാപ്പാ സംസാരിക്കുന്നുണ്ടെന്നു് അറിയാമോ എന്ന ചോദ്യത്തിനു് അറിയാമെന്നു് 52.531% ആളുകളും അറിയാൻ പാടില്ല എന്നു് 25.062% പേരും സർവ്വേയിൽ രേഖപ്പെടുത്തി. 22.407% ആളുകളും ഇതിനെപ്പറ്റി ചിന്തിച്ചിട്ടേയില്ല.

കൃത്രിമജനനനിയന്ത്രണം പാപമോ?

ജനനനിയന്ത്രണം പാപമാണെന്നാണു് സഭ എന്നും പഠിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ''മനുഷ്യ ജീവൻ'' എന്ന ചാക്രികലേഖനത്തിന്റെ 14–ാം ഖണ്ഡിക വളരെ ശ്രദ്ധേയമാണു്. ''വൈവാ

ഹികപ്രവൃത്തിയുടെ സ്വാഭാവികമായ ഫലദായകത്വത്തെ തടയുന്നതിനുദ്ദേശിക്കപ്പെട്ടിട്ടുള്ള എല്ലാ പ്രവൃത്തിയും, അതു് അതിനുമുമ്പോ പ്രവൃത്തിയോടൊന്നിച്ചോ പിന്നീടോ ആയാലും, നിഷിദ്ധമാണു്''.

ക്രൈസ്തവവീക്ഷണത്തിൽ വിവാഹം സ്നേഹത്തിന്റേയും ഐക്യത്തിന്റേയും ക്ഷുദ്രാശയാണു്. ദമ്പതിമാരുടെ സ്നേഹവും ഐക്യവും വ്യക്തമാക്കുന്ന ഏറ്റം വലിയ പ്രവൃത്തിയാണു് സംയോഗം. ഈ രണ്ടു ഘടകങ്ങളും സത്താപരമായിത്തന്നെ വൈവാഹികപ്രവൃത്തിയോടു യോജിച്ചിരിക്കുന്നു. പ്രവർത്തകന്റെ ഉദ്ദേശ്യമൊ ചിന്തയൊ പ്രവൃത്തിയുടെ സ്വഭാവത്തെ മാറ്റുന്നില്ല. സംസാരത്തിനായി ഉപയോഗിക്കുന്ന വാക്കിനു സദൃശമാണതു്. നമ്മുടെ വാക്കുകൊണ്ടുവഴി മറ്റൊരാശയം ഏതെങ്കിലും ആശയം ലഭിക്കുന്നു. വാക്കുകൊണ്ടു പുറപ്പെടുവിച്ചശേഷം ആശയവിനിമയത്തെ മാറ്റി നിർത്തുക സാദ്ധ്യമല്ല. അങ്ങനെ ചെയ്താൽ വാക്കുകൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രവൃത്തിയുടെ സ്വഭാവത്തിനെതിരായിട്ടാണു് വാക്കുപയോഗിക്കുന്നതു്. സ്നേഹമൊ ജീവനൊ നിഷേധിച്ചുകൊണ്ടുള്ള സംയോഗവും അതിന്റെ സ്വഭാവത്തിനെതിരാകുന്നു. സ്നേഹത്തെ അവഗണിച്ചുകൊണ്ടു് ജീവനുവേണ്ടിമാത്രം ചെയ്യുന്നതും ജീവന്റെ ഘടകത്തെ അവഗണിച്ചുകൊണ്ടു് സ്നേഹത്തിനുവേണ്ടിമാത്രം ചെയ്യുന്നതുമായ സംയോഗം അഭിലഷണീയമല്ല.

ജനനനിയന്ത്രണത്തെപ്പറ്റിയുള്ള സഭയുടെ വീക്ഷണത്തിനെതിരെ പല ആക്ഷേപങ്ങളും സാധാരണ കേൾക്കാറുണ്ടു്. മനുഷ്യൻ ബുദ്ധിയുള്ള ഒരു മൃഗമാണെന്നും സ്വന്തം ശരീരശാസ്ത്രത്തെ നിയന്ത്രിക്കാനുള്ള കഴിവു് മനുഷ്യനുണ്ടെന്നുമാണു് പലരുടെയും വാദം. ഇതു് ശരിയാണു്. എന്നാൽ, ദൈവോന്മുഖനും പരിമിതനുമായ മനുഷ്യനു് അവന്റെ കഴിവുകളെല്ലാം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുക സാദ്ധ്യമല്ല. സാധിക്കാവുന്നവയും അനുവദനീയമായവയും വ്യത്യസ്തങ്ങളാണല്ലൊ. ആവശ്യത്തിനു കുട്ടികളെ ജനിപ്പിക്കുന്നതിനാണു്, അല്ലാതെ ഓരോ വൈവാഹികപ്രവൃത്തിയിലും കുട്ടികളെ ജനിപ്പിക്കുന്നതിനല്ല വിവാഹം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു് എന്നതാണു് മറ്റൊരു വാദം. ഇതും ശരിയല്ല. കാരണം, ഓരോ സംയോഗകൃത്യവും ജീവനു സാദ്ധ്യത നൽകുന്നതായിരിക്കണം.

ഇതിന്റെയെല്ലാം വെളിച്ചത്തിൽ ദമ്പതിമാർ സ്വീകരിക്കേണ്ട നിലപാടെന്തായിരിക്കണം? കൃത്രിമജനനനിയന്ത്രണം പാപമാണെന്നുള്ള അടിസ്ഥാനപരമായ വസ്തുതയെ നിഷേധിച്ചുകൊണ്ടുള്ള

ഒരു നിലപാടും ശരിയായിരിക്കില്ല. എങ്കിലും വ്യക്തികളുടെ വിഷമകരങ്ങളായ പ്രത്യേകസാഹചര്യങ്ങളെ കണക്കിലെടുത്തു കൊണ്ട് മനസാക്ഷിയനുസരിച്ചു പ്രവർത്തിക്കാമെന്നു ചില ക്രൈസ്തവ പണ്ഡിതന്മാർ പറയുന്നു. ഈ വസ്തുതയിലേക്കാണ് സർവ്വേ വിരൽ ചൂണ്ടുന്നതു്. കൃത്രിമജനനനിയന്ത്രണം പാപമാണോ എന്നുള്ള ചോദ്യത്തിനു് 60 ശതമാനത്തോളം ആളുകളും സാഹചര്യമനുസരിച്ചു ലഘു പാപമോ ഗുരുപാപമോ പാപരഹിതമോ ആകാമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതു്. പാപമേയല്ല എന്നു ചിന്തിക്കുന്നവർ ഒരു ചെറിയ ശതമാനം മാത്രമാണ്. അവർ കൂടുതലും അവിവാഹിതരായ യുവാക്കളാണ്.

a

ഗുരുപാപമാണ്	27.717%
ലഘുപാപമാണ്	4.483%
ലഘുപാപവുമല്ല	8.547%
സാഹചര്യമനുസരിച്ച് ഗുരുപാപമോ ലഘുപാപമോ പാപരഹിതമോ ആകാം	59.253%

b

വയസ്സ്	ഗുരുപാപമാണ്	ലഘുപാപമാണ്
18_25	21.935%	5.808%
26_35	20.779 ,,	5.952 ,,
36_45	24.875 ,,	6.977 ,,
46_60	33.155 ,,	3.209 ,,
60നുമുകളിൽ	46.616 ,,	3.761 ,,
വൈദികർ	23.943 ,,	2 821 ,,
കന്യാസ്ത്രീകളും	27.500 ,,	8.612 ,,

വയസ്സ്	ലഘുപാപവുമല്ല	സാഹചര്യമനുസരിച്ച് ഗുരുപാപമോ ലഘുപാപമോ പാപരഹിതമോ ആകാം
18_25	12.580%	39.677%
26_35	9.190 ,,	64.069 ,,

36_45	7.452 ,,	60.696 ,,
46_60	5.882 ,,	57.754 ,,
60നുമുകളിൽ	8.270 ,,	41.353 ,,
വൈദികർ	1.406 ,,	71.830 ,,
കന്യാസ്ത്രീകളും	1.388 ,,	62.500 ,,

(c)

ആകെയുള്ള അമ്മായരിൽ

	പുരുഷന്മാർ	സ്ത്രീകളും
ലഘുപാപമാണും	3.529%	5.070%
ലഘുപാപവുമല്ല	10.941 ,,	2. 23 ,,
ഗുരുപാപമാണും	23.647 ,,	20.845 ,,
സാഹചര്യമനുസരിച്ചും ഗുരുപാപമോ ലഘുപാപമോ പാപരഹിതമോ ആകാം	53.058 ,,	47.042 ,,

(d)

വിവാഹിതരിൽ

	പുരുഷന്മാർ	സ്ത്രീകളും
ഗുരുപാപമാണും	31.075%	32.317%
ലഘുപാപമാണും	2.994 ,,	7.926 ,,
ലഘുപാപവുമല്ല	8.946 ,,	3.048 ,,
സാഹചര്യമനുസരിച്ചും ഗുരുപാപമോ ലഘുപാപമോ പാപരഹിതമോ ആകാം	50.597 ,,	57.926 ,,

(e)

അവിവാഹിതരിൽ

	പുരുഷന്മാർ	സ്ത്രീകളും
ഗുരുപാപമാണും	14.367%	16.230%
ലഘുപാപമാണും	4.310 ,,	2.617 ,,
ലഘുപാപവുമല്ല	13.793 ,,	1.570 ,,
സാഹചര്യമനുസരിച്ചും ഗുരുപാപമോ ലഘുപാപമോ പാപരഹിതമോ ആകാം	47.986 ,,	37.696 ,,

സ്വാഭാവിക കുടുംബസംവിധാന മാർഗ്ഗങ്ങൾ

മറെറാന്നിൻെറയും സഹായംകൂടാതെ സ്വാഭാവികമായ രീതിയിൽ നടത്തുന്ന ജനനനിയന്ത്രണമാർഗ്ഗമാണിതു്. ആദ്യമായി പ്രചാരത്തിലായരീതി 'റിഥം' രീതി എന്ന പേരിലറിയപ്പെടുന്നു. സ്ത്രീകളുടെ ഉൽപാദന–നിരുൽപാദനഘട്ടങ്ങളെ ആശ്രയിച്ചാണു് ഈ രീതി തയ്യാറാക്കിയിരിക്കുന്നതു്. ഒരു സ്ത്രീയുടെ ആർത്തവചക്രം 28 ദിവസമാണെങ്കിൽ അണ്ഡം (ovum) പാകമാകുന്നതു് 12 മുതൽ 16 വരെയുള്ള ദിവസങ്ങളിലാണു് എന്നു് ശാസ്ത്രീയമായി തെളിയിച്ചിട്ടുണ്ടു്. ഈ കാലഘട്ടത്തിൽ ലൈംഗികസംയോഗം നടന്നില്ലെങ്കിൽ ഗർഭധാരണം നടക്കില്ലല്ലൊ. ഇന്നു് ഈ രീതി എല്ലാവരും സ്വീകരിക്കുന്നില്ല. കാരണം, ആർത്തവചക്രം പലപ്പോഴും വ്യത്യാസപ്പെട്ടവരും. ശരീരതാപത്തെ അടിസ്ഥാനമാക്കിയുള്ള മറെറാരു രീതി കൂടിയുണ്ടു്. പ്രായോഗികമായ പല ബുദ്ധിമുട്ടുകളും ഉള്ളതുകൊണ്ടു് ഈ രീതിയും പലരും തിരസ്കരിച്ചിരിക്കുകയാണു്.

ശ്ലേഷ്മപരിശോധനാ രീതി (mucus method)

വളരെ പ്രായോഗികമായതും നിരവധി ദമ്പതികൾക്കു് ഉപയോഗിക്കുന്നതുമായ ഒരു മാർഗ്ഗമാണിതു്. ഈ രീതിയനുസരിച്ചു് സ്ത്രീയുടെ ഫല–നിഷ്ഫല കാലങ്ങൾ കൃത്യമായി മനസ്സിലാക്കാം. ആസ്ത്രേലിയൻ ദമ്പതിമാരായ ഡോ. ജോൺ ബില്ലിംഗ്സു്, ലിൻബില്ലിംഗ്സു് എന്നിവരുടെ 20 വർഷത്തെ നിരന്തരമായ ഗവേഷണഫലമായാണു് ഈ മാർഗ്ഗം കണ്ടുപിടിച്ചതു്. ഇതിനു് അണ്ഡപരിപുഷ്ടിരീതി (ovulation method) എന്ന പേരുമുണ്ടു്. സ്ത്രീകളിൽ ആർത്തവസ്രാവം അവസാനിക്കുന്നതോടുകൂടി യോനീനാളം വരണ്ടിരിക്കുന്നതുപോലെ തോന്നും. ആ ദിവസങ്ങൾ സുരക്ഷിതകാലമാണു്. എന്നാൽ, അണ്ഡപരിപുഷ്ടിയുടെ ദിവസങ്ങൾ അടുക്കുമ്പോൾ യോനീനാളം നനവുള്ളതായി തോന്നുന്നു. തുടർന്നു് ശ്ലേഷ്മം (mucus) കൂടുതലായുണ്ടാകുകയും അതിൻെറ കട്ടി കൂടുകയും ഒട്ടലും മങ്ങിയ നിറവും ഉണ്ടാകുകയും ചെയ്യുന്നു. അണ്ഡപരിപുഷ്ടിയുടെ ദിവസം ശ്ലേഷ്മത്തിൻെറ അളവു് കൂടുകയും അതു് പച്ചമുട്ടയുടെ വെള്ളപോലെ തെളിഞ്ഞു് വഴവഴപ്പും പശപ്പിടുത്തവുമുള്ളതും തൊട്ടാൽ നൂൽപോലെ നീളുന്നതുമാകും. ഇങ്ങനെ അനുഭവപ്പെടുന്ന അവസാനത്തെ ദിവസത്തെ ''പീക്കു'' (peak) ദിവസമെന്നു വിളിക്കുന്നു. ഈ ദിവസങ്ങളിൽ ഗർഭധാരണത്തിനു കൂടുതൽ സാദ്ധ്യതയുണ്ടു്. അണ്ഡാഗമനത്തിനു മൂന്നോ നാലോ ദിവസങ്ങൾക്കുശേഷം

ശ്ലേഷ്മം ഇല്ലാതാകുന്നു. തുടർന്ന് യോനീനാളത്തിൽ വരൾച്ച അനുഭവപ്പെടുന്നു. ഇങ്ങനെ വരൾച്ച അനുഭവപ്പെടുന്ന ദിവസങ്ങൾ നിഷ്ഫലകാലങ്ങളാണ്. ഇനി ഈ വരണ്ട ദിവസങ്ങളിലെന്നെങ്കിലും ശ്ലേഷ്മസൂചനയൊ യോനീനാളത്തിൽ നനവൊ ഉണ്ടാകുകയാണെങ്കിൽ അന്നും സംയോഗം ഒഴിവാക്കേണ്ടിയിരിക്കുന്നു.

പ്രായോഗികമായ സൗകര്യത്തിനായി ഇതിനൊരു മാഗ്രരേഖയുണ്ടാക്കാം. ഓരോ ദിവസവും ഉറങ്ങുന്നതിനു മുൻപ് ആ ദിവസത്തെ അനുഭവം കലണ്ടറിൽ രേഖപ്പെടുത്തുക. ആർത്തവം ഉണ്ടാകുന്ന ദിവസങ്ങളിലെ കോളങ്ങളിൽ ഓരോ കുത്തിടുക. ആർത്തവത്തിനു ശേഷം യോനീനാളത്തിൽ വരൾച്ച അനുഭവപ്പെടുന്ന ദിവസങ്ങളിലെ കോളങ്ങളിൽ ചരിച്ചുവരയിടുക. ഈ ദിവസങ്ങളിൽ ഗർഭധാരണം നടക്കില്ല. വരൾച്ചമാറിയാൽ ശ്ലേഷ്മസ്രാവം ആരംഭിക്കുകയും നനവ് അനുഭവപ്പെടുകയും ചെയ്യും. ഇങ്ങനെയുണ്ടാകുന്ന ദിനങ്ങളിലെ കോളങ്ങളിൽ ഓരോ വട്ടമിട്ട് അതിൽ ഒരു കുത്തിടുക. ഈ ദിവസങ്ങളിൽ സംയോഗം നടന്നാൽ ഗർഭധാരണം സംഭവിക്കും. 'പീക്ക്' ദിവസത്തെ കോളത്തിൽ വട്ടമിട്ട് ഒരു ഗ്രണനചിഹ്നമിടുക. അന്ന് ഗർഭംധരിക്കാൻ ഏറ്റം കൂടുതൽ സാദ്ധ്യതയുള്ളതാണ്. പീക്ക് ദിവസത്തിനുശേഷം വരുന്ന മൂന്നു ദിവത്തെ കോളങ്ങളിൽ 1, 2, 3 എന്ന് അടയാളപ്പെടുത്തുക. ഈ ദിവസങ്ങളും സുരക്ഷിതങ്ങളല്ല. അതിനുശേഷം അടുത്ത ആർത്തവം ആരംഭിക്കുന്നതുവരെയുള്ള വരൾച്ച അനുഭവപ്പെടുന്ന ദിവസങ്ങളിൽ ചെരിച്ചു വരയിടുക. ഇങ്ങനെ തുടർച്ചയായി ഒരു കടലാസിൽ തന്നെ ഓരോമാസത്തിലെയും അനുഭവങ്ങൾ രേഖപ്പെടുത്തിയാൽ ഫല-നിഷ്ഫലകാലങ്ങൾ കണ്ടുപിടിക്കുക വളരെ എളുപ്പമാകും.

സ്വാഭാവികകുടുംബസംവിധാന രീതികൾ പ്രായോഗികങ്ങളൊ?

സ്വാഭാവികകുടുംബസംവിധാനത്തിനെതിരെ പല പരാതികളും പൊന്തിവരാറുണ്ട്. അവയിൽ ഏറ്റം പ്രധാനപ്പെട്തു് ഇവയുടെ പരാജയസാദ്ധ്യതയാണ്. അതായതു് ഈ മാർഗ്ഗം സ്വീകരിച്ചിട്ടും ഗർഭധാരണം നടക്കുന്നുണ്ടെന്നാണ് പലരുടെയും ആക്ഷേപം. പലപ്പോഴും നിർദ്ദേശങ്ങളെല്ലാം കൃത്യമായി പാലിക്കാത്തതുകൊണ്ടാണ് പരാജയം സംഭവിക്കുന്നതു്. പല മാഗ്രങ്ങളും ഒന്നിച്ചുപയോഗിച്ചാലും കുഴപ്പമുണ്ടാകും. ഇനി നിർദ്ദേശങ്ങളെല്ലാം പാലിച്ചാലും ഗർഭധാരണം നടക്കാം. എല്ലാ മാർഗ്ഗങ്ങൾക്കും ഇതുപോലെ പരാജയസാദ്ധ്യതയുണ്ട്. വന്ധ്യംകരണശസ്ത്രക്രിയകൾതന്നെ 1000ൽ 4

വീതം പരാജയപ്പെടുന്നുണ്ട്. കൃത്രിമമാർഗ്ഗങ്ങൾ സ്വീകരിച്ചശേഷം പരാജയപ്പെട്ടാൽ അതുദമ്പതികളുടെ വിശ്വസ്തതയെയും കുടുംബബന്ധത്തെത്തന്നെയും സാരമായി ബാധിക്കുമെന്നു പറയേണ്ടതില്ലല്ലൊ!

സ്ത്രീകളെ സംബന്ധിച്ചിടത്തോളം അണ്ഡാഗമനദിനങ്ങളിലാണ് ഏറ്റം ശക്തമായ ലൈംഗികാസക്തി ഉണ്ടാകുന്നതെന്നും അതേ അവസരത്തിൽ നിയന്ത്രണം പാലിക്കുകവിഷമകരമാണെന്നും പലരും പരാതിപ്പെടാറുണ്ട്. എന്നാൽ, ഈ പരാതി തെറ്റാണെന്നു പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഒരു ബ്രിട്ടീഷ് സർവ്വേയനുസരിച്ച് 6% സ്ത്രീകൾക്കു മാത്രമെ അണ്ഡാഗമനസമയത്തു് രതിതീവ്രത അനുഭവപ്പെട്ടുള്ളു. മറെറാരു ഇറാലിയൻ സർവ്വേയനുസരിച്ച് 11.8% സ്ത്രീകൾക്കു് മാത്രമെ അണ്ഡാഗമനസമയത്തു് ലൈംഗികാസക്തി കൂടുതലായി അനുഭവപ്പെട്ടുള്ളു. തുടർന്നതരം മൃഗങ്ങളുടെ ലൈംഗികാസക്തിയുമായി സാദൃശ്യപ്പെടുത്തിയതാണു് ഇത്തരമൊരു തെറ്റിദ്ധാരണയുണ്ടാകാൻ കാരണം.

അക്ഷരാഭ്യാസമില്ലാത്തവരെ സംബന്ധിച്ചിടത്തോളം സ്വാഭാവികമാർഗ്ഗങ്ങൾ പ്രായോഗികമാക്കുക ക്ലേശകരമല്ലെ എന്നു് പലരും ചിന്തിക്കുന്നുണ്ടാകാം. ഇതിൽ വലിയ അർത്ഥമില്ല. കാരണം, അണ്ഡാഗമനത്തിന്റെ ബാഹ്യലക്ഷണങ്ങൾ കണ്ടുപിടിക്കുക വലിയ പ്രയാസമുള്ള കാര്യമല്ല. കാര്യങ്ങൾ ഗ്രഹിക്കാൻ അക്ഷരാഭ്യാസം വേണമെന്നില്ലല്ലൊ.

സ്വാഭാവികകുടുംബസംവിധാനത്തിന്റെ സവിശേഷതകൾ

സ്വാഭാവികമാർഗ്ഗങ്ങൾ പരിപൂർണ്ണ സംതൃപ്തിയോടുകൂടിയ വൈവാഹികബന്ധത്തിനു് അവസരം നൽകുന്നു. കൃത്രിമോപകരണങ്ങൾ, രാസവസ്തുക്കൾ മുതലായവ ഉപയോഗിച്ചാൽ സംയോഗം ഒരിക്കലും സാധാരണരീതിയിൽ നടക്കില്ല. തത്ഫലമായി സംതൃപ്തിയും ലഭിക്കില്ല. പലരോഗങ്ങൾക്കും ഇതു കാരണവുമായേക്കാം.

ഉൽപാദനാനുൽപാദനകാലങ്ങൾ കൃത്യമായും മനസ്സിലാക്കാൻ സാധിക്കും എന്നുള്ളതാണു് ഇവയുടെ ഏറ്റം വലിയ പ്രത്യേകത. ചില പ്രത്യേക കാരണങ്ങളാൽ ഉൽപാദനശക്തി കുറവുള്ളവരെ സംബന്ധിച്ചിടത്തോളം ഇതൊരനുഗ്രഹമാണു്. കാരണം, ഫലകാലം കൃത്യമായി മനസ്സിലാക്കാൻ സാധിക്കുന്നതുകൊണ്ടു് ആ കാലങ്ങളിൽ സംയോഗം നടത്തി ഗർഭധാരണം നടത്താൻ

സാധിക്കുന്നു. ചിലരുടെ സംബന്ധിച്ചിടത്തോളം ഫല–നിഷ്ഫല കാലങ്ങളും ക്രമരഹിതമായി അനുഭവപ്പെടും. സ്വാഭാവികമാണ്ടങ്ങളും ഉപയോഗിച്ചാൽ ഇവ ശരിക്കും മനസിലാക്കി ചികിത്സിക്കാൻ സാധിക്കുന്നു.

പ്രകൃത്യനുസൃതമായ രീതിയായതുകൊണ്ട് എല്ലാ മതവിശ്വാസികൾക്കും ധാർമ്മികമായി ഇതു് സ്വീകാര്യവുമാണു്. ശാരീരികവും മാനസികവുമായ രോഗങ്ങളെ ഇതു നിവാരണം ചെയ്യുന്നു.

അനേകം ദമ്പതിമാർ സ്വാഭാവികകുടുംബസംവിധാനരീതികളും ഇന്നു പ്രയോഗത്തിൽ കൊണ്ടുവരുന്നുണ്ടു് എന്നുള്ളതും ശ്ലാഘനീയമാണു്. സർവ്വേ ഇക്കാര്യം വ്യക്തമാക്കുന്നുണ്ടു്. സ്വാഭാവിക കുടുംബസംവിധാനമാണ്ടങ്ങളും പ്രായോഗികമാണൊ എന്നുള്ള ചോദ്യത്തിനു് 17% പേർ മാത്രമെ പ്രായോഗികമല്ല എന്നു് രേഖപ്പെടുത്തിയുള്ളു. പ്രായോഗികമായി അനുഭവപ്പെട്ടതു് 18% പേർക്കാണു്. എന്നാൽ 64% പേർക്കും കുറെയൊക്കെ പ്രായോഗികമായാണു് അനുഭവപ്പെട്ടതു്.

(a)

സ്വാഭാവിക കുടുംബസംവിധാനം

പ്രായോഗികമാണു്	18.174%
പ്രായോഗികമല്ല	17.676%
കുറെയൊക്കെ പ്രായോഗികമാണു്	64.150%

(b)

സ്വാഭാവിക കുടുംബസംവിധാനം

വയസ്സു്	പ്രായോഗികമാണു്	പ്രായോഗികമല്ല	കുറെയൊക്കെ പ്രായോഗികമാണു്
18-25	16.774%	20.000%	63.226%
26-35	16.883 ,,	19.913 ,,	63.204 ,,
36-45	13.933 ,.	25.876 ,,	60.200 ,,
46-60	25.133 ,,	14.438 ,,	60.429 ,,
60-നു മുകളിൽ	18.794 ,,	9.778 .,	76.578 ,,

വൈദികർ	15.492 ,,	7.042 ,,	77.466 ,,
കന്യാസ്ത്രീകൾ	23.611 ,,	12.500 ,,	63.889 ,,

(c)

ആകെയുള്ള അമ്മായരിൽ

	പുരുഷന്മാർ	സ്ത്രീകൾ
പ്രായോഗികമാണു്	16.705%	13.802%
പ്രായോഗികമല്ല	16.588 ,,	16.619 ,,
കുറെയൊക്കെ പ്രായോഗികമാണു്	53.529 ,,	42.535 ,,

(d)

വിവാഹിതരിൽ

	പുരുഷന്മാർ	സ്ത്രീകൾ
പ്രായോഗികമാണു്	18.127%	25.609%
പ്രായോഗികമല്ല	17.529 ,,	23.780 ,,
കുറെയൊക്കെ പ്രായോഗികമാണു്	59.960 ,,	53.048 ,,

(e)

അവിവാഹിതരിൽ

	പുരുഷന്മാർ	സ്ത്രീകൾ
പ്രായോഗികമാണു്	14.655%	8.900%
പ്രായോഗികമല്ല	15.229 ,,	10.471 ,,
കുറെയൊക്കെ പ്രായോഗികമാണു്	44.252 ,,	33.507 ,,

സ്വാഭാവിക കുടുംബസംവിധാനമാഗ്രഹിക്കുന്നതാരുമാകട്ടെ സുരക്ഷിതത്വം നൽകുമെന്നു് ആരും അവകാശപ്പെടുന്നില്ല. കൃത്രിമ ജനനനിയന്ത്രണ മാർഗ്ഗങ്ങളുടെ ബാഹുല്യങ്ങളായ ന്യൂനതകളെയും അസ്വീകാര്യമായ ധാർമ്മികതയെയുമെല്ലാം വിലയിരുത്തുമ്പോൾ

കത്തോലിക്കരെ സംബന്ധിച്ചിടത്തോളം സ്വാഭാവിക കുടുംബ സംവിധാനം സ്വീകാര്യമാണെന്നു് കാണുവാൻ സാധിക്കും.

സംയമനം വിഷമകരം

ഒരുമിച്ചുജീവിക്കുന്ന ദമ്പതികൾക്കു് ലൈംഗികാസക്തി ഉണ്ടാകുമ്പോൾ എങ്ങനെയാണു് നിയന്ത്രിക്കുക? ഈ ചോദ്യത്തിനു് ഉത്തരം നൽകുക വിഷമകരമാണു്. കാരണം, ആത്മസംയമനം കൂടാതെ സ്വാഭാവികകുടുംബസംവിധാനരീതികൾ വിജയിക്കില്ല. ഇവിടെ ഒരു കാര്യം ശ്രദ്ധിക്കണം. പരസ്പരസമ്മതത്തോടുകൂടി മാത്രമെ സ്വാഭാവികമാർഗ്ഗങ്ങൾ പ്രയോഗിക്കാനാവൂ. ഉഭയസമ്മത പ്രകാരമുള്ള ലൈംഗികസംയമനം ദമ്പതികൾ തമ്മിലുള്ള സ്നേഹത്തെ വളർത്തുകയാണു് ചെയ്യുന്നതു്. രോഗകാലത്തു് സംയമനം പാലിക്കുന്ന ദമ്പതികളുടെയിടയിൽ സ്നേഹം ഒരിക്കലും നശിക്കില്ലല്ലോ.

ലൈംഗികസംയോഗം ആത്മസമർപ്പണമാണു്. അതിനാൽ ബുദ്ധിയും മനസ്സും ഉപയോഗിച്ചു് ചിലപ്പോൾ സ്വയം നിയന്ത്രിക്കുന്നതു് ഉത്തമമാണു്. ഇടയ്ക്കിടയ്ക്കുള്ള സംയമനം പിന്നീടുള്ള ലൈംഗിക ബന്ധങ്ങളെ കൂടുതൽ ആസ്വാദ്യകരമാക്കിത്തീർക്കും. ലൈംഗികാനുഭവത്തിന്റെ പുതുമ നശിക്കാതിരിക്കാനും വൈകാരികതളർച്ചയുണ്ടാകാതിരിക്കാനും സംയമനം സഹായിക്കുന്നു. ലൈംഗികബന്ധം വഴിമാത്രമെ സ്നേഹം നൽകാവൂ എന്ന മിഥ്യാധാരണയെ മാറ്റേണ്ടിയിരിക്കുന്നു. സ്നേഹഭോജനത്തിന്റെ വിഷമങ്ങളെയും ആവശ്യങ്ങളെയും മനസ്സിലാക്കി അയാളുടെ നന്മയ്ക്കും വളർച്ചയ്ക്കുംവേണ്ടി സ്വന്തം താത്പര്യങ്ങളെ ത്യജിക്കുന്നതിലാണു് യഥാർത്ഥസ്നേഹം അടങ്ങിയിരിക്കുന്നതു്. ചുരുക്കത്തിൽ, ചിലപ്പോഴെല്ലാം സംയമനം പാലിക്കുന്നതു ബന്ധത്തെ തളർത്തുകയല്ല വളർത്തുകയാണു് ചെയ്യുന്നതു്. സംയമനമാകട്ടെ ഒറ്റദിവസംകൊണ്ടു് നേടിയെടുക്കാവുന്നതല്ലെന്നും നാം മനസിലാക്കണം.

എല്ലാറ്റിനുമുപരി ദാമ്പത്യജീവിതം എന്നതു് ഒരു വെല്ലുവിളിയാണു്. സന്തോഷവും സമാധാനവും ശാശ്വതമായി നിലനിൽക്കണമെങ്കിൽ പ്രയാസങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കേണ്ടതായി വരും. സ്വാഭാവികകുടുംബസംവിധാനരീതി സൗഭാഗ്യപ്രദമായ കുടുംബജീവിതത്തിനു് തീർച്ചയായും നമ്മെ സഹായിക്കും.

7. സമൂഹസേവനം

ക്രൈസ്തവസഭയുടേതായി ധാരാളം സ്ഥാപനങ്ങളും ഇന്നുണ്ട്. ഈ സ്ഥാപനങ്ങളും അവളുടെ സാമൂഹ്യമണ്ഡലത്തിലെ സേവനങ്ങളുടെ മകുടോദാഹരണങ്ങളായി നിലകൊള്ളുന്നു. സഭയുടെ സേവന മണ്ഡലങ്ങളെ പരാമർശിക്കുന്നതിനു മുമ്പായി അവളുടെ സാമൂഹ്യദൗത്യത്തെപ്പറ്റി അല്പം ചിന്തിക്കുന്നതു് ഉചിതമായിരിക്കും. മനുഷ്യന്റെ സമഗ്രമായ വിമോചനം- അതാണു് സഭയുടെ ആത്യന്തിക ലക്ഷ്യം. അനീതിയും അഴിമതിയും സൈരസഞ്ചാരം നടത്തുന്ന ഈ സമൂഹത്തിൽ നീതികൈവരുത്തുവാൻ സഭ ശ്രമിക്കണം. ഈ സാമൂഹ്യനീതി കൈവരുത്തുന്നതിനായി സഭ പ്രവർത്തിക്കുമ്പോൾ ഓരോ സ്ഥലത്തെയും സാമൂഹ്യസാമ്പത്തികരാഷ്ട്രീയ പരിതഃസ്ഥിതികളും പ്രത്യേകം പരിഗണിക്കേണ്ടതാണു്.

ഓരോരോ രാജ്യങ്ങളിലെ ഗവണ്മെൻറുകളും സാമൂഹ്യരംഗങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാതിരുന്ന സാഹചര്യങ്ങളിലാണു് സഭ ഈ രംഗത്തു് സജീവമായി പ്രവർത്തിച്ചുതുടങ്ങിയതു്. എന്നാൽ, ഇന്നു വളരെയേറെ സാമൂഹ്യപ്രവർത്തനങ്ങളും ഗവണ്മെൻറിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലാണു്. ഈ മാറിയ സാഹചര്യങ്ങളിലും സഭയുടെ സാമൂഹ്യപ്രവർത്തനങ്ങളുടെ പ്രസക്തിയെക്കുറിച്ചു് ചിന്തിക്കുന്നതു് യുക്തമാണു്.

സഭയുടെ സാമൂഹ്യ സേവന രംഗങ്ങളെ മൂന്നായി തിരിക്കാം

1. തൊഴിൽ
2. ആതുരസേവനം
3. വിദ്യാഭ്യാസം

1. തൊഴിൽ

തൊഴിലില്ലായ്മ നമ്മുടെ രാജ്യത്തിനിന്നൊരു ഭീഷണിയാണു്. തൊഴിൽരഹിതരുടെ എണ്ണം വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. ഇതിനു പരിഹാരം കാണേണ്ടതു് ഇന്നാ

ട്ടിലെ എല്ലാവരുടെയും ഉത്തരവാദിത്വമാണു്. ദാരിദ്ര്യവും തൊഴിലില്ലായ്മയുമാണു് ഭാരതത്തിന്റെ ഏറ്റവും വലിയ പ്രശ്നങ്ങൾ.

സഭയ്ക്കു തൊഴിലിന്റെ കാര്യത്തിൽ പ്രത്യേക താത്പര്യവും ഏറെ ഉത്ക്കണ്ഠയും ഉണ്ടു്. ജീവിതത്തിനു് ആവശ്യമായ സമ്പത്തു് ആർജിക്കാനുള്ള യത്നമാണു്, തൊഴിൽ. മഹാനായ എബ്രാഹം ലിങ്കൺ ഒരിക്കൽ പറയുകയുണ്ടായി: ''തൊഴിലൊന്നും ചെയ്യാതെ ഭക്ഷണം കഴിക്കുന്നതിനുമാത്രമായി ഒരു സമൂഹത്തെ ദൈവം സൃഷ്ടിച്ചിരുന്നെങ്കിൽ വായ്മാത്രമേ കൊടുക്കുമായിരുന്നുള്ളൂ. മറിച്ചു്, വേല ചെയ്യുവാനായി മാത്രം ഒരു കൂട്ടത്തെ സൃഷ്ടിച്ചിരുന്നെങ്കിൽ അവക്കു വായ് കാണുകയില്ലായിരുന്നു. എന്നാൽ, ഇന്നുള്ള മനുഷ്യക്കു് ഇവ രണ്ടും ഉണ്ടു്. അതുകൊണ്ടു് ഇവ രണ്ടും മനുഷ്യക്കു് ആവശ്യമാണു്''.

ഈ രംഗത്തു് സഭയുടെ പ്രവർത്തനം എപ്രകാരമാണു് എന്നതാണു് പ്രധാനമായും നാമിവിടെ വിശകലനം ചെയ്യുക. പാവപ്പെട്ടവരുടെ ഉന്നമനത്തിനായി സ്വയം സമർപ്പിച്ച ക്രിസ്തുവിന്റെ തുടച്ചയും ക്ഷുദാശയുമാണു് സഭ. ഈ സഭ മനുഷ്യോദ്ധാരണത്തിനുവേണ്ടി കഴിവതു പ്രവർത്തിക്കണം. ജനങ്ങളെ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുന്നതിനും ബലിയർപ്പിക്കുന്നതിനും ദേവാലയങ്ങൾ ആവശ്യമാണെങ്കിലും, ദേവാലയങ്ങൾക്കായി ധനം ദുർവിനിയോഗം ചെയ്യാതെ, മണ്ണിൽ കിടന്നുരുളുന്ന പട്ടിണിപ്പാവങ്ങളുടെ ഉദ്ധാരണത്തിനായി, തൊഴിൽദാനപദ്ധതികൾ സഭ ആവിഷ്ക്കരിച്ചു് നടപ്പിലാക്കുന്നതു് നന്നായിരിക്കും.

തൊഴിൽരംഗങ്ങൾ വിവിധകാരണങ്ങളാൽ ഇന്നു് അസ്വസ്ഥങ്ങളാണു്. സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമാണു് പ്രധാന കാരണങ്ങൾ. ധനവാനും ദരിദ്രനും, മുതലാളിയും തൊഴിലാളിയും തങ്ങളുടെ അവകാശങ്ങളെപ്പറ്റി മാത്രമാണു് പലപ്പോഴും ചിന്തിക്കുന്നതു്. ചുമതലകൾ മറക്കാറുണ്ടു്. മുതലാളിയുടെയും തൊഴിലാളിയുടെയും കർത്തവ്യങ്ങളെക്കുറിച്ചു് അവരെ ബോധവാന്മാരാക്കി സമാധാനപരമായ വഴിയിലൂടെ അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനു് അവരെ പ്രാപ്തരാക്കുവാൻ ക്രിസ്തുസഭ മുൻകൈ എടുക്കണം; അപ്പോൾ തൊഴിൽരംഗത്തെ അസ്വസ്ഥതകൾ വളരെയേറെ പരിഹൃതങ്ങളാകും.

ഭാരതത്തിലെ തൊഴിലില്ലായ്മയുടെ പ്രധാനകാരണം ജനസംഖ്യാപെരുപ്പമാണെന്നു പറയാറുണ്ടു്. വർദ്ധമാനമായിക്കൊണ്ടിരി

ക്കുന്ന ജനസംഖ്യ, തൊഴിലില്ലായ്മയുടെ ശാശ്വതപരിഹാരം കാണുന്നതിനു വിഘാതമായേക്കാം. നിയന്ത്രണാതീതമായ ജനസംഖ്യാവർദ്ധനവിന്റെ ദോഷവശങ്ങളെപ്പറ്റി ജനങ്ങൾക്കു് അറിവു നല്കുന്നതു നന്നായിരിക്കും. പ്രകൃതിസഹജമായ കുടുംബക്ഷേമപദ്ധതികൾ പ്രായോഗികമാക്കാൻ ജനങ്ങൾക്കു് ഉപദേശം കൊടുക്കണം.

ഗവണ്മെന്റിന്റെ പുരോഗമനപരമായ നല്ല പ്രവർത്തനങ്ങളോടു് സഹകരിച്ചു് ക്രിസ്തുസഭയും പ്രവർത്തിക്കണം. സമൂഹത്തിലെ അസമത്വങ്ങൾ നിയമംമുഖാന്തിരം ഇല്ലാതാക്കാം എന്നതു് വെറും വ്യാമോഹമാണു്. കാതലായ പരിവർത്തനം മാനവഹൃദയങ്ങളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ''നിങ്ങളുടെ ഉത്പന്നങ്ങൾ മറ്റുള്ളവരുമായി പങ്കുവെയ്ക്കാത്തതു കാരണം, ദരിദ്രന്റെ വിശപ്പടക്കുവാനുള്ള അപ്പമാണു് നിങ്ങളുടെ അറപ്പുരകളിൽ സമാഹരിച്ചിരിക്കുന്നതു്..... നീ സൂക്ഷിച്ചുവച്ചിരിക്കുന്ന ഭക്ഷണം വിശക്കുന്നവനു് ന്യായമായി ലഭിക്കേണ്ടതാണു്. ധനികനാണെന്നതല്ലാ, മറ്റുള്ളവരുമായി നിന്റെ സ്വത്തു് പങ്കുവയ്ക്കുന്നുള്ള നിന്റെ വൈമനസ്യമാണു് നിന്നെ അഭിശപ്തനാക്കുന്നതു്'' എന്നുള്ള വി: ബേസിലിന്റെ വാക്കുകൾ സഭാന്തരീക്ഷത്തിലും മുഴങ്ങിക്കേൾക്കണം.

1974_ൽ കേരളത്തിൽമാത്രം തൊഴിലില്ലാത്തവരുടെ എണ്ണം 5.88 ലക്ഷമായിരുന്നു. 1966_ൽഇതു് 1.57 ലക്ഷമായിരുന്നുവെന്നു് പ്രത്യേകം ഓർക്കണം. അത്ഭുതങ്ങൾ പ്രവർത്തിച്ചു പരിഹാരംകാണുവാൻ സഭയ്ക്കോ ഗവണ്മെന്റിനോ സാദ്ധ്യമല്ല. വൻകിടവ്യവസായങ്ങൾ ആരംഭിക്കുവാനുള്ള മൂലധനവും പ്രാവീണ്യവും അവർക്കില്ലായിരിക്കാം. എന്നാൽ, തൊഴിൽരഹിതരെ സംഘടിപ്പിച്ചു സ്വയം തൊഴിൽ കണ്ടെത്തുവാനെങ്കിലും അവരെ പ്രേരിപ്പിക്കുവാൻ സഭ യത്നിക്കണം. ഇതിൽനിന്നെല്ലാം സഭ ഈ രംഗത്തു് ഒന്നും ചെയ്യുന്നില്ലായെന്നു് വരുന്നില്ല. സഭ കൂടുതൽക്കൂടി ഉണർന്നു പ്രവർത്തിക്കണമെന്നു മാത്രം. സഭയുടെ കീഴിൽ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടു്. യുവതികൾക്കു തയ്യൽ പരിശീലനം നല്കുക, ഇടവകകളിൽ ചെറുകിടവ്യവസായങ്ങൾ തുടങ്ങുക, കൃഷി ജോലികളിൽ സ്ത്രീകൾക്കു പരിശീലനം നല്കുക, നെയ്ത്തു് മുതലായവ അഭ്യസിപ്പിക്കുക എന്നിങ്ങനെ നൂറുകൂട്ടം പദ്ധതികൾ കേരളസഭ നടപ്പിലാക്കി വരുന്നു. പക്ഷേ, ഈ പദ്ധതികൾകൊണ്ടുമാത്രം നാം തൃപ്തിപ്പെടരുതു്. പുരോഗമനപരമായ പല കാര്യങ്ങളും ഈ രംഗത്തു് ഇനിയും ചെയ്യുവാനുണ്ടു്. ഇന്ത്യപോലുള്ള ഒരു ദരിദ്രരാജ്യത്തെ, ദാരിദ്ര്യോച്ചാടനത്തിനുതകുന്ന ശരിയായ ഒരുസാമ്പത്തികവീക്ഷണം

വളർത്തിയെടുക്കുന്നതിനും കർത്തോലിക്കരായ നാം ശ്രമിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുസഭയ്ക്കും വ്യക്തമായ സാമൂഹ്യ സാമ്പത്തിക ദർശനം ഉണ്ടായിരിക്കണം. ഇല്ലാത്തവന്റെ സമുദ്ധാരണം— അതായിരുന്നു ക്രിസ്തുവിന്റെ ദർശനം. അതുപോലെതന്നെ, സംതൃപ്തകുടുംബം കെട്ടിപ്പടുക്കേണ്ടതും ഇന്നിന്റെ ഒരാവശ്യം മാത്രം. ഒരു സംതൃപ്ത കുടുംബം കെട്ടിപ്പടുക്കുന്നതിൽ നിയമാനുസൃത കുടുംബസംവിധാനത്തിനുള്ള പങ്കിനെക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കാൻ സഭ ശ്രമിക്കണം. വിദ്യാഭ്യാസത്തിനും മറ്റുമായി ചിലവഴിക്കുന്ന ധനത്തിന്റെ ഒരു പങ്കും തൊഴിൽപ്പദ്ധതികൾക്കായി ചിലവഴിക്കുന്നതും ശ്ലാഘനീയമാണും. 'ഓരോ ഇടവകതോറും ഓരോ ചെറുകിട വ്യവസായം' എന്നുള്ള ദൃഢനിശ്ചയത്തോടെ പരിശ്രമിക്കുന്നതും അഭിലഷണീയമാണും. തൊഴിൽരംഗത്തും വൈദികരും കന്യാസ്ത്രീകളും അവരുടെ പരിശീലനകാലത്തും വേണ്ടത്ര ജ്ഞാനം സമ്പാദിച്ചിരിക്കണം. ''നീ നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ടും ഉപജീവനം കഴിക്കുക'' എന്ന ക്രിസ്തുവിന്റെ വാക്കുകളും തൊഴിൽ ചെയ്യാനും തൊഴിലവസരം ഉണ്ടാക്കാനും സഭാംഗങ്ങൾക്കെല്ലാം പ്രേരകമാകണം.

2. ആതുരസേവനം

സാമൂഹ്യപ്രവർത്തനത്തിന്റെ മറ്റൊരു മണ്ഡലമാണും ആതുരസേവനം. ക്രൈസ്തവരുടേതെന്നും അഭിമാനിക്കാവുന്ന വളരെയധികം ആശുപത്രികളും അനാഥമന്ദിരങ്ങളും നമുക്കുണ്ടും. പക്ഷേ, ഇത്തരം സ്ഥാപനങ്ങളും നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന പട്ടിണിപ്പാവങ്ങൾക്കു ഉപയോഗപ്പെടുന്നുണ്ടോ? പാവപ്പെട്ടവർ ഇന്നും ഗവണ്മെന്റു ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നില്ലേ? ആവശ്യത്തിനു ഹൈസ്കൂളുകളുള്ള ഒരു നഗരത്തിൽ അവിടത്തെ ധനാഢ്യർക്കായി ഒരു ഇംഗ്ലീഷ്മീഡിയം കൂടി സ്ഥാപിക്കാൻ പരിശ്രമിച്ചേക്കും. എന്നാൽ, മേൽപ്പറഞ്ഞ സൗകര്യങ്ങളും ഇല്ലാത്ത കുഗ്രാമങ്ങളിലേക്കു ഇറങ്ങിച്ചെല്ലാൻ പലർക്കും മടിയാണെന്നു തോന്നുന്നു.

സാമൂഹ്യപ്രവർത്തനങ്ങൾക്കായി വിദേശസഹായം സ്വീകരിക്കുന്നതിനെ അധികമാരും കുറ്റപ്പെടുത്തുകയില്ല. എന്നാൽ, ഈ വിദേശസഹായം യഥായോഗ്യം വിനിയോഗിക്കുന്നുണ്ടെന്നും ജനങ്ങൾക്കും ഉറപ്പുവരുത്തണം. ഇതു സംബന്ധിച്ചുനടത്തിയ സർവ്വേയുടെ വിവരമാണും താഴെ കൊടുത്തിരിക്കുന്നതും. സാമൂഹ്യപ്രവർത്തനങ്ങൾക്കായി വിദേശസഹായം സ്വീകരിക്കരുതെന്നും 7.302% ജനങ്ങളും ആവശ്യ

പ്പെടുന്നു. എന്നാൽ, സ്വീകരിക്കുന്ന പണം ശരിക്കുവിനിയോഗിക്കുന്നുണ്ടെന്നു് ഉറപ്പുവരുത്തണമെന്നു് 70.871% ജനങ്ങളും ആവശ്യപ്പെടുന്നു. വിശദമായ റിപ്പോർട്ടു് താഴെ കൊടുത്തിരിക്കുന്നു.

പ്രായം	സ്വീകരിക്കണം	സ്വീകരിക്കരുതു്
18_25	11.612%	8.387%
26_35	16.883 ,,	10.892 ,,
36_45	22.885 ,,	8.955 ,,
46_60	34.759 ,,	3.208 ,,
60നു് മുകളിൽ	36.082 ,,	1.503 ,,
വൈദികർ	19.718 ,,	8.450 ,,
കന്യാസ്ത്രീകളും	12.500 ,,	6.944 ,,

പ്രായം	കുറെയൊക്കെ സ്വീകരിക്കാം.	സ്വീകരിച്ച പണം ശരിക്കുവിനിയോഗിക്കുന്നുണ്ടെന്നു് ഉറപ്പുവരുത്തണം.
18_25	5.322%	76.129%
26_35	5.001 ,,	71.861 ,,
36_45	5.991 ,,	66.128 ,,
46_60	8.021 ,,	71.651 ,,
60നുമുകളിൽ	7.518 ,,	60.902 ,,
വൈദികർ	18.348 ,,	67.197 ,,
കന്യാസ്ത്രീകളും	6.149 ,,	77.777 ,,

ഈ അഭിപ്രായം സാമൂഹ്യരംഗത്തു് ഏർപ്പെട്ടിരിക്കുന്നവക്കു മാർഗ്ഗദർശകമായിരിക്കണം. സേവനമണ്ഡലങ്ങളിൽ മാത്രമല്ല മറേറതൊരു സ്ഥാപനങ്ങളുടെ നടത്തിപ്പിലും മേൽപ്പറഞ്ഞ കാര്യങ്ങളും ശ്രദ്ധിക്കേണ്ടതാണു്. ഇതിനായി ചില നിർദ്ദേശങ്ങളും താഴെ കൊടുത്തിരിക്കുന്നു.

പലപ്പോഴും തെററായധാരണമൂലമായിരിക്കാം, ജനങ്ങളും ആരോപണങ്ങളും ഉന്നയിക്കുന്നതു്. അതുകൊണ്ടു് ആദ്യമായി ജനങ്ങളുടെ തെററിദ്ധാരണകളും നീക്കാൻ പരിശ്രമിക്കണം. ആശുപത്രികളുടെയും അനാഥമന്ദിരങ്ങളുടെയും ഇതരകത്തോലിക്കാസ്ഥാപനങ്ങളുടെയും വരവുചെലവുകണക്കുകളും ജനങ്ങളുടെ അറിവിനായി പര

സ്യപ്പെട്ടത്തുന്നതു നന്നായിരിക്കും. ബുദ്ധിജീവികളായ നമ്മുടെ ചില അൽമായർ പള്ളിയുടെയും സമുദായത്തിന്റെയും കാര്യങ്ങളിൽ എനിക്കു പങ്കില്ലായെന്നു പറഞ്ഞു് ഒഴിഞ്ഞുമാറുന്നു. എന്നാൽ കാലത്തിന്റെ ചുവരെഴുത്തുകളും മനസ്സിലാക്കി ചിന്തിക്കുവാനും പ്രവത്തിക്കാനും സഭാംഗങ്ങൾക്കെല്ലാം ചുമതലയുണ്ടു്. സമൂഹത്തിൽ മാറ്റത്തിന്റെ ചലനങ്ങളും സൃഷ്ടിക്കുന്നതു ആശയങ്ങളും വ്യക്തികളുമാണു്. കത്തോലിക്കാസഭയുടെ വീക്ഷണങ്ങളെയും മൂല്യധാരണകളെയും മറ്റുംപറഞ്ഞിപഠിച്ചു് നിർദ്ദേശങ്ങളും നലുകാൻ അഭ്യസ്തവിദ്യരായ അൽമായക്കു കടമയുണ്ടു്. മറ്റൊരുപരാതി, ക്രൈസ്തവ ആതുരാലയങ്ങളെപ്പറ്റി, പ്രത്യേകിച്ചു് ആശുപത്രികളെപ്പറ്റിയുള്ള പരാതി: വിദേശങ്ങളിൽ നിന്നും ദാനമായി ലഭിക്കുന്ന മരുന്നുകളുംക്കും ആശുപത്രികളിൽ വിലയീടാക്കുന്നു എന്നാണു്. ദാനമായി ലഭിക്കുന്നതു ദാനമായി കൊടുക്കണമെന്നാണു് ഇക്കൂട്ടരുടെ അവകാശവാദം. പക്ഷേ,ഇതു ശരിയായ അറിവില്ലായ്മയുടെഫലമാണു്.വിദേശങ്ങളിൽനിന്നു മരുന്നു ദാനമായി ലഭിക്കുന്നുവെങ്കിൽതന്നെയും ഇന്ത്യയിലെത്തുമ്പോളും ഏകദേശം ഇവിടെ വാങ്ങിക്കുന്നമരുന്നിന്റെ വിലയുകും. കാരണം,നികുതി (tax) കൂടാതെ ഈ സാധനങ്ങളും ലഭിക്കില്ല. അപ്പോളും ഇത്തരം മരുന്നുകളും വെറുതെ കൊടുക്കുക സാദ്ധ്യമല്ല. ഇതു ജനങ്ങളും മനസ്സിലാക്കേണ്ടതാണു്. ഓരോ വർഷവും കുറെയെങ്കിലും പാവപ്പെട്ടരോഗികളെ പ്രതിഫലം കൂടാതെ ചികിത്സിക്കുന്നതു ഉത്തമമാണു്. ചില സ്ഥലങ്ങളിലെങ്കിലും ഇതു നടപ്പിലുണ്ടു്.

സാധാരണ നമ്മുടെ ആശുപത്രികളിൽ ജോലി ചെയ്യുന്നതു നല്ലൊരു ശതമാനം കന്യാസ്ത്രീകളാണു്. പക്ഷേ, അതതു സ്ഥലങ്ങളിൽ നേഴ്സിംഗ് പാസ്സായിട്ടുള്ള സ്ത്രീകളുണ്ടെങ്കിൽ അവരെ ഒഴിവാക്കാതിരിക്കുന്നതു യുക്തമായിരിക്കും. പല സ്ഥലങ്ങളിലും കന്യാസ്ത്രീകളും നല്ല സേവനമാണു് ചെയ്യുന്നതെങ്കിലും ചുരുക്കം ചിലയിടങ്ങളിൽ നിന്നു പരാതികളും ഉണ്ടായിട്ടുണ്ടു്. സേവനത്തിനായി ജീവിതം സ്വയം അർപ്പിച്ചിട്ടുള്ള സന്യാസിനികളും മാതൃകായോഗ്യരായിരിക്കണം. മദർതെരേസായുടെയും മറ്റും ജീവകാരുണ്യപ്രവത്തനങ്ങളും ഈ രംഗത്തു ഏർപ്പെട്ടിരിക്കുന്നവർക്കു ഉത്തേജനവും മാഗ്ദർശനവുമായിരിക്കട്ടെ.

8. വിദ്യാഭ്യാസം

കത്തോലിക്കാ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ആവശ്യകത സംശയിക്കപ്പെടുന്ന ഒരു കാലഘട്ടമാണിത്. അതുകൊണ്ടുതന്നെയാണു ചിലരെങ്കിലും സഭ, വിദ്യാഭ്യാസമണ്ഡലത്തിൽനിന്നു പിന്മാറേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നു ഉദ്ഘോഷിക്കുന്നതു്. സഭയെ ഇക്കാര്യത്തിൽ വിമർശിക്കുന്നതു ഭ്രരിപക്ഷവും പാവപ്പെട്ടവരാണു്. സഭ ഇക്കാര്യത്തിൽ പാവപ്പെട്ടവർക്കു് അവർ അർഹിക്കുന്നതു പരിഗണന നൽകുന്നില്ല എന്നാണു് അവരുടെ പരാതി. ഇന്നു സഭ നടത്തുന്ന മിക്ക വിദ്യാഭ്യാസസ്ഥാപനങ്ങളും പണക്കാർക്കും, സമൂഹത്തിൽ സ്ഥാനമുള്ളവക്കും വേണ്ടിയല്ലേ എന്നു് അവർ സംശയിക്കുന്നു. ഇംഗ്ലീഷു് മീഡിയം സ്കൂളുകളും മറ്റും ഇതിനൊരു ഉദാഹരണമായിട്ടാണു് അവർ ചൂണ്ടിക്കാണിക്കുന്നതു്. വൈദികരും കന്യാസ്ത്രീകളും വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിനോടു് ഇന്നു പലരും എതിരാണു്. ഒട്ടനവധിപ്പേർ വിദ്യാഭ്യാസമണ്ഡലത്തിൽ സഭ ചെയ്തിട്ടുള്ള നന്മകളെ അംഗീകരിക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസത്തിന്റെ ശരിയായ ലക്ഷ്യം സഭ സാധിക്കുന്നില്ലാ എന്നു് സാമാന്യജനങ്ങൾ പറയുന്നു. ശാശ്വതങ്ങളായ ക്രൈസ്തവമൂല്യങ്ങളുടെ അനസ്യൂതമായ പ്രവാഹത്താൽ ശ്രദ്ധീകരിക്കപ്പെട്ട അന്തരീക്ഷം— കത്തോലിക്കാ അന്തരീക്ഷം— ഇന്നു് നമ്മുടെ സ്ഥാപനങ്ങളിൽ നിലനില്ക്കുന്നുണ്ടോ? ഗവണ്മെന്റു് ഇതിന്റെ നടത്തിപ്പിനു മുന്നോട്ടു വന്നിട്ടുള്ളതിനാലും സഭ ഈ മണ്ഡലത്തിൽനിന്നും പിന്മാറേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നു, ചിലർ. വിദ്യാർത്ഥികളുടെ 'അഡ്മിഷനു' വേണ്ടി ചില സ്ഥാപനങ്ങളിലെങ്കിലും അഴിമതി നടക്കുന്നതുകൊണ്ടു് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ലക്ഷ്യം ധനാഗമമാർഗ്ഗമാണെന്നു വാദിക്കുന്നവരും കുറവല്ല. അദ്ധ്യാപകനിയമനത്തിന്റെ കാര്യത്തിലും അഴിമതി കാണിക്കുന്നതായി പരാതിയുണ്ടു്. അദ്ധ്യാപകരുടെ സേവനമനോഭാവവും, ധാർമ്മികവും ആദ്ധ്യാത്മികവുമായ നിലവാരവും തീരെ അനാശാസ്യമാണെന്നു പരാതിപ്പെടുന്നവരുണ്ടു്. കത്തോലിക്കാ വിദ്യാഭ്യാസസ്ഥാപനങ്ങളിലുള്ള വിദ്യാർത്ഥികളുടെ ധാർമ്മികനിലവാരം മറ്റു വിദ്യാഭ്യാസസ്ഥാപനങ്ങളിലുള്ള വിദ്യാർത്ഥികളുടേതിനേക്കാൾ മെച്ചമല്ല എന്ന ആരോപണവും ഇല്ലാതില്ല.

ഈ ആരോപണങ്ങളുടെയെല്ലാം വെളിച്ചത്തിൽ നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളെ ഒന്നു വിലയിരുത്തിയാൽ അവരുടെ നടത്തിപ്പ് എത്രമാത്രം സംതൃപ്തികരമാണെന്നു വ്യക്തമാകും. പല ആരോപണങ്ങളിലും ഒരു പരിധിവരെ യാഥാർത്ഥ്യങ്ങൾ അടങ്ങിയിട്ടുണ്ടെങ്കിലും, ഒരു പരിധിവരെ പ്രസ്തുത ആരോപണങ്ങൾ വസ്തുതകളെപ്പറ്റിയുള്ള അജ്ഞതമൂലമാണ്. ലക്ഷ്യസാക്ഷാത്ക്കാരത്തിനായി നൂതനമാർഗ്ഗങ്ങൾ നേടണമെന്നുള്ളതും നാം വിസ്മരിക്കരുതു്. എങ്കിലും സഭയുടെ ഉദ്ദേശ്യശുദ്ധിയെക്കുറിച്ചുള്ള അജ്ഞതകൊണ്ടായിരിക്കാം പലരും സഭയുടെ വിദ്യാഭ്യാസമണ്ഡലത്തിലെ നേതൃത്വത്തെ അനാവശ്യമായി കാണുന്നതു്.

സഭയുടെ വിദ്യാഭ്യാസ ലക്ഷ്യം

രണ്ടാം വത്തിക്കാൻ കൗൺസിൽ ക്രിസ്തീയവിദ്യാഭ്യാസത്തെപ്പറ്റി ദീർഘമായി ചർച്ചകൾ നടത്തുകയും, ഒരു ഡിക്രി തന്നെ പുറപ്പെടുവിക്കുകയും ചെയ്തു. മനുഷ്യന്റെ ആദ്ധ്യാത്മികവും അതിസ്വാഭാവികവുമായ വളർച്ചയ്ക്കുവേണ്ടിയാണ് സഭ പ്രധാനമായി യത്നിക്കുന്നതെങ്കിലും, മനുഷ്യന്റെ ആത്യന്തിക ജീവിതലക്ഷ്യം മനുഷ്യജീവിതം മുഴുവൻ വ്യാപിച്ചുകിടക്കുന്നതുകൊണ്ട്, അവന്റെ സമഗ്രമായ പുരോഗമനമാണു സഭ കാംക്ഷിക്കുന്നതു്. ''മാതാവെന്ന നിലയിൽ സ്വസന്താനങ്ങളുടെ ജീവിതം മുഴുവനും ക്രിസ്തുവിന്റെ ചൈതന്യത്താൽ പ്രബുദ്ധമാക്കുന്ന വിദ്യാഭ്യാസം നല്കാനുള്ള ചുമതല തിരുസ്സഭയ്ക്കുണ്ട്'' എന്നു് വത്തിക്കാൻ കൗൺസിൽ തറപ്പിച്ചു തന്നെ പറയുന്നു. അതുകൊണ്ടു് കത്തോലിക്കാ വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസം നല്കുക, ഭാവിജീവിതത്തിൽ അതു പ്രാവർത്തികമാക്കുവാനുള്ള സാഹചര്യവും ഉത്തേജനവും നല്കുക എന്നീ കാര്യങ്ങൾ ആധുനികപരിത:സ്ഥിതികളും പ്രവണതകളും അടിയന്തര പ്രാധാന്യമുള്ളതാക്കിത്തീർത്തിട്ടുണ്ട്.

സഭ സ്വഭാവത്താൽതന്നെ പ്രേഷിതയാണു്. ക്രിസ്തുവിനു് വാക്കാലും പ്രവൃത്തിയാലും സാക്ഷ്യം വഹിക്കുവാൻ ഓരോ ക്രൈസ്തവനും കടപ്പെട്ടവനാണു്. ആകയാൽ, നമ്മുടെ കുട്ടികളെ, പ്രത്യേകിച്ചു് യുവജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുകയും, അവരെ ക്രിസ്തീയാദർശങ്ങൾക്കു് അനുസൃതമായി ജീവിക്കുവാൻ സഹായിക്കുകയും ചെയ്യുകിലേ ആധുനികകാലഘട്ടത്തിൽ സുവിശേഷം പ്രചരിപ്പിക്കപ്പെടുകയുള്ളു. ഈ രീതിയിൽ കുട്ടികളെ വളർത്തിക്കൊണ്ടുവരുവാൻ ഏതൊരു പരിതഃസ്ഥിതിയിലും സ്കൂളുകളും കോളജുകളും

അത്യന്താപേക്ഷിതമാണ്; കാരണം, അവിടെവച്ചാണ് ജീവിക്കുവാൻ അവർ പഠിക്കുന്നത്. അങ്ങനെ കുട്ടികളുടെ പൂർണ്ണവളർച്ച ക്രൈസ്തവേതരമായി വളരുവാനും സ്വജീവിതത്തിലൂടെ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുവാനും ഈ സ്കൂളുകളും കോളജുകളും മറ്റും ഉപയുക്തമാവണം.

ഓരോ ക്രൈസ്തവന്റെയും ചുമതലയെ മനസ്സിലാക്കിക്കൊണ്ടും, കുട്ടികളെ സുവിശേഷോദ്ഘോഷണത്തിനുപറ്റിയ രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കന്മാരുടെ ഭാരിച്ച ചുമതലയെ മാനിച്ചുകൊണ്ടുമാണ് സഭ സ്കൂളുകളും കോളജുകളും സ്ഥാപിച്ചിട്ടുള്ളതു്. ക്രൈസ്തവൻ, തന്റെ ചുമതലയെപ്പറ്റി ഗൗരവമായി ചിന്തിക്കാത്തതുകൊണ്ടാണ് സഭയുടെ പല പ്രസ്ഥാനങ്ങളേയും തച്ചുടയ്ക്കുവാൻ ശ്രമിക്കുന്നത്. എങ്കിലും നമ്മുടെ മേലധികാരികൾവഴി സഭ അവളുടെ ലക്ഷ്യം പൂർണ്ണമായും പ്രാപിച്ചിട്ടില്ലാ എന്നുള്ള സത്യം നാം വിസ്മരിക്കരുതു്. ലക്ഷ്യപ്രാപ്തിക്കായി നാം വളരെയധികം മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. അതിനായി സഭയിലെ ഓരോ അംഗവും ശക്തിയുക്തം മുന്നോട്ടിറങ്ങേണ്ടതുണ്ടു്. ഇതു് 'എന്റെ കടമയാണു്', എന്റെ പ്രശ്നമാണു്' എന്ന അവബോധം ഓരോരുത്തർക്കും ഉണ്ടാവണം. എങ്കിലേ, നാം വിജയിക്കൂ. അല്ലാതെ, വിദ്യാഭ്യാസം വൈദികരുടെയും കന്യാസ്ത്രീകളുടെയും മാത്രം കടമയായി വീക്ഷിക്കുന്നതു് എത്ര യുക്തിഹീനമാണു്, ശോചനീയമാണു്!

ഈ അവസരത്തിൽ കത്തോലിക്കാ അദ്ധ്യാപകർ അവരുടെ ചുമതല വിസ്മരിക്കരുതു്. മാതാപിതാക്കളെ അവരുടെ ചുമതലാനിർവ്വഹണത്തിൽ സഹായിക്കുകയാണു് അദ്ധ്യാപകർ ചെയ്യുന്നതു്. മനുഷ്യസമുദായത്തിന്റെ പ്രതിനിധികളാണു് എന്ന നിലയിലാണു് അവർ കുട്ടികളെ രൂപപ്പെടുത്തുന്നതു്. ക്രിസ്തുവിന്റെ രക്ഷാകര പ്രവൃത്തിയുടെ തുടർച്ചയാണു് അദ്ധ്യാപകനിലൂടെ നടക്കുന്നതു്. ആകയാൽ, ഓരോ വിദ്യാർത്ഥിയേയും പൂർണ്ണക്രിസ്ത്യാനിയായി ജീവിക്കുവാൻ തയ്യാറാക്കുക എന്ന വലിയ കടമയാണു് ക്രൈസ്തവാദ്ധ്യാപകർ ഏറ്റെടുത്തിരിക്കുന്നതു്.

സഭയും സേവനവും

സ്കൂളുകളും കോളജുകളും ഇതര വിദ്യാഭ്യാസസ്ഥാപനങ്ങളും വഴി ധാരാളം കുട്ടികൾക്കു പരിശീലനം നല്കുവാൻ നമുക്കു കഴിഞ്ഞി

ട്ടുണ്ട്. ഗവണ്മെൻറ് വിദ്യാഭ്യാസസ്ഥാപനങ്ങളെ അപേക്ഷിച്ച് നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നിലവാരം മുൻപന്തിയിൽ തന്നെയാണ നില്ക്കുന്നത്. നമ്മുടെ സ്ഥാപനങ്ങളിൽ ആദ്ധ്യാത്മി കാന്തരീക്ഷവും അച്ചടക്കബോധവും കുറെയൊക്കെ ഉണ്ടെന്നുള്ളതു് ഒരു വസ്തുതയാണു്. കൂടുതൽ ഉത്തരവാദിത്വബോധവും ആത്മാർപ്പ തയും കൈമുതലായുള്ള അനേകം അദ്ധ്യാപകരും നമുക്കുണ്ട്. ആത്മാർത്ഥതയോടും സേവനതല്പരതയോടുംകൂടി വിദ്യാർത്ഥികളുടെ ശിക്ഷണബോധത്തിനും അച്ചടക്ക പെരുമാറ്റത്തിനും മറ്റും പ്രവ ർത്തിക്കുന്ന അനേകം കന്യാസ്ത്രീകളും നമുക്കുണ്ട്. ഇന്നു് സിസ്റ്റേഴ്സ് നടത്തുന്ന സ്കൂളുകളും കോളജുകളും ഉന്നതനിലവാരം പുലർത്തുന്നു. ഇതു് കത്തോലിക്കാസഭ എത്രകണ്ടു് അവളുടെ സന്താനങ്ങളെ വള ർത്തിക്കൊണ്ടു വരുവാൻ പരിശ്രമിക്കുന്നുണ്ടു് എന്നതിനു് ഒരു തെളി വാണു്. അക്രൈസ്തവർപോലും അവരുടെ പെൺകുട്ടികളെ കോൺവെൻറ് സ്കൂളുകളിലും, കന്യാസ്ത്രീകൾ നടത്തുന്ന കോളജുക ളിലും ചേർക്കുവാൻ എത്രകണ്ടു താല്പര്യം കാണിക്കുന്നു! ''മുറത്തെമുല്ലയ്ക്കു മണമില്ല' പലപ്പോഴും കോൺ വെൻറ് സ്കൂളുകളുടേയും മറ്റും കാര്യം പറയുമ്പോൾ അതു് സിസ്റ്റേഴ്സിനും വൈദികർക്കും ജോലികൊടുക്കാനുള്ള ഒരു വഴിയാ യിട്ടാണു് പലരും കണക്കാക്കുന്നതു്. എന്നാൽ, സ്വന്തം മക്കളുടെ ഉന്നമനത്തിനുവേണ്ടിയാണു് അവർ ക്രിസ്തുവിനുവേണ്ടി സേവനമനോഭാവത്തോടെ പണിയെടുക്കുന്നതു് എന്ന കാര്യം സ്വാർത്ഥതനിമിത്തം സൗകര്യപൂർവ്വം വിസ്മരിക്കപ്പെട്ടേക്കാം. കേരള കത്തോലിക്കാസഭ ഈ നാടിൻെറ വളർച്ചയ്ക്കായി നമ്മുടെ വിദ്യാ ഭ്യാസസ്ഥാപനങ്ങൾവഴി വളരെയധികം പ്രവർത്തിച്ചിട്ടുണ്ടു്. ഈ വസ്തുതയിലേക്കാണു് സർവ്വേ വിരൽചൂണ്ടുന്നതു്. കേരള കത്തോ ലിക്കാസഭയുടെ ഇതുവരെയുള്ള വിദ്യാഭ്യാസപ്രവർത്തനങ്ങൾ ഈ നാട്ടുകാർക്കു് എത്രമാത്രം നന്മ ചെയ്തിട്ടുണ്ടു് എന്ന ചോദ്യത്തിനു് 92% ആളുകളും വളരെയധികം നന്മ ചെയ്തിട്ടുണ്ടു് എന്നാണു രേഖ പ്പെടുത്തിയതു്.

കേരളസഭയുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ

(a)

നന്മ ചെയ്തിട്ടുണ്ടു്	92.614%
നന്മ ചെയ്തിട്ടില്ല	3.485%
ദ്രോഹം ചെയ്തു	2.074%

(b)

വയസ്സ്	നന്മ ചെയ്തിട്ടുണ്ട്-	നന്മ ചെയ്തിട്ടില്ല-	ദ്രോഹം ചെയ്തു
18_25	95.806%	2.580%	0.645%
26_35	89.610 ,,	5.194 ,,	2.164 ,,
36_45	92.537 ,,	3.482 ,,	3.482 ,,
46_60	91.443 ,,	2.673 ,,	2.673 ,,
60നുമുകളിൽ	90.225 ,,	3.007 ,,	3.007 ,,
വൈദികർ	91.549 ,,	7.042 ,,	1.406 ,,
കന്യാസ്ത്രീകൾ	91.222 ,,	2.111 ,,	1.388 ,,

ഇന്നത്തെ സ്ഥിതി

നാം വളരെയധികം നന്മ സമൂഹത്തിനു ചെയ്തിട്ടുണ്ടെങ്കിലും ക്രൈസ്തവരുടെ ചുമതലയുടേയും, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ലക്ഷ്യങ്ങളുടേയും വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ നാം വളരെയധികം വളരേണ്ടിയിരിക്കുന്നു. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്നും പുറത്തുവരുന്ന വിദ്യാർത്ഥികൾ സമഗ്രമായി വളർച്ച പ്രാപിച്ചവരാണ് എന്നവകാശപ്പെടുവാൻ സാദ്ധ്യമല്ല. വിദ്യാർത്ഥികളുടെ ബൗദ്ധികവികസനത്തിനു കൊടുക്കുന്ന പ്രാധാന്യം ആദ്ധ്യാത്മികം, ധാർമ്മികം, കായികം മുതലായവയ്ക്കും നാം കൊടുക്കേണ്ടിയിരിക്കുന്നു. സർവ്വേ ഈ വസ്തുതയാണു വെളിപ്പെടുത്തുന്നത്.

നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ

(a)

വിജയിച്ചിട്ടുണ്ട്	13.846%
കുറെയൊക്കെ വിജയിച്ചു	51.290 ,,
ഒട്ടും വിജയിച്ചിട്ടില്ല	10.443 ,,
ഇക്കാര്യത്തിൽ വിദ്യാലയാധികൃതരുടെ ശ്രദ്ധ പതിയണം	24.101 ,,

b

വയസ്സ്	വിജയിച്ചിട്ടുണ്ട്	കുറെയൊക്കെ വിജയിച്ചു
18_25	11.290%	41.290%
26_35	16.883 ,,	51.082 ,,

36_45	23.383 ,,	27.860 ,,
46_60	20.885 ,,	50.267 ,,
60-നുമുകളിൽ	25.556 ,,	52.631 ,,
വൈദികർ	7.042 ,,	66.197 ,,
കന്യാസ്ത്രീകൾ	13.888 ,,	58.333 ,,

വയസ്സ്	ഒട്ടും വിജയിച്ചില്ല	ഇക്കാര്യത്തിൽ വിദ്യാലയാധികൃതരുടെ ശ്രദ്ധ പതിയണം
18_25	14.193%	15.483%
26_35	18.187 .,	18.187 ,,
36_45	19.012 ,,	22.885 ,,
46_60	19.625 ,,	32.085 ,,
60-നുമുകളിൽ	7.518 ,,	—
വൈദികർ	16.901 ,,	29.578 ,,
കന്യാസ്ത്രീകൾ	8.333 ,,	30.555 ,,

കോളജുകളുടേയും സ്കൂളുകളുടേയും നടത്തിപ്പിൽ പ്രധാന ഉത്തരവാദിത്വം വഹിക്കുന്ന വൈദികരും കന്യാസ്ത്രീകളും അത്മായരും വിദ്യാലയങ്ങളിൽ ക്രൈസ്തവാന്തരീക്ഷം സ്ഥാപിക്കുവാനായി കൂട്ടുത്തൽ യത്നിക്കണം. കാലാനുസൃതമായ വ്യതിയാനങ്ങൾ സ്വീകരിക്കുന്നതിനും, ആവശ്യമായ അച്ചടക്കവും ആദ്ധ്യാത്മികതയും ആത്മാവബോധവും വിദ്യാലയങ്ങളിൽ വളർത്തുന്നതിനും ബന്ധപ്പെട്ട വർഗ്ഗമിക്കണം. തത്ഫലമായി നമ്മുടെ വിദ്യാർത്ഥികളുടെ ധാർമ്മിക നിലവാരവും ആദ്ധ്യാത്മികാവബോധവും മെച്ചപ്പെടുത്തുവാൻ സാധിക്കും. കത്തോലിക്കാ വിദ്യാഭ്യാസാധികാരികൾ വേണ്ടവിധം ആത്മാർത്ഥതയോടും സേവനമനോഭാവത്തോടുംകൂടി വിദ്യാഭ്യാസരംഗങ്ങളിൽ പ്രവർത്തിക്കാത്തതുകൊണ്ടായിരിക്കാം പലരും നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നിലനില്പിനെ ചോദ്യം ചെയ്യുന്നതു്. സഭയുടെ ഭൗത്യനിർവ്വഹണത്തിൽ കത്തോലിക്കാ വിദ്യാഭ്യാസം കാതലായ പങ്കുവഹിക്കുന്നുണ്ടോ? ക്രിസ്തുവിൽനിന്നു് പുതിയൊരു ചൈതന്യം ഉൾക്കൊണ്ടുകൊണ്ടു് തീക്ഷ്ണതയോടും, സേവനമനോഭാവത്തോടുംകൂടി നമ്മുടെ മേലധികാരികളും അദ്ധ്യാപകരും മാതാപിതാക്കളും എല്ലാം പ്രവർത്തിക്കണം. അല്ലെങ്കിൽ സുവിശേഷപ്രഘോഷണത്തിനുള്ള ഉത്തമമാധ്യമങ്ങളായ വിദ്യാഭ്യാസസ്ഥാപനങ്ങൾ നമുക്കു നഷ്ടപ്പെടുകതന്നെ ചെയ്യും. ആകയാൽ, സഭയൊന്നാകെ

നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഉയിർത്തെഴുന്നേല്പിനായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു, അവയുടെ പ്രാമാന്യവും ആവശ്യകതയും പ്രവൃത്തിപഥത്തിലൂടെ ശക്തിയുക്തം പുനഃസ്ഥാപിക്കേണ്ടിയിരിക്കുന്നു. സർവ്വേ വ്യക്തമാക്കുന്നതും ഇതുതന്നെയാണു്. കേരള കത്തോലിക്കാസഭ ഇനിയും സജീവമായി പ്രവർത്തിക്കണമോ എന്ന ചോദ്യത്തിനു് 90% ആളുകളും അനുകൂലമായ മറുപടിയാണു നല്കിയിട്ടുള്ളതു്.

കേരള കത്തോലിക്കാസഭ വിദ്യാഭ്യാസ മണ്ഡലത്തിൽ ഇനിയും

പ്രവർത്തിക്കണം	90.539%
പ്രവർത്തിക്കരുതു്	9.461%

ഭാവിയിലേക്കുള്ള ചില നിർദ്ദേശങ്ങൾ

1. അദ്ധ്യാപകന്റെ സ്വഭാവം, ജീവിതവീക്ഷണം, ആദ്ധ്യാത്മികത മുതലായവ അദ്ധ്യാപനപാടവംപോലെതന്നെ പരിഗണിക്കുക.
2. കോളജുകളിലും സ്കൂളുകളിലും മതപഠനം ഊർജിതമാക്കുക. സെമിനാറുകളും ചർച്ചാക്ലാസ്സുകളും മറ്റും സംഘടിപ്പിക്കുക.
3. അദ്ധ്യാപകർ ആദ്ധ്യാത്മികചൈതന്യമുള്ളവരും, പുത്തൻ പ്രവണതകളും പക്വമായി ഉൾക്കൊള്ളുന്നവരും ആയിരിക്കുക. ഇവർക്കുവേണ്ടി റിഫ്രഷർ കോഴ്സുകളും, സെമിനാറുകളും മുതലായവ സംഘടിപ്പിക്കുക.
4. അദ്ധ്യാപകർ എല്ലാ കാര്യങ്ങളിലും കുട്ടികൾക്കു മാതൃകയായിരിക്കുക.
5. അദ്ധ്യാപകർ കുട്ടികളെ ശരിയായി പഠിക്കുക. മാതാപിതാക്കളുമായി ബന്ധം പുലർത്തുക. ഇതു് വിദ്യാർത്ഥികളെ ശരിയായി നയിക്കുന്നതിനു് അത്യാവശ്യമാണു്.
6. സ്കൂളുകളിലും കോളജുകളിലും പഠിക്കുന്ന പാവപ്പെട്ട കുട്ടികളെ കണ്ടുപിടിച്ചു് അവർക്കു് ഭക്ഷണവും ഫീസും മറ്റും നല്കുവാൻ പ്രഭാഗങ്ങളും ശ്രദ്ധിക്കുന്നതു നല്ലതാണു്. ഇതിനുള്ള ഫണ്ടു് കത്തോലിക്കാ സംഘടനകളുവഴി സിനിമാ, നാടകം മുതലായവ നടത്തി പിരിക്കാവുന്നതാണു്. കൂടാതെ, അദ്ധ്യാപക-രക്ഷകർത്താസംഘടനകളും വഴിയും പിരിവുകളും നടത്താം.

7. ആധുനികശാസ്ത്രപുരോഗതിയുടെ വെളിച്ചത്തിൽ വിദ്യാർത്ഥികളുടെ മതപരമായ സംശയങ്ങളും നീക്കുവാൻ ശ്രമിക്കുക.
8. മതബോധനത്തിലൂടെ ക്രിസ്തുവിനേയും, ക്രൈസ്തവന്റെ കടമയേയുംകുറിച്ച് പറഞ്ഞു് ഹൃദയപരിവർത്തനത്തിനും സാമൂഹ്യപരിവർത്തനത്തിനുമായി കുട്ടികളെ ഒരുക്കുക.
9. മതബോധനത്തിൽ കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികളെ പൊതുവായി അനുമോദിക്കുകയും സ്കോളർഷിപ്പുകളും നല്കുകയും ചെയ്യുക.
10. എല്ലാ ദിവസവും പ്രാർത്ഥനയ്ക്കായി കുറെ സമയം കണ്ടെത്തുക. എല്ലാ ക്ലാസ്സുകളിലും ഒരേ സമയത്തു് പ്രാർത്ഥന അദ്ധ്യാപകരുടെ നേതൃത്വത്തിൽ നടത്താവുന്നതാണു്.
11. ക്ലാസ്സുകളിൽ ഇടയ്ക്കിടെ പ്രാർത്ഥനാസമ്മേളനങ്ങളും നടത്തുന്നതു് നന്നായിരിക്കും.
12. വിദ്യാർത്ഥികളുടെ വാർഷികധ്യാനം പല ഗ്രൂപ്പുകളായി തിരിച്ചു നടത്തുന്നതു് കൂടുതൽ ഉപയോഗപ്രദമായിരിക്കും. കുട്ടികളുടെ ആദ്ധ്യാത്മിക പുരോഗതിക്കായി എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണു്.
13. സ്കൂളിനോടും കോളജിനോടും അനുബന്ധിച്ചുള്ള ഹോസ്റ്റലുകളിൽ വിദ്യാർത്ഥികളുടെ ധാർമ്മികനിലവാരം ഉയർത്തുന്നതിനും, ആദ്ധ്യാത്മികാന്തരീക്ഷം വളർത്തുന്നതിനും ആവശ്യമായ നടപടികളും അടിയന്തിരമായി സ്വീകരിക്കുക.
14. വിദ്യാർത്ഥിസംഘടനകളും സ്ഥാപിക്കുകയും, അവർക്കു് ജനസേവനത്തിനുള്ള അവസരങ്ങളും ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുക. ഉദാ: പഴയവസ്ത്രങ്ങൾ ശേഖരിച്ചു് വസ്ത്രമില്ലാത്തവർക്കു നല്കുക, രോഗികളെ സന്ദർശിക്കുക, റോഡുവെട്ടുക, ശുചീകരണം നടത്തുക, വിദ്യാഭ്യാസമില്ലാത്തവർക്കു് ശുചിത്വം, ആരോഗ്യസംരക്ഷണം, ലൈംഗികകാര്യങ്ങൾ മുതലായവയ്ക്കു് ക്ലാസ്സുകളും എടുക്കുക തുടങ്ങിയവ.
15. സ്കൂളുകളിലും കോളജുകളിലും രാഷ്ട്രീയപാർട്ടികളുടെ സ്വാധീനം നിർത്തലാക്കുക. സമാധാന അന്തരീക്ഷം പുലർത്തുന്നതിനായി അദ്ധ്യാപകസംഘടനകളും, രക്ഷകർത്താസംഘടനകളും യോജിച്ചു പ്രവർത്തിക്കുക.
16. വിദ്യാഭ്യാസമണ്ഡലത്തിൽ നടക്കുന്ന അക്രമത്തിനും അഴിമതിക്കും എതിരായി സഭ പൊതുവെ ശബ്ദമുയർത്തുക.
17. കാര്യങ്ങൾ നടപ്പാക്കുന്നതിനു് അദ്ധ്യാപകരും വിദ്യാർത്ഥിപ്രതിനിധികളും ചേർന്നു് ഒരു പ്ലാൻ തയ്യാറാക്കുക.

ഈ നിദ്ദേശങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു് പുതിയ രൂപവും ഭാവവും നലുകേണ്ടിയിരിക്കുന്നു. കൂടുതൽ സ്ഥാപനങ്ങൾ നിർമ്മിച്ചുകൊണ്ടല്ല, ഉള്ളതു നന്നാക്കിക്കൊണ്ടാണു് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യപ്രാപ്തിയിലേക്കു നാം നീങ്ങേണ്ടതു്. ഈ ആശയം സർവ്വേ വ്യക്തമാക്കുന്നുണ്ടു്.

കേരള കത്തോലിക്കാസഭ

പുതിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇനിയും തുടങ്ങണം	69.36%
വേണ്ടാ	30.44%

9. യുവജനപ്രശ്നങ്ങൾ

യുവത്വം, അതാരേയും ആകർഷിക്കുന്നതും പുളകമണിയിക്കുന്നതുമായ ഒരു ദശാവിശേഷമാണു്. സമൂഹത്തിന്റെ സുപ്രധാന ഘടകമാണു് യുവജനങ്ങൾ. ചിലർക്കു് യുവജനങ്ങൾ ക്രിയാത്മകമായ വാശാനങ്ങളാണെങ്കിൽ മറ്റുചിലർക്കു് വിറകൊള്ളിക്കുന്ന ഒരു പേടിസ്വപ്നവുമാണു്. ഇതിനാലായിരിക്കാം എല്ലാ കാലഘട്ടത്തിലേയും ഭരണകൂടങ്ങൾ യുവജനങ്ങളിൽ നിരന്തരം ശ്രദ്ധപതിപ്പിച്ചിരുന്നതു്. ഏതായാലും യുവശക്തി അവഗണിക്കാൻ കഴിയാത്ത ശക്തിയാണു്.

വാർത്തകൾ പലപ്പോഴും ഈ യുവശക്തിയെ ചൂഷണം ചെയ്തുകൊണ്ടുള്ളവയാണു്. ''ഏറ്റവും പ്രായംകുറഞ്ഞ മന്ത്രി, മുഖ്യമന്ത്രി, പ്രധാനമന്ത്രി, പ്രസിഡൻറു്'' എന്നിങ്ങനെയുള്ള സംജ്ഞകൾ ഏവരേയും ആകർഷിക്കുമല്ലൊ. മനുഷ്യന്റെ എല്ലാകഴിവുകളും വളർന്നു വികസിച്ചു നിൽക്കുന്ന ഒരു പ്രായമാണു് യുവത്വം. അക്ഷരാർത്ഥത്തിൽത്തന്നെ 'തൊട്ടാൽ പൊട്ടുന്നപ്രായം'. എന്തുംനേടിയെടുക്കാനുള്ള ഒരു ഊർജ്ജം; ഏതുവെല്ലുവിളിയേയും നേരിടാനുള്ള ഒരു തയ്യാറെടുപ്പു് ഈ പ്രായത്തിന്റെ സവിശേഷതയാണു്.

ഏതൊരു സമൂഹത്തിലുമെന്നതുപോലെ സഭയിലും യുവജനങ്ങൾക്കു് കാതലായ സ്ഥാനമുണ്ടു്. ഇതു് യുവാക്കളും മനസ്സിലാക്കേണ്ടതുണ്ടു്. ഇന്നത്തെ യുവകരങ്ങൾ ആസന്നഭാവിയിൽ സഭയുടെ ചുക്കാൻ പിടിക്കേണ്ടവയാണു്. ക്രൈസ്തവാദർശങ്ങൾ മുറുകെപിടിച്ചുകൊണ്ടു് തങ്ങളുടെ യുവജനങ്ങൾ മാതാപിതാസഭയോടു് ഗാഢമായിബന്ധപ്പെട്ടുനിൽക്കുന്നില്ലെങ്കിൽഇന്നല്ലെങ്കിൽ നാളെ സഭ രൂക്ഷമായ വെല്ലുവിളികളെ നേരിടേണ്ടിവരുമെന്നു് യുവാക്കളും, അല്മായരുമായ സഭാംഗങ്ങൾ മനസ്സിലാക്കുന്നതു നന്നു്.

കൗൺസിൽ യുവജനങ്ങളെപ്പറ്റി

രണ്ടാംവത്തിക്കാൻ സൂനഹദോസു നടന്നിട്ടു് ഒരു ദശവർഷത്തിലധികമായല്ലൊ. യുവാക്കളുടെ ഉയിർത്തെഴുന്നേല്പിന്റെ ഒരു കാല

ഘട്ടമായാണു് ചരിത്രകാരന്മാർ കൗൺസിലിനുശേഷമുള്ള കാലഘട്ട ത്തെ വിശേഷിപ്പിക്കുന്നതു്. മിന്നാമിനുങ്ങുകൾപോലെ മിന്നിമ റഞ്ഞുപോയ 'ബീറ്റിൽസു്' തുടങ്ങിയ യുവജനപ്രസ്ഥാനങ്ങൾ ഈ യുഗത്തിന്റെ സംഭാവനയാണു്. ലോകമാസകലം യുവജനങ്ങൾ പ്രക്ഷുബ്ധരായിരുന്നു. ജീർണ്ണമായിക്കൊണ്ടിരുന്ന മനുഷ്യചൈ തന്യത്തെ തട്ടിയുണർത്താനെന്നവണ്ണം എങ്ങും ശബ്ദവും കലാപങ്ങള മുയർന്നു. അവഗണിക്കപ്പെട്ടുകൊണ്ടിരുന്ന യുവജനങ്ങൾ ലോകത്തി നൊരു വെല്ലുവിളിയായി മാറി. കാലത്തിന്റെ സൂചനകൾ വേണ്ട വിധം മനസ്സിലാക്കിയ സഭാപിതാക്കന്മാർ കൗൺസിലിൽ യുവജ നങ്ങളെക്കുറിച്ചും ചർച്ചചെയ്തു. പ്രമാണരേഖകളിൽ പലയിടത്തും അവരെക്കുറിച്ചു പരാമർശങ്ങളുണ്ടു്. യുവജനങ്ങൾക്കു് സഭയിലുള്ള അഗണ്യമായ സ്ഥാനവും മുതിർന്നവർക്കു അവരോടുള്ള കടപ്പാടും യുവാ ക്കളുടെ സജീവമായ സഭാസാക്ഷിത്വവും പ്രത്യേകം പരിഗണിക്ക പ്പെട്ടു. കൗൺസിൽ പറയുന്നു:

''ഇന്നത്തെ സാമൂഹ്യജീവിതത്തിൽ യുവജനങ്ങൾ ചെലു ത്തുന്ന ശക്തി ഒന്നു വേറെതന്നെയാണു്. അവരുടെ ജീവിതസാഹ ചര്യങ്ങളും മാനസികപ്രകൃതിയും സ്വന്തം കുടുംബത്തോടുള്ള ബന്ധം തന്നെയും പാടേ മാറിയിട്ടുണ്ടു്..... സമുദായത്തിലും രാഷ്ട്രത്തിലും അവർക്കുള്ള പ്രാധാന്യം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. എന്നാൽ, ഏറ്റവുമുണ്ടുന്ന പുതിയ ഉത്തരവാദിത്വങ്ങൾ നിർവഹിക്കു വാൻ പ്രായേണ അവർ അപ്രാപ്തരായിട്ടാണു് കാണപ്പെടുന്നതു്. സമു ദായത്തിലവർക്കുള്ള ഈ മികച്ച പ്രാധാന്യത്തിനിണങ്ങുന്ന പ്രേഷിത പ്രവൃത്തിയിലേർപ്പെടാൻ യുവജനങ്ങൾ കടപ്പെട്ടവരാണു്... സഭാ ധികാരികളോടുള്ള അനുസരണത്താലും സ്നേഹത്താലും നയിക്കപ്പെ ട്ടാൽ യുവജനങ്ങളിൽനിന്നു് വളരെയേറെ സൽഫലം പ്രതീക്ഷിക്കാം ... പ്രായംചെന്നവർ ചെറുപ്പക്കാരുമായി സ്നേഹപൂർവ്വം ചർച്ചകൾ നടത്തണം. ചെറുപ്പക്കാർ പ്രായമായവരെ ബഹുമാനിക്കുകയും അവ രിൽ വിശ്വാസമർപ്പിക്കുകയും വേണം. പുതുമയുടെ പുറകെ പരക്കം പായുന്നതു് യുവസഹജമായ വാസനയാണു്. എങ്കിലും ആദരണീയ ങ്ങളായ പാരമ്പര്യങ്ങളെ യഥാർഹം വിലമതിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം''. (അൽമായ പ്രേഷിതത്വം. No. 12)

വളരെ മനോഹരമായി കൗൺസിൽ യുവജനങ്ങളെ സംബ ന്ധിച്ചു് പറഞ്ഞിട്ടുണ്ടെങ്കിലും ഇന്നും അവ ആശയതലത്തിൽ തന്നെ യല്ലെയുള്ളൂ എന്നു തോന്നിപ്പോകുന്നു. ചുറ്റും നടക്കുന്ന കാര്യങ്ങളെ

ക്കുറിച്ച് കൂമ്പബുദ്ധിയോടെ അപഗ്രഥിച്ചു മനസ്സിലാക്കുന്നവരാണു ഇന്നത്തെ യുവജനങ്ങളം. ഒന്നു പ്രസംഗിക്കുകയും അതു പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നതു അവരെ രോഷാകുലരാക്കും. തങ്ങളുടെ അർഹമായ സ്ഥാനം സഭയിലിന്നും നിഷേധിക്കുന്നതായാണു് യുവജനങ്ങളിൽ പലക്കും അനുഭവപ്പെടുന്നതു്. അതുപോലെതന്നെ യുവജനങ്ങളിൽ, സഭയെ അമ്മയായി കാണുന്നവർഎത്ര പേരുണ്ടു്?ചുരുക്കമായെങ്കിലും കിട്ടിയ സന്ദർഭങ്ങളിലും സാഹചര്യങ്ങളിലും തങ്ങളുടെ ഉത്തരവാദിത്വബോധം യുവജനങ്ങളം തെളിയിച്ചിട്ടുണ്ടെന്നു പറയുവാൻ എല്ലാവക്കും കഴിഞ്ഞെന്നു വരില്ല.

പലതരത്തിലും കേരളയുവാക്കളം മറ്റുള്ളവരേക്കാളം ശ്രദ്ധേയരാണു്. ബുദ്ധികമായും കലാകായികരംഗങ്ങളിലും കേരളീയരാണു് എന്നും മുൻപന്തിയിൽ. 1974-ലെ ഒരു റിപ്പോർട്ടനുസരിച്ചു് കേരളയുവാക്കളിൽ 40% 15 വയസ്സിനു താഴെയുള്ളവരും 60 % 25നു താഴെയുള്ളവരുമാണു്. ഈ യുവാക്കളം സഭയിൽ സജീവമായി പ്രവൃത്തിച്ചിരുന്നെങ്കിൽ സഭയുടെ മുഖം ഇന്നു കൂടുതൽ പ്രസന്നമായിരുന്നേനെ. എല്ലാ സമൂഹത്തിലും ഓജസ്സും ഉണർവും പകരുന്ന യുവജനങ്ങളം സഭയ്ക്കും ജീവൻ പ്രദാനംചെയ്യേണ്ടതല്ലേ? ആദർശങ്ങളം അനുകരിക്കാനും നേതാവിനെ പൂജിക്കുവാനും മറ്റാരേക്കാളും വെമ്പൽ കൊള്ളുന്നവരാണു യുവാക്കളം. ലോകം കണ്ടിട്ടുള്ള ഏറ്റവും വലിയ നേതാവായ ക്രിസ്തുവിനെ പൂജിക്കുവാൻ,അവിടുത്തെ ആദർശങ്ങളം അനുകരിക്കുവാൻ ഇന്നു് മുമ്പോട്ടുവരുന്ന യുവാക്കളം എത്രപേരുണ്ടു്?

ചോദ്യം ചെയ്യപ്പെടുന്നുവോ?

യുവജനങ്ങളം തങ്ങളുടെ സഭയിൽനിന്നു് അകന്നുപോകുകയാണോ? ഏതു മണ്ഡലത്തിലും കേളംക്കാം ഈ ചോദ്യം. വർഷങ്ങളായി കാത്തുപാലിച്ചുകൊണ്ടിരുന്ന പാരമ്പര്യങ്ങളും ആചാരങ്ങളും ഇന്നു യുവജനങ്ങളം ചോദ്യംചെയ്യുന്നു. സാമൂഹ്യസംവിധാനങ്ങളെയും പ്രകൃതിപ്രതിഭാസങ്ങളെയും ആദ്ധ്യാത്മികപരിവേഷത്തിലൂടെ കാണാനവർ മടിക്കുന്നു. മനുഷ്യജീവിതത്തെ വിധിയുടെ ഫലമായോ, ദൈവത്തോടുള്ള നിഷ്ക്രിയമായ വിധേയത്വമായോ കാണാൻ അവർ വിമുഖത കാണിക്കുന്നു. ചുരുക്കത്തിൽ എന്തിനേയും എതിർക്കുവാനുള്ള പ്രവണത ഇന്നു വളർന്നുവരുന്നുണ്ടു്. ഈ സർവ്വേയിലും അതു വ്യക്തമാകുന്നുണ്ടു്. മുതിർന്നവരോടു് അവർ ആദരവു കാണിക്കുന്നുണ്ടോ എന്ന ചോദ്യത്തിനു് 64.648% നിഷേധാത്മകമായ ഉത്തരമാണു നൽകിയതു്. ആളുകളുടെ പ്രായമനുസരിച്ചു് ക്രമാനുഗതമായി ഇതു് കൂടുന്നതായും നമുക്കു കാണുവാൻ കഴിയും.

ഇന്നത്തെയുവജനങ്ങൾ പൊതുവെ മുതിർന്നവരോടു് ആദരവു് കാണിക്കാത്തവരാണോ?

(a)

അതെ	64.648%
അല്ല	35.352%

(b)

പ്രായം	അതെ	അല്ല
18_25	56.458%	42.258%
26_35	62.775 ,,	34.632 ,,
36_45	60.698 ,,	37.810 ,,
46_60	66.848 ,,	29.946 ,,
60നുമുകളിൽ	73.689 ,,	21.808 ,,
വൈദികർ	73.688 ,,	23.943 ,,
കന്യാസ്ത്രീകൾ	73.061 ,,	23.611 ,,

ഈ ചോദ്യത്തിലുള്ള 'മുതിന്നവർ' എന്നതിനെ ഇന്നലെയുടെ ആദർശങ്ങളും മൂല്യങ്ങളുമായാണു് യുവാക്കൾ കാണുന്നതു്. തങ്ങളുടെ സഭ അധികാരികളുടേയും, വൈദിക_സന്യാസിനീസന്യാസികളുടേയും മാത്രം ഒരു കാര്യമായാണവർ കാണുന്നതു്.ഈ തെറ്റിദ്ധാരണ നീക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. സ്വയം ചിന്തിക്കാൻ കഴിവുള്ള യുവജനങ്ങൾ ഇങ്ങനെയുള്ള ചിന്താഗതി ഇന്നും വച്ചുപുലർത്തുന്നതു് ആശ്ചര്യകരംതന്നെ. തങ്ങളെ മാറിനിൽക്കൊണ്ടു് സഭയെപ്പറ്റി സംസാരിക്കുവാൻ യുവാക്കൾക്കു് എങ്ങനെ സാധിക്കും?

യുവാക്കൾ പൊതുവെ ആദർശപ്രിയരാണു്. എല്ലാറ്റിനും സ്വയം ഒരു രൂപം കൊടുത്തു വരുന്ന ഈ പ്രായത്തിൽ തങ്ങൾ വിലകല്പിക്കുന്ന ആദർശങ്ങൾക്കെതിരായി കാണുന്നവയെ ഒക്കെ അവർ ചോദ്യം ചെയ്യും. മറ്റെന്തിനേക്കാളുമുപരി ക്രിസ്തുവിന്റെ 'ആദർശ'ങ്ങളാണു് ഈ പ്രായത്തിലവരെ ആകർഷിക്കേണ്ടതു്. പലപ്പോഴും ക്രൈസ്തവാദർശങ്ങൾക്കെതിരായ വീക്ഷകൾ തങ്ങൾക്കു മാർഗ്ഗദർശികളായിരിക്കേണ്ടവരിൽ കാണുമ്പോൾ അവർ രോഷാകുലരാകും. മർദ്ദയുടെ അതിർത്തിവിട്ടതന്നെ അവർ ചിലപ്പോൾ പെരുമാറിയെന്നുവരും.

സുരക്ഷിതത്വവും വൈകാരികസംതൃപ്തിയും ഒരു ജീവിതലക്ഷ്യവും ഏതൊരു യുവാവും അത്യധികം ആഗ്രഹിക്കുന്നവയാണു്. എന്നാൽ ഇന്നത്തെ നമ്മുടെ സാമൂഹിക, രാഷ്ട്രീയ പരിതഃസ്ഥിതികളിൽ ഇതൊന്നും അത്ര എളുപ്പത്തിൽ സാധിക്കുന്നവയല്ല. തൊഴിലില്ലായ്മ ദൈനംദിനം വർദ്ധിച്ചുവരികയാണു്. നിർദ്ധനമായ ഒരു ചുറ്റുപാടിൽ ജീവിക്കേണ്ടിവരുമ്പോഴും, മതവും, മൂതിന്നവരും കല്പിക്കുന്ന പ്രമാണങ്ങളും വേലിക്കെട്ടുകളായി അവക്കു് തോന്നാനിടയുണ്ടു്. പലപ്പോഴും അവർ കാണിക്കുന്ന അനാദരവും മറ്റും മറേറതോ പ്രശ്നങ്ങളുടെ പ്രതികരണങ്ങളാണു്. കുടുംബകലഹം, മാതാപിതാക്കളോടുള്ള പ്രതികാരം, സ്വയമനുഭവപ്പെടുന്ന വൈരുദ്ധ്യങ്ങളും തുടങ്ങിയവ നിമിത്തം ഒരുവൻ സമൂഹമദ്ധ്യത്തിൽ നിഷേധാത്മകമായ ഒരു നിലപാടു സ്വീകരിച്ചേക്കും.

ആധുനിക മനശ്ശാസ്ത്രാദ്ധ്യാപകരുടെ അഭിപ്രായത്തിൽ ഈ നിഷേധാത്മകത്വം യുവത്വത്തിന്റെ ഒരു പ്രത്യേകതയാണു്. അതു് ഇന്നിന്റെ മാത്രം ഒരു പ്രതിഭാസമല്ല. മനുഷ്യപുരോഗതിക്കാവശ്യമായ ഒരു ഘടകമാണു്. എന്നാൽ ഇതു് അതിരുകടന്നതായാൽ ഭവിഷ്യത്തെന്തായിരിക്കുമെന്നൂഹിക്കുകയേ വേണ്ടൂ. 'സർവ്വേ' അനുസരിച്ചു് ഇപ്പോഴത്തന്നെ പകുതിയിലധികം യുവാക്കളും ഈ ഗണത്തിൽപ്പെടുന്നു. ഇതിങ്ങനെ മുന്നോട്ടു പോയാൽ തങ്ങളും ഇന്നും അമൂല്യങ്ങളെന്നു കരുതുന്നവയെ സംശയിക്കാനും, പുച്ഛിച്ചുതള്ളാനും അവർ മടി കാണിക്കില്ല. അങ്ങനെ ആയാൽ തങ്ങളുടെതന്നെ നിലനില്പിനെ അതു ബാധിക്കുമെന്നു് യുവാക്കളും മനസ്സിലാക്കണം. ഔചിത്യബോധമില്ലാതെയുള്ള നിലപാടു് ഗുണത്തേക്കാളേറെ ദോഷമേ ചെയ്യൂ എന്നു് സഭാംഗങ്ങളും എവരും ഓർത്തിരിക്കണം.

ധാർമ്മിക വീക്ഷണം ഇന്നു്

സർവ്വേയനുസരിച്ചു് 63.153% ആളുകളും ഇന്നത്തെ സാന്മാർഗ്ഗികനിലവാരം കുറഞ്ഞുവരുന്നു എന്ന അഭിപ്രായക്കാരാണു്. ഇതിൽ 18 നും 25 നും ഇടയ്ക്കുള്ളവരിൽ 52.258% പേരാണു് ഈ അഭിപ്രായത്തോടു് യോജിക്കുന്നതു്. 26 നും 35 നും ഇടക്കുള്ളവരുടെ കണക്കിൽ 58.44% ഇതനുകൂലിക്കുന്നു. 52% വൈദികരും പറയുന്നതിതാണു്. പ്രായം കൂടുന്നതനുസരിച്ചു് ഈ ശതമാനനിരക്കു വർദ്ധിച്ചുവരുന്നുണ്ടു്. മൂതിന്നവർ വീക്ഷിക്കുന്നതുപോലെയല്ല യുവജനങ്ങളും ധാർമ്മികതയെ കാണുന്നതു് എന്നും് വ്യക്തമാണു്.

ഇന്നത്തെ യുവജനങ്ങളിൽ പൊതുവെ സന്മാർഗ്ഗ ബോധം ക്ഷയിച്ചു വരുന്നു

(a)

ശരി	63.153%
തെറ്റ്	19.170 ,,
തീർച്ചയില്ല	17.677 ,,

(b)

പ്രായം	ശരി	തെറ്റ്	തീർച്ചയില്ല
18_25	52.258%	28.037%	17.741%
26_35	58.441 ,,	20.771 ,,	16.883 ,,
36_45	59.076 ,,	21.039 ,,	17.412 ,,
46_60	79.144 ,,	8.021 ,,	12.288 ,,
60ന മുകളിൽ	83.458 ,,	6.012 ,,	9.774 ,,
വൈദികർ	52.112 ,,	23.943 ,,	19.718 ,,
കന്യാസ്ത്രീകൾ	66.666 ,,	16.666 ,,	20.833 ,,

എന്താണ് ധാർമ്മികത? ക്രൈസ്തവധാർമ്മികത ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ നിന്ന് അടർത്തിയെടുത്തതാണ്. മലയിലെ പ്രസംഗത്തിൽ ഇതിന്റെ ഒരു രൂപരേഖ യേശുക്രിസ്തു നൽകുന്നുണ്ട്. മത്തായിയുടെ സുവിശേഷത്തിൽ അഞ്ചും ആറും അദ്ധ്യായങ്ങളിലായി വിവരിക്കപ്പെടുന്ന ക്രൈസ്തവധാർമ്മികതയുടെ പരമോന്നത മാനദണ്ഡങ്ങൾ ഇന്നും അനുവർത്തമാണ്. ആത്യന്തികമായി ക്രിസ്തുവൽകരണമാണ് യഥാർത്ഥ ക്രൈസ്തവധാർമ്മികതയുടെ കാതൽ. ഏറ്റവും നല്ല മാതൃകാജീവിതമാണല്ലോ ക്രിസ്തുവിന്റേത്.

ഇന്നത്തെ യുവാക്കളിൽതന്നെ ഭൂരിഭാഗംപേരും വിശ്വസിക്കുന്നത് തങ്ങളുടെ സാന്മാർഗ്ഗികനിലവാരം കുറഞ്ഞവരുന്നു എന്നാണ്. ലൈംഗികതയുടെ കാര്യത്തിൽത്തന്നെ യുവാക്കൾ അത്ര അധ:പതിച്ചവരാണെന്നു സമ്മതിക്കാൻ മനശാസ്ത്രാദ്ധ്യാപകർ പൊതുവേ തയ്യാറല്ല. അവരിൽ ഒരാൾ പറയുന്നു, ''യുവാക്കളിൽ ഇന്ന് സന്മാർഗ്ഗ ബോധം ക്ഷയിച്ചുവരുന്നു എന്ന് ഞാൻ കരുതുന്നില്ല. അങ്ങനെ തോന്നിയേക്കാം. കാരണം, ഇവർ മുൻഗാമികളേക്കാൾ തുറന്ന(open) പെരുമാറ്റക്കാരാണ്. പഴയ തലമുറ അടിച്ചമർത്തപ്പെട്ട(repressed)

ഒന്നായിരുന്നു. പുരാതന തറവാടുകളിൽ നടന്നിരുന്ന പല ലൈംഗിക ക്രമക്കേടുകളും അറിയപ്പെടാതെപോയി. അതുപോലൊന്നും ഇന്നത്തെ ചെറുപ്പക്കാർ ചെയ്യുന്നില്ല. അവർ കൂടുതലും പരിഗണന, നീതി ആത്മാർത്ഥത തുടങ്ങിയ മൂല്യങ്ങൾക്കു വില കല്പിക്കുന്നവരാണു്. അവയ്ക്കെതിരായവയെല്ലാം അസാന്മാർഗ്ഗികമായി അവർ കാണുന്നു''.

ക്രൈസ്തവാദർശങ്ങളായ സഹോദരസ്നേഹവും നീതിയും ചവുട്ടിമെതിക്കപ്പെടുമ്പോഴും, സ്വാർത്ഥതയും സ്വജനപക്ഷപാതവും പെരുകുന്നതു കാണുമ്പോഴും, ഇന്നത്തെ ചെറുപ്പക്കാർ സ്വരമുയർത്തുന്നു. തെറ്റുകൾ തെറ്റുകളായി വിവേചിച്ചറിയുന്നതിനുള്ള ഒരു കഴിവു് നമ്മുടെ യുവാക്കളിൽ വളർന്നുവരുന്നുണ്ടെന്നതു ഒരു പരമാർത്ഥമാണു്. ഏതെല്ലാം പുണ്യങ്ങളുണ്ടെങ്കിലും, സഹിക്കുന്ന ഒരു സഹോദരനെ സഹായിക്കുവാനോ സാമൂഹ്യനീതിയോടെ പെരുമാറാനോ കഴിയില്ലെങ്കിൽ നാം എത്രയോ അധ:പതിച്ചവരായിരിക്കും. (സഭ ആധുനികലോകത്തിൽ No. 30).

എന്നാൽ ഇന്നു് പരിഷ്കാരഭ്രമം നിമിത്തമോ മറ്റു കാരണങ്ങളാലോ യുവാക്കളുടെ സാന്മാർഗ്ഗികനിലവാരം ഒന്നിനൊന്നു താഴ്ന്നുവരികയാണെന്നു് സർവ്വേ തെളിയിക്കുന്നു. ഇന്നു നടക്കുന്ന കൊലപാതകങ്ങളിൽ ഭൂരിഭാഗവും 21 വയസ്സിനു താഴെയുള്ളവരാണു് ചെയ്യുന്നതു്. സ്വാർത്ഥതല്പര്യങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ മടി കാണിക്കാത്ത ഒരവസ്ഥ ഇന്നു വളർന്നു വരികയാണു്. നീതിക്കു വേണ്ടിപ്പോലും അക്രമവും അസാന്മാർഗ്ഗിക പ്രവൃത്തികളും അവർ അവലംബിക്കുന്നു. സഭ നിർദ്ദേശിക്കുന്ന സന്മാർഗ്ഗപ്രബോധനങ്ങളോടു് അനുകൂലഭാവം പ്രകടിപ്പിക്കാതിരിക്കുക മാത്രമല്ല, പരസ്യമായി എതിർക്കാൻകൂടി സഭാംഗങ്ങളായ ചെറുപ്പക്കാർ തുടങ്ങിയിരിക്കുകയാണിന്നു്. പല പ്രസിദ്ധീകരണങ്ങളും ഇതിനു് ആക്കം കൂട്ടുന്നുണ്ടു്.

ഇത്തരുണത്തിൽ ഭാവിയെക്കുറിച്ചു് ചിന്തിക്കേണ്ടതു് നാമെല്ലാവരുടേയും കടമയാണു്. 1972 ലെ കേരളസഭയുടെതായ ഒരു പ്രശ്നത്തിൽ സഭയോടൊത്തു നിൽക്കുവാൻ ചുരുങ്ങിയ ശതമാനം ചെറുപ്പക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന ദുഃഖസത്യം നാമാരും മറക്കുകയില്ല. ഭാവിയിലും ഇങ്ങനെയൊരവസരമുണ്ടായാൽ തങ്ങൾ കാത്തുപാലിക്കുവാൻ കടപ്പെട്ട സ്വന്തം സഭയെ തള്ളിപ്പറയുവാൻ യുവജനങ്ങൾ തുനിഞ്ഞാൽ അതിന്റെ ഫലം എന്തായിരിക്കും? ശാസ്ത്രവും സംസ്കാരവും വളർന്നു വരുന്ന ഇക്കാലത്തും ക്രിസ്തുവിന്റെ ആകർ

ഷക വ്യക്തിത്വത്തോടും ആദർശങ്ങളോടും നീതിപുലത്താൻ, അവിടത്തോടൊട്ടി നിൽക്കാൻ സഭംഗങ്ങൾ എന്നനിലക്ക് യുവാക്കൾ പരാജയപ്പെട്ടാൽ ഈ നൂറാണ്ടിന്റെ അന്ത്യത്തോടുകൂടി കേരളസഭ ജീവസ്സറ്റതായേക്കാം.

ക്രിയാത്മകമായി

സഭ ലോകത്തിൽ ഒരു ദീപമായിശോഭിക്കേണ്ടതാണ്. സഭ എന്നു പറയുന്നതു് എല്ലാ അംഗങ്ങളുംകൂടിയതാണെന്നു് നമുക്കറിയാം. അതു് ആരുടെയും കുത്തകയല്ല. പ്രായംചെന്നവരും, ചെറുപ്പക്കാരും, പുരുഷന്മാരും സ്ത്രീകളും വൈദികരും കന്യാസ്ത്രീകളും അൽമായരും എല്ലാവരും ഒരെതാരുമിച്ചു് സഭാസാക്ഷിത്വം ക്രിസ്തുസാക്ഷിത്വം നൽകിയെങ്കിൽ മാത്രമേ നമുക്കു കേരളത്തിൽ എന്തെങ്കിലും കാതലായസ്വാധീനം ചെലുത്താൻ സാധിക്കൂ. അതിനായി പലതും അടിയന്തിരമായി നാം ചെയ്യേണ്ടിയിരിക്കുന്നു. കുറങ്ങളും കുറവുകളും കഴിയുന്നത്ര പരിഹരിച്ചു് സഭയ്ക്കൊട്ടാകെ ഒരു നവജീവൻ പകരാൻ എല്ലാവരും മുമ്പോട്ടു വരണം.

ആദ്യമായി യുവാക്കൾ തന്നെ തങ്ങളുടെ പോക്കു് എങ്ങോട്ടാണെന്നു് ഒരു ആത്മശോധനക്കു തയ്യാറാവണം. ക്രൈസ്തവ വിദ്യാലയങ്ങളിൽനിന്നു വിജ്ഞാനം പകർന്നുകൊണ്ടു് മാർക്സിസംപോലുള്ള പ്രസ്ഥാനങ്ങളിലേക്കു പോകുന്നതു് ആട്ടിൻകുട്ടി സ്വമനസാ ചെന്നായുടെ താവളത്തിലേയ്ക്കു് ഓടുന്നതു പോലായിരിക്കും. ആ സഭയിൽനിന്നു്, തങ്ങളുടെ അമ്മയിൽ നിന്നു് ലഭിച്ച ശക്തി വത്സല മാതാവിനെതിരായിത്തന്നെ പ്രയോഗിക്കുന്നതു് എത്ര കടുംവഞ്ചനയാണന്നോർക്കുക. തെറ്റുകൾപറ്റിയ അമ്മയായിരിക്കാം. എന്നാലും അമ്മ, അമ്മതന്നെ. സ്വന്തം സഭയെ മറ്റുള്ളവരുടെ മുമ്പിൽവച്ചു് താറടിച്ചുകാണിക്കാൻ ശ്രമിക്കുന്നതു് ഹീനമാണു്. യുവാക്കൾ കാണിക്കുന്ന നിഷേധസ്വഭാവം സഭാചട്ടങ്ങളോടായിരിക്കാം. ഒന്നു് ഓർക്കണം. ചില സംഘടനാപരമായ പ്രവർത്തനങ്ങൾ സഭയ്ക്കുകൂടിയേതീരൂ. പരിമിതികൾ കാണുമ്പോൾ അവ നന്മയോടെ തിരുത്തുവാൻ ശ്രമിക്കുന്നതല്ലേ ഭാവിയിൽ നമുക്കെല്ലാവർക്കും നല്ലതു്. സഭ എന്റേതു കൂടിയാണെന്ന ചിന്ത, സഭാംഗമായിരിക്കുന്നതിലുള്ള അഭിമാനം ഇനിയെങ്കിലും യുവാക്കളിൽ രൂഢമൂലമാകേണ്ടിയിരിക്കുന്നു.

ഇന്നു നമ്മുടെ രൂപതാസമൂഹത്തിലും, ഇടവകയിലും പല യുവജനസംഘടനകളും പ്രവർത്തിക്കുന്നുണ്ടു്. K·C·S·L; K·C·Y·L

തുടങ്ങിയവ ഉദാഹരണങ്ങളാണു്. എന്നാലിവയൊന്നും സമൂഹത്തിൽ വേണ്ടസ്ഥാനം നേടിയിട്ടില്ല. പലതാണു് കാരണങ്ങളും. പലപ്പോഴും യുവജനശിക്ഷണത്തിൽ അല്പംപോലുംപരിജ്ഞാനമില്ലാത്തവരാണു് അവയെ നയിക്കുന്നവർ യുവജനങ്ങളും പ്രശ്നങ്ങളുള്ളവരാണു്. സങ്കീർണ്ണമായ ഒരു മനസ്സാണവരുടേതു്. അതു മനസ്സിലാക്കി പ്രവർത്തിക്കാനുള്ള കഴിവുണ്ടായിരിക്കണം നേതാക്കൾക്കു്. യുവാക്കളോടൊത്തു ചിന്തിക്കുവാൻ കഴിവുള്ളവരായിരിക്കണം, അവരെ നയിക്കുന്നവർ.

മറ്റൊന്നു്, യുവാക്കളും സഭാകാര്യങ്ങളിൽ കൂടുതൽ സജീവമായിരിക്കണമെങ്കിൽ സഭാംഗങ്ങളും എല്ലാവരും അവരോടൊത്തു് ഉണ്ടെന്ന ധാരണ അവരിൽ ജനിപ്പിക്കണം. അവരുടെ പ്രശ്നങ്ങളിൽ അവരെ സഹായിക്കണം. തൊഴിലില്ലായ്മ നമ്മുടെ യുവാക്കളെ അലട്ടുന്ന ഏറ്റവും വലിയ പ്രശ്നമാണു്. സഭാംഗങ്ങളും യുവജനങ്ങളുടെ സഹകരണത്തോടുകൂടി പറ്റിയ പരിഹാരമാർഗ്ഗങ്ങളും കണ്ടുപിടിക്കണം.

Norman. C. Mohan എന്ന ഒരു പണ്ഡിതൻ യുവജനങ്ങളെക്കുറിച്ചും അവരുടെ ആവശ്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നിടത്തു് ഇപ്രകാരം പറയുന്നുണ്ടു്. ''ഒരു മനുഷ്യനിൽനിന്നു ഭക്ഷണപ്രിയം വിട്ടുമാറാത്തതുപോലെ, അംഗീകരിക്കപ്പെടുവാനുള്ള ആഗ്രഹവും അവനോടുകൂടെ എന്നുമുണ്ടായിരിക്കും. ഈ അംഗീകാരം സ്വാഭാവികമായി അവനു കിട്ടുന്നില്ലെങ്കിൽ അസ്വാഭാവികമായ മാർഗ്ഗങ്ങളും അവൻ അവലംബിച്ചെന്നുവരും.''. ഇതു നമ്മുടെ യുവജനങ്ങൾക്കും ഇന്നു് സംഭവിക്കുന്നു. ലൗകികരംഗങ്ങളിൽ യുവകരങ്ങൾക്കു വേണ്ട സ്ഥാനം ലഭിക്കുമ്പോഴും, സഭയിൽ അവർ അംഗീകരിക്കപ്പെടാതെ വരുന്നില്ലേ? ഇതിനൊരു മാറ്റം വരുത്തണം. അവർക്കും ക്രിയാത്മകപ്രസ്ഥാനങ്ങളിൽ സജീവഭാഗഭാഗിത്വം നൽകണം. പാരീഷു് കൗൺസിലുകളിൽ അവർക്കും അംഗത്വം ലഭിക്കണം.

ധാർമ്മിക ജീവിതത്തിനും സഭ ഇനിയും ഒരു മാർഗ്ദീപമായി നിലകൊള്ളണം. ക്രിസ്തുവിന്റെ സന്ദേശങ്ങളോടു് അനുരൂപമായ ഒരു ജീവിതവീക്ഷണം യുവാക്കളിൽ വളർത്തിയെടുക്കണം. പ്രലോഭനങ്ങളും ഒരു യുവാവിന്റെ ജീവിതത്തിലൂടെനീളമുണ്ടാകുമെങ്കിലും, നല്ല വിദ്യാഭ്യാസവും നിർദ്ദേശങ്ങളും അവരുടെ പല വിപത്തുകളും ഒഴിവാക്കും. മുതിർന്നവരും അദ്ധ്യാപകരും ഓർക്കുക: നാം എത്ര

ത്തോളം ആത്മാർത്ഥതയോടെ പ്രവർത്തിച്ചിട്ടും പരീക്ഷകളിൽ ഉണ്ടായാൽ യുവജനങ്ങളെ നമ്മെ കുറ്റപ്പെടുത്തുകയില്ല. നമ്മുടെ സന്മനസ്സിനെ അവർ മാനിക്കും.

അശ്ലീലവും അക്രമവും നിറഞ്ഞ സിനിമകളും കാണുകയോ, പുസ്തകങ്ങളും വായിക്കുകയോ ചെയ്യില്ലെന്നു് യുവാക്കളെക്കൊണ്ടു് ഒരു ദൃഢപ്രതിജ്ഞയെടുക്കണം. അവരുടെതായ ഗുണങ്ങളെന്നു് പറയപ്പെടുന്ന ആത്മാർത്ഥതയും സത്യസന്ധതയും എല്ലാ കാര്യത്തിലും കാണിക്കാൻ ശ്രദ്ധിക്കണം. എവിടേയും സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളാൻ സഭാംഗങ്ങളെല്ലാവരും ശ്രമിക്കണം.

അങ്ങനെ ഈ സർവ്വേയുടെ വെളിച്ചത്തിൽ തെളിഞ്ഞുകാണുന്നതു് ഇന്നത്തെ നമ്മുടെ യുവജനങ്ങളുടെ നിലയെക്കുറിച്ചും, ഭാവിയിലേക്കുവേണ്ടുന്ന മാറ്റങ്ങളേക്കുറിച്ചും ചിന്തിക്കുന്നില്ല എന്നതിനേക്കാളേറെ, യുവാക്കളോടു് ശാന്തമായും പക്വമായും പ്രവർത്തിക്കാൻ വേണ്ടപ്പെട്ടവർ ശ്രദ്ധിക്കുന്നില്ല എന്ന ദയനീയാവസ്ഥയാണു്. അനുകരിക്കപ്പെടേണ്ടവർ അവർക്കു ഒരു മാർഗ്ഗദീപമായിരിക്കണം. അതു നൽകാൻ നാം തയ്യാറല്ലെങ്കിൽ യുവാക്കൾ തങ്ങളുടെ സഭയെ ഉപേക്ഷിച്ചുപോയെന്നുവരും. പക്ഷേ അവിടെയും നഷ്ടം സംഭവിക്കുന്നതു് തങ്ങൾക്കുതന്നെയാണെന്നു് യുവാക്കൾ മനസ്സിലാക്കണം. കേരളസഭയുടെ ഉണർവിനുവേണ്ടി ആദ്യം ഉണരേണ്ടവർ യുവജനങ്ങളാണു്— 'ഉത്തിഷ്ഠത, ജാഗ്രത, പ്രാപ്യവരാൻ നിബോധത'.

10. സമ്പർക്കമാധ്യമങ്ങൾ

പ്രചാരണത്തിന്റെയും ആശയവിനിമയോപാധികളുടെയും നൂറ്റാണ്ടിലാണു് നാം ജീവിക്കുന്നതു്. ശാസ്ത്ര സാങ്കേതിക നേട്ടങ്ങളുടെ ഫലമായി രാജ്യങ്ങളും തമ്മിലുള്ള അകലം കുറഞ്ഞു; സമയം ഇല്ലാതായി. വായുവും ഭക്ഷണവുംപോലെ മാദ്ധ്യമങ്ങളും മനുഷ്യനു് അത്യാവശ്യമായിത്തീർന്നു. രാവിലെ 'ബെഡ്കോഫി'യുടെ സ്ഥാനത്തു് ആധുനിക മനുഷ്യനാവശ്യം പത്രമാണു്, റേഡിയോയാണു്. മാദ്ധ്യമങ്ങൾക്കു് ഒരു വ്യക്തിയെ, ഒരു സമൂഹത്തെ, ഉയർത്തുവാനോ താഴ്ത്തുവാനോ കഴിയും. അവയുടെ ശരിയായ വിനിയോഗമാണിന്നാവശ്യം. രണ്ടാം പത്തിക്കാൻ കൗൺസിൽ ആശയവിനിമയോപാധികളുടെ പ്രാധാന്യം മനസ്സിലാക്കികൊണ്ടു് മാദ്ധ്യമങ്ങളെ സംബന്ധിച്ചു് ഒരു ഡിക്രീ തന്നെ പുറപ്പെടുവിക്കുകയുണ്ടായി. ''സത്യം സംരക്ഷിക്കാനും പ്രചരിപ്പിക്കാനും, മനുഷ്യസമൂഹത്തിനു് ക്രിസ്തീയരൂപം പകർന്നുകൊടുക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന കത്തോലിക്കാപത്രങ്ങളും, മാസികകളും, സിനിമാ-റേഡിയോ-ടെലിവിഷൻ പരിപാടികളും, പ്രക്ഷേപണ കേന്ദ്രങ്ങളും എന്നിവയെ സഹായിക്കാനും സംരക്ഷിക്കുന്നതിനും ക്രിസ്തുസന്ദേശ പ്രചാരണോപാധികർക്കു് കടമയുണ്ടു്''.

ആശയങ്ങളുടെ ശക്തി

ആദർശമാണു് ഒരാളുടെ വ്യക്തിത്വത്തെ ഉറപ്പുള്ളതാക്കുന്നതു്. ആശയങ്ങളാണു് മനുഷ്യനെ നയിക്കുന്നതു്. ആശയത്തിനു് ഒരുവനെ മാലാഖയായോ, പിശാചായോ മാറ്റുവാൻ കഴിയും. ഗേഥേയുടെ 'വെർതരുടെ ദുഃഖങ്ങൾ' എന്ന പുസ്തകം യുവഹൃദയങ്ങളിലെല്ലാം ചലനം സൃഷ്ടിച്ചു. 'തൊഴിലാളികളെ നിങ്ങൾ സംഘടിക്കുക, ഒന്നും നഷ്ടപ്പെടാനില്ല, വെറും കൈവിലങ്ങുകൾ മാത്രമെ തകർക്കുന്നുള്ളൂ'വെന്ന മാർക്സിന്റെ വാക്കുകൾ വലിയൊരു വിപ്ലവത്തിനു്, പരിവർത്തനത്തിനു്, വഴിതെളിച്ചു'. സമത്വം, സ്വാതന്ത്ര്യം സാഹോദര്യം' എന്നീ ആശയങ്ങളാണു് ഫ്രഞ്ചുവിപ്ലവത്തെ നയിച്ചതു്. ക്രിസ്തുവിന്റെ മലയിലെ പ്രസംഗം ലോകവ്യാപകമായൊരു വിചാരവിപ്ലവത്തിനു്, ധാർമ്മിക വിപ്ലവത്തിനു് വിത്തു പാകി.

ആശയപ്രചാരണത്തിന്റെ സ്വാധീനം ഇതിൽനിന്നും വ്യക്തമാണല്ലോ. ഒരു സമൂഹത്തിന്റെ രൂപവും ഭാവവും നിർണ്ണയിക്കുന്നതു് മാദ്ധ്യമങ്ങളാണു്. 'കേരളകത്തോലിക്കാസഭയെക്കുറിച്ചു് ഈയിടെ നടത്തിയ സർവ്വേയിൽ നിന്നു് മാദ്ധ്യമങ്ങളെ സംബന്ധിക്കുന്ന ചിന്തിക്കേണ്ട ചില വസ്തുതകളും പുറത്തു വരികയുണ്ടായി.

A. പ്രസ്സു്

പ്രസ്സു് കണ്ടുപിടിച്ചതു് ഗുട്ടൻബർഗ്ഗാണു്. 1846–'47ൽ 'റിച്ചാർഡു് മർച്ചു്ഹോ' ആദ്യത്തെ റോട്ടറി പ്രസ്സു് സംവിധാനം ചെയ്തു. ഇതേത്തുടർന്നു് അച്ചടി വർദ്ധിച്ചു. കേരളത്തിലാദ്യമായി പ്രസ്സുകളും സ്ഥാപിച്ചതു ക്രിസ്ത്യാനികളാണു്. എന്നാൽ, ഇന്നവയുടെ സ്ഥിതിയെന്താണു്? സർവ്വേയുടെ വെളിച്ചത്തിൽ:–

1. പ്രസ്സുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
2. പ്രസ്സു് പ്രവർത്തനത്തിനുള്ള പരിശീലനം വൈദികർക്കും അത്മായർക്കും ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു.
3. ഏതെങ്കിലുമൊരു സഭയുടെയോ പ്രോവിൻസിന്റെയോ സ്ഥാപിതതാല്പര്യങ്ങളും സംരക്ഷിക്കുകയല്ല പ്രസ്സിന്റെ ലക്ഷ്യം.
4. ആനുകാലികവിഷയങ്ങളെ സംബന്ധിക്കുന്ന ഗ്രന്ഥങ്ങളും മറ്റും അച്ചടിക്കുന്നതിൽ കത്തോലിക്കാ പ്രസ്സുകളും കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.
5. പ്രസ്സുകൾക്കു് വേണ്ടത്ര പ്രോത്സാഹനവും സംരക്ഷണവും സാമ്പത്തികസഹായവും നല്കുവാൻ സഭാംഗങ്ങളും സന്നദ്ധരാകണം.

B. പത്രം

പ്രസ്സിന്റെ ആവിർഭാവത്തോടെ ദിനപ്പത്രങ്ങളും പ്രസിദ്ധീകരിക്കാൻ തുടങ്ങി. ജനങ്ങളെ ഇത്രമാത്രം സ്വാധീനിക്കുന്ന വേറൊരു മാദ്ധ്യമം ഉണ്ടോ എന്ന സംശയമാണു്. ക്രിസ്ത്യാനികളാണു് കേരളത്തിൽ ഇടംപ്രഥമമായി പത്രമാരംഭിക്കുന്നതു്. എന്നാലിതുവരെ ഉന്നതനിലവാരം പുലർത്തുന്ന ഒരു കത്തോലിക്കാദിനപ്പത്രത്തിനു രൂപം കൊടുക്കാൻ കഴിയാത്തതു് നമ്മുടെ വലിയൊരു പരാജയമാണു്. പത്രപ്രവർത്തനത്തിലൂടെ സമൂഹത്തിൽ, നടമാടുന്ന അനീതിയും അഴിമതിയും വെളിച്ചത്തുകൊണ്ടുവരാനും ക്രിസ്തീയാദർശങ്ങൾക്കനുസൃതമായി സമൂഹപുനഃസൃഷ്ടിനടത്തുവാനും കേരളക്രൈസ്ത

വർ മുന്നോട്ട് വരണം. വാർത്താവിനിമയമാദ്ധ്യമങ്ങളിൽ യുനേസ്കോ [Unesco] നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം 100 പേർക്ക് 10 പത്രങ്ങൾ, 5 റേഡിയോ, 2 ടെലിവിഷൻ. 2 സിനിമാസീറ്റുകൾ എന്നിവയാണ്. പ്രസ്സ് രജിസ്ട്രാറിന്റെ റിപ്പോർട്ട് അനുസരിച്ച് ഇൻഡ്യയിൽ 12185 പ്രസിദ്ധീകരണങ്ങൾ ഉണ്ട്. അവയുടെ 330.92 ലക്ഷം പ്രതികൾ. പ്രസിദ്ധീകരണ രംഗത്തു മൂന്നാം സ്ഥാനമുള്ള കേരളത്തിലാവട്ടെ മൂന്നുലക്ഷത്തിലധികം കോപ്പികളുള്ള വാരികകളുണ്ട്. മലയാളത്തിൽ നാനൂറിലധികം പ്രസിദ്ധീകരണങ്ങളുണ്ട് ഒരോ ദിവസവും ദിനപ്പത്രങ്ങൾ 95 ലക്ഷം കോപ്പികൾ ചെലവാകുന്നുണ്ട്. ഇതിൽനിന്നും പ്രസിദ്ധീകരണങ്ങളുടെ പ്രാധാന്യം വ്യക്തമാകുന്നുണ്ടല്ലോ. പത്രപ്രവർത്തനത്തെപ്പറ്റി പൊതുജനധാരണ എന്തെന്നറിയാൻ സർവ്വേയുടെ കണക്കുകൾ നമുക്കു പരിശോധിക്കാം.

1. കേരളത്തിൽ പ്രബലസമുദായങ്ങൾക്കെല്ലാം പത്രങ്ങൾ ഉണ്ട്. അവയ്ക്കു വ്യാപകമായി പ്രചാരവും ഉണ്ട്. അതിനാൽ രണ്ടായിരം വർഷത്തെ സഭാപാരമ്പര്യത്തിൽ അഭിമാനിക്കുന്ന നമുക്ക് നല്ല ഒരു ദിനപ്പത്രം നന്നായി നടത്തുക അത്യാവശ്യമാണ്.
2. മേൽപ്പറഞ്ഞ ആവശ്യത്തെപ്പറ്റി കേരളകത്തോലിക്കർ ബോധവാന്മാരാകേണ്ടതാണ്. വേണ്ടത്ര നേതൃത്വവും സാമ്പത്തിക സഹായവും ഇതിനാവശ്യമാണ്.
3. നമ്മുടേതെന്നു വിളിക്കാവുന്ന ദിനപ്പത്രങ്ങൾ വേണ്ടത്ര നിലവാരം പുലർത്തുന്നില്ല.
4. ജേർണലിസ'ത്തിൽ പ്രാവീണ്യം നേടിയവരെ കൂടുതലായി നമ്മുടെ പത്രാധിപസമിതിയിൽ ഉൾപ്പെടുത്തണം.

ചില നിർദ്ദേശങ്ങൾ

1. കേരളത്തിലെ പത്രപ്രവർത്തനം എങ്ങനെ മെച്ചപ്പെടുത്താമെന്നു കേരളസഭാദ്ധ്യക്ഷന്മാർ ആലോചിക്കുന്നതു ഉത്തമമാണ്.
2. ഒരു കത്തോലിക്കാപത്രത്തിനു നല്ല പ്രചാരം കിട്ടുന്നതിനു വേണ്ടി കേരളസഭ ഒത്തൊരുമിച്ചു പ്രവർത്തിക്കണം.
3. മൂന്നുലക്ഷത്തിലധികം പ്രതികൾ പ്രതിദിനം വിറ്റഴിക്കുന്ന പല ദിനപ്പത്രങ്ങൾ കേരളത്തിലുള്ളപ്പോൾ, ഇന്നാട്ടിലെ ഏറ്റവും പ്രചാരമുള്ള കത്തോലിക്കാദിനപ്പത്രത്തിനു പോലും

എഴപതിനായിരത്തിൽ താഴെ കോപ്പികളും മാത്രമേ ചെല വാകുന്നുള്ള. ഇതിന്റെ കാരണമെന്തെന്ന കണ്ടുപിടിക്കണം.

C. വാരികകൾ, പ്രസിദ്ധീകരണങ്ങൾ

കലാമൂല്യമുള്ള പ്രസിദ്ധീകരണങ്ങളും സഭയുടെ മിഷനറി ദൗത്യത്തിനു ആവശ്യകമാണു്. ഉന്നിച്ച പ്രസിദ്ധീകരണങ്ങളും യുവ ഹൃദയങ്ങളെ മലിനമാക്കുന്ന പ്രസിദ്ധീകരണങ്ങളുടെ രംഗത്തു് സഭ കുറെക്കൂടി ശ്രദ്ധപതിപ്പിക്കണം.

1. തികച്ചും താണനിലവാരമുള്ള മാസികകളും ഇന്നു് നമുക്കു് പലതുമുണ്ടു്.
2. സഭയുടെ ആവശ്യമനുസരിച്ചു് നല്ല നിലവാരം പുലർത്തുന്ന കുറെ പ്രസിദ്ധീകരണങ്ങളും നമുക്കു് ആവശ്യമാണു്.
3. നല്ല ചിത്രങ്ങളും അവസരോചിതമായ കലാവിഭവങ്ങളും മാസികകളിലും വാരികകളിലും ഉൾപ്പെടുത്തണം.
4. ഒരു കത്തോലിക്കാപ്രസിദ്ധീകരണമെങ്കിലും ഓരോ വീട്ടിലും സ്ഥലംപിടിക്കുവാൻ നാം ശ്രമിക്കണം.
5. പ്രസിദ്ധീകരണങ്ങളിൽ യുവജനങ്ങളുടെ പ്രശ്നങ്ങൾക്കു് വേണ്ടത്ര പ്രാധാന്യം നല്കണം.

D. സിനിമാ റേഡിയോ ടെലിവിഷൻ പ്രക്ഷേപണങ്ങൾ

1870-ലാണു് സിനിമയുടെ ആരംഭം. സിനിമ ആധുനിക മനുഷ്യന്റെ ജീവിതത്തിൽ അവശ്യഘടകമായിത്തീർന്നിരിക്കുകയാണു്. എല്ലാത്തുറകളിൽപ്പെട്ടവരെയും സിനിമ ആകർഷിക്കുന്നു. സിനിമയിലൂടെ ലഭിക്കുന്ന ജീവിതദർശനങ്ങളും ഒരുവനെ വളരെ സ്വാധീനിക്കും. അതുകൊണ്ടു് കലാമൂല്യമുള്ള നല്ലചിത്രങ്ങളെ സഭ പ്രോത്സാഹിപ്പിക്കണം. നല്ലചിത്രത്തിന്റെ മാനദണ്ഡം ചുരുക്കം ചിലപ്പെട്ടവർ അറിഞ്ഞിരിക്കണം. ചലച്ചിത്രസംശോധകരും സംവിധായകരും നിർമ്മാതാക്കളും ചലച്ചിത്രത്തിന്റെ ധാർമ്മികവശത്തിനു പരിഗണന നല്കണം. പന്ത്രണ്ടാം പീയൂസ് പാപ്പാ (1955 July21) Ideal film' എന്ന ചാക്രികലേഖനത്തിൽ ആദർശപരമായ ഒരു ചിത്രത്തിന്റെ പ്രഥമഗുണം മനുഷ്യനോടു ബഹുമാനംകാണിക്കുകയെന്നതാണു് എന്നു പ്രസ്താവിക്കുകയുണ്ടായി. ഓരോ രാഷ്ട്രവും പൊതുജനങ്ങളുടെ സന്മാർഗ്ഗനിഷ്ഠ സംരക്ഷിക്കണം. ഇക്കഴിഞ്ഞ സർവ്വേയിൽ

നിന്നും സിനിമാരംഗത്തും സഭയുടെ നിലപാടും എങ്ങനെയായിരിക്കണമെന്നും ചില നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.

1. ചലച്ചിത്രമണ്ഡലത്തിൽ സഭാധികാരികൾ കൂടുതൽ ക്രിയാത്മകത പ്രദർശിപ്പിക്കണം.
2. സിനിമയെപ്പറ്റി സാധാരണജനങ്ങൾക്കു വേണ്ടത്ര പരിജ്ഞാനമില്ല. ഇതു പരിഹരിക്കുവാൻ സിനിഫോറങ്ങളും, ചർച്ചാസമ്മേളനങ്ങളും ഏർപ്പെടുത്തുന്നതു നന്നായിരിക്കും.
3. സിനിമവഴി സഭയുടെ പ്രേഷിതദൗത്യവും സുവിശേഷമൂല്യങ്ങളുടെ പ്രചാരണവും എളുപ്പം സാധിക്കും.
4. ആധുനികലോകത്തിൽ ദേവാലയങ്ങളുടേയും പൂജാവേദികളുടേയും സ്ഥാനം സിനിമാശാലകൾ കയ്യടക്കിയിരിക്കുന്നു എന്നു തോന്നിപ്പോകും. അതിനാൽ നാം നല്ല സിനിമകൾ നിർമ്മിക്കണം.
5. അവാർഡുകൾ നൽകി അഭിനന്ദനാർഹരായവരെ നാം പ്രോത്സാഹിപ്പിക്കണം. കഴിയുമെങ്കിൽ പ്രദർശനശാലകളുടെ രക്ഷാകർതൃത്വം ഏറ്റെടുക്കണം. അങ്ങനെ സിനിമയെ പ്രേഷിതപ്രവർത്തനത്തിനുള്ള ഒരു മാദ്ധ്യമമാക്കിത്തീർക്കണം.
6. സിനിമാനിർമ്മാണത്തിനു പരിശീലനം നൽകാനുള്ള പദ്ധതികൾ കേരള സഭ ആസൂത്രണം ചെയ്യുന്നതു നന്നായിരിക്കും.
7. യുവജനങ്ങളുടെ സ്വതസിദ്ധമായ അഭിനയചാതുരി പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം അവരുടെ കഴിവുകൾ അധാർമ്മിക ചിത്രങ്ങൾക്കായി ദുരുപയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

ജനതയെ മനുഷ്യവത്കരിക്കാൻ, ദൈവവചനമാകുന്ന വിത്തുകളിൽ നിന്നും നല്ല ഫലം പുറപ്പെടുവിക്കാൻ ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങൾ നാം ഉപയോഗപ്പെടുത്തണം. യഥാർത്ഥമായ ക്രിസ്തീയവീക്ഷണമാണിന്നു വേണ്ടതും. കലയ്ക്കുവേണ്ടി നാം ധാർമ്മികത ബലികഴിക്കരുതും. സത്യത്തെയും നന്മയെയും സുന്ദരമായി അവതരിപ്പിക്കുവാനും അങ്ങനെ നല്ലൊരു സാംസ്കാരികരൂപം നൽകുവാനും ചലച്ചിത്രങ്ങൾക്കു കഴിയും. മാന്യമായ വിനോദത്തിനും സംസ്കാരരൂപീകരണത്തിനുമായി ചലച്ചിത്ര നിർമ്മാതാക്കളെ പ്രോത്സാഹിപ്പിക്കണമെന്ന വസ്തുത കൗൺസിലിന്റെ പ്രസ്താവന പ്രാവർത്തികമാക്കാൻ ഒട്ടും വൈകരുതും.

E. റേഡിയോ; ടെലിവിഷൻ

ഇന്ന ജനതാമദ്ധ്യത്തിൽ റേഡിയോക്കുള്ള സ്ഥാനം നിസ്തുലമാണ്. രണ്ടു ദിവസം പട്ടിണികിടന്നാലും മനുഷ്യനിന്ന് റേഡിയോ വേണം. വിനോദരസികനും വിജ്ഞാനദാഹിയുമാണ മനുഷ്യൻ. ജീവിതഭാരം ലഘൂകരിക്കാൻ മനുഷ്യൻ വിനോദത്തിലേർപ്പെടുന്നു. നാം ജീവിക്കുന്ന ഈ യാന്ത്രികയുഗത്തിൽ ധാരാളം വിശ്രമവേളകളുണ്ട്. ഇവ ക്രിയാത്മകമായി നാം ഉപയോഗിക്കണം. ഭാരതത്തിൽ 75 റേഡിയോപ്രക്ഷേപണകേന്ദ്രങ്ങളും 150 ട്രാൻസ് മിറ്ററുകളും ഉണ്ട്. ജനസംഖ്യയിൽ 81% ഇതിൽനിന്ന പ്രയോജനമെടുക്കുന്നു. ടെലിവിഷൻ ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ചിട്ടേയുള്ള. സമീപഭാവിയിൽ ടെലിവിഷൻ കേരളത്തിലും സ്ഥാപിതമാകും. ഇവയുടെ ഉപയോഗത്തെപ്പറ്റിയും സ്വാധീനത്തെപ്പറ്റിയും നാം ബോധവാന്മാരായിരിക്കണം. റേഡിയോയും ടെലിവിഷനും ഇന്നത്തെ മികച്ച ഒരു പ്രചാരണമാദ്ധ്യമമായിത്തീർന്നു കഴിഞ്ഞു. പാശ്ചാത്യരാജ്യങ്ങളിൽ തെരഞ്ഞെടുപ്പുപ്രചാരണം മുഖ്യമായി ടെലിവിഷനിലൂടെയാണ്. മെച്ചമായ ആശയഗ്രഹണം ദൃശ്യശ്രാവ്യമാദ്ധ്യമത്തിലൂടെ സാധിക്കും. ശബ്ദവും ചിത്രവും ഒരേ സമയത്തു ലഭിക്കുന്നതുകൊണ്ട് സംഭവം നേരിൽ കണ്ടാലുള്ള ഫലം ലഭിക്കുന്നു.

കേരളസഭ റേഡിയോയിലൂടെയും സുവിശേഷപ്രഘോഷണം നടത്തുവാൻ ശ്രമിക്കണം. നല്ല നല്ല റേഡിയോപ്രോഗ്രാമുകളും, ഗാനങ്ങളും, സംഭാഷണങ്ങളും മുതലായവ നാം തയ്യാറാക്കണം. ആരാധനാഗാനങ്ങളും സംഭാഷണങ്ങളും കുറെയെല്ലാം പ്രക്ഷേപണം ചെയ്യാൻ നമുക്ക് ഇന്ന കഴിയുന്നുണ്ടെന്നുള്ളതു് അഭിമാനകരമാണ്. പക്ഷേ, ഇതുകൊണ്ടുമാത്രമായില്ല. നമുക്കു സ്വന്തമായി ഒരു റേഡിയോ സ്റ്റേഷൻ സ്ഥാപിക്കുവാൻ കഴിയുമോ എന്നു ചിന്തിക്കണം. റേഡിയോ പരിപാടികൾക്ക് വാസനയുള്ളവരെ പ്രോത്സാഹിപ്പിച്ച് നല്ല പരിശീലനം നല്കണം.

F. കല, സാഹിത്യം

മനുഷ്യഹൃദയങ്ങളിൽ കലയ്ക്കുള്ള സ്വാധീനം ആശ്ചര്യകരമാണ്. നന്മ പ്രചരിപ്പിക്കുന്നതിനും വിജ്ഞാനവും വിനോദവും പകരുന്നതിനും കല നല്ലൊരുപായമാണ്. യഥാർത്ഥ സത്യത്തെ ആവിഷ്കരിക്കാൻ കലയിലൂടെ ശ്രമിക്കണം. കലയിലൂടെയും സാഹിത്യത്തിലൂടെയുമാണ് സംസ്കാരങ്ങളും വളർന്നതും വികസിച്ചതും. മനുഷ്യന്റെ ധാർമ്മികനിലവാരം താഴ്ത്തുന്ന കലാഭാസങ്ങളുടെ പ്രചാരം

തടയണം. സമൂഹഗാത്രത്തിന്റെ മുറിവുകളും കണ്ടുപിടിച്ച് അതിനു വേണ്ട ചികിത്സാവിധികളും നിർദ്ദേശിക്കണം. കേരളക്രിസ്ത്യാനികളും കലാരംഗത്ത് വളരെ പിന്നോക്കമാണ്. ജനസമ്മതിയുള്ള പ്രശസ്തരായ കലാകാരന്മാർ നമ്മുടെയിടയിൽ ഉയർന്നുവരണം.

1. കലാധർമ്മമെന്താണെന്നു പഠിക്കുന്നതിനു് അൽമായർക്കും വൈദികാർത്ഥികൾക്കും പരിശീലനം ആവശ്യമാണ്.
2. സാഹിത്യം ഒരു പ്രേഷിതത്വവും മാധ്യമവുമാക്കിത്തീർക്കണം. അതൊരു 'സൃഷ്ടി' കർമ്മം തന്നെയാണ്.
3. കലയിലൂടെ ധാർമ്മികവിപ്ലവത്തിന്റെ വിത്തു വിതറുവാൻ കഴിയണം.
4. സാഹിത്യസമ്മേളനങ്ങളും, കലാമത്സരങ്ങളും, കലാപരിപാടികളും തുടങ്ങിയവ ഇടവകകളോടും നടത്തണം.
5. അവസരമോ പ്രോത്സാഹനമോ ലഭിക്കാതെ അനേകം യുവപ്രതിഭകളും സഭയിൽ മുരടിച്ചുപോകുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുവാൻ വേണ്ട നടപടികളും എടുക്കണം.
6. ഭാരതീയരീതിയിലുള്ള കൊത്തുപണി, ചിത്രകല, നാട്യം, കഥകളി, ഓട്ടൻതുള്ളൽ, മാർഗ്ഗംകളി എന്നീ ചരിത്രപ്രാധാന്യമുള്ള കലാരൂപങ്ങളിലൂടെ ക്രൈസ്തവമൂല്യങ്ങളും പ്രചരിപ്പിക്കണം. പാശ്ചാത്യരെ അന്ധമായി നാം അനുകരിക്കരുത്. ഭാരതീയരീതിയിലുള്ള രൂപങ്ങളും ക്രിസ്മസ്സ് കാർഡുകളും ദേവാലയങ്ങളും നിർമ്മിക്കണം. അങ്ങനെ സഭ ഭാരതീയ കലാസങ്കേതങ്ങളിലൂടെ പ്രകാശിതമാകണം.
7. സാഹിത്യത്തിലൂടെ പ്രചരിപ്പിക്കപ്പെടുന്ന തിന്മയെ നേരിടേണ്ടതു് സാഹിത്യംകൊണ്ടുതന്നെയാവണം. കലയെ കലകൊണ്ടു നേരിടണം.

ഇങ്ങനെ സഭ കലാരംഗത്ത് മുന്നേറണം. കാലത്തിനൊത്തു വേണ്ട പരിവർത്തനങ്ങളും കർമ്മപരിപാടികളും ആസൂത്രണം ചെയ്യണം. സിനിമ, റേഡിയോ, ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളെ വിലക്കപ്പെട്ട കനികളായിട്ടല്ല, പ്രത്യുത, സഭയുടെ ദൗത്യനിർവ്വഹണത്തിനുള്ള ഉത്തമമാർഗ്ഗങ്ങളായി മാത്രം നാം കാണണം.

ഉപസംഹാരം

സാമൂഹ്യമാധ്യമങ്ങളുടെ പ്രാധാന്യവും ശരിയായ വിനിയോഗവും നാം ചർച്ചചെയ്തുകയായിരുന്നു. ഇതിന്റെ വെളിച്ച

ത്തിൽ മാധ്യമരംഗത്തു് കാലോചിതമായ പരിഷ്ക്കാരങ്ങളും വരുത്തുന്നതിനു നമുക്കു് സർവ്വാത്മനാ പരിശ്രമിക്കാം. ദൈവം മനുഷ്യനുമായി ബന്ധം സ്ഥാപിക്കുവാൻ, മനുഷ്യനെ സമ്പൂർണ്ണമായി മോചിപ്പിക്കുവാൻ, തെരഞ്ഞെടുത്ത മാധ്യമം 'മാംസം' ആണു്, ക്രിസ്തുവിന്റെ മനുഷ്യത്വമാണു്. തന്റെ ദൗത്യം ലോകാന്ത്യം വരെ തുടർന്നുകൊണ്ടുപോകുന്നതിനുള്ള മാധ്യമമായി ക്രിസ്തു സഭ സ്ഥാപിച്ചു. അപ്പസ്തോലന്മാരും ആദ്യകാലസഭാനേതാക്കന്മാരും ജീവിതപശ്ചാത്തലത്തിൽ, കലകളിൽകൂടി ക്രിസ്തുവിന്റെ സുവിശേഷത്തിനു് പുതിയ രൂപവും ഭാവവും നല്കി. ഈ കാലഘട്ടത്തിന്റെ അപ്പസ്തോലന്മാരായ നമ്മുടെയും ദൗത്യം ഇതുതന്നെയാണു്. കേരളീയപശ്ചാത്തലത്തിൽ, ക്രിസ്തുവിന്റെ മനുഷ്യാവതാരവും വിമോചകസന്ദേശവും, വിവിധ ആശയപ്രകാശന മാധ്യമങ്ങളിലൂടെയും സാഹിത്യസങ്കേതങ്ങളിലൂടെയും ഒരു യാഥാർത്ഥ്യമാക്കണം. അങ്ങനെ ദൈവമനുഷ്യബന്ധം ദൃഢമാകുന്നതിനും ദൈവത്തിന്റെ രാജ്യം ഭാരതഭൂമിയിൽ വ്യാപകമാകുന്നതിനും ഇടവരട്ടെ.

11. ഭാരതസഭയും റീത്തുകളും

സാർവത്രിക കത്തോലിക്കാസഭ, വിവിധപ്രാദേശിക സഭകളുടെ സംയോഗമാണു് (Communion of individual churches) എന്നു് രണ്ടാം വത്തിക്കാൻ കൗൺസിൽ ഉറക്കെ പ്രഖ്യാപിച്ചിട്ടുണ്ടു്. എന്നിട്ടും, അപ്പസ്തോലികസഭ, തനതുവ്യക്തിത്വമുള്ളസഭ, റീത്തു് എന്നൊക്കെ പറയുമ്പോൾ ചിലരെല്ലാം നെറ്റിചുളിച്ചുപോകാറുണ്ടു്. കത്താവു് ഒന്നല്ലേയുള്ളൂ; വേദപുസ്തകവും ഒന്നു്. പിന്നെന്തിനു് ഈ വിവിധ റീത്തുകൾ? വിശാലമായി ചിന്തിക്കേണ്ട മനുഷ്യൻ എന്തിനീ ഇട്ടുങ്ങിയ മനസ്ഥിതിയിലേക്കിറങ്ങുന്നു? ലോകം തന്നെ ഒന്നായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഞങ്ങളെ സൈരമായി ജീവിക്കുവാൻ അനുവദിച്ചേക്കുക. ഞങ്ങൾക്കു് റീത്തും വേണ്ട ഒന്നും വേണ്ട, റീത്താണോ വിശ്വാസമാണോ വലുതു്? ഞങ്ങൾക്കു് ദൈവവിശ്വാസം മതി. ഇങ്ങനെ പോകുന്ന പലരുടേയും ചിന്താഗതി. ഒറ്റനോട്ടത്തിൽ ഇവയെല്ലാം ശരിയായി തോന്നുകയും ചെയ്യും! ഇത്തരം ചിന്താഗതിക്കാർ ''വിശാലമനസ്കരും''. എന്നാൽ ഈ ചിന്താഗതി എത്രമാത്രം ശരിയാണു് എന്നു് രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകളുടെ വെളിച്ചത്തിൽ നമുക്കൊന്നു വിലയിരുത്തുവാൻ ശ്രമിക്കാം. തുടർന്നു് ഭാരതത്തിലെ, പ്രത്യേകിച്ചു് കേരളത്തിലെ മൂന്നു് വ്യത്യസ്ത റീത്തുകൾ തമ്മിലുണ്ടായിരിക്കേണ്ട പരസ്പരധാരണയെക്കുറിച്ചും ചിന്തിക്കാം.

റീത്തുകളുടെ ഉദ്ഭവം

പന്തക്കുസ്താ ദിവസം പരിശുദ്ധാത്മാവിനാൽ പരിപൂരിതരായ ക്രിസ്തുശിഷ്യർ, ''നിങ്ങൾ ലോകമെങ്ങും പോയി സർവ്വസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (Mk.16:15) എന്ന ഉത്ഥിതനായ ക്രിസ്തുനാഥന്റെ ആഹ്വാനം സ്വീകരിച്ചുകൊണ്ടു് അവിടുത്തെ സദ്വാർത്ത അറിയിക്കുവാനായി ജറുസലത്തു നിന്നു് ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പോയി. ഉത്ഥിതനായ ക്രിസ്തുവിൽ തങ്ങൾക്കുണ്ടായ അസാധാരണാനുഭവം അവർ ജനങ്ങളെ അറിയിച്ചു. വിവിധജീവിതസാഹചര്യങ്ങളിലും സംസ്കാരങ്ങളിലുമാണു്

പുതിയ ദേശീയസഭകളും വളർന്നുവന്നതു്. അങ്ങനെ വിവിധങ്ങളായ ക്രിസ്തുനുഭവങ്ങളും വിവിധങ്ങളായ ജീവിതസാഹചര്യങ്ങളുമായി കൂടിക്കലർന്നപ്പോഴാണു് വിവിധറീത്തുകളും സഭയിൽ ഉടലെടുത്തതു്.

വ്യക്തിത്വം

ഓരോ അപ്പസ്തോലന്റേയും ക്രിസ്തുനുഭവം അദ്ദേഹം ജന്മം നല്കിയ സഭകൾക്കു് ലഭിക്കുന്നു. സഭയുടെ സ്ഥാപകരായ അപ്പസ്തോലന്മാരോ അവരുടെ അടുത്ത ശിഷ്യരോ കൈമാറിയിട്ടുള്ള ക്രൈസ്തവവിശ്വാസവും ജീവിതരീതിയുമാണു് ഒരു സഭയുടെ വ്യക്തിത്വത്തിനു് നിദാനമായിട്ടുള്ളതു്. നാലു പ്രത്യേക ഘടകങ്ങളെ ഇന്നു് ഓരോ റീത്തിലും നമുക്കു കാണാൻ കഴിയും. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണു് ദൈവാരാധന. അപ്പസ്തോലിക ക്രിസ്തുനുഭവവും സ്ഥലത്തെ ജീവിതസാഹചര്യങ്ങളും ഇതിൽ ശക്തമായ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. രണ്ടാമത്തേതു് ദൈവാരാധനയുമായി അഭേദ്യമായി ബന്ധപ്പെട്ട ആദ്ധ്യാത്മികതയാണു്. ഇതു് ദൈവാനുഭവത്തിന്റെ ഒരു പ്രത്യേക ശൈലിയാണു്. അടുത്തഘടകം ദൈവശാസ്ത്രമാണു്. വെളിപ്പെടുത്തപ്പെട്ടിട്ടുള്ള സത്യങ്ങളുടെ വെളിച്ചത്തിൽ ബുദ്ധിശക്തികൊണ്ടു് ദൈവത്തെ മനസ്സിലാക്കാനുള്ള ഈ പരിശ്രമത്തിലും അപ്പസ്തോലിക ക്രിസ്തുനുഭവവും ജീവിതസാഹചര്യങ്ങളും സ്വാധീനം ചെലുത്താതിരിക്കില്ല. നാലാമത്തെ ഘടകം സ്വന്തമായ ഭരണസംവിധാനമാണു്. ഇതു് സഭയിലെ ശ്രൈഹിക പാരമ്പര്യത്തിനനുഗുണമായതും ജീവിതസാഹചര്യങ്ങൾക്കനുസൃതമായതുമാണു്. ഇങ്ങനെ ഈ നാലു പ്രത്യേക ഘടകങ്ങളിൽ, ഒന്നു മറ്റേതിൽനിന്നു് വ്യത്യസ്തമായിരിക്കുന്ന, തനതുവ്യക്തിത്വമുള്ള വിവിധ സഭകളും ഒന്നുചേരുന്നതാണു് സാർവ്വത്രികസഭ അഥവാ കത്തോലിക്കാസഭ. ക്രിസ്തുസഭയുടെ യഥാർത്ഥപൈതൃകം ഈ വിവിധ സഭകളിലൂടെ സംരക്ഷിക്കപ്പെടുന്ന ആദ്ധ്യാത്മിക പൈതൃകമാണു്.

ഇങ്ങനെയുള്ള ഈ വിവിധ സഭകളുടെ വ്യക്തിത്വത്തെപ്പറ്റിയും സാർവ്വത്രികസഭയിൽ അവയ്ക്കോരോന്നിനുമുള്ള സ്ഥാനത്തെപ്പറ്റിയും രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ പ്രബോധനമെന്തെന്നു് നമുക്കു കാണാം.

തുല്യതയും ശ്രേഷ്ഠതയും

സഭകളുടെ വൈവിധ്യം കത്തോലിക്കാസഭയുടെ സാർവത്രികതയുടേയും സാംസ്കാരികോദ്ഗ്രഥനത്തിന്റേയും അടയാളമാണു്.

റീത്തു് ഒരു സഭയുടെ മാത്രമല്ല കത്തോലിക്കാസഭ മുഴുവനേറയും പൊതുസ്വത്താണു്. പൗരസ്ത്യസഭകളം എന്ന പ്രമാണരേഖയിൽ സഭയുടെ ഘടനയിൽ വിവിധ സഭകൾക്കുള്ള തുല്യസ്ഥാനത്തെക്കുറിച്ചു് പറയുന്നു: ''വിശ്വാസികളം വിവിധ സമൂഹങ്ങളായി ഹയരാർക്കിയുടെ കീഴിൽ പ്രാദേശികസഭകളം അല്ലെങ്കിൽ റീത്തുകളം ആയി സമ്മേളിച്ചിരിക്കുന്നു. ഈ സഭകളം തമ്മിൽത്തമ്മിൽ പ്രശസ്യമായ ബന്ധം പുലർത്തുന്നുണ്ടു്. അതിനാൽ വിവിധത്വം സഭയുടെ ഐക്യത്തെ തകർക്കുകയല്ല, പ്രത്യുത പ്രത്യക്ഷമാക്കുകയാണുു് ചെയ്യുന്നതു്. . വിവിധങ്ങളായ സ്ഥലകാലസാഹചര്യങ്ങൾക്കനുസരണമായി ജീവിതത്തെ ക്രമപ്പെടുത്തുകയും ഓരോ പ്രാദേശിക സഭയേടേയും പാരമ്പര്യങ്ങളെ അഭംഗമായും പൂർണ്ണമായും സംരക്ഷിക്കുക എന്നതാണു് സാർവത്രിക സഭയുടെ ലക്ഷ്യം''. (പൗരസ്ത്യസഭകളം, ഖണ്ഡിക. 2) വിവിധ സഭകളുടെ സമത്വവും സാഹോദര്യവും കൗൺസിൽ അംഗീകരിക്കയാണിവിടെ. മാത്രമല്ല, വ്യത്യസ്തപൈതൃകങ്ങളുള്ള വിവിധസഭകളം പരസ്പരം വികസിക്കണമെന്നും അവരിൽ നിക്ഷിപ്തമായിരിക്കുന്ന കടമകളെ യഥാവിധി നിറവേറ്റണമെന്നും കൗൺസിൽ ആഗ്രഹിക്കുന്നു.

''എല്ലാ സഭകൾക്കും തുല്യ പദവിയാണുള്ളതു്; റീത്തിന്റെ പേരിൽ ഒന്നു് മറ്റൊന്നിന്റെ മുമ്പിലല്ല. എല്ലാ സഭകൾക്കും ഒരേ അവകാശങ്ങളും ഒരേ ഉത്തരവാദിത്വങ്ങളുമാണുള്ളതു്. റോമാ മാർപ്പാപ്പയുടെ കീഴിൽ, ലോകം മുഴുവനിലും സുവിശേഷം പ്രസംഗിക്കുക (മർക്കോ. 16:15) എന്നതും എല്ലാ സഭകളുടേയും കർത്തവ്യമാണു്'' (പൗരസ്ത്യസഭകളം, ഖണ്ഡിക 3).ലിറർജിയെക്കുറിച്ചുള്ള പ്രമാണരേഖയിൽ കൗൺസിൽ വീണ്ടും റീത്തുകളുടെ സമത്വത്തെപ്പറ്റി പറയുന്നുണ്ടു്: ''പാരമ്പര്യത്തെ വിശ്വസ്തതാപൂർവം അനുസരിച്ചുകൊണ്ടു് നിയമാനുസൃതം അംഗീകൃതമായ എല്ലാ റീത്തുകളംക്കും സഭാമാതാവു് തുല്യഅവകാശവും ശ്രേഷ്ഠതയുമാണു് കല്പിക്കുന്നതു്'' (ലിറർജി, ഖണ്ഡിക. 4).അതുപോലെതന്നെ ഓരോ റീത്തിൽപ്പെട്ടവരും തങ്ങളുടേതായ സഭാപൈതൃകം ശരിയായി പഠിക്കണമെന്നും അവ പരിപോഷിപ്പിക്കണമെന്നും കൗൺസിൽ ആവർത്തിച്ചു പ്രഖ്യാപിക്കുന്നുണ്ടു് (പൗരസ്ത്യസഭകളം, ഖണ്ഡിക 6).

മേല്പറഞ്ഞ കൗൺസിൽ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ നമുക്കു് മനസ്സിലാക്കുവാൻ കഴിയും സാർവത്രികസഭ വിവിധസഭകളുടെ വ്യക്തിത്വത്തേയും പ്രത്യേകതകളേയും അംഗീകരിച്ചാദരിക്കുന്നുണ്ടെന്നു്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു് നമുക്കു് ഭാരത

സഭയെക്കുറിച്ച് ചിന്തിക്കാം. ഭാരതചരിത്രത്തിന്റെ പ്രത്യേകമായ ഗതിവിഗതിയിൽ ഇന്ത്യയിൽ മൂന്ന് സഭാപാരമ്പര്യങ്ങളും നിലവിൽ വന്നു: മലബാർ സഭയും ലത്തീൻ സഭയും മലങ്കര സഭയും.

മലബാർസഭ

ക്രൈസ്തവസഭയോളം പഴക്കമുള്ളതാണ് മലബാർസഭ. A. D. 52-ൽ ക്രിസ്തുശിഷ്യനായ തോമ്മാശ്ലീഹായാണ്, കേരളത്തിൽ ഈ സഭ സ്ഥാപിച്ചതു്. അന്നത്തെ ജനങ്ങളുടെ ജീവിതസാഹചര്യങ്ങളും സംസ്കാരങ്ങളുമായി അനുരൂപപ്പെട്ട്, തികച്ചും ഭാരതീയ പശ്ചാത്തലത്തിൽ ഈ സഭ വളർന്നുവന്നു. നാലാംനൂറ്റാണ്ടിൽ ആരാധനക്രമപരമായി പേർഷ്യൻസഭയുമായി ബന്ധപ്പെട്ടു. അന്നുമുതൽ പതിനാറാം നൂറ്റാണ്ടുവരെ മലബാർസഭയുടെ ആദ്ധ്യാത്മിക നേതൃത്വം വഹിച്ചിരുന്നതു് പേർഷ്യൻ മെത്രാന്മാരായിരുന്നു. എന്നാൽ, സാമൂഹ്യവും ഭൗതികവുമായ കാര്യങ്ങളിൽ നേതൃത്വം വഹിച്ചിരുന്നതു്, ഏതദ്ദേശീയ വൈദികനായ ആർച്ചുഡീക്കൻ ആയിരുന്നു. ആർച്ചുഡീക്കന്റെ നേതൃത്വത്തിൽ പള്ളിയോഗപ്രതിനിധികളും ചർച്ചചെയ്താണ് പ്രധാനകാര്യങ്ങളും നിശ്ചയിച്ചിരുന്നതു്. പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസു മിഷനറിമാരുടെ വരവോടെ ഇതിനു് ചില വ്യതിയാനങ്ങളും വന്നു. പോർട്ടുഗീസു മിഷനറിമാർ തങ്ങളുടേതിൽനിന്നു് വ്യത്യസ്തമായ ഒരു രീത്തും സംസ്കാരവും സ്വീകരിച്ചിരുന്ന മാർത്തോമ്മാക്രിസ്ത്യാനികളെ പാശ്ചാത്യമാക്കാനായി ആശാസ്യമല്ലാത്ത പലതും ചെയ്തു. ഇതിൽ പ്രധാനപ്പെട്ടതാണു് 1599-ൽ ഉദയംപേരൂരിൽവെച്ചു് നടത്തപ്പെട്ട സൂനഹദോസു്. അങ്ങനെ മലബാർസഭയുടെ പൈതൃകസമ്പത്തു് അലങ്കോലപ്പെടുത്തുവാൻ മുതിർന്ന വിദേശമേധാവിത്വത്തിനെതിരെ സഭാമക്കൾ ഒത്തൊരുമിച്ചു് നടത്തിയ ഐതിഹാസിക സംഭവമാണു് 1653 ലെ കൂനൻകുരിശുസത്യം. ഇതേത്തുടർന്നു് ഒരു വിഭാഗം സഭയിൽനിന്നും തെറ്റിപ്പിരിഞ്ഞു് കാലക്രമേണ അന്ത്യോക്യായാക്കോബായ വിശ്വാസം സ്വീകരിച്ചു.

സ്വന്തം പാരമ്പര്യങ്ങളേയും ആചാരങ്ങളേയും വീണ്ടെടുക്കുന്നതിനും നാട്ടുമെത്രാന്മാരെ ലഭിക്കുന്നതിനുമായി മലബാർസഭ നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നു. ഇതിന്റെ ഫലമായി 1896-ൽ നാട്ടുമെത്രാന്മാരെ ലഭിച്ചു. 1923-ൽ സീറോമലബാർ ഹയരാക്കി ഭാഗികമായി സ്ഥാപിതമായി. നാട്ടുമെത്രാന്മാരുടെ നിരന്തരമായ കഠിന പരിശ്രമത്തിന്റെ ഫലമായി സ്വന്തമായ വ്യക്തിത്വം

വീണ്ടെടുക്കുവാൻ കേരളസഭ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നവോത്ഥാന ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ആരാധനക്രമവും മറ്റും കാലദേശങ്ങൾക്കനുരൂപമായി നവീകരിച്ചുകൊണ്ടിരിക്കുന്നു പ്രേഷിതവിളിയാൽ ധന്യമായ മലബാർസഭ ഉത്തരേന്ത്യയിലെ മിഷൻരംഗങ്ങളുടെ ഉത്തരവാദിത്വം കൂടുതൽ കൂടുതൽ ഏറ്റെടുത്തുകൊണ്ടിരിക്കുന്നു. ഇന്ന് മലബാർ സഭക്ക് 16 രൂപതകളിലായി 25 ലക്ഷത്തിൽപരം വിശ്വാസികളുണ്ട്.

ലത്തീൻസഭ

എ. ഡി. ഒന്നാംനൂറ്റാണ്ടിൽതന്നെ ക്രിസ്തുശിഷ്യരിലൊരാളായ പത്രോസിനാൽ സ്ഥാപിതമായതാണ് റോമൻ (ലത്തീൻ) സഭ. റോമിന്റേയും മറ്റു പാശ്ചാത്യരാജ്യങ്ങളുടേയും സംസ്കാരങ്ങൾക്കും ജീവിതസാഹചര്യങ്ങൾക്കുമനുസരിച്ച് വളർന്നുവന്ന ലത്തീൻസഭ കേരളത്തിൽ വന്നതു 16-ാം നൂറ്റാണ്ടാരംഭത്തിലെ പോർട്ടുഗീസു മിഷനറിമാരുടെ വരവോടെയാണെന്നാണ് കരുതപ്പെടുന്നതു. പ്രേഷിതതീക്ഷ്ണതയാൽ മിഷനറിമാർ തങ്ങളുടെ സർവകഴിവുകളും ഉപയോഗിച്ച് മാർത്തോമ്മാ ക്രിസ്ത്യാനികളെ പാശ്ചാത്യമാക്കാൻ ശ്രമിച്ചു. അവർ 1533-ൽ ഗോവയിലും 1557-ൽ കൊച്ചിയിലും ഓരോ ലത്തീൻരൂപത സ്ഥാപിച്ചു. 1542-ൽ ഗോവയിലെത്തിയ വിശുദ്ധനായ ഫ്രാൻസിസ് സേവ്യറായിരുന്നു അവരിൽ പ്രഗത്ഭനായ മിഷനറി. ഇദ്ദേഹത്തിന്റേയും കൂട്ടരുടേയും അക്ഷീണവും നിസ്തുല്യവുമായ പ്രവർത്തനഫലമായി അനേകായിരങ്ങൾ ക്രിസ്തുമതം സ്വീകരിച്ചു. 1599-ലെ ഉദയംപേരൂർ സൂനഹദോസു വഴിയും മറ്റു മാർഗ്ഗങ്ങളിലൂടെയും കേരളസുറിയാനിക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും ലത്തീൻസഭയുടെ അംഗങ്ങളായി. കലാലയ സെമിനാരികളും സ്ഥാപിച്ചു വിദ്യാഭ്യാസത്തിലൂടെ ലത്തീൻകാർക്കു മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ ശക്തമായ സ്വാധീനം ചെലുത്താൻ കഴിഞ്ഞു. ഭാരതം മുഴുവൻ വ്യാപിച്ചുകിടന്നിരുന്ന മലബാർസഭയുടെ ഭരണാധികാരം ഭാരതപ്പഴയുടെ പമ്പാനദിക്കരയിലുള്ള സ്ഥലമാക്കി ചുരുക്കി. അതുവഴി ഇന്ത്യയിലെ ലത്തീൻ റീത്തു വളർന്നു വികസിച്ചു തുടങ്ങി. മിഷനറിമാർ ഇന്ത്യയിൽ പലസ്ഥലങ്ങളിലായി വിവിധ മിഷനുകളും സ്ഥാപിച്ചു ഊർജ്ജിതമായ പ്രവർത്തനങ്ങളാരംഭിച്ചു. തന്മൂലം കഴിഞ്ഞ നാലു നൂറ്റാണ്ടുകളിലായി ഭാരതത്തിൽ ലത്തീൻസഭയുടെ 13 അതിരൂപതകളും 61 രൂപതകളു

മുണ്ട്. കേരളത്തിൽ വരാപ്പുഴ അതിരൂപതയുടെ കീഴിൽ 6 രൂപത കളുണ്ട്. കേരളത്തിൽ ലത്തീൻകത്തോലിക്കർ മൊത്തം 12 ലക്ഷ ത്തോളം വരും.

മലങ്കരസഭ

1653-ലെ കൂനൻകുരിശു് സത്യത്തെത്തുടർന്നു് ഒരു വിഭാഗം മലബാർസഭയിൽനിന്നും പിരിഞ്ഞുപോയി. തങ്ങളിലൊരാളെ മെത്രാനായി വാഴിക്കുന്നതിനായി ഇവർ പൗരസ്ത്യ അകത്തോലിക്കാ സഭാദ്ധ്യക്ഷന്മാരുടെ സഹായം ആവശ്യപ്പെട്ടു. ഈ അവസരം നോക്കി 1665-ൽ അന്ത്യോക്യാ യാക്കോബായസഭയിൽ നിന്നും മാർ ഗ്രിഗോറിയോസു് മെത്രാൻ കേരളത്തിലെത്തി. ഇദ്ദേഹവും തുടർന്നുവന്ന വിദേശയാക്കോബായമെത്രാന്മാരുംകൂടി അന്ത്യോക്യൻ ആരാധനക്രമവും അനുഷ്ഠാനങ്ങളും മറ്റും മലങ്കരയിൽ പടിപടിയായി അവതരിപ്പിച്ചു. ഇതിനിടെ ഈ സഭയെ ഭരിച്ചിരുന്ന നാട്ടുമെത്രാ ന്മാർ പല പ്രാവശ്യവും പുനരൈക്യശ്രമം നടത്തിയെങ്കിലും ഒന്നും വിജയത്തിലെത്തുകയുണ്ടായില്ല. 1836-ലെ മാവേലിക്കര സൂനഹ ദോസിൽവച്ചാണു് അന്ത്യോക്യൻ ആരാധനക്രമവും അനുഷ്ഠാന ങ്ങളും മലങ്കരയിൽ ഔദ്യോഗികമായി ഏർപ്പെടുത്തിയതു്.

1930-ൽ ബഥനിയുടെ മാർ ഇവാനിയോസു് മെത്രാപ്പോ ലീത്തയും മാർ തെയോഫിലസു് മെത്രാനും കത്തോലിക്കാസഭയു മായി പുനരൈക്യബന്ധം സ്ഥാപിച്ചു. അതുവഴി അന്ത്യോക്യൻ റീത്തും പാരമ്പര്യങ്ങളും ഹയരാർക്കിയും സംരക്ഷിച്ചുകൊണ്ടു് തനതു വ്യക്തിത്വമുള്ള ഒരു സഭയായി 'മലങ്കരസഭ' കത്തോലിക്കാസഭൈ ക്യത്തിൽ പരിപുഷ്ടി പ്രാപിച്ചുവരുന്നു. വെറും 5 അംഗങ്ങളുമായി പുനരൈക്യപ്രസ്ഥാനത്തിലൂടെ ഉത്ഭവിച്ച മലങ്കരകത്തോലിക്കാസഭ, ഇന്നു് തെക്കു് കന്യാകുമാരിമുതൽ വടക്കു് കണ്ണാടകംവരെ വ്യാപിച്ചു കിടക്കുന്നു. തിരുവനന്തപുരം, തിരുവല്ല രൂപതകളിലായി രണ്ടു ലക്ഷത്തോളം അംഗങ്ങളുണ്ടു് ഈ സഭയിൽ. ഇന്നു് ഇവർ കാര്യ മായ പുനരൈക്യശ്രമങ്ങളും നടത്തിവരുന്നു. 1977ൽ തോഴിയൂർ സഭ യുടെ മെത്രാപ്പോലീത്താ മാർ പീലിക്സിനോസിന്റെ പുന രൈക്യം ഇതിനുദാഹരണമാണു്.

വിലയിരുത്തൽ

ഇങ്ങനെ സ്വന്തമായ വ്യക്തിത്വവും ആദ്ധ്യാത്മിക പൈതൃക വുമുള്ള 3 വ്യത്യസ്ത സഭകളാണു് ഭാരതത്തിലുള്ളതു്. ഈ സഭക

ളുടെ മഹത്തായ പൈതൃകം കത്തോലിക്കാസഭയെ എല്ലാത്തരത്തിലും സമ്പന്നമാക്കിക്കൊണ്ടിരിക്കയാണു്. അതിനാൽ ഈ സഭകളിലൂടെയാണു് കത്തോലിക്കാസഭയുടെ ആദ്ധ്യാത്മിക പൈതൃകം ഇന്ത്യയിലെ ജനങ്ങളാസ്വദിച്ചനുഭവിക്കേണ്ടതു്. മാത്രമല്ല ഈ സഭകളും തമ്മിലുള്ള സഹകരണമാണു് സഭയുടെ ക്രൈസ്തവസാക്ഷ്യത്തിനും പ്രേഷിതദൗത്യത്തിനും നിദാനമായിട്ടുള്ളതു്. സ്നേഹത്തിലുള്ള ഐക്യമാണല്ലോ സഭയുടെ അടയാളം.

വിവിധ സഭാപാരമ്പര്യങ്ങളും അപ്പസ്തോലപൈതൃകത്തിന്റെ വൈവിധ്യമാണു് പ്രകടമാക്കുക. സഭാജീവിതത്തിലെ ഈ വൈവിധ്യം ഒരിക്കലും സഭയുടെ ഐക്യത്തെ തകർക്കുകയല്ല, ത്വരിപ്പിക്കുകയാണു ചെയ്യുക. എന്നാൽ, ദൈവശാസ്ത്രപരമായ ഈ വസ്തുത മനസ്സിലാക്കാതെ വിവിധ സഭകളുടെ കാനോനിക നിയമാനുഷ്ഠാനങ്ങൾക്കു് അമിതപ്രാധാന്യം കൊടുത്തു് ഭരണപരമായ രംഗത്തു് സഹകരിക്കുന്നതിനു പകരം നിസ്സഹകരണത്തിന്റേതായ സാഹചര്യങ്ങളും ചിലപ്പോൾ ചിലർ സൃഷ്ടിക്കാറുണ്ടു്. ഇതു് വിവിധ സഭകളുടെ പൈതൃകത്തെപ്പറ്റിയുള്ള അജ്ഞതമൂലമാണു്. സഭ ദൈവജനം എന്നതിനേക്കാളും നിയമികസ്വഭാവമുള്ള വെറും ഒരു സംഘടനയായി തരം താഴ്ത്തപ്പെടുമ്പോഴാണു്, അധികാരാവകാശങ്ങൾക്കുള്ള വടംവലികൾ ഉണ്ടാകുക.

വിവിധ സഭാപാരമ്പര്യങ്ങൾക്കു് പിന്നിലുള്ളതു് സുവിശേഷസത്യവും അപ്പസ്തോലപാരമ്പര്യങ്ങളുമാണു്. അവ വ്യക്തമാക്കിക്കൊടുക്കുകയാണു് സഭകളുടെ കർത്തവ്യം. ഇടവകകൾക്കും രൂപതകൾക്കും പ്രാദേശികസഭകൾക്കു പൊതുവെയും ഈ ഏകദൗത്യമാണുള്ളതു്. എന്നാൽ, ഈ ദൗത്യമെന്തെന്നു് മനസ്സിലാക്കാതെ അവകാശത്തിന്റേയും അധികാരത്തിന്റേയും സ്വാർത്ഥപരമായ വലയങ്ങൾക്കുള്ളിൽ ഒതുങ്ങുവാൻ പരിശ്രമിക്കുമ്പോൾ സഭയുടെ വികലരൂപമാണു് ആവിഷ്കരിക്കപ്പെടുക.

അധികാരരംഗത്തുള്ള ഈ വടംവലികൾ കാണുന്നവർ അതിനു കാരണം റീത്തുകളുടെ വൈവിധ്യമാണെന്നു് തെറ്റിദ്ധരിക്കാറുണ്ടു്. 'സർവേ'യിൽനിന്നും ജനങ്ങൾക്കു് റീത്തുകളോടുള്ള മനോഭാവം വ്യക്തമാകുന്നുണ്ടു്. മുന്നു റീത്തുകൾ (സഭകൾ) ഒരുമിച്ചു പുലരുന്ന കേരളത്തിലെ കത്തോലിക്കരിൽ ഭൂരിഭാഗവും ഏകറീത്തോ പൂതിയൊരു ഭാരതീയറീത്തോ വേണമെന്നു വാദിക്കുന്നവരാണു്. മുന്നു റീത്തുകളും നിലനിറുത്തണമെന്നു് വാദിക്കുന്നവർ ഒരു ന്യൂനപക്ഷമാ

യിത്തീന്നിരിക്കുന്നു. 'സർവേ'യിൽക്കൂടി പ്രകാശിതമായ അഭിപ്രായങ്ങളം താഴെ കൊടുക്കുന്നു.

(a)

a	കേരളത്തിലെ 3 കത്തോലിക്കാ റീത്തുകളും നിലനിറുത്തണം	27.787%
b	കേരളത്തിലെ 3 കത്തോലിക്കാ റീത്തുകളുംചേർത്ത് ഒന്നാക്കണം	42.087%
c	ഒരു പുതിയ ഭാരതീയറീത്ത് ഉണ്ടാക്കണം	30.126%

(b)

പ്രായമനുസരിച്ച്

പ്രായം	a	b	c
18_25	24.980%	42.570 %	32.450 %
26_35	18.379 ,,	50.837 ,,	30.784 ,,
36_45	29.497 ,,	36.518 ,,	33.985 ,,
46_60	25.264 ,,	50.516 ,,	24.220 ,,
60നുമുകളിൽ	30.985 ,,	39.523 ,,	29.492 ,,
വൈദികർ	36.157 ,,	30.295 ,,	33.548 ,,
കന്യാസ്ത്രീകളം	29 655 ,,	41 577 ,,	28.768 ,,

എന്തുകൊണ്ടാണിതു്? 'റീത്തു്' വൈദികർക്കോ മെത്രാന്മാർക്കോ വേണ്ടിയുള്ള ഒന്നായി അവർ കാണുന്നു. ആദ്ധ്യാത്മിക വൈവിധ്യത്തേക്കാളം അധികാരഭദ്രതയ്ക്കു വേണ്ടിയാണു് റീത്തുകളം എന്നു തോന്നിപ്പോകുന്നു. ഒരു സ്ഥലത്തു് ഒന്നിൽ കൂടുതൽ സഭാദ്ധ്യക്ഷന്മാർ ഉണ്ടാകുമ്പോളം അതു് ഐക്യത്തിനു വിഘാതമാണെന്നു് ആളുകളം തെറ്റിദ്ധരിക്കാറുണ്ടു്. അതിനാൽ റീത്തു് എന്നാലെന്തെന്നും കത്തോലിക്കാസഭയിൽ വിവിധ റീത്തുകളംക്കുള്ള അതുല്യ സ്ഥാനമെന്തെന്നും കത്തോലിക്കർ അറിയണം. വൈവിധ്യത്തിലുള്ള ഐക്യമാണു് സഭയുടെ യഥാർത്ഥസ്വഭാവം എന്ന ആശയം വിശ്വാസികളംക്കു വ്യക്തമാക്കിക്കൊടുക്കുവാൻ സഭാനേതൃത്വത്തിനു് പലപ്പോഴും നേരിടുന്ന പരാജയമാണു് ഈ ധാരണയ്ക്കുള്ള മുഖ്യകാരണം. തെറ്റിദ്ധാരണകളം മാറ്റുന്നതിനു് ഉപയുക്തമായ നിർദ്ദേശങ്ങളം രണ്ടാംവത്തി

ക്കാൻ കൗൺസിൽതന്നെ നല്കുന്നുണ്ട്: ''വിവിധ സഭകളുടെ ഹയരാക്കിക്കുക്ക് ഒരേസ്ഥലത്തുതന്നെ ഭൂജപാലനാധികാരം ഉണ്ടാകാം. തിരുസ്സഭയുടെ പൊതുനന്മയെ അവർ കൂടുതലായി പ്രോത്സാഹിപ്പിക്കണം, വൈദികശിക്ഷണം കൂടുതൽ കാര്യക്ഷമമായി സംരക്ഷിക്കുകയും വേണം. ഇതിനായി അവർ ചിലപ്പോഴൊക്കെ സമ്മേളിച്ച് പൊതുചർച്ചകൾ നടത്തി, പ്രവർത്തനൈക്യം വളർത്തുകയും ശക്തി കേന്ദ്രീകരിച്ച് പൊതുസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്'' (പൗരസ്ത്യസഭകൾ,ഖണ്ഡിക 4).

നിർദ്ദേശങ്ങൾ

ഈ കൗൺസിൽനിർദ്ദേശത്തിന്റെ വെളിച്ചത്തിൽ നമുക്ക് സഹകരിച്ച് പ്രവർത്തിക്കാവുന്ന അനവധി മേഖലകളുണ്ട്. ഉദാ: ആതുരസേവനങ്ങൾ, വർത്താവിനിമയപ്രവർത്തനങ്ങൾ, സാമൂഹ്യക്ഷേമപ്രവൃത്തികൾ, വിദ്യാഭ്യാസസംരംഭങ്ങൾ തുടങ്ങിയവ. ഈ എല്ലാ രംഗങ്ങളിലും കേരളത്തിലെ 3 സഭകളും ഒത്തൊരുമിച്ച് പ്രവർത്തിക്കുകയാണെങ്കിൽ വളരെയധികം കാര്യങ്ങൾ നേടാൻ കഴിയും. ഇതുവഴി നാം ക്രിസ്തുസാക്ഷ്യമായികളാണ് എന്നു സഭാജീവിതത്തിലൂടെ പ്രസ്പഷ്ടമാക്കുന്നതിനു സാധിക്കും. മൂന്നു സഭകളും തമ്മിലുള്ള സഹകരണവും സൗഹാർദ്ദവും വർദ്ധിപ്പിക്കുന്നതിനു എറണാകുളത്തുള്ള പി. ഒ. സി. യും നമ്മുടെ മറ്റു സ്ഥാപനങ്ങളും സഹായകമാകും. ഇതുപോലെതന്നെ പ്രാദേശികാടിസ്ഥാനത്തിൽ, സഭയുടെ പൊതുതിരുനാളുകളായ ക്രിസ്മസ്, ഈസ്റ്റർ, ദുക്റാന, രാജത്വത്തിരുനാൾ മുതലായ ചുറ്റുപാടുമുള്ളവവിവിധറീത്തുകളിൽപ്പെട്ട ഇടവകകൾ കൂടുതൽ സഹകരിച്ച് നടത്തുന്നതിനു ശ്രമിക്കേണ്ടതാണ്.

ഇങ്ങനെയുള്ള ഈ കൂട്ടായ പ്രവർത്തനം വിവിധ സഭകളുടെ വൈവിധ്യത്തെ മാനിച്ചുകൊണ്ടുള്ളതായിരിക്കണം. മേൽക്കോയ്മ, മനഃസ്ഥിതിയോ അധികാരദുഷ്പ്രണയമോ ആയിരിക്കരുത് ലക്ഷ്യം. മറിച്ച് ക്രിസ്തുവിന്റെ സ്നേഹവും ഐക്യവും കാണിച്ചുകൊടുക്കുന്നതിനു താത്പര്യപൂർവ്വം ഓരോ സഭയും പരിശ്രമിക്കേണ്ടതാണ്.

ഒരു ഇടവകയിൽ വിവിധപാരമ്പര്യങ്ങളുള്ള കുടുംബങ്ങൾ ഒന്നിച്ചുചേർന്ന് സഭാജീവിതം നയിക്കുന്നു. അതുപോലെതന്നെ ഒരേസ്ഥലത്ത് വിവിധ പാരമ്പര്യങ്ങളുള്ള സഭാകുടുംബങ്ങൾ (local churches) ഉണ്ടെന്നുള്ളതിനു വ്യക്തമായ ഉദാഹരണമാണ് നമ്മുടെ ഈ കേരളംതന്നെ. ഇടവകയിലെ ഐക്യത്തിനു വേണ്ടി

വിവിധ കുടുംബങ്ങളും അവയുടെ പാരമ്പര്യങ്ങളും കളഞ്ഞുകുളിച്ച് ഒരു കുടുംബമായിത്തീരണമെന്നു് ആരും ശഠിക്കാറില്ലല്ലോ. അതിനാൽ സാർവത്രികസഭയുടെ നന്മയ്ക്കുവേണ്ടി വിവിധസഭകളും സഹകരണത്തിന്റെ പാതയിലൂടെ മുമ്പോട്ടു് പോകുകയാണു വേണ്ടതു്. മറിച്ചു്, സഭാപാരമ്പര്യങ്ങളും നശിപ്പിച്ചു് സഭയുടെ വൈവിധ്യം നഷ്ടമാക്കിക്കളയുന്നതുവഴി സാർവത്രികസഭയുടെ ഏറ്റവും അവശ്യഘടകങ്ങളായ അപ്പസ്തോലപൈതൃകങ്ങളും നാമാവശേഷമാക്കരുതു്.

അതുപോലെതന്നെ വിവിധ റീത്തുകളിൽപ്പെട്ടവർതമ്മിൽ അപൂർവമായുണ്ടാകുന്ന കിടമത്സരങ്ങളുടേയും വടംവലികളുടേയും പേരിൽ 3 റീത്തുകളുംകൂടി ഏകറീത്താക്കുന്നതും ശരിയല്ല. വൈവിധ്യം തകർത്തുകൊണ്ടും ഐക്യം അവശ്യം വേണമെന്നില്ല. ഒരേ റീത്തിൽപെട്ട വിഭിന്നരൂപതകളും തമ്മിലും വിവിധ ഇടവകകളും തമ്മിലും ചിലപ്പോഴും അപസ്വരങ്ങളും കലഹങ്ങളും ഉണ്ടാകാറില്ലേ? അതിനാൽ കേരളകത്തോലിക്കരുടെ ഇടയിലുള്ള ഭിന്നതകൾക്കുള്ള പ്രധാന കാരണം റീത്തുകളല്ല. റീത്തുകളെ ഏകീകരിച്ചതുകൊണ്ടു് ഭിന്നതകളും അവസാനിക്കുന്നതുമല്ല. കാരണം, സ്വന്ത വ്യക്തിതാത്പര്യത്തെപ്പറ്റി ബോധ്യമുള്ള ഏതു സമൂഹവും അതിനെ സംരക്ഷിക്കുന്നതിനും അതിന്റെ അഭിവൃദ്ധിയെ സഹായിക്കുന്നതിനുംവേണ്ടി യത്നിക്കുക സ്വാഭാവികമാണു്.

അതിനാൽ സഹകരണത്തിനുപകരം ആധിപത്യത്തിനു വേണ്ടി പരിശ്രമിക്കുമ്പോഴും സഭയുടെ പിളർപ്പിലാണു് ചെന്നവസാനിക്കുക.

ഭാരതവത്കരണം എന്ന ആശയം വളരെ നല്ലതാണു്. പക്ഷേ അതിന്റെപേരിൽ ഇപ്പോഴും നിലവിലുള്ള 3 റീത്തുകളും അപ്പാടെ നശിക്കുകയല്ല വേണ്ടതു്. ഈ റീത്തുകളിൽ ഭാരതീയ സംസ്കാരത്തിനു് ചേരാത്തവയായിട്ടുള്ളതിനെ മാത്രം മാറ്റി കൂട്ടത്തിൽ ഭാരതീയമാക്കുകയാണു ചെയ്യേണ്ടതു്. ഇതുവഴി ആരാധനക്രമത്തിലെ വിശുദ്ധ പാരമ്പര്യം നിലനിറുത്തിക്കൊണ്ടുതന്നെ കാലത്തിനടുത്ത ഒരു ഭാരതീകരണം സാദ്ധ്യമാകും. ഈ പ്രക്രിയ കാലാനുസൃതമാണു്; ഫലപ്രാപ്തിയിൽ എത്തേണ്ടതുമാണു്. അപ്പോഴും സ്വന്തം വ്യക്തിത്വവും പൈതൃകവും നിലനിറുത്തിക്കൊണ്ടുതന്നെ ഭാരതത്തിന്റെ ഹൃദയത്തിൽ ക്രിസ്തുവിനെ അവതരിപ്പിക്കുവാൻ ഓരോ സഭയ്ക്കും കഴിയും.

അതിനാൽ സഭകളുടെ പേരിൽ ചേരിതിരിഞ്ഞുള്ള ഒരു മത്സരമല്ല ഇന്നു കേരളസഭയിലാവശ്യം. പ്രത്യുത, വിവിധ സഭകളും തമ്മിൽ ഒത്തൊരുമിച്ചു് പ്രവർത്തിക്കുകയാണു് വേണ്ടതു്. സഭകളുടേയും റീത്തുകളുടേയും മറപിടിച്ചു നടത്തുന്ന താറടിക്കലുകളും വിലയിടിക്കലുകളും അപലപനീയമാണു്. ക്രിസ്തുനാഥന്റെ ചൈതന്യം അവർക്കില്ലാത്തതുകൊണ്ടാണു് ഇതു നടക്കുന്നതു്. ഇതൊഴിവാക്കാനുള്ള ഏകപോംവഴി ക്രിസ്തുനാഥൻ ഉപദേശിച്ച ക്രിസ്തീയസ്നേഹം മാത്രമാണു്. കത്തോലിക്കാസഭയ്ക്കുള്ളിൽത്തന്നെയുള്ള വിവിധ പ്രാദേശികസഭകളിൽ സൗഹാർദ്ദവും സഹവർത്തിത്വവും സഹിഷ്ണുതാമനോഭാവവുമില്ലെങ്കിൽ പിന്നെ അകത്തോലിക്കർ വളരെയധികമുള്ള ഈ കേരളക്കരയിൽ നമുക്കു് ഐക്യമെന്നിസം പ്രസംഗിക്കാൻ എങ്ങനെ കഴിയും? അതിനാൽ കത്തോലിക്കാസഭയ്ക്കുള്ളിലെ യഥാർത്ഥമായ വൈവിധ്യത്തെ മാനിക്കുവാനും വിലമതിക്കുവാനും ഐക്യത്തിൽ വളരുവാനും ക്രിസ്തുവനുയായികളെ അഭ്യസിക്കണം. അവിടെയാണു് ക്രിസ്തുവിന്റെ ചൈതന്യം പൂർണ്ണവളർച്ചയിലെത്തുന്നതു്. അപ്പോഴാണു് കത്തോലിക്കാസഭ സഭകളുടെ ഐക്യ(communion of individual churches)മാണു് എന്ന ആശയം പ്രാവർത്തികമാക്കപ്പെടുക. ഇതു് സഭയുടെ ഏകതയ്ക്കു് ഒരിക്കലും വിലങ്ങുതടിയല്ല. കാരണം, സഭാപിതാക്കന്മാരുടെ അഭിപ്രായത്തിൽ, സഭൈക്യത്തിനു് നിദാനം, വ്യത്യസ്ത പ്രാദേശികസഭകളും തമ്മിലുള്ള സൗഹാർദ്ദപരമായ സഹവർത്തിത്വവും യോജിപ്പുമാണു്.

12. ലിറർജി

മനുഷ്യപ്രകൃതിയുമായി അഭേദ്യമായി അലിഞ്ഞുചേർന്നിരിക്കുന്നതാണ് മതം. ദൈവാരാധനയാണ് എല്ലാ മതങ്ങളുടേയും മുഖ്യ ലക്ഷ്യം. ദൈവത്തോടുള്ള നമ്മുടെ വിധേയത്വം ഏറ്റുപറയുകയാണ് ആരാധനയിലൂടെ നമ്മൾ ചെയ്യുന്നത്. ഇതു വ്യത്യസ്ത രീതികളിൽ വിവിധ മതങ്ങളിൽ നടക്കുന്നു.

ആരാധനക്രമങ്ങളുടെ അന്തസ്സത്ത ദൈവമനുഷ്യസംഭാഷണമാണ്. ദൈവഹിതം അറിഞ്ഞ് അതനുസരിച്ചു ജീവിക്കുവാൻ, എപ്പോഴും ദൈവാഭിമുഖ്യമായൊരു ജീവിതം നയിക്കുവാൻ ലിറർജി നമ്മെ സഹായിക്കുന്നു. ദൈവജനം പരിശുദ്ധാത്മാവിന്റെ ഐക്യത്തിൽ രക്ഷകനും നിത്യപുരോഹിതനുമായ ക്രിസ്തുവിന്റെ മൗതിക ശരീരമെന്ന നിലയിൽ പിതാവായ ദൈവത്തിനു സമർപ്പിക്കുന്ന പരസ്യമായ ആരാധനയാണ് ആരാധനക്രമങ്ങളിലൂടെ നടക്കുന്നത്.

ക്രിസ്തുവാണ് നമ്മുടെ ആരാധനക്രമങ്ങളുടെ കേന്ദ്രം. ആരാധനക്രമങ്ങളിലൂടെ ക്രിസ്തുവിന്റെ മരണവും ഉത്ഥാനവും പുനഃസന്നിഹിതമാകുന്നു.

ആരാധനക്രമജീവിതം വിശ്വാസത്തിന്റെ ബാഹ്യപ്രകടനമാണ്. ക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസം നമ്മൾ ഏറ്റുപറയുന്നു. ദൈവജനം അംഗത്താരയും ചുറ്റും ഒരുമിച്ചുകൂടുന്നതു ക്രിസ്തുവിലുള്ള തങ്ങളുടെ വിശ്വാസം പ്രഘോഷിക്കുവാനാണ്. പുതിയ നിയമത്തിലെ ദൈവജനമായ നമ്മൾ ക്രിസ്തുവിൽ ഒന്നിക്കപ്പെട്ട ഒരു ആരാധനാസമൂഹമാണ്. ഒരുമയോടെ നിന്നുകൊണ്ട് ദൈവത്തെ 'പിതാവേ' എന്നു വിളിക്കുവാൻ ലിറർജി നമ്മെ പ്രാപ്തരാക്കുന്നു.

ദൈവസ്നേഹത്താൽ പ്രചോദിതരായി ഒരുമിച്ചു സമ്മേളിക്കുന്ന ജനസമൂഹമാണ് ആരാധനാസമൂഹം. ആ സമൂഹത്തിൽ വിദ്വേഷമോ പകയോ വിരോധമോ ഉണ്ടായിരിക്കരുത്. വിദ്വേഷപൂർവ്വമുള്ള ബലിയർപ്പണം നിരർത്ഥകവും നിഷ്പ്രയോജനകരവുമാണ്. സുവിശേഷത്തിൽ നമ്മൾ വായിക്കുന്നു: ''നീ നിന്റെ കാഴ്ചയർപ്പിക്കുവാ

നായി ബലിപീഠത്തിലേക്കു് ചെല്ലുമ്പോഴും, നിന്റെ ഒരു സഹോദരനു് നിന്നോടു് എന്തോ വിരോധമുണ്ടെന്നു ഓർമ്മിക്കുന്നപക്ഷം, നിന്റെ കാഴ്ച ബലിപീഠത്തിനുമുമ്പിൽ വച്ചിട്ടു് ആദ്യം പോയി നിന്റെ സഹോദരനുമായി രമ്യപ്പെടുക; അതിനുശേഷംവന്നു് നിന്റെ കാഴ്ചയർപ്പിക്കുക''. (മത്താ: 23, 24).

നമ്മുടെ ആരാധനക്രമങ്ങളും പലപ്പോഴും വെറും അനുഷ്ഠാനത്തിന്റെ തലത്തിൽമാത്രം ഒതുങ്ങിനില്ക്കുന്നു. ലിറ്റർജി വെറും ബാഹ്യമായ അനുഷ്ഠാനം മാത്രമല്ല; ഒരു ജീവിതാനുഭവംകൂടിയാണതു്. ബാഹ്യമായ അനുഷ്ഠാനങ്ങളിൽകൂടി ദൈവത്തിന്റെ സ്നേഹത്തെ നമ്മളനുഭവിച്ചറിയുകയും അതു നമ്മുടെ ജീവിതത്തിലേക്കു് പകർത്തുകയും ചെയ്യുന്നതാണു് യഥാർത്ഥത്തിൽ ലിറ്റർജി. നമ്മളാരാധനക്രമങ്ങളിൽ സജീവമായി പങ്കെടുത്തെങ്കിൽ മാത്രമേ ആരാധന നമുക്കു് ഒരനുഭവമായിത്തീരുകയുള്ളൂ. ഇന്നു പലപ്പോഴും ജനങ്ങളാരാധനക്രമങ്ങളിൽ വെറും കാണികളായിമാത്രം നിലകൊള്ളുന്നു. ഇതിനു കാരണം, ആരാധനക്രമങ്ങളുടെ പ്രാധാന്യത്തെപ്പറ്റിയോ തങ്ങളുടെ ജീവിതത്തിൽ അവയുള്ള സ്ഥാനത്തെപ്പറ്റിയോ ജനങ്ങളാരും ബോധവാന്മാരല്ല എന്നതാണു്. തന്മൂലം ജീവിതവും ലിറ്റർജിയും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു.

ആദ്യമായി ആരാധനക്രമങ്ങളുടെ അർത്ഥം ജനങ്ങളാരും ശരിയായി മനസ്സിലാക്കണം. വൈദികന്റെ പ്രസംഗങ്ങളും, ആരാധനക്രമങ്ങളെ സംബന്ധിക്കുന്ന പുസ്തകങ്ങളും, സെമിനാറുകളും എന്നിവവഴി ജനങ്ങളെ ബോധവാന്മാരാക്കണം .

സർവ്വേയിൽ കുർബാന, കുർബാനസ്വീകരണം, കുമ്പസാരം, പള്ളിപ്രസംഗം, വിശുദ്ധഗ്രന്ഥപാരായണം, തിരുനാളുകൾ, പ്രാർത്ഥന എന്നിവയെപ്പറ്റി ജനങ്ങൾ രേഖപ്പെടുത്തിയ അഭിപ്രായങ്ങൾ എന്തൊക്കെയാണെന്നു നോക്കാം.

വി. കുർബാന

രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ലിറ്റർജി എന്ന പ്രമാണരേഖയുടെ ആമുഖത്തിൽ പറയുന്നു: ''ആരാധനക്രമത്തിന്റെ സിരാകേന്ദ്രം അൾത്താരയിലെ ദിവ്യബലിയാണു്. അതു ക്രിസ്തീയതത്വങ്ങളുടെയെല്ലാം രത്നച്ചുരുക്കവും എല്ലാഭക്തികളുടേയും കേന്ദ്രബിന്ദുവുമാകുന്നു. അനുഗ്രഹത്തിന്റെ ഉറവിടവും ബലിയാണു്. സ്നേഹ

ത്തിന്റെപ്രതീകമായ ദിവ്യബലി നമ്മുടെ ജീവിതത്തിന്റെ കേന്ദ്ര ബിന്ദുവായിത്തീരുമ്പോഴാണ് മാത്രമാണ് മനുഷ്യഹൃദയം ആ ഗ്രഹിച്ചു കേഴുന്ന ഐക്യവും ആനന്ദവും കൈവരുക''.

പഴയനിയമത്തിൽ പല ബലികളും നമ്മാം കാണുന്നുണ്ട്. ഹോമബലികളും രക്തബലികളും അവർ അർപ്പിച്ചിരുന്നു.എന്നാൽ, അവയെല്ലാം അപൂർണ്ണങ്ങളായിരുന്നു. പുതിയനിയമത്തിലേക്ക് വരുമ്പോഴാണ ദൈവത്തിനു യോജിച്ചരീതിയിൽ പരിപൂർണ്ണമായി സ്വീകാര്യമായ ഒരു ബലി നമ്മാം കാണുന്നത്. അതു ക്രിസ്തുവിന്റെ ഗാഗുൽത്തായിലെ ബലിയാണ്. സ്വയം കുരിശിൽ ഹോമിച്ചു കൊണ്ട് ക്രിസ്തു നമ്മുടെ പാപങ്ങൾക്കു പരിഹാരം കണ്ടെത്തി. പാപംവഴി ദൈവത്തിൽനിന്നകന്നുപോയ മനുഷ്യനെ ദൈവവുമായി രഞ്ജിപ്പിച്ചു. അങ്ങനെ ദൈവവും മനുഷ്യനും തമ്മിൽ ഒരു പുനരൈക്യം ക്രിസ്തുവിന്റെ ബലിവഴി സാധിച്ചു. കാൽവരിയിലെ ആ ബലിയാണ് ഇന്നു അംത്താരയിൽ നടക്കുന്നതു്.

ക്രിസ്തീയ ജീവിതത്തിന്റെ കേന്ദ്രബിന്ദു വിശുദ്ധ കുർബാനയാണ്. ബലിയും ജീവിതവും തമ്മിൽ അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. വേറെ വാക്കുകളിൽ പറഞ്ഞാൽ, ക്രിസ്തീയജീവിതം ബലിയുടെ ജീവിതമാണ്. മനുഷ്യകുലത്തിനുവേണ്ടി കാൽവരിയിൽ സ്വയം ഹോമിച്ച ക്രിസ്തുവിന്റെ ആ ധീരമാതൃകയാണ് ഓരോ ക്രൈസ്തവന്റേയും ജീവിതത്തിനടിസ്ഥാനം. യഥാർത്ഥ ക്രിസ്തീയജീവിതം സ്വസഹോദരങ്ങൾക്കു വേണ്ടിയുള്ള സ്വയം ഹോമിക്കലാണ് – സ്വയം ശൂന്യമാക്കലാണ്. ഇതിനുവേണ്ട ശക്തിയും ചൈതന്യവും നമ്മാം പ്രാപിക്കുന്നതു വിശുദ്ധ കുർബാനയിൽ നിന്നാകുന്നു.

വിശുദ്ധ കുർബാനയുടെ സ്വഭാവവും അതിനു ക്രിസ്തീയ ജീവിതത്തിലുള്ള പ്രസക്തിയും നമ്മാം മനസ്സിലാക്കി. 'സർവ്വേ' യുടെ വെളിച്ചത്തിൽ ക്രൈസ്തവർക്ക് വിശുദ്ധ കുർബാനയുടെ നേർക്കുള്ള മനോഭാവമെന്താണ്, എങ്ങനെ അതിൽ അവർ പങ്കുകൊള്ളുന്നു, എന്തെല്ലാം നിർദ്ദേശങ്ങാം അവർക്കുണ്ട് എന്നിവയെപ്പറ്റി നമുക്കു അല്പമായി ചിന്തിക്കാം.

ഇന്നു കത്തോലിക്കരിൽ ഭൂരിഭാഗവുംഞായറാഴ്ചകുർബാനകൊണ്ടു തൃപ്തിപ്പെടുന്നവരാണ്. ഒരു കടമനിറവേറ്റൽ മാത്രമായി വിശുദ്ധദിനാചരണം മാറിയിരിക്കുന്നു. എങ്ങനെയെങ്കിലും പ്രസംഗം കഴിയു

പോഴേക്കും പള്ളിയിൽ വരും; കുർബാന സ്വീകരണത്തിനുമുമ്പ് തിരിച്ചുപോകും. നല്ലൊരു ശതമാനം ആളുകളും ദേവാലയത്തിനകത്തു് സ്ഥലമുണ്ടെങ്കിലും പുറത്തുനിന്നു് സമയം തള്ളിനീക്കുന്നു. 'ഇതു് എങ്ങനെയെങ്കിലും തീർന്നിട്ടു് വേണം എന്റെ മറ്റു് കാര്യങ്ങളിൽ വ്യാപൃതനാകുവാൻ' എന്ന ചിന്തയോടെ വേഗത്തിൽ ആക്കും ഒന്നും മനസ്സിലാകാത്ത രീതിയിൽ വിശുദ്ധബലിയർപ്പിക്കുന്ന വൈദികരും വിരളമല്ല. കുർബാനയുടെ സമയം കഴിയുന്നതും ചുരുക്കണം എന്നു മുറവിളി കൂട്ടുന്നവരും കുറവല്ല. ആഴ്ചയിൽ ഒരു മണിക്കൂർ ആദ്ധ്യാത്മികകാര്യങ്ങൾക്കുവേണ്ടി ചിലവഴിക്കുവാൻ വൈമനസ്യം കാണിക്കുന്നവരെ എങ്ങനെ ക്രിസ്തുവിന്റെ അനുയായികളെന്നു വിളിക്കുവാൻ സാധിക്കും? കുർബാനയുടെ സമയം കുറച്ചു കുറച്ചു കുറെക്കൊല്ലങ്ങൾ കഴിയുമ്പോഴേക്കും കുർബാന വേണ്ടായെന്നു് വയ്ക്കുമോ എന്നാണു സംശയം.

ഇനിയും, പള്ളിയിൽ വരുന്നവർതന്നെ ബലിയിൽ സജീവമായി പങ്കെടുക്കുന്നില്ല. വെറും കാണികളെപ്പോലെ അവർ ബലിയിൽ പങ്കുകൊള്ളുന്നു. സജീവഭാഗഭാഗിത്വം ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ല. ഇതിനു കാരണം, ബലിയുടെ സ്വഭാവം, അതിൽ തങ്ങൾക്കുള്ള പങ്കു് എന്നിവയെപ്പറ്റിയുള്ള അവരുടെ അജ്ഞതയാണു്. നമ്മുടെ ചില പള്ളികളിൽ ലേഖനം വായിക്കുന്നതു് അമ്മായരാണു്. വളരെ നല്ലതുതന്നെ. തങ്ങൾക്കും ബലിയർപ്പണത്തിൽ പങ്കുണ്ടു് എന്നൊരു അവബോധം അവരിൽ ഉണ്ടാകും. അതുപോലെ അമ്മായർ മാറിമാറികുർബാനസ്സു് കൂട്ടുന്നതും വളരെ, ഉപകാരം ചെയ്യും.

സർവ്വേയുടെ വെളിച്ചത്തിൽ 51.286 ശതമാനം ആളുകളും ഞായറാഴ്ചകളിലും തിരുനാളുകളിലുംമാത്രം കുർബാന കാണുന്നവരാണു്. വെറും 20.331 ശതമാനം ആളുകളും മാത്രമെ പ്രതിദിന കുർബാനയിൽ പങ്കെടുക്കുന്നുള്ളൂ. 25.394 ശതമാനം പേർ ആഴ്ചയിൽ പലതവണ കുർബാന കാണുന്നു.

സാഹചര്യം അനുവദിക്കുമെങ്കിൽ വല്ലപ്പോഴും, പ്രായമായവർക്കും യുവജനങ്ങൾക്കും കുട്ടികൾക്കും തിരിച്ചു തിരിച്ചു് വിശുദ്ധ ബലിയർപ്പിക്കുന്നതു അവരുടെ സജീവഭാഗഭാഗിത്വം ലഭിക്കുവാൻ വളരെ ഉപകരിക്കും. മാത്രമല്ല, ചെറിയ സമൂഹമാകുമ്പോൾ പ്രാർത്ഥനകളും പാട്ടുകളും വളരെ ഹൃദ്യമായും ഭക്തിയോടുകൂടെയും നടത്തുവാൻ സാധിക്കും. പാശ്ചാത്യരാജ്യങ്ങളിൽ 'ചിൽഡ്രൻസ് മാസ്' ഉള്ളതു

പോലെ നമ്മുടെ സഭയിലും, കൂട്ടികൊംക്കുവേണ്ടി 'ലിറ്റർജി കമ്മീഷൻ' പ്രത്യേകം കുർബാന രചിക്കുന്നതു നന്നായിരിക്കും.

ബലിയും ക്രിസ്തീയ ജീവിതവും തമ്മിലുള്ള ബന്ധത്തെപ്പറ്റി വൈദികൻ ജനങ്ങളെ ബോധവാന്മാരാക്കണം. അങ്ങനെ ഞായറാഴ്ചകുർബാന ഒരു കടമമാത്രമാണു് എന്ന ധാരണ തിരുത്തുവാൻ സാധിക്കും. ദിവ്യബലിയിൽ ആകർഷകവും ഭക്തിനിർഭരവുമായ പാട്ടുകൊം സമൂഹം മുഴുവൻ ഒത്തൊരുമിച്ചു പാടണം. വൈദികൻ പ്രാത്ഥനകൊം വളരെ വ്യക്തമായും സാവധാനത്തിലും ചൊല്ലണം. അതുപോലെ കുർബാനയുടെ ഇടയ്ക്കു് ദിവ്യബലിയുമായി ബന്ധമില്ലാത്ത കാര്യങ്ങൊം 'വിളിച്ചുപറയുന്നതു' നന്നല്ല. ഇടവകയെ സംബന്ധിക്കുന്ന കാര്യങ്ങൊം കുർബാനയ്ക്കുശേഷം വിളിച്ചുപറയുന്നതാണു് ഉത്തമം. ദേവാലയത്തിൽ ദിവ്യമായൊരു കമ്മം നടക്കുന്നു എന്ന അവബോധം ജനങ്ങൊംക്കു് ഉണ്ടാകത്തക്കരീതിയിലായിരിക്കണം ദിവ്യബലി അർപ്പിക്കേണ്ടതു്.

കുർബാന സ്വീകരണം.

ദിവ്യബലിയുടെ പ്രധാനപ്പെട്ട ഒരു ഭാഗമാണു് കുർബാന സ്വീകരണം. നമ്മുടെ ആദ്ധ്യാത്മികജീവന്റെ ഭോജനമാണിതു്. വത്തിക്കാൻ കൗൺസിൽ പറയുന്നു: ''വൈദികൻ ദിവ്യകാരുണ്യം സ്വീകരിച്ചുകഴിഞ്ഞു് വിശ്വാസികളും അതേ ബലിയിൽത്തന്നെ ദിവ്യകാരുണ്യം സ്വീകരിക്കുന്നതു അഭിലഷണീയംതന്നെ. ദിവ്യബലിയിലെ കൂടുതൽ പൂർണ്ണമായ ഭാഗഭാഗിത്വമാണിതു്''.

(ലിറ്റർജി, No 15)

ഇന്നു കുർബാനയ്ക്കുവരുന്നവരിൽ നല്ലൊരുഭാഗം കുർബാന സ്വീകരിക്കുന്നില്ല. നല്ലൊരു ശതമാനം ആളുകൊം കുർബാനസ്വീകരണം ആകുമ്പോഴേക്കും 'കുർബാനക്കടം' തീർത്തു എന്ന സംതൃപ്തിയോടെ തിരിച്ചു പോകുന്നു. തങ്ങളുടെ ആദ്ധ്യാത്മികജീവിതോൽക്കർഷത്തിനു് ദിവ്യകാരുണ്യം അത്യന്താപേക്ഷിതമാണെന്ന അവബോധംഇല്ലാത്തതാണു് ഇതിനുകാരണം. കുമ്പസാരം നടത്തിയിട്ടു് ഒരു പ്രാവശ്യം മാത്രമേ കുർബാന സ്വീകരണം നടത്തുവാൻ പാടുള്ളൂ എന്ന തെറ്റായധാരണ പുലർത്തുന്നവർ ഇന്നും ധാരാളമുണ്ടു്, നമ്മുടെയിടയിൽ. ഗൗരവമായ പാപമില്ലാത്ത വ്യക്തിക്കു ദിവ്യകാരുണ്യം സ്വീകരിക്കാം. കാരണം, ദിവ്യകാരുണ്യം വിശുദ്ധീകരണത്തിന്റെ ഒരു കൂദാശകൂടിയാണല്ലോ.

വൈദികൻ ദിവ്യകാരുണ്യത്തിന്റെ പ്രാധാന്യത്തെപ്പറ്റി ദൈവജനത്തെ വേണ്ടപോലെ ബോധവാന്മാരാക്കണം. അങ്ങനെ ആദ്ധ്യാത്മിക ജീവന്റെ വളർച്ചയ്ക്കു വിശുദ്ധ കുർബാന അത്യാവശ്യമാണെന്നു ജനങ്ങൾക്കു ബോദ്ധ്യമാകണം. ക്രിസ്തു നമുക്കൊരുക്കുന്ന പെസഹാവിരുന്നാണു് ദിവ്യകാരുണ്യം. അതു കഴിക്കാതെ പോകുന്നതു എത്രയോ നന്ദികേടാണു്! ക്രിസ്തു ദിവ്യകാരുണ്യത്തിൽ തന്റെ മാംസവും രക്തവും നമുക്കു തരുകയാണു്, നമ്മൾ അതു സ്വീകരിക്കാതെ പോകുന്നതു് സ്നേഹത്തിന്റെ കുറവുകൊണ്ടാണു്.

'സർവ്വേ യിൽനിന്നു മനസ്സിലാകുന്നതു് പ്രതിദിനം കുർബാന സ്വീകരണം നടത്തുന്നവർ വെറും 22.738 ശതമാനം മാത്രമാണു് എന്നാണു്. 37.510 ശതമാനം പേർ വിശേഷദിവസങ്ങളിൽ മാത്രമേ ദിവ്യകാരുണ്യസ്വീകരണം നടത്തുന്നുള്ളൂ. 12.531 ശതമാനം ആളുകൾ ആഴ്ചയിലൊരിക്കൽ കുർബാനസ്വീകരണം നടത്തുന്നു. എന്നാൽ, 4.641 ശതമാനം ആളുകൾ ആണ്ടിലൊരിക്കൽ മാത്രമേ ഈ സ്നേഹവിരുന്നു് ആസ്വദിക്കുവാൻ അണയുന്നുള്ളൂ.

ഈ കഴിഞ്ഞ സെപ്റ്റംബർ മുതൽ അമേരിക്കൻ ഐക്യനാടുകളിൽ വിശുദ്ധ കുർബാന കൈയിൽ സ്വീകരിക്കുവാൻ അനുവാദം കൊടുത്തിരിക്കയാണു്. പതിനാറാം നൂറ്റാണ്ടുവരെ നമ്മുടെ നാട്ടിലും നിലവിലിരുന്ന ഈ ആചാരം പുനരുദ്ധരിക്കുന്നതു അഭിലഷണീയമാണു്. തങ്ങൾ ക്രിസ്തുവിനെ 'കൈക്കൊള്ളുന്നു' എന്നൊരു അനുഭവവും അവരിൽ ഇതുളവാക്കും. മാത്രമല്ല, കൂടുതൽ ഒരുക്കത്തോടും വിശുദ്ധിയോടുംകൂടെ കുർബാന കൈക്കൊള്ളുവാൻ ജനങ്ങൾ വരും. ക്രിസ്തുവുമായി വ്യക്തിപരമായൊരു ബന്ധം ഉളവാക്കുവാൻ ഇതു സഹായിക്കും.

ഇതിനു മുമ്പായി മതപഠനക്ലാസ്സുകൾവഴി കുട്ടികൾക്കും, സെമിനാറുകൾ വഴി യുവാക്കൾക്കും പ്രായമായവർക്കും ദിവ്യകാരുണ്യത്തെപ്പറ്റിയുള്ള ശരിയായ അറിവു നൽകുന്നതു് ഉത്തമമായിരിക്കും.

അനുരഞ്ജനകൂദാശ

കുമ്പസാരം ഒരു ആരാധനാനുഷ്ഠാനമാണു്. ദൈവത്തിന്റെ അനന്തമായ കരുണയിലുള്ള നമ്മുടെ വിശ്വാസം ഏറ്റു പറയുന്ന ഒരു കൂദാശയാണതു്. ദൈവത്തിന്റെ അനന്തമായ സ്നേഹത്തെ അനുഭവി

ച്ചറിയുന്ന ഒരു വേദിയാണ കുമ്പസാരം. അതുവഴി ക്രിസ്തുവിന്റെ ജീവദായകമായ ശക്തി നമുക്ക ലഭിക്കുന്നു.

പാപപ്പൊറുതികിട്ടുന്ന ഒരു മാദ്ധ്യമമായിമാത്രം ഈ കൂദാശയെ നമ്മം പലപ്പോഴും കണക്കാക്കുന്നു. പാപപ്പൊറുതി ലഭിക്കുന്നുണ്ട്. എന്നാൽ, അതിലുപരി ദൈവമഹത്വത്തെ, ദൈവത്തിന്റെ അനന്തമായ കാരുണ്യത്തെ, ദയയെ നമുക്ക് വെളിപ്പെടുത്തിത്തരുന്ന ഒരു കൂദാശയാണിത്. അതുകൊണ്ടാണ് ഇതിനെ നമ്മം ഒരു ആരാധനക്രമമായി കണക്കാക്കുന്നതുതന്നെ.

കുമ്പസാരം അനുരഞ്ജനത്തിന്റെ ഒരു കൂദാശയുംകൂടിയാണ്. ദൈവവുമായി, സഭയുമായി, സഹോദരരുമായി ഒരു അനുരഞ്ജനം സാധിക്കുകയാണ് ഈ കൂദാശയുടെ സ്വീകരണംവഴി. പാപം ദൈവത്തിനും സഹജീവികൾക്കും എതിരേ ചെയ്യുന്ന തിന്മയാണല്ലോ. പാപത്തോടെ സഭയുമായുള്ള ഐക്യവും നഷ്ടപ്പെടുന്നു. ഇങ്ങനെ പാപംവഴി നഷ്ടപ്പെട്ട ഐക്യം പുനഃസ്ഥാപിക്കുകയാണു കുമ്പസാരത്തിൽ.

ക്രൈസ്തവർ നല്ലൊരു ശതമാനം കുമ്പസാരത്തെ ഒരു കടമമാത്രമായി കരുതുന്നുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ആണ്ടിലൊരു കുമ്പസാരം നടത്തണമെന്നു സഭയിൽ നിർബന്ധിക്കുന്നതുകൊണ്ട് പലരും ആണ്ടിലൊരിക്കൽ കുമ്പസാരത്തിന്റെ കടമയെത്തിക്കുകയാണു ചെയ്യുന്നത്.

സർവ്വേയുടെ വെളിച്ചത്തിൽ വെറും 23.734 ശതമാനം ആളുകൾ മാത്രമേ ആഴ്ചയിലൊരിക്കൽ കുമ്പസാരത്തിനണയുന്നുള്ളൂ. എന്നാൽ, 47.385 ശതമാനം ആളുകൾ മാസത്തിലൊരിക്കൽ ഈ കൂദാശ സ്വീകരിക്കുന്നതായി കാണുന്നു. 16.016 ശതമാനം പേർ വർഷത്തിലൊരിക്കൽ മാത്രമേ കുമ്പസാരം നടത്തുന്നുള്ളൂ.

വചനപ്രഘോഷണം

പള്ളിയിലെ പ്രസംഗംകൊണ്ട് നമ്മം പ്രധാനമായും അർത്ഥമാക്കുന്നതു സുവിശേഷ പ്രസംഗമാണു്. കുർബാനയിൽ വായിക്കുന്ന സുവിശേഷഭാഗം ലളിതമായി ജനങ്ങൾക്കു വിവരിച്ചുകൊടുത്തുകൊണ്ടുള്ള വചനപ്രഘോഷണം.

നല്ല പ്രസംഗങ്ങളും ജനങ്ങളുടെ വളരെയധികം ഗുണം ചെയ്യുന്നുണ്ട്. പ്രസംഗത്തിന്റെ ഫലസിദ്ധി പ്രസംഗകന്റെ ബോദ്ധ്യത്തേയും ജീവിതവിശുദ്ധിയേയും പ്രസംഗരീതിയേയും ആശ്രയിച്ചാണിരിക്കുന്നത്. വൈദികന്റെ പ്രസംഗവും ജീവിതവും തമ്മിൽ ബന്ധമുണ്ടായിരിക്കണം. അപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗം ജനങ്ങളുടെ പ്രചോദനമായിരിക്കും. വിശുദ്ധ ജോൺ മരിയാവിയാനിയുടെ പ്രസംഗം, സമാകർഷകമാക്കിയത് അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയും ഏളിമയുമായിരുന്നു. ബിഷപ്പ് ഷീൻ വിശുദ്ധ കുർബാനയുടെ മുമ്പിൽ ഒരു മണിക്കൂർ ആരാധന നടത്തിയതിനുശേഷം മാത്രമാണ് തന്റെ ഓരോ പ്രസംഗവും നടത്തുക.

വൈദികൻ സുവിശേഷപ്രസംഗം നല്ലവണ്ണം ഒരുങ്ങി പറയണം. പ്രസംഗവേദി, ഒരിക്കലും ദൈവവചനപ്രഘോഷണമല്ലാതെ മറ്റു കാര്യങ്ങളുടെ സ്ഥലമാക്കിത്തീർക്കരുത്. ജനങ്ങളുടെ ആദ്ധ്യാത്മികജീവിതത്തിനു് ആവശ്യമായ കാര്യങ്ങളും ലളിതമായും ഭംഗിയായും പറഞ്ഞുകൊടുക്കണം. അപ്പോൾ ജനങ്ങളുടെ പ്രസംഗം ഇഷ്ടപ്പെടും— പ്രസംഗത്തിനു മുമ്പ് പള്ളിയിൽ വരും.

നമ്മുടെ അന്തരംഗം മറെറാരു വ്യക്തിയുടെ മുമ്പിൽ തുറന്നു കാട്ടുക എന്നതു ഏറെറവും പ്രയാസമുള്ള കാര്യമാണു്. നമ്മുടെ സ്നേഹശൂന്യമായ പ്രവൃത്തികളും മറെറാരാളുടെ വെളിപ്പെടുത്തുവാൻ നമ്മുടെ സ്വാർത്ഥത ഒരിക്കലും അനുവദിക്കയില്ല. നമ്മെത്തന്നെ എളിമപ്പെടുത്തുന്ന ഒരു പ്രക്രിയയാണതു്. എന്നാൽ, വൈദികൻ ക്രിസ്തുവിന്റെ പ്രതിപുരുഷനായാണു് അനുരഞ്ജനവേദിയിൽ ഇരിക്കുന്നതു്. ജനങ്ങളെ വിധിക്കുന്ന വിധിയാളനല്ല അദ്ദേഹം. ദൈവത്തിന്റെ അനന്തമായ കരുണയെ ജനങ്ങളുടെ അനുഭവവേദ്യമാക്കി കൊടുക്കുകയാണു കുമ്പസാരത്തിലൂടെ അദ്ദേഹം ചെയ്യുക. നമ്മുടെ ആദ്ധ്യാത്മികമായ മുറിവുകളും തക്കതായ പ്രതിവിധികളിലൂടെ സുഖപ്പെടുത്തുകയാണവിടെ. ഈ മനോഭാവത്തോടെ നമ്മൾ കുമ്പസാരത്തിനണയുമ്പോൾ കുമ്പസാരം സന്തോഷപ്രദവും കൂടുതൽ എളുപ്പവുമായിത്തീരും. കുമ്പസാരത്തിന്റെ മനഃശാസ്ത്രപരമായ ഗുണങ്ങളും ആധുനിക ഗവേഷണങ്ങളും വെളിപ്പെടുത്തുന്നു.

കുമ്പസാരക്കൂട്ടിലിരുന്നു കോപിക്കുന്നതു് വൈദികനു ഭൂഷണമല്ല. ഇത്തരത്തിലുള്ള പെരുമാറ്റം കുമ്പസാരം ഒരു ഭാര

മായി ജനങ്ങൾക്കു് അഭവപ്പെടുവാൻ ഇടയാക്കുന്നു. അനുതാപവിവശമായ ഹൃദയത്തോടെ ദൂരെനിന്നും വരുന്ന ധൂർത്തപുത്രന്മാർക്കു് കുമ്പസാരത്തിന്റെ ക്രമങ്ങൾ അറിഞ്ഞുകൂടായെന്നു വന്നേക്കാം. അതിന്റെ പേരിൽ അവരോടു് രൂക്ഷമായി പെരുമാറുന്നതു ശരിയല്ല. മറിച്ചു് അവരെ സ്നേഹത്തോടെ സ്വീകരിച്ചു സഹായിക്കുകയാണു് വേണ്ടതു്; അവസാനം ദൈവാനുഭവം ഉണ്ടായി പുതിയ മനുഷ്യരായി തിരിച്ചുപോകുവാൻ സാധിക്കുന്നതരത്തിലുള്ളതായിരിക്കണം വൈദികന്റെ പെരുമാറ്റം.

കുമ്പസാരക്രമത്തിൽ കാലത്തിനനുസരിച്ചു കുറച്ചൊക്കെ മാറ്റങ്ങൾ ആവശ്യമാണു്. പല നൂതനരീതികളും കുമ്പസാരക്രമത്തിൽ നടപ്പിലായി വരുന്നുണ്ടു്. ആളുകൾ കൂടുതലുള്ളപ്പോൾ പൊതുവായിട്ടു് അനുതാപശുശ്രൂഷ നടത്തി ജനങ്ങളെ കുമ്പസാരത്തിനു് ഒരുക്കുന്നരീതി ഇന്നു പലസ്ഥലങ്ങളിലും നടപ്പിലാക്കിക്കഴിഞ്ഞു അനുതാപശുശ്രൂഷയോടുകൂടെ പാപമോചനവും പൊതുവായിട്ടു കൊടുക്കുന്ന മറെറാരു രീതി ചിലടങ്ങളിൽ നടപ്പുണ്ടു്. അനുരഞ്ജനകൂദാശയുടെ സാമൂഹ്യവശം സുവ്യക്തമാക്കുന്നുവെന്നതാണു് ഈ രീതിയുടെ പ്രത്യേകത. സമൂഹം ഒന്നായിനിന്നുകൊണ്ടു് ദൈവകാരുണ്യത്തെ യാചിക്കുകയും പരസ്പരം ഐക്യപ്പെടുകയും ചെയ്യുന്നു.

ബൈബിൾ പാരായണം

ക്രിസ്ത്യാനിയുടെ ജീവിതനിയമമാണു വിശുദ്ധഗ്രന്ഥം. വത്തിക്കാൻ കൗൺസിൽ പറയുന്നു: ദൈവനിവേശനത്താലാണു് വിശുദ്ധഗ്രന്ഥം എന്നന്നേക്കുമായി ലിഖിതരൂപത്തിൽ പകർത്തപ്പെട്ടതു്. ആ നിലയ്ക്കു് ദൈവത്തിന്റെതന്നെ വചനം അനൂനമായി അതിൽ ലഭ്യമാണു്. അതിൽകാണുന്ന പ്രവാചകന്മാരുടേയും അപ്പസ്തോലന്മാരുടേയും വാക്കുകളിൽ പരിശുദ്ധാത്മാവിന്റെ സ്വരമാണു പ്രതിധ്വനിക്കുന്നതു്. വിശുദ്ധഗ്രന്ഥം ക്രിസ്തുമതത്തെ എങ്ങനെ പരിപോഷിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുവോ അങ്ങനെതന്നെ അതു സഭയുടെ പ്രബോധനങ്ങളിലും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ,വിശുദ്ധ ഗ്രന്ഥത്തിലൂടെയാണു സ്വർഗ്ഗസ്ഥനായ പിതാവു് തന്റെ മക്കളെ അതീവസ്നേഹത്തോടെ ഉറ്റു നോക്കുന്നതും അവരുമായി സംഭാഷണം ചെയ്യുന്നതും.

(ദൈവാവിഷ്കരണം,No 21)

വിശുദ്ധ ഗ്രന്ഥത്തിലൂടെ ക്രിസ്തു നമുക്കു അഭിഗമ്യനാകുന്നു. വെളിപ്പെടുത്തപ്പെട്ട ദൈവവചനത്തെയാണു്, ക്രിസ്തുവിനെ

യാണു് നമ്മം വിശുദ്ധഗ്രന്ഥത്തിൽ കണ്ടുമുട്ടുക. വിശുദ്ധഗ്രന്ഥത്തിൽ ക്രിസ്തു പിതാവായ ദൈവത്തെ നമുക്കു വെളിപ്പെടുത്തിത്തരികയും അങ്ങനെ പിതാവായ ദൈവവുമായി വ്യക്തിപരമായി ബന്ധപ്പെടുവാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

നമ്മുടെ മാർഗ്ഗദർശിയും ജീവിതനിയമവുമാണു വിശുദ്ധഗ്രന്ഥം. അപ്പോൾ ഓരോ കത്തോലിക്കാകുടുംബത്തിലും ഓരോ ബൈബിൾ ഉണ്ടായേ തീരൂ. മറ്റു് ക്രിസ്തീയവിഭാഗങ്ങൾക്കു് ബൈബിൾ മാത്രമാണു മിക്കവാറും ജീവിതനിയമം. അവരിൽ പലരും ബൈബിൾ പഠനത്തിൽ നമ്മേക്കാൾ വളരെ മുൻപന്തിയിലാണു്.

നല്ലൊരുശതമാനം കത്തോലിക്കാകുടുംബങ്ങളിലും വേദപുസ്തകം ഇല്ലെന്നുള്ളതു പരിതാപകരമാണു്. ബൈബിൾ വീടുകളിലുണ്ടെങ്കിൽത്തന്നെ പ്രതിദിനം വായിക്കുന്നവർ വളരെ ചുരുക്കം. ഹിന്ദുക്കളും മുസ്ലിംങ്ങളും പ്രഭാതത്തിൽ പ്രഥമത: അവരുടെ വേദപുസ്തകം വായിക്കുന്നു. മറ്റു മതസ്ഥരേക്കാൾ വലിയവരെന്നു അഭിമാനിക്കുന്ന നമുക്കു് നമ്മുടെ വേദപുസ്തകവുമായി യാതൊരു പരിചയവുമില്ലെന്നുവരുന്നതു എത്രയോ ശോചനീയമാണു്! പുതിയ ബൈബിൾ തർജ്ജമകൾ, കേരളകുടുംബങ്ങളിൽ ബൈബിൾ എത്തിക്കുന്നതിനു സഹായകരമാകും.

പ്രശ്നാവലിയുടെ വെളിച്ചത്തിൽ മനസ്സിലാക്കാൻ സാധിച്ചതു ഏകദേശം 34.771 ശതമാനം പേരുടെ വീടുകളിൽ മാത്രമേ ഇപ്പോൾ വിശുദ്ധഗ്രന്ഥം ഉള്ളൂ എന്നാണു്. 12.863 ശതമാനം ആളുകളുടെ ഭവനങ്ങളിൽ ബൈബിൾ ഇല്ല. കൂടുതൽ വീടുകളിലും പുതിയനിയമമാണു് ഉള്ളതു്. 4.066 ശതമാനം പേരുടെ വീടുകളിൽ മാത്രമേ പഴയനിയമമുള്ള.

പ്രതിദിനം വിശുദ്ധഗ്രന്ഥം വായിക്കുന്നവർ നമ്മുടെയിടയിൽ വളരെ ചുരുക്കമാണു്. ഇന്നു് ദിവസവും ബൈബിൾ വായിക്കുന്നവർ വെറും 33.775 ശതമാനംമാത്രം. 16.514 ശതമാനം ഒരിക്കലും ബൈബിൾ വായിക്കാത്തവരാണു്. നല്ലൊരു ശതമാനം (49.218 ശതമാനം) വല്ലപ്പോഴുമൊക്കെ വിശുദ്ധഗ്രന്ഥം വായിക്കുന്നു.

വിശുദ്ധഗ്രന്ഥം വായിക്കുമ്പോൾ നമ്മൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ടു്. ചിലപ്പോൾ ശാസ്ത്രത്തിനു വിരുദ്ധമെന്നു തോന്നിക്കുന്ന ചില പ്രസ്താവനകൾ അതിൽ കണ്ടേക്കാം. അതുകൊണ്ടു് വേദപുസ്തകം മുഴുവൻ തെറ്റാണെന്നു വിധിക്കുന്നതു ശരിയല്ല. വേദപുസ്തകം എഴുതിയ കാലത്തെ സാംസ്ക്കാരിക പശ്ചാ

ത്തലവും എഴുത്തുകാരന്റെ ഉദ്ദേശ്യവും ശരിക്കു ഗ്രഹിക്കുമ്പോൾ ബൈബിളിൽ കാണുന്ന പ്രശ്നങ്ങളെല്ലാം വളരെ നിസ്സാരങ്ങളാണെന്നു നമുക്കു മനസ്സിലാകും. മറ്റു പുസ്തകങ്ങൾ വായിച്ചുവിടുന്നതുപോലെ ബൈബിൾ വായിക്കുന്നതുകൊണ്ടു വലിയ പ്രയോജനമില്ല. വായിച്ചഭാഗത്തെപ്പറ്റി സ്വസ്ഥമായിരുന്നു് അല്പം ധ്യാനിക്കുന്നതു നല്ലതാണു്. മാത്രമല്ല വായിച്ചുകേട്ട ഭാഗത്തിൽ 'എന്റെ ജീവിതത്തിനു് എന്തു പ്രസക്തിയാണുള്ളതു്', എന്നു കൂടി ചിന്തിച്ചുനോക്കണം. അങ്ങനെ വായിക്കുമ്പോൾ നമ്മുടെ ജീവിതം വിശുദ്ധഗ്രന്ഥത്തിനനുയോജ്യമായി ക്രമീകരിക്കപ്പെടും— അതു ജീവിതനവീകരണത്തിലേക്കു നമ്മെ നയിക്കും. അങ്ങനെ വിശുദ്ധഗ്രന്ഥം ജീവിതത്തിന്റെ ഒരു അവിഭാജ്യഘടകമായിത്തീരും.

എല്ലാ വീടുകളിലും ചുരുങ്ങിയചെലവിൽ ഒരു സമ്പൂർണ്ണ ബൈബിൾ എത്തിച്ചുകൊടുക്കുവാൻ കഴിയുന്ന തരത്തിലുള്ളൊരു പദ്ധതി തുടങ്ങണം. P.O.C യിൽ നിന്നും മാന്നാനത്തുനിന്നും അത്തരത്തിലുള്ള നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ടു് എന്നതു് ആശാവഹംതന്നെ. വല്ലപ്പോഴും ഇടവകകളിൽ ബൈബിൾസെമിനാറുകൾ സംഘടിപ്പിച്ചു് ജനങ്ങളെ ഉദ്ബുദ്ധരാക്കാൻ സാധിക്കും. എല്ലാദിവസവും കുർബാനയിലെ സുവിശേഷഭാഗത്തെ പുരസ്ക്കരിച്ചു് രണ്ടോ മൂന്നോ മിനിട്ടുകൾ പ്രസംഗിക്കുന്നതു് അഭിലഷണീയമാണു്. ഇങ്ങനെ വേദഗ്രന്ഥപഠനത്തിൽ ജനങ്ങളെ തല്പരരാക്കാൻ വികാരിക്കു കഴിയും.

തിരുനാളാഘോഷങ്ങൾ

വെറും ബാഹ്യമായ അനുഷ്ഠാനങ്ങളിൽമാത്രം ഒതുങ്ങിനില്ക്കുകയാണു നമ്മുടെ പല തിരുനാളുകളും. അവയുടെ ആദ്ധ്യാത്മിക സ്വഭാവം പലപ്പോഴും നമ്മൾ വിസ്മരിക്കുന്നു. കരിമരുന്നുപ്രയോഗവും കലാപ്രകടനവും കഥാപ്രസംഗവുമൊക്കെ മാത്രമായി തിരുനാളുകൾ അധഃപതിക്കാതിരിക്കാൻ ശ്രമിക്കണം.

നമ്മുടെ ജീവിതനവീകരണത്തിനും ആദ്ധ്യാത്മികവർദ്ധനവിനും ഉതകുന്ന അവസരങ്ങളായി തിരുനാൾ ആഘോഷങ്ങൾ മാറണം. രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു: ''പരമ്പരാഗതമായി സഭ വിശുദ്ധരെ ബഹുമാനിച്ചുപോരുന്നു. അവരുടെ രൂപങ്ങളും സാക്ഷാത്തായ പുണ്യാവശിഷ്ടങ്ങളും സഭ വണങ്ങുന്നു. കാരണം, തന്റെ സേവകരിൽ പ്രകടിതമായ ക്രിസ്തുവിന്റെ

വിസ്മയകരമായ പ്രവൃത്തികളെയാണ വിശുദ്ധന്മാരുടെ തിരുനാളുകൾവിളംബരം ചെയ്യുന്നത്. അനുകരണത്തിനു പറ്റിയ മാതൃകകളാണ് വിശ്വാസികൾക്ക് അവർ കാണിച്ചുകൊടുക്കുന്നത്.

(ലിറ്റർജി No 4)

കാലോചിതമായ പല മാറ്റങ്ങളും നമ്മുടെ തിരുനാൾ ആഘോഷങ്ങളിൽ നടപ്പിൽ വരണം. ചില പള്ളികളിൽ വെടിക്കെട്ടിനും മറ്റും എത്രയധികം തുകയാണ ചിലവാക്കുന്നത്! അഭൂതപൂർവ്വമായ ആഘോഷങ്ങളോടെ വർഷാവർഷം തിരുനാൾ മേളകൾ സംഘടിപ്പിക്കുന്ന നമ്മുടെ കണ്ണുകൾ, ഇടവകയിലെ ദരിദ്രരുടെനേരെ തിരിയേണ്ടിയിരിക്കുന്നു. കുടിലുകെട്ടാനോ 'പുര നിറഞ്ഞു' നില്ക്കുന്ന പെണ്ണിനെ കെട്ടിച്ചുവിടാനോ കഴിവില്ലാത്ത എത്രയെത്ര പേരാണ് നമ്മുടെ ഇടവകയിലുള്ളത്! തിരുനാളാഘോഷങ്ങൾക്കായി ചെലവഴിക്കുന്ന പണം ഭവനനിർമ്മാണഫണ്ട് ഏർപ്പെടുത്തുന്നതിനോ, വിവാഹഫണ്ട് രൂപീകരിക്കുന്നതിനോ ഉപയോഗിച്ചാൽ അതു കൂടുതൽ ഉപകാരപ്രദമാകും! ചില സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള പദ്ധതികൾക്ക് രൂപം കൊടുത്തുകൊണ്ടിരിക്കുന്നു എന്നതു ശുഭോദർക്കമാണ്.

സർവ്വേയുടെ വെളിച്ചത്തിൽ 78.738 ശതമാനം ആളുകളും നമ്മുടെ തിരുനാളുകൾ കൂടുതൽ ഭക്തിസംവർധകമാക്കണമെന്ന അഭിപ്രായക്കാരാണ്. 7.966 ശതമാനം പേർ ഇപ്പോഴത്തെ രീതിയിലുള്ള തിരുനാളാഘോഷങ്ങൾ നിറുത്തിക്കളയണമെന്നു ശക്തിയായി വാദിക്കുന്നു. എന്നാൽ 13.360 ശതമാനം ഇപ്പോഴത്തെ ഈ രീതിതന്നെ തുടരണമെന്ന അഭിപ്രായക്കാരാണ്. കുറച്ചുകാലങ്ങൾക്കുള്ളിൽ നമ്മുടെ തിരുനാളാഘോഷങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുമെന്നു പ്രതീക്ഷിക്കാം.

പ്രാർത്ഥന

ദൈവവുമായുള്ള സ്നേഹസംഭാഷണമാണ് യഥാർത്ഥത്തിൽ പ്രാർത്ഥന. നമ്മുടെ വിചാരങ്ങളേയും ചിന്തകളേയും ദൈവസന്നിധിയിലേക്ക് ഉയർത്തുകയാണ് പ്രാർത്ഥനവഴി നമ്മൾ ചെയ്യുന്നത്. ദൈവസാന്നിദ്ധ്യത്തിൽ നമ്മെ നാം സ്വയം പ്രതിഷ്ഠിക്കുന്നു. നമ്മൾ ഏറ്റവും സ്നേഹിക്കുന്ന ഒരു വ്യക്തിയുടെ സാന്നിദ്ധ്യം എപ്പോഴും നമുക്കു സന്തോഷപ്രദമായിരിക്കും. ഇതുപോലെയായിരിക്കണം ദൈവവുമായുള്ള നമ്മുടെ ബന്ധവും.

ദൈവാനുഭവമാണ് മനുഷ്യന്റെ ഏറ്റവും വലിയ ആനന്ദം. പ്രാർത്ഥനയിലൂടെയാണു് ഈ ദൈവാനുഭവം നമുക്കുണ്ടാകേണ്ടതു്. പ്രാർത്ഥന ദൈവാനുഭവമായി മാറണം. അപ്പോൾ പ്രാർത്ഥന ആനന്ദപ്രദമായിത്തീരും.

പലപ്പോഴും നമ്മുടെ പ്രാർത്ഥന ലൗകികകാര്യസാദ്ധ്യത്തിനു വേണ്ടി മാത്രമായിത്തീരുന്നു. ആഗ്രഹിക്കുന്നതു കിട്ടുവാൻവേണ്ടിയാണു നമ്മൾ സാധാരണ പ്രാർത്ഥിക്കുന്നതു്. അങ്ങനെ നമ്മുടെ പ്രാർത്ഥന യാചനമാത്രമായി മാറുന്നു. ഇതു യഥാർത്ഥപ്രാർത്ഥനയല്ല. നമുക്കു് ആവശ്യമായ കാര്യങ്ങൾ ചോദിക്കണം. എന്നാൽ, പ്രാർത്ഥന യാചനാതലത്തിൽ ഒതുങ്ങിനിൽക്കരുതു്. ദൈവത്തെ സ്തുതിക്കുവാനുള്ള, അവിടുത്തെ ആരാധിക്കുവാനുള്ള, നമുക്കു ലഭിച്ച ദൈവാനുഗ്രഹങ്ങൾക്കു് നന്ദിപ്രകാശിപ്പിക്കുവാനുള്ള മാർഗ്ഗമായി പ്രാർത്ഥനയെ ഉപയോഗപ്പെടുത്തണം.

ജീവിതയാഥാർത്ഥ്യങ്ങളിൽനിന്നുള്ള ഒളിച്ചോട്ടമല്ല പ്രാർത്ഥന. മനുഷ്യജീവിതം സുഖദുഃഖസമ്മിശ്രമാണു്. വിജയങ്ങളും പരാജയങ്ങളും, ഉയർച്ചയും താഴ്ചയും ജീവിതത്തിൽ അനിവാര്യങ്ങളാണു്. അത്തരം പ്രതിസന്ധികളിൽ കൈപ്പേറിയ ജീവിതാനുഭവങ്ങൾ നമുക്കുണ്ടാകുമ്പോൾ നാം നഷ്ടധൈര്യരായിത്തീരരുതു്. അവയെല്ലാം നമ്മൾ ധീരമായി നേരിടണം. ഇതിനുവേണ്ട ആത്മധൈര്യം ലഭിക്കുന്നതിനു് നമ്മൾ ദൈവത്തോടു പ്രാർത്ഥിക്കണം.

ക്രൈസ്തവരായ നമ്മൾ എത്രസമയം പ്രാർത്ഥിക്കുവാൻ ചിലവഴിക്കുന്നുണ്ടു് എന്നു ചിന്തിച്ചുനോക്കുന്നതു കൊള്ളാം. സന്ധ്യാപ്രാർത്ഥനയുടെ സമയത്തു് റേഡിയോഗാനങ്ങളാണു് ഇന്നു് പല വീടുകളിൽ നിന്നും നിശ്ശ്രുതിക്കുന്നതു്. സന്ധ്യാപ്രാർത്ഥന കഴിഞ്ഞിട്ടേ വീട്ടിൽ എത്തുകയുള്ളു എന്നു ശാഠ്യംപിടിക്കുന്നവരും നമ്മുടെയിടയിൽ കൂടിവരുന്നു. ഇന്നു് പ്രാർത്ഥിക്കുവാനുള്ള താല്പര്യം കുറഞ്ഞുവരികയാണു്. കാരണം, പ്രാർത്ഥന ഒരു ജീവിതാനുഭവമായി മാറുന്നില്ല. വെറും യാന്ത്രികമായൊരു പ്രവൃത്തിയായി പ്രാർത്ഥനയെ വീക്ഷിക്കുമ്പോൾ പ്രാർത്ഥന വിരസമാകും. അവസാനം പ്രാർത്ഥനാജീവിതം ഉപേക്ഷിക്കപ്പെടും.

പ്രശ്നാവലി പൂരിപ്പിച്ചവരിൽ 79.585 ശതമാനം ആളുകളും പ്രാർത്ഥിക്കുന്നവരാണു്. 18.174 ശതമാനം ചിലപ്പോഴൊക്കെ പ്രാർത്ഥിക്കുന്നു. വെറും 0.829 ശതമാനം ആളുകൾ മാത്രമാണു് 'ഒരി

ക്കലും പ്രാർത്ഥിക്കാറില്ല എന്നു പറഞ്ഞതു്. ഇതിൽനിന്നും മനസ്സിലാകുന്നു,പ്രാത്ഥന മനുഷ്യജീവിതത്തിന്റെ ഒരു അവിഭാജ്യഘടകമാണെന്നു്.

പ്രാത്ഥനാജീവിതത്തെ പരിപോഷിപ്പിക്കുവാൻ നമ്മൾ എന്തു ചെയ്യണം? വാചൃപ്രാത്ഥനയിൽ മാത്രം ഒതുങ്ങിനിൽക്കാതെ മാനസികപ്രാത്ഥനയ്ക്കും നമ്മൾ പ്രാധാന്യം കൊടുക്കണം. ഇടവകകളിൽ പ്രാത്ഥനായോഗങ്ങൾ സംഘടിപ്പിക്കുന്നതു വളരെ നല്ലതാണു്.ഇന്നു് പല ഇടവകകളിലും ഇതു വളരെ കാര്യക്ഷമമായി നടന്നുപോകുന്നുണ്ടു്. സന്ധ്യാപ്രാത്ഥന ക്രമമായി, കൃത്യസമയത്തുതന്നെ ചൊല്ലണം. കുട്ടികളെല്ലാം പ്രാത്ഥനകൾ ഹൃദിസ്ഥമാക്കണം. കീർത്തനരൂപത്തിലോ ഗാനരൂപത്തിലോ പ്രാത്ഥനകൾ സുലഭമാകണം. വേദപുസ്തകഭാഗങ്ങൾ പദ്യത്തിലാക്കി പാടുന്നതു നല്ലതാണു്. പ്രാത്ഥനവഴിയായി ദൈവവുമായി വ്യക്തിപരമായ അടുപ്പം നേടുക. കുടുംബത്തിൽ പ്രാർത്ഥനാന്തരീക്ഷം ഉണ്ടാകണം. ഉദാഹരണമായി, അലങ്കരിച്ച പ്രാർത്ഥനാമുറികൾ, തിരുരൂപങ്ങൾ, തിരികൾ മുതലായവ ധനക്കമാസവും മറ്റും കാലോചിതമാക്കണം. അയൽവീട്ടുകാർ മാറിമാറി സമ്മേളിച്ചു് പ്രാർത്ഥനചൊല്ലുന്നതു നല്ലതാണു്. മതാധികാരികൾ കൂടുതൽ പ്രയത്നിച്ചാൽ നമ്മുടെ കുത്തോലിക്കരിൽ കൂടുതൽ പ്രാർത്ഥനാചൈതന്യം ഉണർത്താം.

അനുബന്ധം

വയസ്സ് സ്ത്രീ/പുരുഷൻ

വിവാഹിതൻ/അവിവാഹിതൻ/വൈദികൻ/കന്യാസ്ത്രീ

വിദ്യാഭ്യാസം തൊഴിൽ

വാർഷികവരുമാനം Rs. ഗ്രാമം/പട്ടണം

ജില്ല രൂപത

പ്രശ്നാവലി

I. മതജീവിതം

A. വിശ്വാസമണ്ഡലം

1 ദൈവം

a) ഉണ്ട് b) ഇല്ല c) സംശയം

2 ദൈവത്തെക്കുറിച്ചുള്ള ധാരണ

a) ദൈവം സ്നേഹപിതാവ് b) ഒരു ശക്തി

c) പ്രപഞ്ചകർത്താവ് d) വിധികർത്താവ് e) വ്യക്തമായ ധാരണയില്ല.

3 ദൈവത്തെ പ്രാപിക്കാൻ മതജീവിതം ആവശ്യമാണോ?

a) ആണ് b) അല്ല c)പ്രയോജനപ്രദം d) അറിഞ്ഞുകൂടാ

4 ക്രിസ്തുമതം:

മറെറല്ലാമതങ്ങളേക്കാളും

a) ശ്രേഷ്ഠമാണ് b) അല്ല c) അറിഞ്ഞുകൂടാ

5 മനോഭാവം:

കത്തോലിക്കനായിരിക്കുന്നതിൽ അഭിമാനം കൊള്ളുന്നുണ്ടോ?

a) ഉവ്വ് b) ഇല്ല c) നിഷ്പക്ഷം

6 അന്യർ അറിയുന്നതിൽ:

കത്തോലിക്കനാണെന്നു പരസ്യമായി അറിയപ്പെടുന്നതിൽ

a) ഇഷ്ടപ്പെടുന്നു b) ഇല്ല c) നിഷ്പക്ഷം

7 കത്തോലിക്കാസഭ:
ഇതര സഭകളേക്കാൾ ശ്രേഷ്ഠമാണെന്നു്
a) ബോദ്ധ്യമുണ്ടു് b) ഇല്ല c) സംശയമാണു്

8 സഭാംഗത്വം:
ഒരുത്തമക്രിസ്ത്യാനി കത്തോലിക്കാസഭയുടെ
a) അംഗമായിരിക്കണം b) നിർബ്ബന്ധമില്ല
c) അറിഞ്ഞുകൂടാ

B. അനുഷ്ഠാനമണ്ഡലം

9 പ്രാർത്ഥന
നിങ്ങൾ പ്രാർത്ഥിക്കാറുണ്ടോ
a) ഉണ്ടു് b) ചിലപ്പോഴെല്ലാം c) ഒരിക്കലുമില്ല

10 പ്രാർത്ഥനാലക്ഷ്യം
a) ആദ്ധ്യാത്മികനന്മയ്ക്കു് b) ഭൗതികകാര്യസാദ്ധ്യത്തിനു്
c) വെറും ഒരു പതിവെന്നനിലയിൽ

11 കുർബാന കാണുന്നു: ഏതെല്ലാം ദിവസങ്ങളിൽ
a) ഞായറാഴ്ചകളിലും തിരുനാളുകളിലും b) പ്രതിദിനം
c) ആഴ്ചയിൽ പലതവണ

12 കുർബാന കാണുന്നതിന്റെ ഉദ്ദേശ്യം:
a) ആദ്ധ്യാത്മികനന്മയ്ക്കുവേണ്ടി b) കാര്യസാധ്യത്തിനു വേണ്ടി c) സമുദായാംഗീകാരത്തിനുവേണ്ടി .d)നിർബന്ധത്തിന്റെ പേരിൽ

13 കുർബാന സ്വീകരണം:
a) പ്രതിദിനം b) വിശേഷാവസരങ്ങളിൽ c) ആഴ്ചയിലൊരിക്കൽ d) മാസത്തിലൊരിക്കൽ e) കൊല്ലത്തിലൊന്നുപോലുമില്ല.

14 കുമ്പസാരം:
a) ആഴ്ചയിലൊരിക്കൽ b) മാസത്തിലൊരിക്കൽ
c) വർഷംതോറും

15 പള്ളിയിലെ പ്രസംഗം:
a) പള്ളിപ്രസംഗങ്ങൾ ഉപകാരപ്രദം b) പ്രയോജനശൂന്യം
c) അതിദീർഘം d) അപ്രസക്തം

16 ബൈബിൾ:
a) വീട്ടിൽ സംപൂർണ്ണ ബൈബിൾ ഉണ്ടു് b) ഇല്ല
c) പുതിയ നിയമമുണ്ടു് d) പഴയ നിയമമുണ്ടു്

17 ബൈബിൾ വായന:

a) പ്രതിദിനം വായിക്കുന്നു b) ചില ദിവസങ്ങളിൽ c) ഒരിക്കലുമില്ല

II. സഭാധികാരികൾ

18 കേരളത്തിലെ കത്തോലിക്കാ മെത്രാന്മാർ നിങ്ങൾക്കു് അഭിഗമ്യർ (accessible) ആണോ?

a) ആണു് b) അല്ല c) കുറെയൊക്കെ

19 നിങ്ങളുടെ മെത്രാൻ നിങ്ങളുടെ വീക്ഷണത്തിൽ പ്രധാനമായി

a) ആദ്ധ്യാത്മിക പിതാവു് b) സഭാധികാരി

c) സമൂഹ്യപ്രവർത്തകൻ d) രാജകീയ പ്രൗഢിയുള്ളയാൾ

e) വലിയവരുടെ [elite] പക്ഷപാതി

20 കത്തോലിക്കാ വൈദികൻ നിങ്ങൾക്കു് ആരായിരിക്കണം

a) ആദ്ധ്യാത്മിക പിതാവു് b) നേതാവു് c) സഹോദരൻ d) സുഹൃത്തു്

21 വൈദികന്റെ പ്രവർത്തനമണ്ഡലം:

a) ആദ്ധ്യാത്മിക കാര്യങ്ങളിൽമാത്രം ഇടപെട്ടാൽ മതി

b) ജനങ്ങളുടെ ഭൗതികപ്രശ്നങ്ങളിലും ഇടപെടണം

c) വൈദികർ രാഷ്ട്രീയ രംഗത്തു് പ്രവർത്തിക്കണം

d) പ്രവർത്തിക്കരുതു്

22) വൈദിക ബ്രഹ്മചര്യം:

a) വൈദികർ ആജീവനാന്തം ബ്രഹ്മചാരികളായിരിക്കണം

b) വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്ന വൈദികർക്കു് അതിനു് അനുവാദം കൊടുത്തു് അവരെ വൈദികവൃത്തിയിൽ നിന്നു് ഒഴിവാക്കണം

c) വിവാഹിതരാകാൻ ആഗ്രഹിക്കുന്ന വൈദികരെയും വിവാഹാനന്തരം വൈദികവൃത്തിയിൽ തുടരാൻ അനുവദിക്കണം

d) വിവാഹിതരായ അൽമായർക്കു വൈദികപട്ടം കൊടുക്കണം

e) വിവാഹിതരായ അൽമായർക്കു് വൈദികപട്ടം കൊടുക്കരുതു്

23 വൈദിക വേഷം

a) ലോഹത്തെന്നവേണം b) വൈദികരെ തിരിച്ചറിയാനുള്ള മറെന്തെങ്കിലും വേഷം മതി c) അൽമായവേഷം മതി

24 സദ്ഗുണങ്ങൾ
കേരള കത്തോലിക്കാ വൈദികരിൽ നിങ്ങൾ പൊതുവെ കാണുന്ന
a) ഏറ്റവും പ്രധാന സദ്ഗുണം
b) പ്രധാന ദുർഗുണം അഥവാ കുറവ്.....

25 വൈദികരുടെ ജീവിതനിലവാരം സാധാരണജനങ്ങളുടേതിൽ നിന്നു്
a) താഴെ b) മുകളിൽ c) സാധാരണക്കാരുടേതുതന്നെ d) നിശ്ചയമില്ല.

26 നിങ്ങളുടെ കുടുംബാംഗങ്ങളിൽ ആരെങ്കിലും വൈദികനാകുന്നതിനെ നിങ്ങൾ
a) അനുകൂലിക്കും b) പ്രതികൂലിക്കും c) നിഷ്പക്ഷതപാലിക്കും d) കാരണം

27 നിങ്ങളുടെ കുടുംബാംഗങ്ങളിൽ ആരെങ്കിലും ഒരു കന്യാസ്ത്രീയാകുന്നതിനെ നിങ്ങൾ
a) അനുകൂലിക്കും b) പ്രതികൂലിക്കും c) നിഷ്പക്ഷത പാലിക്കും d) കാരണം

28 ദാരിദ്ര്യവ്രതം
സന്യാസികളുടെ (വൈദികരും ബ്രദേഴ്സും) ജീവിതം പൊതുവെ അവരുടെ ദാരിദ്ര്യവ്രതത്തിനു് അനുസൃതമാണോ?
a) ആണു് b) അല്ല c) കുറെയൊക്കെ d) അറിഞ്ഞുകൂടാ

29 കന്യാസ്ത്രീകളുടെ ജീവിതം പൊതുവേ അവരുടെ ദാരിദ്ര്യവ്രതത്തിനു് അനുസൃതമാണോ?
a) അതെ b) അല്ല c) കുറെയൊക്കെ d) അറിഞ്ഞുകൂടാ

30 നിങ്ങൾ കേരളത്തിൽ കണ്ടുമുട്ടുന്ന വൈദികവിദ്യാർത്ഥികളുടെ പെരുമാറ്റം (behaviour) നിങ്ങൾക്കു് പൊതുവേ സംതൃപ്തികരമാണോ?
a) ആണു് b) അല്ല c) കുറെയൊക്കെ d) അറിഞ്ഞുകൂടാ

31 വൈദിക വിദ്യാർത്ഥികളിൽ പൊതുവേ കാണുന്ന
a) സദ്ഗുണം b) ദുർഗുണം

32 ശ്രുപതയുടെ നടത്തിപ്പിൽ അൽമായർക്കു കൂടുതൽ പ്രാതിനിധ്യം
a) വേണം b) വേണ്ടാ

33 മെത്രാരമനയിലെ ഉദ്യോഗസ്ഥവൈദികർക്കു് ഇടയ്ക്കിടയ്ക്കു മാറ്റം
a) കൊടുക്കണം b) വേണ്ടാ

34 ഇടവക.യുടെ നടത്തിപ്പിൽ അൽമായക്ക കൂടുതൽ ഭാഗഭാഗിത്വം
a) കൊടുക്കണം b) വേണ്ടാ

35 പാസ്റ്ററൽ കൗൺസിലിലും പാരീഷ് കൗൺസിലിലും അൽമായക്ക് കൂടുതൽ ഭാഗഭാഗിത്വം
a) നൽകണം b) വേണ്ടാ

36 പാസ്റ്ററൽ കൗൺസിലിലും പാരീഷ് കൗൺസിലിലും സ്ത്രീകൾക്ക കൂടുതൽ ഭാഗഭാഗിത്വം
a) നൽകണം b) വേണ്ടാ

37 ഇന്നത്തെ യുവജനങ്ങൾ പൊതുവേ മുതിർന്നവരോട് ആദരവ് കാണിക്കാത്തവരാണ്
a) അതെ b) അല്ല

38 ഇന്നത്തെ യുവജനങ്ങളിൽ പൊതുവേ സന്മാർഗ്ഗബോധം ക്ഷയിച്ചുവരുന്നു.
a) ശരി b) തെറ്റ് c) തീർച്ചയില്ല

III സഭ സാമൂഹ്യരംഗത്തു്

39 സഭാധികാരികൾക്ക് പൊതുവേ സമുദായത്തിലെ ഉയർന്നവരോടാണ് കൂടുതൽ പ്രതിപത്തി
a) അതെ b) അല്ല c) തീർച്ചയില്ല

40 ദരിദ്രരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ മെത്രാന്മാരും വൈദികരും കൂടുതൽ സജീവമായി പ്രവർത്തിക്കണമോ?
a) വേണം b) വേണ്ടാ

41 സാമൂഹ്യപ്രവർത്തനങ്ങൾക്കായി വിദേശ സാമ്പത്തിക സഹായം
a) സ്വീകരിക്കണം b) അരുതു് c) കുറെയൊക്കെ സ്വീകരിക്കാം d) സ്വീകരിച്ച പണം ശരിക്ക വിനിയോഗിക്കുമെന്നു് ഉറപ്പുവരുത്തിയാലേ സ്വീകരിക്കാവൂ

42 കേരള കത്തോലിക്കാ സഭയുടെ ഇതുവരെയുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഈ നാട്ടുകാർക്ക് വളരെയധികം നന്മ
a) ചെയ്തിട്ടുണ്ട് b) ഇല്ല c) ദ്രോഹം ചെയ്തു

43 കേരള കത്തോലിക്കാസഭ വിദ്യാഭ്യാസരംഗത്തു് ഇനിയും സജീവമായി പ്രവർത്തിക്കണം
a) വേണം b) വേണ്ടാ c) പുതിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇനിയും തുടങ്ങണം d) അരുതു്

44 നമ്മുടെ സ്കൂളുകളും കോളജുകളും കത്തോലിക്കാവിദ്യാർത്ഥികൾ ക്കുപോലും കത്തോലിക്കാ വിദ്യാഭ്യാസം നൽകുന്നതിൽ വിജയിച്ചിട്ടില്ല

a) വിജയിച്ചിട്ടുണ്ട് b) കുറെയൊക്കെ വിജയിച്ചിട്ടുണ്ട്

c) ഒട്ടും വിജയിച്ചിട്ടില്ല d) ഇക്കാര്യത്തിൽ വിദ്യാലയാധികൃതരുടെ സത്വരശ്രദ്ധ പതിയണം.

45 മതപഠനത്തിന്റെ കാര്യത്തിൽ വിദ്യാർത്ഥികൾ എന്തുകൊണ്ട് വിമുഖരാകുന്നു?

a) പഠിപ്പിക്കുന്ന രീതി ശരിയാകാത്തതിനാൽ

b) പഠിപ്പിക്കുന്ന സമയം നല്ലതല്ലാത്തതിനാൽ

c) പഠിക്കുന്നതുകൊണ്ട് പ്രയോജനമില്ലെന്നു തോന്നുന്നതിനാൽ

46 നമ്മുടെ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ (ആശുപത്രികൾ, സ്കൂൾ, കോളജുകൾ etc.) അഴിമതി, സ്വജനപക്ഷപാതം മുതലായവ കടന്നുകൂടുന്നുണ്ടോ?

a) ഉണ്ട് b) ഇല്ല c) കുറെയൊക്കെയുണ്ട്

47 കേരളസഭ ഭാരതീയ സംസ്കാരത്തിലെ ഉത്തമാംശങ്ങൾ ഉൾക്കൊള്ളണമോ?

a) വേണം b) വേണ്ടാ c) അറിഞ്ഞുകൂടാ

48 ഭാരതീയ തത്ത്വചിന്തയും മതചിന്തയും കേരളത്തിലെ സെമിനാരികളിൽ കൂടുതൽ പഠിപ്പിക്കണമോ?

a) വേണം b) വേണ്ടാ

49 നമ്മുടെ ദേവാലയങ്ങൾ പ്രൗഢി കാണിക്കുന്നവ [showy]

a) ആയിരിക്കണം b) അരുത് c) ലളിതവും പ്രാർത്ഥനയ്ക്ക് പ്രചോദകവും ആയിരിക്കണം.

50 വഴിയരികിലും കവലകളിലും കുരിശുപള്ളികൾ[കപ്പേളകൾ] പണിയിച്ചിരിക്കുന്നതു

a) നല്ലതാണ് b) അല്ല c) ഇനി ഭാവിയിലും പണിയണം d) ഇനി ഭാവിയിൽ പണിയരുത്

51 നമ്മുടെ പള്ളിത്തിരുനാളുകൾ

a) ഇപ്പോഴത്തെ രീതിയിൽ തുടരണം b) നിറുത്തണം

c) കൂടുതൽ ഭക്തിസംവർദ്ധകമാക്കണം

52 കേരളത്തിലെ മൂന്നു കത്തോലിക്കാ റീത്തുകളെയും നിലനിറുത്തണമോ?

a) വേണം b) മൂന്നും ചേർത്തു ഒരു റീത്താക്കണം c) ഒരു പുതിയ ഭാരതീയറീത്തു് ഉണ്ടാക്കണം.

53 ലൈംഗികകാര്യങ്ങളെക്കുറിച്ച വേണ്ടത്ര അറിവു് വിവാഹത്തിനുമുമ്പു് നമ്മുടെ യുവതീയുവാക്കന്മാക്കു ലഭിക്കുന്നുണ്ടോ?

a) ഉണ്ടു് b) ഇല്ല c) കുറേക്കൂടി കിട്ടണം

54 പോപ്പ് മാർപ്പാപ്പായുടെ 'മനുഷ്യജീവൻ' എന്ന ചാക്രിക ലേഖനത്തിൽ കൃത്രിമജനനനിയന്ത്രണത്തിനു് എതിരായി മാർപ്പാപ്പാ സംസാരിക്കുന്നുണ്ടെന്നു് അറിയാമോ?

a) അറിയാം b) ഇല്ല c) ചിന്തിച്ചിട്ടില്ല

55 കൃത്രിമ ജനനനിയന്ത്രണം നടത്തുന്നതു്

a) ഗൗരവപാപമാണു് b) ലഘുപാപമാണു് c) ലഘുപാപവുമല്ല d) സാഹചര്യമനുസരിച്ചു് ലഘുപാപമോ ഗൗരവപാപമോ ആകാം

56 സ്വാഭാവികകുടുംബാസൂത്രണ മാർഗ്ഗങ്ങൾ [safe period etc.] പ്രായോഗികമാണോ?

a) അതെ b) അല്ല c) കുറെയൊക്കെ പ്രായോഗികമാണു്.

57 സ്ത്രീധനം

a) പാടില്ലാ b)ഇപ്പോഴുള്ള വിധം തുടരണം

58 നിങ്ങൾ പതിവായി വായിക്കുന്ന പ്രസിദ്ധീകരണങ്ങൾ:

a) നിങ്ങൾ ഏറ്റവും ഇഷ്ടപ്പെടുന്ന കത്തോലിക്കാ പ്രസിദ്ധീകരണം

b) കത്തോലിക്കാ പ്രസിദ്ധീകരണത്തിൽ നിങ്ങൾ ഏറ്റവും ഇഷ്ടപ്പെടുന്ന പംക്തി

59 കത്തോലിക്കാ പ്രസിദ്ധീകരണങ്ങളെക്കുറിച്ചു് നിങ്ങൾക്കുള്ള പ്രത്യേക പരാതി

60 വളരെ പ്രചാരവും ഉയർന്ന നിലവാരവുമുള്ള ഒരു കത്തോലിക്കാദിനപ്പത്രം ഉണ്ടാകണമോ?

a) ഉണ്ടാകേണ്ടതു അത്യാവശ്യം b) ഇപ്പോൾ ഉള്ളതുപോലെ മതി

61 സാഹിത്യകാരന്മാരെയും കലാകാരന്മാരെയും പ്രോത്സാഹിപ്പിക്കാൻ നിങ്ങൾക്കു് വല്ലതും ചെയ്യാൻ കഴിയുമോ?

a) കഴിയും b) ഇല്ല c) കുറെയൊക്കെ d) മറ്റു നിർദ്ദേശങ്ങൾ

62 സ്വന്തം കുറങ്ങളുടെയും ബുദ്ധിമുട്ടുകളുടെയും പേരിൽ സഭയെ കുറപ്പെടുത്തുന്ന പ്രവണത നമ്മുടെ കത്തോലിക്കരിലുണ്ടോ?

a) ഉണ്ടു് b) ഇല്ല c) കുറെയൊക്കെയുണ്ടു്

63 സഭയ്ക്ക് സേവനങ്ങൾ ചെയ്തുകൊടുക്കുക എന്നതിനേക്കാൾ സഭയിൽനിന്ന് ആനുകൂല്യങ്ങൾ പ്രതീക്ഷിക്കുന്ന മനോഭാവമാണോ നമ്മുടെ കത്തോലിക്കരിൽ പൊതുവേ കൂടുതലുള്ളത്?
a) അതെ b) അല്ല

64 കത്തോലിക്കാസഭ 'ഞാനും കൂടി ഉൾപ്പെട്ട സഭ' അല്ലെങ്കിൽ 'എന്റെ സഭ' എന്ന ബോധം യുവജനങ്ങളിൽ ജനിപ്പിക്കാൻ ചില പ്രായോഗിക മാറ്റങ്ങൾ നിർദ്ദേശിക്കാമോ?

65 കത്തോലിക്കാസഭയുടെ ഏതെല്ലാം അനുശാസനങ്ങളാണ് പ്രാവർത്തികമാക്കാൻ ഏറ്റവും വിഷമം.

ഒരു സമുദായഗാത്രത്തിന്റെ അനാരോഗ്യപ്രവണതകളും പുഴുക്കുത്തുകളും യഥാസമയം കണ്ടുപിടിച്ച് പരിഹാരം തേടിയാൽ മാത്രമേ ആ സമുദായം സംപുഷ്ടമാകൂ.

കേരള കത്തോലിക്കാസഭയ്ക്ക് ആഗോള കത്തോലിക്കാ സഭയിൽ അതുല്യമായ ഒരു സ്ഥാനമുണ്ട്. എന്നിട്ടും നമ്മുടെ സഭയുടെ ആധുനിക സ്ഥിതിഗതികളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങളൊന്നും തന്നെ കാര്യമായി നടന്നിട്ടില്ല. പാശ്ചാത്യസഭകളിൽ ഇത്തരം പഠനങ്ങൾ വ്യാപകമായി നടന്നുവരുന്നു.

കേരള കത്തോലിക്കാസഭയുടെ ഇന്നത്തെ സ്ഥിതിവിശേഷമെന്ത്? നമ്മുടെ കത്തോലിക്കരുടെ ചിന്താഗതികളും അഭിപ്രായങ്ങളുമെന്ത്? എന്നെല്ലാം പഠിച്ച് സഭയുടെ ഭാവി ശ്രേയസ്സിനുതകുന്ന നിർദ്ദേശങ്ങൾ നല്കണമെന്ന ഉദ്ദേശത്തോടെ 1977 മാർച്ച് – ഏപ്രിൽ – മെയ് മാസങ്ങളിൽ വടവാതൂർ സെമിനാരിയിലെ പ്രൊഫസർമാരായ ഡോ. കട്ടയ്ലും, ഡോ. വെള്ളിലാംതടവും ചേർന്ന് ഒരു 'സർവ്വേ' നടത്തി. നമ്മുടെ സഭയെക്കുറിച്ച് നമ്മുടെ സാധാരണക്കാരുടെ അഭിപ്രായമെന്ത്, എന്നറിയാനുള്ള ഒരു 'മനോഭാവസർവ്വേ' (Attitude Survey) യായിരുന്നു ഇത്. ഈ 'സർവ്വേ (പ്രശ്നാവലി) യ്ക്ക് ലഭിച്ച ഉത്തരങ്ങളുടെ അടിസ്ഥാനത്തിൽ, 12 ഭാഗങ്ങളായി അവർ രചിച്ച ഒരു പ്രോഗ്രാമാണിത്.

കേരള കത്തോലിക്കാസഭയെക്കുറിച്ചുള്ള ആധികാരികവും ശാസ്ത്രീയവും ദൈവശാസ്ത്രപരവുമായ ഒരു ഗവേഷണപ്രോഗ്രാമാണിതെന്നതിനുതർക്കമില്ല.

ദീപനാളം പബ്ലിക്കേഷൻസ്.
പാലാ.

COVER PRINTED AT
THE NATIONAL CITY PRESS, KOTTAYAM